തൂങ്ങുമരത്തിൽ നിന്ന് സ്വർഗ്ഗത്തിലേയ്ക്ക്

പ്രതിമാസ ഗ്രന്ഥക്ലബ്ബ്

തൂക്കുമരത്തിൽനിന്നു സ്വർഗ്ഗത്തിലേക്കു്

അഥവാ

ദൈവം ഘാതകന്റെ പക്കലേക്കു്

(Malayalam)
THUKKUMARATHIL NINNU SWARGATHILEKU. PART I.
A Translation of:
GOD GOES TO MURDERER'S ROW.
by Rev. M. Raymond O. C. S. O.
Copy Rights:
BRUCE PUBLISHING CO., MILWAUKEE.
Translated by:
FR. PETER VATTAPARAMBIL
Part 1 - Price Rs. 2-00
Printed at:
SATHIAPRAKASINI PRESS, ERNAKUIAM.
Published by:
K. P. ITTYERAH,
BOOK - A - MONTH CLUB.
All Rights reserved To.
BOOK - A - MONTH CLUB, ERNAKULAM-8

തൂക്കുമരത്തിൽനിന്നു സ്വർഗ്ഗത്തിലേക്കു്

അഥവാ

ദൈവം ഘാതകന്റെ പക്കലേക്കു്

(ഒന്നാം ഭാഗം)

വിരചിതാക്കൾ

ഫാ: പീറർ വട്ടപ്പറമ്പിൽ

DHARMARAM COLLEGE LIBRARY
15820
BANGALORE.

Series IX **1963** No. 11

BOOK-A-MONTH CLUB.

(Free to Members)

പ്രസ്താവന

ഇതൊരു മാനസാന്തരകഥയാണു്. പക്ഷെ, പണ്ഡിതന്റേയോ, ശാസ്ത്രജ്ഞന്റേയോ പ്രശസ്തതത്വജ്ഞാനിയുടേതോ അല്ല. മറിച്ചു് ഒരു വെറും നിസ്സാരന്റേതു, ഒരു തച്ചന്റേതു്, മുരടിച്ചൊരു ക്രിമിനൽ പുള്ളിയുടേതു്, പോരാ, ഒരു നീചകൊലയാളിയുടേതു്.

പക്ഷെ, ദൈവസമക്ഷം പണ്ഡിതന്റേയോ, പാമരന്റേയോ, ആത്മാക്കൾ തമ്മിൽ വകഭേതമില്ല. രണ്ടും ഒരുപോലെ അമൂല്യങ്ങളാണു്— പലപ്പോഴും ദൈവപരിപാലനയാൽ, കൃപാവരത്തിന്റെ അത്ഭുതപ്രവർത്തനം നടമാടുന്നതു് ലോകദൃഷ്ട്യാ നിസ്സാരന്മാരുടെ ആത്മാക്കളിലാണു"—ടോം പെന്നിയുടെ മാനസാന്തരംതന്നെ ഒരത്ഭുതമായിരുന്നു. പക്ഷെ ആധ്യാത്മികവീഥിയിലൂടെ പൂർണ്ണപരിപൂർണ്ണതയുടെ ഉത്തുംഗശിരിയിലേക്കുള്ള അവന്റെ ത്വരിതഗമനം അതിനേക്കാൾ അത്ഭുതം.

പലപ്പോഴും നാം വിസ്മരിക്കുന്ന ഈ വസ്തുത— നിസ്സാരന്മാരുടെ ആത്മാക്കളെ വ്യക്തിപരമായി തേടി അവിശ്രമം, നിരന്തരം, അനുധാവനംചെയ്യുന്ന ദൈവത്തിന്റെ കൃപാവരത്തെപ്പറ്റി ഈ ഗ്രന്ഥപാരായണം നമ്മെ ബോധവാന്മാരാക്കുമെങ്കിൽ, ഒരു ട്രാപ്പിസ്റ്റ് സന്യാസിയായ ഗ്രന്ഥകർത്താവു, ഫാദർ റെയ് മൺഡ്, തന്റെ മൌനവ്രതം ഭേദിച്ചതിൽ കൃതാർത്ഥനാകും.

ഫാദർ റെയ് മൺഡ്, ആജീവനാന്തം മൌനവ്രതം പാലിച്ചു. കർക്കശതപശ്ചര്യകൾ അനുഷ്ഠിക്കുന്ന ഒരു ട്രാപ്പിസ്റ്റ് സന്യാസിയാണെങ്കിലും അനേകം ആധ്യാത്മികകൃതികളുടെ കർത്താവുകൂടിയാണു്. അദ്ദേഹത്തിന്റെ കൃതികളിൽ പലതും ലോകവിസ്തുതങ്ങളാണു്. അവയിലൊന്നു് മലയാളികൾക്കു സംഭാവനചെയ്യുവാൻ സാധിച്ചതിൽ ഞങ്ങൾ കൃതാർത്ഥരാണു്. അതിനു അനുവാദംതന്ന ആശ്രമശ്രേഷ്ഠനും പ്രസാധകർ ബ്രൂസ് കമ്പനിക്കും ഞങ്ങളുടെ കൃതജ്ഞത.

ഗ്രന്ഥകർത്താവിന്റെ പ്രത്യേക നിർദ്ദേശങ്ങൾ ശിരസ്സാവഹിച്ചു ഈകൃതി മൂലത്തിനൊത്തപോലെ സുഗമമായവിധം പരിഭാഷചെയ്തതിനു, പരിഭാഷകനെ ഞങ്ങൾ അനുമോദിക്കുന്നതിനോടൊപ്പം ഞങ്ങളുടെ കൃതജ്ഞതയും രേഖപ്പെടുത്തികൊള്ളുന്നു.

ദൈവം ഘാതകന്റെ പക്കലേക്ക്

ആമുഖം

എന്റെ സമാധാനം

അസംഭാവ്യമെന്ന കരുതിയിരുന്നതു സംഭവിച്ചുകഴിഞ്ഞു. ഞാൻ വെറുത്തിരുന്നതെന്തോ അതുതന്നെ ഞാനായി. ഭ്രാന്തുകളെപ്പറ്റി എഴുതുക എനിക്കു വലിയ വെറുപ്പായിരുന്നു. എന്നാൽ ഞാൻ ഇപ്പോൾ ഒരു ഭ്രാന്തനെപ്പറ്റി—സാഹിത്യത്തിൽ ആ വാക്കിനുള്ള ശരിയായ അർത്ഥത്തിൽ—എഴുതുകയാണു്.

കാരണം—ഞാൻ ആരെപ്പറ്റി എഴുതുന്നുവോ, ആ മനുഷ്യൻ കെൻറക്കിയിലെ എഡ്വിൽ ജയിലിൽവെച്ചു് 1943 ഫെബ്രുവരി 26-ാം തീയതി രാവിലെ കൃത്യം 1-22-നു് അന്ത്യശ്വാസംവലിച്ചു. അയാൾ അപ്പോൾ കെൻറക്കിയിലെ ജയിലിലുള്ള വൈദ്യുതകസേരയിൽ ഇരിക്കുകയായിരുന്നു.

അന്നു് രാജ്യത്തെ മിക്ക പത്രങ്ങളും, സംസ്ഥാനത്തെ എല്ലാ പ്രസിദ്ധീകരണങ്ങളും ഒരു വ്യാജപ്രസ്താവന വഹിച്ചുംകൊണ്ടാണു് പുറത്തുവന്നതു്. മേരിയൻ മൈലിഗിയെയും അവളുടെ മദ്ധ്യവയസ്സായ മാതാവിനേയും കൊലപ്പെടുത്തിയ ടോംപെന്നി മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടു് ആ പാതകത്തിനു സ്വജീവൻ നൽകി പരിഹാരം ചെയ്തു എന്നു്. എന്നാൽ വാസ്തവം അതല്ലായിരുന്നു. ഫെബ്രുവരിയിലെ ആ മരവിച്ച പ്രഭാതത്തിൽ വൈദ്യുത കസേരയിൽ ഇരുന്നവൻ കൊലയാളിയായ ടോംപെന്നി അല്ലായിരുന്നു.

നിങ്ങളെ ഞെട്ടിപ്പിക്കുവാൻ എനിക്കുദ്ദേശമില്ല. വസ്തുതകൾ നിരത്തിവെയ്ക്കണമെന്ന ഉദ്ദേശമേ എനിക്കുള്ളൂ. കൊലപാതകിയായ ടോംപെന്നി പതിനാലുമാസം മുമ്പേ അന്തരിച്ചു. 1941 ഡിസംബർ 21-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞു് കെൻറ

ക്കിൽ ലക്സിംഗ്ടൺ എന്ന സ്ഥലത്തെ ഫെയിറഗ് കെണ്ടി ജയിലിൽവെച്ച് അതു സംഭവിച്ചു. അവിടെ സംസ്കരിക്കപ്പെട്ടു. അതു കൊണ്ടാണ് ഞാൻ പറയുന്നതു" 1941 സെപ്റ്റംബറിലെ മൂന്നാം ഞായറാഴ്ച ബോബ് ആൻഡേഴ്സനോടുകൂടെ ലക്സിംഗ്ടണിലെ ഗ്രാമീണ ക്ലബ്ബിൽവെച്ച് ഒരു സ്ത്രീയെ വധിക്കയും വേറൊരുവളെ മാരകമായി മുറിവേൽപ്പിക്കയും ചെയ്തശേഷം നിറയൊഴിച്ച തോക്കും തുരമായ 130 ഡോളറുമായി വെളിയിൽവന്ന വട്ടമുഖമുള്ള ടോംപെന്നിയിൽനിന്നു് വ്യത്യസ്ഥനായ ഒരു മനുഷ്യന്റെ ശരീരത്തിലൂടെയാണു് 1943 ഫെബ്രുവരി 26–ാം തീയ്യതി ആരാച്ചാരന്മാർ ഭയങ്കരമായ നാലു വൈദ്യുത ഘാതങ്ങൾ അയച്ചതെന്നു്.

ഞാനിപ്പോൾ ഭ്രൂതകഥ എഴുതുന്നതിന്റെ ഉദ്ദേശങ്ങളിൽ ഒന്നു് ആ ഫെബ്രുവരിയുടെ പുലരിയിൽ സംസ്ഥാനം നൽകിയ പരമമായ ശിക്ഷ ആർക്കാണെന്നു വിവരിക്കുവാനാണു്.

ഇക്കാര്യം പരസ്യമാക്കുക എന്നതുതന്നെയാണു് എന്റെ നിലപാടിൽവന്ന മാറ്റത്തിൽ ആശ്ചര്യപ്പെടുകയാണെന്നു പറയുന്നതിനുള്ള ന്യായം. ഒരു ടാപ്പിസ്റ്റ് സന്ന്യാസിയുടെ മൌനവ്രതം ഭഞ്ജിക്കുന്നതിനുവേണ്ട സാധുകരണവും ഇതുതന്നെ. കൊലപാതകിയായ ടോംപെന്നി ഒരിക്കൽ സ്വയം ഏറ്റു പറഞ്ഞതാണു് രണ്ടക്ഷരമുള്ള ഒരു പദം മാത്രമാണു് ദൈവമെന്നു്. അവന്റെ പ്രായോഗിക ജീവിതത്തെ സംബന്ധിച്ചിടത്തോളം ആ രണ്ടക്ഷരം "എയും ബീയും" ആയിരുന്നാലും യാതൊരു വ്യത്യാസവുമില്ല. എന്നാൽ ജയിൽ സൂപ്രണ്ട് ജോസ് ബുക്കാനനോടുകൂടെ എഡ്വില്ലിലെ മരണപ്പുരയിലേക്കു കടന്ന മനുഷ്യൻ അടുത്തകാലത്തു എഴുതുകയുണ്ടായി.

"എന്റെ ഏക സമാധാനം ദൈവത്തിലും ദൈവത്തോടുകൂടിയുമാണു്. അവിടത്തോടും അവിടത്തെ അമ്മയോടും അവിടത്തെ എല്ലാ പുണ്യവാന്മാരോടുംകൂടിയാകുന്നതുവരെ ഞാൻ വ്യാകുലചിത്തനാണു്". ആ ഫെബ്രുവരി ഉഷസ്സിൽ വൈദ്യുത

കസേരയിൽ ബന്ധിതനായ ആ മനുഷ്യൻ വീണ്ടും വീണ്ടും പറഞ്ഞിരുന്നു. "ദൈവത്തിങ്കലേക്കുള്ള ഏകമാർഗ്ഗം മരണമാണെന്നു" എനിക്കറിയാം. ആകയാൽ ആ മാർഗ്ഗത്തിൽകൂടി പ്രയാണം ചെയ്യുന്നതിനു" ഞാൻ കൊതിക്കുകയാണു".

മരണം വരിക്കുവാൻ അക്ഷമനായി കാത്തിരുന്ന ആ മനുഷ്യനെക്കുറിച്ചാണു" ഞാൻ സംസാരിക്കുന്നതു". പക്ഷെ അവന്റെ പുനർജന്മത്തിന്റെ അത്ഭുതവൃത്താന്തമാണു" അതു". അതിൽ അധികഭാഗവും അവന്റെ വാക്കുകളിൽതന്നെ. ആ വാക്കുകൾ എന്റെ മുമ്പിലുള്ള 221 കത്തുകളിലും രണ്ടു പദ്യങ്ങളിലും സ്വയം കൃതചരിതത്തിന്റെ നല്ലൊരു ഭാഗത്തിലും മരണപത്രികയിലും അടങ്ങിയിരിക്കുന്നവയാണു".

കത്തുകളിൽ പതിനഞ്ചെണ്ണം നിക്കി ബാക്കിയുള്ളതെഴുതിയതു" കൊലയാളിയായ ടോംപെന്നിയുടെ മരണത്തിനും ആ ഇരുണ്ട ഫെബ്രുവരി പ്രഭാതത്തിൽ എഡ്"വില്ലിലെ വൈദ്യുതകസേരയിൽ ഇരുന്ന മനുഷ്യന്റെ ദേഹത്തുനിന്നു ദേഹിയെ വേർപെടുത്തിയ നാലു വൈദ്യുതാഘാതങ്ങൾക്കുമിടയ്ക്കു" നിണ്ടുകിടക്കുന്ന പതിനാലുമാസങ്ങളിലാണു". ഓരോന്നിലും ടോംപെന്നിയുടെ കയ്യൊപ്പുണ്ടെങ്കിലും, അവയിൽ ഒരു വരിയെങ്കിലും കൊലപാതകിയായ ടോം പെന്നി എഴുതിയതാണോ അല്ലയോ എന്നു നിങ്ങൾ തന്നെ തീരുമാനിച്ചുകൊള്ളുക.

ഞാൻ ഈ ഭ്രതകഥ എഴുതുന്നതിനു" കൂടുതൽ ആഴമേറിയ വേറൊരു ലക്ഷ്യവുംകൂടിയുണ്ടു". വൈദ്യുത കസേരയിലിരുന്നു മരിച്ചവന്റെ ആത്മാവിന്റെ വിലയെപ്പറ്റിമാത്രം പറയുന്നതിനല്ല ഞാനിതെഴുതുന്നതു". പ്രതപ്ത, നിങ്ങളുടെയും മറേറതുമനുഷ്യന്റെയും ആത്മാവു" അനന്തമായ വിലയുള്ളതാണെന്നു" അറിയിക്കുവാനാണു". ഇന്നത്തെ ഗ്രന്ഥലോകം എന്റെ കഥനം അത്യാവശ്യമാക്കിയിരിക്കയാണു". കാരണം നമ്മുടെ പുസ്തകശാലകളും ദൈവകൃപയും സാക്ഷ്യം വഹിക്കുന്ന പുസ്തകങ്ങളുടെഭാരം കൊണ്ടു" അക്ഷരാർത്ഥത്തിൽ വളയുന്നെങ്കിലും അവയിലധിക

വും വിജ്ഞന്മാരാലോ അവരെപ്പറ്റിയോ രചിക്കപ്പെട്ടവയാണു്. പണ്ഡിതന്മാരുടെ മാനസാന്തരത്തെപ്പറ്റി മനോഹരമായി പ്രതിപാദിക്കുന്ന ജീവചരിത്രങ്ങളും സ്വയംകൃതചരിത്രങ്ങളും ലേഖനങ്ങളും വിശുദ്ധമായ തുലികാചിത്രങ്ങളും നമുക്കുണ്ടു്. വി. അഗസ്റ്റിനോസിന്റെ "ഏറ്റുപറച്ചിലും" (Confessions) കർദ്ദിനാൾ ന്യൂമാന്റെ "സാധൂകരണം" (Appology) ആർനോൾഡ് ലന്നിന്റെ "ഞാനിപ്പോൾകാണുന്നു" (Now I see) തോമസ് മേർട്ടന്റെ "ഏഴുനില മല" (Seven storey mountain)യും വരെയുള്ള വ—ഈ സാക്ഷ്യങ്ങൾ അത്ഭുതാവഹങ്ങളെങ്കിലും നമ്മിൽ ഏറ്റം നിസ്സാരനേയും ഹീനനേയും രക്ഷിക്കുന്നതിനുവേണ്ടി, ഏതുക്ലേശവും കഷ്ടതയും സഹിച്ചു നമ്മെ നരകത്തിൽനിന്നു രക്ഷിക്കുന്നതിനു നമ്മുടെ മരണവിനാഴികവരെ സർവ്വശക്തനായ ദൈവം നമ്മെ അനുധാവനം ചെയ്തത്തക്കവിധം മാരോ ആത്മാവും അങ്ങേതിരുമുമ്പിൽ അനന്തമായ വിലയുള്ളതാണെന്നു ചിലരെങ്കിലും വിസ്മരിക്കുന്നതിനു് അവ കാരണമായേക്കാം. പക്ഷേ അവിടത്തെ അനുധാവനംവിജയിക്കണമെങ്കിൽ ഈ മനുഷ്യൻ എഡിവില്ലിൽ വെച്ചു് കണ്ടതുപോലെ നാമും കാണണം.

ആത്മാവിന്റെ ആഴത്തിലെ നിഗൂഢ സത്യങ്ങളുടെയും, സത്യത്തിൽ ആമഗ്നമായിരിക്കുന്ന ആത്മാക്കളുടേയും ആവിഷ്കരണം ആഗ്രഹിക്കുന്നവർക്കുവേണ്ടിമാത്രമാണു് ഈ പുസ്തകം എഴുതിയിരിക്കുന്നതു്. ബാക്കിയുള്ളവർക്കെല്ലാം തങ്ങളുടെ വാരാന്ത്യപ്രതിപ്പുകളിലേയ്ക്കും, തമാശകളിലേയ്ക്കും, ചിത്രങ്ങളിലേയ്ക്കും പിന്തിരിയാം.

ദൈവമഹത്വത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ ഒരാവിഷ്കരണം ഇതായിരിക്കേണ്ടതിനാൽ എന്റെ പിതാവായ വി. ബെർനാർദിനെ ഞാൻ അനുകരിക്കുകയാണു് ചെയ്യുന്നതു്. നാം ദുഃഖവെള്ളിയാഴ്ചയെന്നു വിളിക്കുന്ന ദിവസം ഉച്ചകഴിഞ്ഞു് കാൽവരി മലമുകളിൽ ഒരാൾ രക്ഷിക്കപ്പെട്ട. ഒരുവൻമാത്രം. "ഒരുവൻ" അല്ലോഹം പറയുകയാണു്, "അതു നമ്മളിൽ ഒരുവനും ഒരിക്കലും നിരാശപ്പെടാതിരിക്കുന്നതിനാണു്" "ഒരുവൻ മാത്രം"

അതു് നമ്മിൽ ആരും ഒരിക്കലും തർക്കിഷ്ടരാകാതിരിക്കുന്നതിനു്
കാൽവരിയുടെ ആ നിലപാടു് പ്രതിപാദ്യരീതിയിൽ എഡ്വിന്റെ
ല്ലിൽ പുനരഭിനയിക്കപ്പെട്ടു. കാരണം മൂന്നുപേർ മരിച്ചു:
എന്നാൽ ഒരാൾമാത്രം.... ...എനിക്കുപകരം മറിയം ക്രൈസു് പറ
യട്ടെ. അവൾപറയുന്നു:

1) അതുന്നതമാം മാമല തന്നിലപ്പോൾ
പ്രത്യക്ഷരായി ഹതഭാഗ്യർ മൂന്നാൾ
ഏകൻ മരിച്ചു പുനർ രണ്ടുപേരിൽ
ചെയ്തൻ, ദയാനിധി ഈശപുത്രൻ

2) പാപിഷ്ടരേയും ബതഭിന്നരേയും
ക്ലേശിക്കുവാനായി ഹ കാൽവരിയിൽ
മുന്നംവളന്നൊരു കുരിശുമുന്നം
ഇന്നും വളരും വിധിവൈവേത്താൽ

3) പ്രാർത്ഥിച്ചുചോരന്നിഹയെന്നപോലെ
താപംസഹിക്കും ജനതയ്ക്കുമെല്ലാം
മഹീരുഹത്തിൽ കുരിശിന്റെറമിതെ
കാണാം ജഗന്നാഥനെയെന്നുമെന്നും.

(പി. എ. ജോസഫ്)

എഡ്വിന്റെ മൂന്നുപേർ മരണമടഞ്ഞു. പക്ഷേ ഒരുവൻ
മാത്രം.....എല്ലാ ആത്മാക്കളുടേയും—ദൈവജനനിയുടേതുപോലും—
രക്ഷ ആരംഭിച്ച സ്ഥലമായ ഗദ്സേമേനിൽവച്ചുതന്നെ ഈ ആ
ത്മാവിന്റെ രക്ഷയുടെ കഥ ഞാൻ തുടങ്ങട്ടെ.

ഇതു് പാലസ്തീനായിലെ അല്ല, അമേരിക്കയിലെ ആ ഗ
ദ്സേമേനിയെപ്പറ്റിയാണു് ഞാൻ പറയുന്നതു് എങ്കിലും സമയ
ത്തിലും നിത്യത്തിലും അവ അന്യോന്യം അവഗാഢം ബ
ന്ധിക്കപ്പെട്ടിരിക്കയാൽ 1941 ഒക്ടോബറിന്റെ ഉത്തരാർദ്ധത്തിൽ
ഒരു മദ്ധ്യാഹ്നത്തിനുശേഷം വാതിലിൽ പകച്ചുനിന്നവൻ വി.
യോഹന്നാൻ ശ്ലീഹായോ അഥവാ ഇരുപതാം ശതകത്തിലെ അ
ദ്ദേഹത്തിന്റെ ശിഷ്യൻ, ഫാ. ജോർജ്ജ് ഡൊന്നെല്ലിയോ, ആയി

രിക്കാം. ഏതുവഴിക്കാണു് കോവിൽ്ടനിലേയ്ക്കു പോകേണ്ടതെന്നു് അദ്ദേഹം ആലോചിക്കുകയായിരുന്നു. വെറുമൊരു വൃഥാതോന്നലായിരുന്നെങ്കിലും ലക്സിംഗ്ടണിലൂടെ മടങ്ങിപ്പോകാമെന്നു് അദ്ദേഹം നിശ്ചയിച്ചു; ഈ തീരുമാനമാണു് കൊലപാതകിടോം പെന്നിയെ അന്തരിപ്പിച്ചതും വളരെ വ്യത്യസ്ഥനായ മറെറാരാളെ എഡ്വില്ലിലെ വൈദ്യുതകസേരയിലേക്കയച്ചതും. ഫാ. ജോർജ്ജു് കേവലമൊരു തോന്നൽ എന്നുകരുതിയതു് വാസ്തവത്തിൽ ദൈവതിരിച്ചിത്തമായിരുന്നു. എന്തുകൊണ്ടെന്നാൽ ഫാ. ജോർജ്ജിന്റെ കരങ്ങൾ സ്റ്റീയറിംഗ് വീലിലും, പാദം ആക്സിലേറററിലും ആയിരുന്നെങ്കിലും ക്രിസ്തുനാഥനാണു് അന്നു വണ്ടി ഓടിച്ചതെന്നതാണു് കൂടുതൽ വാസ്തവം.

ആ ഒക്ടോബർ ഉച്ചകഴിഞ്ഞു് ആ വൈദികന്റെ വണ്ടി ചീറിപ്പാഞ്ഞപ്പോൾ വലിയൊരു ശാന്തി അദ്ദേഹത്തിന്നനുഭവപ്പെട്ടു. ചാരനിറമുള്ള ഭിത്തികളാൽ ചുററപ്പെട്ട, ഗെദസേമിനി എന്ന വിളിക്കപ്പെടുന്ന ദൈവത്തിന്റെ നഗരത്തിൽ അദ്ദേഹം കഴിച്ച ഹ്രസ്വമായ ധ്യാനം ഇപ്പോൾ ചുററിലും കണ്ട സൗന്ദര്യത്തിന്റെ ഉറവിടത്തോടു് അദ്ദേഹത്തെ കൂടുതൽ അടുപ്പിച്ചു. അദ്ദേഹം സുഖമായി ചുരുട്ടവലിച്ചുകൊണ്ടിരുന്നു. അനേകം മൈലുകൾ പിന്നിട്ടതോടെ മോട്ടോർയന്ത്രം തെരുതുവാൻ തുടങ്ങി. ജീവിതം ഹൃദ്യമാണെന്ന അനുഭവജ്ഞാനത്തോടെ അദ്ദേഹം പ്രസന്നനായി കാണപ്പെട്ടതിൽ ആശ്ചര്യപ്പെടാനില്ല. വർണ്ണശബളമായ വനത്തിലൂടെ, തലേദിവസത്തെമഴമൂലം ആകാശവും ഭൂമിയും കളിന്നിരിക്കവേ ശരത്കാലത്തിലെ ഉന്മേഷപ്രദമായ വായു ശ്വസിച്ചുകൊണ്ടു് അദ്ദേഹം കാറോടിച്ചു. കെൻറുക്കിലെ സംസ്ഥാനജയിലിലുള്ള മരണത്തിന്റെ ഇരുട്ടറയിൽ അവസാനിക്കാതെ സ്വർഗ്ഗത്തിന്റെ ഉന്നതശാലകളിലെ കണ്ണഞ്ചിക്കുന്ന വെള്ളപ്രകാശത്തിൽ അവസാനിക്കുന്ന ഒരു നാടകത്തിൽ ഒരു പ്രധാന പങ്കു വഹിക്കുവാൻ പോകയാണെന്നു് അദ്ദേഹം സ്വപ്നേപി വിചാരിച്ചിരുന്നില്ല.

അതു് അത്ഭുതാവഹമെന്നു തോന്നാം; എന്നാൽ നാം അത്ഭുതങ്ങളെ—ശഹനമായവയെ — ആണു് കൈകാര്യം ചെയ്യുന്നതു്. ഫാ: ജോർജ്ജു് ശോഭയമാനമായ ശരത്ക്കാല നാട്ടിൻപുറത്തിലൂടെ ലെക്സിംഗ്ടണെ ലക്ഷ്യമാക്കിപ്പാഞ്ഞുപോയപ്പോഠം, ലക്സിംഗ്ടണിലെ പോലീസ് വകുപ്പുമേധാവിയായ ഓസ്റ്റിൻ പ്രൈസും അസിസ്റ്റൻറ് സൂപ്രണ്ടായ സൈമൺപ്പിനുംകൂടി വേറൊരു ശഹനമായ രഹസ്യത്തെപ്പറ്റി, കൊലയാളിയായ ടോംപെന്നിയെപ്പറ്റി, ചുഴിഞ്ഞാലോചിക്കുകയായിരുന്നു.

അദ്ധ്യായം 1

പോലീസ് ചീഫ് പ്രൈസ് അസ്വസ്ഥനായിരിക്കുന്നു

സൈമൺപ്പിൻ ഫെയിററിലെ കെട്ടിടജെയിലിൻെറ നടകഠം ''ചടപട'' ശബ്ദത്തോടെ ഇറങ്ങി ഷോർട്ട സ്ട്രീററിലൂടെ സ്വച്ഛന്ദം സവാരിചെയ്തു. ഏതാനും ഡസൻ ചുവടുകഠം അദ്ദേഹത്തെ നഗരത്തിലെ പോലീസ് കേന്ദ്രത്തിൽ എത്തിച്ചു. അവിടെ അദ്ദേഹം കതകുതള്ളിത്തുറന്നു് ഇടനാഴിയിലൂടെ ആടിനടന്നു് പോലീസ് ചീഫിൻെറ ആപ്പീസിൽ ഉല്ലാസവാനായി പ്രവേശിച്ചു. ഓസ്റ്റിൻപ്രൈസ് ''ഹൊറാഠിഡി''ൻെറ പ്രാതപ്പത്രിപ്പു് തുറന്നുവച്ചുകൊണ്ടു് ഇരിക്കുകയായിരുന്നു. ''ഡിക്ടററീവ്'' വകുപ്പിനു് ഇന്നുവല്ല പുഷ്പമഞ്ജരിയുമുണ്ടോ, ചീഫ്?''

പ്രൈസിൻെറ വലിയതല ഉയർന്നു; അദ്ദേഹത്തിൻെറ തലയാട്ടൽ അഭിവാദനവും ഇരിക്കുന്നതിനുള്ള ക്ഷണവുമായിരുന്നു. ''പത്രക്കാർക്ക'' ഒരു ശ്രോഷയേ അറിഞ്ഞുകൂടാ, സൈ. നമ്മെ വിമർശിക്കുവാൻ. ഇന്നെന്നല്ല, ഒരിക്കലും അവർ നമ്മെ പ്രശംസിക്കയില്ല.

''കൊള്ളാം; പത്തുദിവസം അവർ നമ്മെ പൊറിച്ചതിനു ശേഷമെങ്കിലും അവർക്കു മര്യാദ കാണുമെന്നു ഞാൻ വിചാരിച്ചു.''

"മയ്യാദയോ"? ഓസ്റ്റിൻ പ്രൈസ് ഏതാണ്ട് പരിഹാസരൂപത്തിൽ ചോദിച്ചു. അദ്ദേഹം പുറകോട്ട് ചാരിനിവന്നിരുന്നു. "കൊണ്ടിപോലിസ് മെയ്യണ്ട ജോലിക്ക് അവരെന്തിനാ സിറ്റിപോലീസിന്റെ നേരെ കണ്ണുരുട്ടുന്നതു"? നഗരാധികാരിയെ വിട്ടിട്ട് എന്നെമാത്രം വിമർശനവിധേയനാക്കുന്നതെന്തെന്നു എനിക്കു മനസ്സിലാകുന്നില്ല. ആ കേസ്സ് നാം കണ്ടുപിടിച്ചു. ഫൈ. വാസ്തവത്തിൽ അതു നമ്മുടെ കടമയിൽപ്പെട്ടതല്ലായിരുന്നു."

"തീർച്ച; അതു നമ്മുടെതല്ലായിരുന്നു. ലെക്സിംഗ്ടൻ കൊണ്ടിക്കുബ്ബ് ഈ നഗരത്തിൽനിന്നു സുമാർ മൂന്നു മൈൽ അകലെയാണ്. എങ്കിലും നാം ആ കാര്യം നിർവഹിച്ചതിൽ എനിക്കു പശ്ചാത്താപമില്ല".

"എനിക്കുമില്ല" ചീഫ് യോജിച്ചു. "എങ്കിലും ഈ പത്രക്കാർ നമ്മുടെമേൽ ഇങ്ങനെ കുതിര കയറുന്നതെന്തിനാണ്?"

"എനിക്കറിഞ്ഞുകൂടാ" മെയ്പ്പിൻ തന്റെ ഫാറ്റു തലയിൽ വളരെ പിമ്പോട്ട വലിച്ചുവെച്ചു "ആ കഴപ്പന്മാരെല്ലാം എത്രപെട്ടെന്നു നാം ലാറിപ്പെട്ടത്തിയെന്നതിനെപ്പറ്റി അവർ പാലിക്കുന്ന മൗനതയാണ് എന്നെ പൂർണ്ണമായി സ്തംഭിപ്പിക്കുന്നതു".

"ഒന്നു ആലോചിച്ചുള്ള: സെപ്തമ്പർ 28-ാംതിയ്യതി ഞായറാഴ്ച രാവിലെ നമ്മെ കിടക്കയിൽനിന്നു വലിച്ചെഴുന്നെല്പിച്ചു. നാം കണ്ടതു ഗോഥം തന്നെന്നു രാജ്യം മഴവൻ പ്രകീർത്തിതമായ മരിയൻ മൈലി ഒരു വെടിയുണ്ട പുറത്തും വേറൊന്നു തലച്ചോറിലൂടെ കൊണ്ടിക്കുബ്ബിലെ അവളുടെ മുറിയുടെ തറയിൽ നിശ്ശബ്ദത്തിൽ നിണ്ടുനിവന്നു കിടക്കുന്നതാണ്. കുറെ താഴെ റോഡിൽ അവളുടെ അമ്മ, എൻസിഇ ഗോ, വയറ്റിൽ മൂന്നു വെടിയുണ്ടകളുമായി ചുരുണ്ടുകിടക്കുന്നു. ബുധനാഴ്ച അവിടം മരിച്ചു കേസന്വേഷണത്തിനു ഈ രണ്ടു മൃതദേഹങ്ങളല്ലാതെ നമുക്കെന്തുണ്ട്. കഴഞ്ഞുമറിഞ്ഞ ഒരു ലനയമുറി, കിടക്കയിൽകണ്ട .32 വ്യാസമുള്ള യന്ത്രതോക്കിൽ നിന്നുള്ള മൂന്നുണ്ടകളും, ഒരു മനുഷ്യന്റെ

പുറംകുപ്പായത്തിൽനിന്നു കിട്ടിയ മുന്നബട്ടൺസ്".”

“എല്ലാംകൂടി ഇതുയുമേ ഉണ്ടായിരുന്നുള്ള; അല്ലേ?” പ്രൈസ് പറഞ്ഞു.

“സമർത്ഥരായ പത്രലേഖകർ പ്രഖ്യാപിക്കുന്നതു് അതു് അകത്തുനിന്നുണ്ടായ പണിയെന്നാണു്. നിങ്ങൾ കൂടുതൽ ബുദ്ധികുമ്മത പ്രകടിപ്പിച്ചു. നിങ്ങൾ പറഞ്ഞു അതു് പ്രാദേശികമാണെന്നു്....ഞാൻ കൈവശമുണ്ടായിരുന്ന രേഖകൾ പരിശോധിച്ചു. നമുക്കു കിട്ടേണ്ട ആൾ ആരാണെന്ന രണ്ടുദിവസത്തിനുള്ളിൽ നാമറിഞ്ഞു. ഈ രാജ്യത്തുള്ള എല്ലാ സംസ്ഥാനങ്ങളിലേയ്ക്കും ആ മനുഷ്യനെപ്പറ്റിയുള്ള വിശദമായ വിവരങ്ങൾ ഒരാഴ്ചയ്ക്കുള്ളിൽ എത്തിച്ചുകൊടുത്തു. പത്രപ്രസ്താവനക്കാരും ഫോൺ സന്ദേശക്കാരും നമ്മെ ശല്യപ്പെടുത്താതിരുന്നെങ്കിൽ കൂടുതൽ വേഗത്തിൽ അവനെ പിടികിട്ടുമായിരുന്നു.”

“കാറിനെപ്പറ്റിയുള്ള സൂചന അവരാണല്ലോ നല്കിയതു്,” പ്രൈസ് ശാന്തമായി എതിർത്തു.

“സൂചന” മഴപ്പിൻ പച്ചിച്ചു. “ഞായറാഴ്ച രാവിലെ ക്ലബ്ബിനു സമീപം ഒരു വലിയ ബ്ലൂക്കുകാർ കിടക്കുന്നതു് ഒരു പത്രക്കാരൻ കണ്ടുവെന്നുള്ളതാണു നമുക്കു ലഭിച്ച അറിവു്. അതാണു വലിയ സഹായം! നമ്മുടെ അന്വേഷണം പൂർണ്ണമായും തെറ്റായമാർഗ്ഗത്തിലൂടെ തിരിച്ചുവിടുന്നതിനു് അതു കാരണമായി. ജോർജ്ജിയായിലെ പരോട്ടിൽവച്ചു് രണ്ടു അക്രമികൾ മോഷ്ടിച്ച ഒരു പച്ച ബ്ലൂക്കുകാർ നോക്കിയിരിക്കുന്നതിനു് അതു നമ്മെ പ്രേരിപ്പിച്ചു. അല്ല സർ മുമ്പോട്ടു പോകുന്നതിനു് അങ്ങേയ്ക്കു് ഞങ്ങളുടെ തലച്ചോറല്ലാതെ മറ്റൊന്നുമുണ്ടായിരുന്നില്ലെന്നുള്ളതാണു വാസ്തവം. എന്നുവരികിലും കൊലയാളികൾ നമുക്കു് സന്ദർശന കാർഡ് തന്നിട്ടും അവർക്കു് സന്ദർശനം അനുവദിച്ചില്ല എന്ന മട്ടിലാണു് പത്രക്കാർ ചിത്രീകരിക്കുന്നതു്.

“ഞാനൊരു പത്രസമ്മേളനം നടത്തിയതിൽ ഇവിടെയുള്ളവർക്കു് അമർഷമാണു്.” പ്രൈസ് ശാന്തമായിപ്പറഞ്ഞു. “ഞാൻ സമഭാവനയോടെ വർത്തിക്കുവാൻ ശ്രമിക്കുകയായിരുന്നു...”

"ങ്ഹാ, അതിനു" അവരുടെ മയ്യാദ അവർ കാണിച്ചല്ലോ ഇല്ലേ? കണ്ടില്ലേ അവരുടെ തല കെട്ടുകഥ 'സ്ഥലത്തെ പോലീസ്' ഇപ്പോഴും അന്ധകാരത്തിൽ' F. B. I-യെ വിളിക്കേണ്ടിയിരിക്കുന്നു..' എന്നൊക്കെ. അനന്തരം രണ്ടു ദിവസത്തേയ്ക്കു പൂണ്ണ നിശ്ശബ്ദത."

മന്ദമായ ഒരു പുഞ്ചിരി ചീഫിന്റെ മുഖത്തിലൂടെ കടന്നു പോയി. "അതാണു തലക്കെട്ടുകളേക്കാൾ ഉപദ്രവം ചെയ്യുന്നു", ശൈ, അതു", അവഗണനംമൂലം ഒരുവനെ കൊല്ലുന്ന പഴയ പട്ടാള രീതിയാണു".''

''എങ്കിലും ശീഘ്രം നമ്മെ പ്രശംസിച്ചു പറയുവാൻ അവർ നിർബ്ബന്ധിതരായല്ലോ ഇല്ലേ?"

''ദൈവം നമുക്കൊരു വിടവും തന്നു.''

''ശരിയാണു", എന്നാലും 'താൻ പാതി, ദൈവം പാതി' എന്നതിനു ഒരു തെളിവാണതു". വസ്തുതകൾ കാണുക: സെപ്റ്റമ്പർ 28-നു ഒരു ക്രൂരകൃത്യം ചെയ്യപ്പെട്ടു. ഒക്ടോബർ 1-നു രണ്ടു മൃതദേഹങ്ങളല്ലാതെ യാതൊരു തെളിവുമില്ല. എങ്കിലും ഒക്ടോബർ 9-നു കൊലയാളിയേയും അവന്റെ കുറ്റസമ്മതവും ലഭിച്ചുകഴിഞ്ഞു.''

"ഓ ശൈ, അത്രവേഗം പോകാതെ; അത്രവേഗം! ഒക്ടോബർ 9-നു ടെക്സാസിലെ 'ഷോർട്ടവത്തി'ൽനിന്നു നമുക്കൊരറിയിപ്പു ലഭിച്ചു: നാം അയച്ചുകൊടുത്ത വിവരണങ്ങളിണങ്ങിയ ഒരാളെ അവർക്കു കിട്ടിയിട്ടുണ്ടെന്നു".

''പോരാ, പ്രൈസു". അതിൽ കൂടുതലുണ്ടായിരുന്നു ആ അറിയിപ്പിൽ: കെൻറക്കിലെ ലൈസൻസു" തകിടോടുകൂടിയ 1941-ലെ ബ്യൂക്കുകാറിൽവച്ചു" അവർ രണ്ടുപേരെ പിടികൂടിയെന്നും അവരിലൊരുവൻ ലക്സിംഗ്ടണിൽനിന്നുള്ള നാം നോക്കിയിരുന്ന – ടോംപെന്നിയാണെന്നും, മറ്റവൻ—വേറൊരു എക്സ് ജയിൽപുള്ളിയായ ഗാഡ്നീസ്— അടുത്തകാലത്തു ലൂയിവില്ലിൽ ജോലിക്കാരനായിരുന്നെന്നും, .32 മെഷീൻ തോക്കിൽനിന്നുള്ള

ഒരുണ്ടയും ഒരു സ്ത്രീയുടെ ഒരുജോടി പാദരക്ഷയും കാറിന്റെ പുറകിൽനിന്നു കിട്ടിയെന്നും ആ കുറിപ്പു് അറിയിച്ചു. വാസ്തവത്തിൽ കുറേസമ്മതം ഒഴികെയുള്ള സകല വിവരവും അതു നമുക്കു നൽകി."

"നിങ്ങൾ എന്നോടൊന്നിച്ചു 'ഷോർട്ടുവർത്തി'ൽ വന്നിരുന്നെങ്കിൽ ഒരിക്കലും ഈവിധം വിചാരിക്കയില്ലായിരുന്നു" മന്ദമായി പുഞ്ചിരിച്ചുകൊണ്ടു് ചീഫ് പറഞ്ഞു.

"കുറേസമ്മതം അങ്ങേയ്ക്കു് എങ്ങനെ ലഭിച്ചെന്നു് എന്നോടു ഇതുവരെ പറഞ്ഞില്ലല്ലൊ ചീഫ്?" പെന്നിയെക്കൊണ്ടു സംസാരിപ്പിക്കുവാൻ പ്രയാസമായിരുന്നോ?"

പ്രൈസ് തലകുലുക്കി "ടോം പെന്നിയെക്കൊണ്ടു സംസാരിപ്പിക്കുവാൻ പ്രയാസമില്ല. പക്ഷേ, അവനെക്കൊണ്ടു സത്യം പറയിക്കുക, അതുകാര്യം വേറെ. ഒക്ടോബർ 11-ാംനു- ശനിയാഴ്ച ഞാൻ ചെല്ലുന്നതുവരെ, രണ്ടു പകലും രണ്ടു രാത്രിയും ഷോർട്ടുവർത്തിൽവെച്ചു അവൻ പോലീസിനോടും പത്രക്കാരോടും സംസാരിക്കയും അവരെ കളിപ്പിക്കയും ചെയ്തിരുന്നു. അവൻ ഒന്നും വിട്ടുകൊടുത്തില്ല. 9-ാം തീയതി ലീയേഗാഡിസിനോടും ഒരു സ്ത്രീയോടും കൂടി അവനെ പിടിച്ചു. ആ സ്ത്രീയെയും ഗാഡിസിനെയും വേഗം വിട്ടയച്ചു. പെന്നിയെ എന്നിക്കുവേണ്ടി വച്ചിരുന്നു. കൊണ്ടിക്കുബ്ബ് സംഭവത്തെപ്പറ്റി തനിക്കു യാതൊരറിവുമില്ലെന്നു് അവൻ ശഠിച്ചു. മാത്രമല്ല, ഒക്ടോബർ 1-നു് അവൻ ലൂയിവിൽ വിട്ടതിനുശേഷമുള്ള അവന്റെ ചെയ്തികളെ സംബന്ധിച്ചു വിശ്വാസനീയമായ ഒരു വിവരണം അവൻ നൽകി. എന്നാൽ 1-ാം തീയതിക്കു തൊട്ടുമുമ്പുള്ള ചെയ്തികളാണു് എന്നെ ആകർഷിച്ചതു".

പ്രൈസ് തുടരുന്നതിനുമുമ്പായി തന്റെ ആട്ടക്കാരെയിലിരുന്നു് ഒന്നാടി. "ശനിയാഴ്ച രാത്രിയിൽ തൊന്നൂറ്റി. ഞായറാഴ്ച രാവിലെ കർഫ്യൂനുശേഷം പെന്നിയെ വീണ്ടും കാണുന്നതിനു് ഏർപ്പാടുചെയ്തു. ഒൻപതുമണിക്കു് അവർ ഞങ്ങളെ

ഒരു മുറിയിലാക്കി, മുറിപൂട്ടി. ഏകദേശം ഒരു മണി ആയപ്പോ ഴാണു് ഞാൻ വെളിക്കുവന്നതു്. എന്നെസംബന്ധിച്ചിടത്തോളം മൈലി–കൊലപാതകങ്ങൾ സംബന്ധിച്ചുള്ള അന്വേഷണം അവ സാനിച്ചു. പക്ഷെ അതിലും ഗഹനമായ വേറൊരു രഹസ്യം അപ്പോൾ പൊന്തിവന്നു."

"ങ്ങേ?"

"അതെ, പെന്നിയെ പിടിച്ചപ്പോൾ അവൻ ഓടിച്ചിരുന്ന കാർ ബോബു് ആൻഡ്രേഷ്യസിന്റെ വകയണെന്നു ഗ്രഹിച്ചയുടൻ അവനെ അന്വേഷിക്കുവാൻ ഞാൻ നിങ്ങളെയും കൂട്ടുകാരെയും ഏർപ്പാടുചെയ്തതു് ഓർമ്മിക്കുന്നുണ്ടോ? ലൂയിവില്ലിലെ അവന്റെ 'ടികൂറും & ഫിഡിൽ' എന്ന നിശാക്ലബ്ബിൽവച്ചു നിങ്ങൾ ആൻഡ്രേഷ്യസിനെ പിടികൂടി. ആഭ്യവട്ടങ്ങളായിട്ടു് അവൻ പുറത്തുപോയില്ലെന്നു് അവൻ സത്യം ചെയ്തു. എന്നാൽ അവൻ തന്റെ ആ ബ്ലൂക്കിൽ ഒരു എക്സ് കൂറവാളി സന്ദേഹാസ്പദരായ ചില കൂട്ടാളികളുമായി അലഞ്ഞുതിരിയുന്നതായ ഒരു കേസു് ന്യൂപോർട്ടിൽ ഒരുമാസം മുമ്പു് ചാർജ്ജു് ചെയ്തതായി നാം അറിഞ്ഞു. തെക്കോട്ടു പോകുന്നതിനുമുമ്പു അവനെ സൂക്ഷിച്ചു കൊള്ളുവാൻ ഞാൻ പറഞ്ഞു. ഞായറാഴ്ച ഉച്ചകഴിഞ്ഞു് അവനെ അറസ്റ്റുചെയ്യുവാൻ ഞാൻ നിങ്ങളോടാവശ്യപ്പെട്ടു."

"ആ കാര്യം ചെയ്തതു് ജോ ഫോസ്റ്റർക്കിൻസാണു്. എന്നാൽ ആൻഡ്രേഷ്യസൻ ഒരു മത്തനുപോലെ ശാന്തനായിരുന്നു.

"നമുക്കു് ഒരിക്കലും തകർക്കാൻ സാധ്യമല്ലാത്ത ഒരു പുള്ളിയാണവൻ."

"നമുക്കതു് ആവശ്യമുണ്ടാവില്ല. പെന്നി രഹസ്യം തുറന്നു പറഞ്ഞു. അങ്ങനെതന്നെ ബാക്സ്റ്റർ."

"അതെ, അങ്ങിനെ പറയാം പക്ഷേ അതു് ആൻഡ്രേഷ്യസിന്റെ നീചമായ വഞ്ചനയ്ക്കുശേഷമാണു്. ഒളിച്ചോടുവാൻ തന്റെ കാർ ഉപയോഗിക്കുന്നതിനു് അവൻ പെന്നിയോടു പറഞ്ഞു.

അനന്തരം തന്റെ കാർ മോഷ്ടിക്കപ്പെട്ടെന്നു് അവൻ റിപ്പോർട്ടു ചെയ്തു്.

"എന്തൊരു വഞ്ചകൻ!"

"വളരെ ശരിയാണു്. നമുക്കു ധാരാളം ശല്യം വരുത്തിക്കൊണ്ടു് അവൻ ഈ കേസു് അവസാനംവരെ വാദിക്കും."

"എന്തുകൊണ്ടു്? ആ സംഗതിമുഴുവൻ അട്ടിക്കുംപടി നമുക്കു കിട്ടിയിട്ടുണ്ടല്ലോ. ടെക്സാസിൽവെച്ചു പെന്നി അങ്ങയുടെ അടുക്കൽ സമ്മതിച്ചിട്ടുള്ളതാണു് ആൻഡേഷ്യസനാണു കൊലപാതകിയെന്നു്. അങ്ങു് അവനെ ലക്സിംഗ്ടണിൽ കൊണ്ടുവന്നശേഷം അവൻ ഞങ്ങളുടെ പക്കൽ ഏറ്റുപറഞ്ഞു. എങ്ങനെ ക്ലബ്ബിലെ അകത്തെ പുള്ളിയായ സ്റ്റീവർ ബാക്സ്റ്റർ ആ ഗൂഢാലോചനമുഴുവൻ നിർവ്വഹിച്ചെന്നു്..... അന്നുതന്നെ ഞങ്ങൾ ബക്സ്റ്ററെ അറസ്റ്റുചെയ്തു. കഴിഞ്ഞവെള്ളിയാഴ്ചയിരുന്നു അതു്. നാലുമണിക്കൂറിനകം ഞങ്ങൾക്കു് അവന്റെ കുറ്റസമ്മതം ലഭിച്ചു. അതു പെന്നി പറഞ്ഞതിനോടു പരിപൂർണ്ണമായി പൊരുത്തപ്പെട്ടിരുന്നു. തോക്കുകൾ കഴിച്ചിട്ടിരുന്ന സ്ഥലത്തേയ്ക്കു ശനിയാഴ്ച പെന്നി ഞങ്ങളെ കൊണ്ടുപോയി. ഞങ്ങൾ രണ്ടു തോക്കുകൾ മാത്രമേ കണ്ടുള്ളു. ഒന്നു് 32-ഉം മറ്റതു് 38-ഉം വ്യാസമുള്ളതാണു്. വെടിയുണ്ടയുടെ ഞങ്ങൾ അയച്ചിരുന്ന അടയാളങ്ങളും ക്ലബ്ബിൽവെച്ചു കിട്ടിയതിന്റെ അടയാളങ്ങളും ഒന്നുതന്നെയാണെന്നു് ഇന്നലെ രഹസ്യപ്പോലീസു് അറിയിച്ചിട്ടുണ്ടു്. അതുകൊണ്ടു തോക്കുകളും പുള്ളികളെയും നമുക്കു ലഭിച്ചുകഴിഞ്ഞു. ഇനി ആൻഡേഷ്യസനു് എന്തുരക്ഷയാണുള്ളതു?"

"പെന്നിയുടെ മൊഴിവളരെ സഹായകമായിരുന്നു; അല്ലേ?"

യാദൃച്ഛികമെന്നോണമാണു് ആ ചോദ്യം ചോദിക്കപ്പെട്ടതു്. എന്നാൽ മൗപ്പിൻ തന്റെ മേധാവിയെ നന്നായി അറിഞ്ഞിരുന്നു. ഒരു നല്ല ശ്രോതാവെന്നു പരക്കെ അറിയപ്പെട്ടയാളാണു് പ്രൈസു്. അദ്ദേഹം വിരളമായിട്ടേ വേറൊരാളുടെ സംസാരത്തിനിടക്കു കയറി പറഞ്ഞിരുന്നുള്ളു. ആ ചോദ്യത്തി

ന്റെ സൂചനമുഴുവൻ വിവേചനവകുപ്പുലക്ഷ്യം ഗ്രഹിക്കയും ആശ്ചര്യപ്പെട്ടുകയും ചെയ്തു. അദ്ദേഹം തന്റെ കൈ നീട്ടി പൈപ്പു് എടുത്തു അതു നിറച്ചുകൊണ്ടു് സാവധാനം പറഞ്ഞു. "കഴിഞ്ഞ വ്യാഴാഴ്ച രാത്രിയിൽ എട്ടുമണിമുതൽ പിറ്റെ ദിവസം രാവിലെ ഏഴുമണിവരെ ഞാൻ ജോഹാരിഗന്റെ കൂടെയുണ്ടായിരുന്നു. എന്താണ്ടു് പതിനൊന്നു മണിക്കൂർ സമയം ഞങ്ങൾ രണ്ടാളും പെന്നിയെ വിസ്തരിച്ചു. ഭാഗ്യത്തിനു് സത്യം മുഴുവൻ പറയണമെന്നു് അവസാനം ആ കൊച്ചൻ തീരുമാനിച്ചു. മറിച്ചായിരുന്നെങ്കിൽ ഞങ്ങൾ ഇപ്പോഴും ചോദ്യങ്ങളുമായി അവിടെ ഇരിക്കയും, മരപ്പടിയായി ഞങ്ങൾക്കു് ഒരു ചിരിമുതൽ ഞാൻ കേട്ടിട്ടുള്ളവയിൽ ഏറ്റം സമർത്ഥവും തുളച്ചുകയറുന്നതുമായ കൂത്തുവാക്കുകളെയുള്ള എന്നും കേൾക്കയും ചെയ്യുമായിരുന്നു. അവൻ ബുദ്ധിക്കുമ്മതയും വാഗ്വിലാസവും ഉള്ളവനും പോലീസുദ്യോഗസ്ഥന്മാരോടു് സ്നേഹം ഒട്ടുമില്ലാത്തകൂട്ടത്തിലുമാണു്.

"ശൈ, നിങ്ങൾ കൌണ്ടിക്ലബ്ബിന്റെ തറയിൽനിന്നൊട്ടത്ത ബുള്ളറു് ·38-ൽ നിന്നുള്ളതാണെന്നു പറയുന്നതു വാസ്തവമാണോ?"

"ഉം"

"പെന്നിയുടെ കൈവശം ·38 ഉണ്ടായിരുന്നെന്നു് അവൻ സമ്മതിക്കുന്നുണ്ടോ?"

"ഉം"

"അങ്ങനെയെങ്കിൽ എനിക്കതോന്നുന്നതു് അവൻ നിറയൊഴിച്ച ഏക ബുള്ളറു് ആ സ്ത്രീകളിൽ ഒരാളെപ്പോലും സ്പർശിച്ചില്ലെന്നൊരു കേസു് അവൻ കെട്ടിപ്പൊക്കുമെന്നാണു്. കഴിഞ്ഞ തിങ്കളാഴ്ച രാവിലെ അവന്റെ അമ്മയെഴുതിയ ഒരെഴുത്തു് അവൻ എന്നെ കാണിച്ചു. അതിൽ എന്താണ്ടിപ്രകാരം പറഞ്ഞിരുന്നു. "പത്രങ്ങളിൽ അച്ചടിച്ചു കാണുന്നതെല്ലാം വിശ്വസിക്കരുതു്. ഒരുവനെ വിസ്തരിക്കുന്നതിനുമുമ്പുതന്നെ അവനെ കുറ്റക്കാരനാക്കുവാൻ ശ്രമിക്കുക അവരുടെ പതിവാണു്". അമ്മേ,

അമ്മയെ ആശ്വസിപ്പിക്കാവുന്ന ഒരു സംഗതി പറയുവാൻ എനിക്കു കഴിയും. ഞാൻ കൊലചെയ്തിട്ടില്ല. അതിനുള്ള വ്യക്തമായ തെളിവു് ഇപ്പോൾ എനിക്കുണ്ടു്.''

"എന്താണു് അവൻ ഉദ്ദേശിക്കുന്നതു്?" മൗപ്പിൻ പൈപ്പു് വായിൽ നിന്നുമാറ്റി.

"നിങ്ങൾ ഇപ്പോൾ എന്നോടു പറഞ്ഞതുതന്നെ. അവൻ വെടിവെച്ചെന്നു അവൻ സമ്മതിക്കുന്നു. എന്നാൽ വെടിയുണ്ട കൌണ്ടിക്കൂബ്ബിന്റെ തറയിലാണു് പതിച്ചതെന്നു നിങ്ങൾ തെളിയിച്ചിരിക്കുന്നുവല്ലോ?.....''

''അതവനെ വൈതൃത കസേരയിൽനിന്നു് ഒഴിവാക്കുകയില്ല." അ ഡിറക്ടീവു് കാലിന്മേൽ കാൽ വച്ചു് ഏതാണ്ടു് അനുകമ്പാനാപിതം പുഞ്ചിരിതൂകിക്കൊണ്ടു് പറഞ്ഞു. ''അക്കാര്യം നിയമം നോക്കിക്കൊള്ളും. മൈലിമാരിൽ ആരെയും ടോം പെന്നി കൊന്നില്ലായിരിക്കാം. എങ്കിലും പങ്കാളിത്തത്തിനു് അവൻ ശിക്ഷിക്കപ്പെടും. അതുമതി. വേണമെങ്കിൽ, ചീഫു് ഈ കേസു് ഞാൻ തന്നെ നടത്തി മൂവർക്കും ഒരേവിധിയും ഒരേ ശിക്ഷയും വാങ്ങിക്കൊടുക്കുവാൻ എനിക്കു കഴിയും പക്ഷെ അവരോരുത്തരും ആവശ്യപ്പെടുന്നതു് പ്രത്യേകം പ്രത്യേകം വിസ്തരിക്കപ്പെടണമെന്നാണു്''...

ചീഫു് തന്റെ കണ്ണടകൾ തുടയ്ക്കുവാൻ തുടങ്ങിയപ്പോൾ മൌപ്പിൻ തുടർന്നു; "ഞതു് ജിംപാർക്കിനും അയാളെ സഹായിക്കുന്നവർക്കും കേസ്സു നടത്തുന്നതിനു് എളുപ്പമായിരിക്കും. സഹായിഹാരി മില്ലർ ആയിരിക്കുമെന്നാണു് തോന്നുന്നതു്. പെന്നിയെയും ബാക്സ്റ്ററെയും ആൻഡേഷ്സനു് എതിരായും, അത്യാവശ്യമെങ്കിൽ പെന്നിയെ ബാക്സ്റ്ററിനെതിരായും ഉപയോഗിക്കുവാൻ അവർക്കു സാധിക്കും."

പ്രൈസു് അല്പം ഒച്ചയിൽ തന്റെ കണ്ണാടി തുടയ്ക്കുമാക്കി ''ടോമിന്റെ സാക്ഷ്യത്തിനു് അവർ രണ്ടുപേരുംകൂടി അവനു് ജീവപര്യന്തം തടവു വാങ്ങാനം ചെയ്യുമോ?"

''അവരതു ചെയ്യാതിരിക്കയാണു നല്ലതു്". ഈ കേസുകാരണം പട്ടണം മുഴുവൻ ചൂടുപിടിച്ചിരിക്കയാണു്. നിയമവിരുദ്ധമായി തല്ലിക്കൊല്ലുന്നക്കവിധം ചൂടുപിടിച്ചിരിക്കയാണു്

മേരിയൻ മൈലി സൗന്ദര്യവതിയായിരുന്നെന്നു മാത്രമല്ല, അവൾ പൊതുജനസമ്മതയുമായിരുന്നു.''

ചീംഹിന്റെ കണ്ണുകൾ സങ്കോചിച്ചു.

മൗപ്പിന്റെ കണ്ണാത്തിൽനിന്നെയന്വേഷിച്ചു അമന്റ ചിരികേൾക്കാൻ ഇമ്പമുള്ളതായിരുന്നു. "അതിനു" ഒരു ശ്രമവും നടക്കുകയില്ല. പെന്നികൗണ്ടിജയിലിലാണു". ഫയറു"കൌണ്ടിജയിൽ ലക്സിംഗ്ടൻ നഗരത്തിലുമാണു". ഇവടെയുള്ളവർ സാമാന്യം സംസ്കാരമുള്ളവരാണല്ലോ...എന്താണു" അങ്ങയെ അലട്ടുന്നതെന്നു പറയാമോ? അങ്ങയുടെ ഭാര്യയുടെ കാര്യമാണോ?''

"അവൾ സുഖമായിരിക്കുന്നു" അതു ചോദ്യംമൂലം ശാന്തനായ പ്രൈസ് മറുപടികൊടുത്തു. "അതു അസ്സൂക്രിയ സാരമില്ലാത്ത ഒന്നായിരുന്നു. മാത്രമല്ല, ഏറ്റം വിശ്വസ്തമായ ഹസ്തങ്ങളിലാണു" അവൾ എല്പിക്കപ്പെട്ടിരിക്കുന്നതു". സിസ്റ്റർ മേരിലോറൻസിയ അവൾക്കു രക്തബന്ധമുള്ള ഒരു സഹോദരിയാണു".''

ആ അപസർപ്പകോദ്യോഗസ്ഥൻ എണീറ്റുനിന്നു. "അപ്പോൾ ആ കന്യാസ്ത്രീ അങ്ങേ ഭാര്യാസഹോദരിയാണു", അല്ലെ? മൈലിയുടെ കാര്യം സംബന്ധിച്ചു അവിടെ ചെന്നപ്പോൾ ഞാൻ അവരെയും മറ്റുചിലരെയും കണ്ടു. അവർ എന്നെ അവധാനം ആകർഷിച്ചു.''

"ആർക്കും അവർ ഹൃദയഹാരിണിയാണു", മൈ. ഇന്നു" ഉച്ചകഴിഞ്ഞാലുടൻ ഞാൻ അവരെ കാണാൻ പോകുന്നുണ്ടു". എല്ലാം ഭേംഗിയായിരിക്കുന്നെന്നു" ഒരു മണിക്കൂർ മുമ്പാണു" സിസ്റ്റർ എന്നെ വിളിച്ചറിയിച്ചതു".''

''എന്നാൽ പിന്നെ എന്താണു" അങ്ങെ മനസ്സിനെ അലട്ടുന്നതു"?''

"ടോംപെന്നി.''

''അവൻ മറിച്ചെന്നു കരുതിയാൽ മതി.''

"അതുകൊണ്ടതന്നെയാണു" എനിക്കവനെ വിസ്മരിക്കാൻ കഴിയാത്തതു".''

"എന്നാൽ അവനെപ്പറ്റിയുള്ള റിക്കാർഡ് നോക്കിയാലും!"
"അതുതന്നെയാണു് എന്നെ അസ്വസ്ഥനാക്കുന്നതു്."

മൗപ്പിൻ തന്റെ ദിരസ്സിലെ ഫാറ്റു് കുറെക്കൂടി പിൻപിലേക്കു തള്ളിമാറ്റി; വായിൽനിന്നു പൈപ്പു് എടുത്തു. ഇരുകരങ്ങളും ചീഫിന്റെ ഡസ്കിന്റെ വിളുമ്പിൽ വിരിച്ചുവച്ചിട്ടു പ്രൈസിന്റെ നേരെ ചാഞ്ഞു പറഞ്ഞു: "ചീഫ്, അങ്ങു് ഒരു കുറ്റവാളിയുടെനേരെ ഇത്ര ആർദ്രചിത്തനായി ഞാൻ ഒരിക്കലും കണ്ടിട്ടില്ല. എന്തുകൊണ്ടാണു് ഈ കൊച്ചുവൻ അങ്ങയെ അലട്ടുന്നതു്? അവനൊരു ഉഷ്ണനാണു്. പത്തുപ്രാവശ്യമെങ്കിലും നാം അവനെ അറസ്റ്റു് ചെയ്തിട്ടുണ്ടു്. അതിൽ അഞ്ചും ഫ്രാങ്കഫോർട്ടു് ജയിലിൽനിന്നു് വിട്ടശേഷവുമാണു്. അവനൊരു കട്ടത്ത ക്രിമിനൽപുള്ളി തന്നെ. അവൻ തുലഞ്ഞാൽ, നഗരത്തിനും സംസ്ഥാനത്തിനും സമുദായത്തിനും നന്മ വരും."

ഡെസ്കിന്മേലുണ്ടായിരുന്ന കടലാസുകൊംക്കപ്പുറം പ്രൈസു് തന്റെ കൈമുട്ടുകൊം ഊന്നിക്കൊണ്ടു് തന്റെ വലിയ ദിരസ്സു് കൈപ്പത്തികൊംക്കുള്ളിൽവച്ചു സാവധാനം ആട്ടി. "അതെന്തുകൊണ്ടാണെന്നു ഞാനും അത്ഭുതപ്പെട്ടു. "അദ്ദേഹം ചിന്താവിഷ്ടനായി. "അതു പാരമ്പര്യമായിരിക്കാൻ ഇടയില്ല. ആ കൊച്ചുവന്റെ പിതാവു് ഒരു ഇംഗ്ലീഷു് പ്രൊഫസ്സറായിരുന്നു. അവന്റെ അമ്മ സംസ്കാരസമ്പന്നയാണു്. ടോമിന്റെ പിതാവു് മരിച്ചുശേഷം അവർ മൂന്നു വാടകക്കു കൊടുത്തു ജീവിക്കയാണു്. സാഹചര്യങ്ങളായിരിക്കയില്ല. ഒരേ ചുറ്റുപാടിൽ ജീവിക്കുന്ന എല്ലാവരുമോ, അഥവാ ഒരേ കൂട്ടുകെട്ടിൽപ്പെട്ട എല്ലാവരുമോ ചീത്തയാകുന്നില്ലല്ലോ? വിദ്യാഭ്യാസം സംബന്ധിച്ചാണെങ്കിൽ..... യുവജനങ്ങൾ അക്രമത്തിനുള്ള വിദ്യ അഭ്യസിക്കുന്നതിനുള്ള ഏകസ്ഥലം നമ്മുടെ ഉർജ്ജനപാഠശാലകളാണെന്നു തോന്നുന്നു. അവിടെ വച്ചാണു് ടോം, ആൻഡേഴ്സനുമായിട്ടുകൂട്ടിമുട്ടിയതു്."

"ശരിയാണു്, ചീഫ്," മൗപ്പിൻ തടഞ്ഞു. "പക്ഷേ, അന്നു് ആദ്യമായിട്ടല്ലല്ലോ പെന്നി അവിടെ ചെന്നതു്. 1926-ൽ ഒരു

വലിയ മോഷണക്കുറ്റം ചുമത്തി അവൻ മൂന്നുകൊല്ലത്തേയ്ക്കു ശി
ക്ഷിക്കപ്പെട്ട രണ്ടുകൊല്ലം അവൻ ശിക്ഷയനുഭവിച്ചു. 1934–ൽ
അവൻ ആൻഡേഴ്സനെ കണ്ടുമുട്ടിയപ്പോൾ, 1930–ലെ വെടി
വയ്പിനും കൂട്ടക്കവർച്ചയ്ക്കുമായി അവൻ 20 കൊല്ലത്തേയ്ക്കുള്ള ശി
ക്ഷ അനുഭവിക്കയായിരുന്നു. ഒരു കടയുടെ സ്റ്റോറിലുണ്ടായിരുന്ന
രണ്ടുപേരെ വെടിവച്ചു മുറിവേല്പിച്ചു. ആൻഡേഴ്സൻ ഒരു പീടി
കകത്തിപ്പോളിച്ചതിനു് അഞ്ചുകൊല്ലത്തേയ്ക്കു മാത്രമുള്ള ശിക്ഷ
യനുഭവിക്കുകയായിരുന്നു അപ്പോൾ."

മെയ്പ്പിന്റെ പൈപ്പു കെട്ടുപോയി. തീപ്പെട്ടി എടുക്കുന്ന
തിനു മുമ്പു് അവൻ ശങ്കിയോടെ വലിച്ചു. വീണ്ടും തീ കൊളു
ത്തുന്നതിനിടയിൽ അവൻ പ്രൈസിനോടു ധൃതിയിൽ ചോദിച്ചു
"കഥ എന്താണു് ചീഫ്"? ആ കൊച്ചൻചീത്തയാണെന്നു് അങ്ങു
സമ്മതിക്കുന്നു. അവൻ മരിക്കാൻ പോകയാണെന്നും അങ്ങേയ്ക്കു
റിയാം. അവനതു് അർഹിക്കുന്നുവെന്നും അങ്ങു ഗ്രഹിച്ചിട്ടുണ്ടു്.
എന്നിട്ടും അങ്ങു ദുഃഖിതനായിരിക്കുന്നു!"

പ്രൈസു് തന്റെ കറങ്ങുന്ന കസേരയിൽനിന്നെണീറ്റു് ആ
പ്പീസുമുറിയിലൂടെ മന്ദം മന്ദം നടക്കുവാൻ തുടങ്ങി. "ശൈ, ജീവി
തത്തിലെ സർവ്വപ്രധാനമായ വിനാഴിക ഏതാണു"?"

"ഏതു്."

പ്രൈസു് നടപ്പു് അവസാനിപ്പിച്ചിട്ടു തന്റെ സ്നേഹിതന്റെ
നേരെ തിരിഞ്ഞു, "ജീവിതത്തിലെ സർവ്വപ്രധാനമായ വിനാഴിക
ഏറ്റവും ഒടുവിലത്തേതാണു"." ചീഫു് കൈ ചുരുട്ടി ഡെസ്കിന്മേൽ
അടിച്ചു.

"പെന്നിയെ സംബന്ധിച്ച റിക്കാർഡുകൾ ഞാൻ പരിശോ
ധിച്ചു കഴിഞ്ഞതേയുള്ളു. അവനു് 15 വയസ്സുണ്ടായിരുന്നപ്പോൾ
ഒരു വൻകിട മോഷണക്കുറ്റത്തിനു് അവൻ ശിക്ഷിക്കപ്പെട്ടു.
അതു് 1924 ജൂൺമാസത്തിലായിരുന്നു. അന്നു മുതൽ ഇന്നുവരെ
അവന്റെ പേരിൽ എന്തെങ്കിലും ക്രിമിനൽക്കുറ്റം രേഖപ്പെട്ട
ത്താതുള്ളതു് അവൻ ജയിലിൽ കിടന്ന സംവത്സരങ്ങളിൽ മാത്ര

മാണ്". 1924–ലും, 25–ലും, 26–ലും അവൻ നമ്മുടെ പിടിയിലായിരുന്നു. അക്കൊല്ലം നാം അവനെ ഉർഗ്ഗണപാഠശാലയിലയച്ചു. 1928–ഓ 29–ഓ വരെ അവൻ അവിടെ കഴിഞ്ഞുകൂടി. നിങ്ങൾ പറയുന്നതുപോലെ 1930–ൽ 20 കൊല്ലത്തേയ്ക്ക്" അവനെ രിക്ഷിക്കേണ്ടതായി വന്നു. 37–ൽ അവൻ വിമോചിതനായി. കഴിഞ്ഞ അഞ്ചുകൊല്ലങ്ങൾക്കുള്ളിൽ അഞ്ചുതവണ നാം അവനെ ജയിലിലാക്കിയിട്ടുണ്ട്"..... ഇല്ല, ടോം പെന്നി ഒരു നല്ല ജീവിതം നയിച്ചിരുന്നില്ലെന്നുള്ളതു" അനിഷേധ്യമാണ്"—എന്നാൽ അവനൊരു നല്ല മരണം വരിക്കുന്നതിനു" എന്റെ കഴിവിന്റെ പരമാവധി ഞാൻ ഉപയോഗിക്കും."

"അങ്ങു" എന്തു ചെയ്യുവാൻ പോകയാണു"?" ആശ്ചര്യസ്തബ്ധനായി മൗച്ചിൻ ആരാഞ്ഞു.

ചീഫ" തന്റെ കറങ്ങുന്ന കസേരയിൽ പെട്ടെന്നു" ഇരുന്നു. "അതാണു" എനിക്കു" അജ്ഞാതം. എന്താണു" കരണീയമെന്നു" എനിക്കറിഞ്ഞുകൂടാ. ആൻഡേഴ"സന്റെ കാര്യം അവൻ നോക്കിക്കൊള്ളും. ബാക്സ്റ്റർ ഒരു ലക്കില്ലാത്തവനാണു". അവനുവേണ്ടി അധികമൊന്നും ചെയ്യുവാൻ സാധ്യമല്ല. എന്നാൽപ്പെന്നി..... അവനൊരു കുഞ്ഞായിരുന്നപ്പോൾമുതൽ എനിക്കവനെ അറിയാം. ടോം പെന്നിയുടെ മുഖത്തെ ഞാൻ എങ്ങനെ സ്പർശിക്കും?"

മൈമൗച്ചിനു" എതെങ്കിലും കാര്യം അയാളുടെ കഴിവിനപ്പുറമാണെങ്കിൽ അതയാൾക്കറിയാം. ചീഫ" പ്രൈസുമായി നടത്തിയിട്ടുള്ള സംഭാഷണങ്ങളിൽ ഏറ്റവും അസാധാരണമായ ഒന്നായിരുന്നു ഇതു". പോലീസ"ഡിപ്പാർട്ടുമെൻറിനോടു പ്രത്യേക താല്പര്യമൊന്നുമില്ലാതിരുന്ന ഒരുവനെപ്പറ്റി മേധാവി അഗാധമായ ആകാംക്ഷയുള്ളവനാണെന്നു സ്പഷ്ടം. തന്നെ അന്ധാളിപ്പിക്കുവാൻ തുടങ്ങിയിരിയ്ക്കുന്ന സംഭാഷണത്തിൽനിന്നു" തനിയ്ക്കൊരാശ്വാസം ലഭിക്കുന്നതിനു" താൻ എന്തു ചെയ്യണമെന്നു മൗച്ചിൻ ആലോചിച്ചു. ഒടുവിൽ വെട്ടിത്തുറന്നു പറയാമെന്നുറച്ചു.

"ഛീഫ"! അവനെ അങ്ങു മറന്നുകളയൂ. പുള്ളിപ്പുലി അതിന്റെ പുള്ളികളും മാറ്റാറില്ലല്ലോ. ഒരിക്കൽ അക്രമിയെങ്കിൽ എന്നും അക്രമി തന്നെ."

ഓസ്റ്റിൻപ്രൈസിന്റെ ശിരസ്സു് ശീഘ്രം തിരിഞ്ഞു. കൊമ്പു കൊണ്ടുള്ള വിളുമ്പോടുകൂടിയ കണ്ണടച്ചില്ലുകളുടെ പിമ്പിൽ അദ്ദേഹത്തിന്റെ നയനങ്ങൾ തിളങ്ങി. "നിങ്ങൾ ദിസ്മാസിനെ പ്പറ്റി കേട്ടിട്ടുണ്ടോ?"

"അവന്റെ ലക്ഷണം വല്ലതും നമ്മുടെ പക്കലുണ്ടോ?"

"എനിക്കു സംശയമാണു്. എങ്കിലും സാമാന്യം മോശമായ റിക്കാർഡോടുകൂടിയ ഒരു കുറവാളിയായിരുന്നു അവൻ."

"ആവട്ടെ. അവനെന്തു പറ്റി?"

"ടോംപെന്നി എങ്ങനെ അവസാനിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നുവോ അങ്ങനെയാണു് അവൻ അവസാനിച്ചതു്."

"അതെങ്ങനെയായിരുന്നു?"

പ്രൈസ് തന്റെ വാക്കുകൾ മനഃപൂർവ്വം നിർത്തി നിർത്തി പറഞ്ഞു: "ദിസ്മാസിൽ കുറ്റം ചുമത്തി അവനെ മരണത്തിനു് വിധിച്ചു, ...അവൻ മരിച്ചു, ...എന്നാൽ അതു് ടോംപെന്നി എവിടെ മരിക്കണമെന്നു് ഞാനാഗ്രഹിക്കുന്നുവോ അവിടെയായിരുന്നു — യേശുക്രിസ്തുവിന്റെ പാർശ്വത്തിൽ. ഇവനെ എങ്ങനെ അവിടെ എത്തിക്കാൻ എനിക്കു കഴിയും?"

അദ്ധ്യായം 2.

ദൈവം തന്റെ കരുക്കളൊരുക്കുന്നു

ഓസ്റ്റിൻപ്രൈസ് ആസ്ഥാനത്തിയിലെത്തിയതു ഉച്ചതിരിഞ്ഞു് കുറെ കഴിഞ്ഞാണു്. അദ്ദേഹം ഇടനാഴിയിലൂടെ ശീഘ്രം നടന്നു. എങ്കിലും ഭാര്യയുടെ മുറിക്കടുത്തെത്തിയപ്പോൾ വേഗത കുറച്ചു. കാരണം, പകുതി തുറന്നുകിടന്നിരുന്ന വാതലിലൂടെ കൂടുകൂടെയുള്ള

ഒരു ചിരി അദ്ദേഹത്തിനെ കേൾക്കായി. സിസ്റ്റർ ലോറൻസിയ തന്റെ സോദരി മിസ്സസ് പ്രൈസിനെ സന്ദർശിക്കുകയായിരുന്നു. വാതിൽ കുറെക്കൂടി തുറന്നപ്പോൾ കിടക്കയുടെ ചുവട്ടിൽ സിസ്റ്റർ റോബർട്ടഗ്രൻ നില്ക്കുന്നതു കണ്ടതിനാൽ, അഭിപ്രായം രഹസ്യമായി ഒരു കുത്തുവാക്കു പറയുവാൻ തുനിഞ്ഞ അദ്ദേഹത്തിന്റെ അധരങ്ങളിൽത്തന്നെ അതു അസ്തമിച്ചു.

"അല്ലയോ മി. പ്രൈസ് അകത്തേയ്ക്കു വരാമല്ലോ." സിസ്റ്റർ ഗ്രൻ പറഞ്ഞു "ഞങ്ങൾ ഇപ്പോൾ പറഞ്ഞതേയുള്ളു ബ്രിഡി വേഗം വീട്ടിൽ പോകണമെന്നും അങ്ങയുടെ കാര്യം അന്വേഷിക്കണമെന്നും."

"ഇവിടെനിന്നു ഡിസ്ചാർജ്ജു ചെയ്യോ?" ഭാര്യയെ ചുംബിക്കുവാൻ കുനിഞ്ഞുകൊണ്ടു പ്രൈസ് ചോദിച്ചു.

"ഉവ്വ്; എന്നാലും ഞാനിന്നു വീട്ടിലേക്കു പോകുമെന്നു തോന്നുന്നില്ല."

"അവിടെക്കു ഇവിടെ താമസിക്കാനാണിഷ്ടം." കിടക്കയുടെ മറവത്തുനിന്നു സിസ്റ്റർ ലോറൻസിയ പറഞ്ഞു. "ഞങ്ങൾ ദിവസേന ശുശ്രൂഷിയ കാലത്തിന്റെ പ്രതീതിയാണിവിടെയുള്ളതു്. അല്ലേ സോദരീ?"

മിസ്സസ് പ്രൈസ് തന്റെ സഹോദരിയെ നോക്കി മന്ദഹസിച്ചുകൊണ്ടു ഭർത്താവിനോടു ചോദിച്ചു: "ജാക്കിക്കുഞ്ഞിനു സുഖമാണോ?"

മാസ്റ്റർപ്രൈസ് കണ്ണുകൾ കൂടുതൽ തുറന്നുകൊണ്ടു പറഞ്ഞു. "ഓമനേ, നീ അതു തിരക്കിയതിൽ സന്തോഷം. ഇന്നു ഉച്ചയ്ക്കുശേഷം പയ്യനെ ഒരു സവാരിക്കു കൊണ്ടുപോകാമെന്നു ഞാനേറ്റിട്ടുണ്ടു്. അവനും അമ്മയും എന്നെ പ്രതീക്ഷിച്ചു ഇപ്പോൾ താഴെ നിൽപുണ്ടായിരിക്കണം." അദ്ദേഹം സിസ്റ്റർ റോബർട്ടിന്റെ നേരെ തിരിഞ്ഞു. "കേട്ടോ സിസ്റ്റർ, ഡോക്ടർ റാൻകിനെ കാണാൻ സിറ്റിൽ നിന്നു വന്നതാണു അവനും അമ്മയും. ഞങ്ങളുടെ വീട്ടിലാണു അവർ താമസിക്കുന്നതു."

"അവനെങ്ങനെയിരിക്കുന്നു?" മിസ്സസ് പ്രൈസ് വീണ്ടും അക്ഷമയോടെ ആരാഞ്ഞു.

"അറിഞ്ഞുകൂടാ മാമനേ—കഴിഞ്ഞതവണ ഞാൻ ഡാ. റാൻകിനെ കണ്ടപ്പോൾ അദ്ദേഹം പരിശോധനകൾ എല്ലാം പൂർത്തിയാക്കിയിട്ടില്ലായിരുന്നു."

"കൊള്ളാം....' വാതലിലെ മുട്ട് മിസ്സസ് പ്രൈസിനെ തടസ്സപ്പെടുത്തുകയും അതോടെ ആശുപത്രിയുടെ മേറ്റ്ടൻ സിസ്റ്റർ മേരിബെനിഞ്ഞാ പ്രവേശിക്കയും ചെയ്തു.

"നിങ്ങൾ എന്തെടുക്കുന്നു? കുടുംബയോഗം നടത്തുകയാണോ? മി. പ്രൈസ്, ക്ഷേമമല്ലേ? അങ്ങയെ കണ്ടതിൽ വലിയ സന്തോഷം. മിസ്സസ് പ്രൈസ്, നിങ്ങളെ കണ്ടതിലും. നിങ്ങൾ ഞങ്ങളെ വിട്ടുപോകയാണെന്നു കേട്ടല്ലോ .."

"ഇന്നില്ല, സിസ്റ്റർ."

"ഹാ, അതു നല്ലകാര്യം. വീട്ടിൽ ചെന്നു നിങ്ങളുടെ ഈ വലിയ ഭർത്താവിനെ സേവിക്കുവാൻ തുടങ്ങുന്നതിനുമുമ്പ് നന്നായി വിശ്രമിക്കണം. അതൊരു പുരുഷലോകമാണ്. അങ്ങനെയല്ലേ, പ്രൈസ്."

'ഈ കൊച്ചുമൂല അങ്ങനെയല്ലല്ലോ?' പ്രൈസ്സ് ചിരിച്ചുകൊണ്ട് ഒറ്റനോട്ടത്തിനു നാലുപേരുടെയും മുഖത്തു കണ്ണോടിച്ചുകൊണ്ടു പറഞ്ഞു. "സിസ്റ്റർ വന്നതു താഴേനിന്നോ മുകളിൽ നിന്നോ?

"മുകളിൽ നിന്നാ"

"എന്നാൽ സിസ്റ്റർ ജാക്കി റിഗനെയും അവന്റെ അമ്മയേയും കണ്ടോ?"

"ഡാ. റാങ്കിന്റെ രോഗിയൊ? ഉവ്വ്, അവൻ ആതിഥേയമുറിയിൽ ഇരിപ്പുണ്ട്."

"എന്നാൽ എനിക്കു വേഗം പുറപ്പെടണം."

"നില്ലൂ," മിസ്സസ് പ്രൈസ് ഇടയ്ക്കുകയറി പറഞ്ഞു. "സിസ്റ്റർ ബെനിഞ്ഞാ, സിസ്റ്റർ റോബർട്ട് ആനും, മേരി ലോറൻ

സിയായും പ്രൈസിനോടും അ കൊച്ചനോടുംകൂടി ഒരു ഡ്രൈവിനു പോകുന്നതു് നന്നായിരിക്കുകയില്ലേ? ശുദ്ധവായു ശ്വസിക്കുവാൻ പുറത്തു പോകണമെന്നു ഞാൻ എന്നും അവരെ നിർബന്ധിക്കുന്നുണ്ടു്. എന്നാൽ അവർ അതൊന്നും വകവയ്ക്കാറില്ല.”

“ഞാൻ പറയുന്നതും അവർ ശ്രദ്ധിക്കാറില്ല, മിസ്സസ് പ്രൈസ്.” മേറ്റ്ടൻ കൈകൊണ്ടു് കൊന്ത ഉരുട്ടിക്കൊണ്ടു് പറഞ്ഞു. “അത്രയുപത്രിയിലുള്ള ഓരോ സിസ്റ്ററിനോടും ഞാൻ പറയാറുണ്ടു് കഴിവതു ശുദ്ധവായു ശ്വസിക്കണമെന്നു്. പക്ഷെ...”

“അത്രയുപത്രിയിലുള്ള വായുവാണു് അപകടം കുറഞ്ഞതു്. അവിടെ അത്രയധികം രോഗസംക്രമ നിവാരണിയും, പഴുപ്പു നിരോധനൗഷധങ്ങളും രോഗാണുസംഹാരികളുമുണ്ടു്.” സി. ലോറൻസിയാ ഇടയ്ക്കു കയറി പറഞ്ഞു.

“അതങ്ങനെയാവട്ടെ” മേറ്റ്ടൻ പറഞ്ഞു. “എന്നാൽ അ കൊച്ചനും അവന്റെ അമ്മയുമൊത്തു പ്രൈസ് സവാരിക്കു പുറപ്പെട്ടുമ്പോൾ സിസ്റ്റർ സി. റോബർട്ട അവരോടുകൂടിപോകണം. എനിക്കു മിസ്സസ് പ്രൈസിനോടു് തനിച്ചു സംസാരിക്കാനുണ്ടു്. ഇപ്പോൾ പൊയ്ക്കോ.” സി. ബെനിഞ്ഞാ പ്രൈസിന്റെ നേരെ തിരിഞ്ഞു. “അങ്ങെയ്ക്കു മിസ്സസ് പ്രൈസിനെ ശിഷ്ടായുസ്സു മുഴുവനും വച്ചുകൊണ്ടിരിക്കാം. എനിക്കു് അവരെ കുറെ സമയത്തേയ്ക്കു മതി.”

“വലിയ സന്ദർശനമൊന്നുമല്ല, ഓമനേ” തന്റെ ഫാദറുകിടക്കയിൽനിന്നു് എട്ടുത്തുകൊണ്ടു് പ്രൈസ് പറഞ്ഞു “ഞാൻ പെട്ടെന്നു തിരിച്ചുവരും. സിസ്റ്റേഴ്സ്, നിങ്ങൾ എപ്പോഴേക്കു തയ്യാറാകും?”

“കൊള്ളാം, അങ്ങേയ്ക്കു മുമ്പേ അവർ വാതിൽക്കൽ എത്തും,” സി. ബെനിഞ്ഞാ പറഞ്ഞു. “ആ ജോഡിയെ എനിക്കറിയാം.” അ സിസ്റ്റേഴ്സിനെ സി. ബെനിഞ്ഞ അനുഗ്രഹം കൊടുത്തു മുറിയിൽനിന്നു പോയ്ക്കൊള്ളുവാൻ.

പത്തു മിനിറ്റു കഴിഞ്ഞു പ്രൈസ് പ്രധാനവീഥിയിലൂടെ കാർ ഓടിക്കുകയായിരുന്നു. അദ്ദേഹത്തിനു സമീപം മുൻസീറ്റിൽ ഇരുന്നിരുന്ന ജാക്കി കാറിലെ റേഡിയോയുടെ നേരെ വിരൽ ചൂണ്ടി: "മി. പ്രൈസ് പോലീസ് സന്ദേശങ്ങൾ ഇതിൽ കിട്ടുമോ? നിങ്ങൾ എങ്ങനെയാണ് സന്ദേശങ്ങൾ അയക്കുന്നത്? ഞാൻ സീറ്റിലേക്കു മടങ്ങുന്നതിനുമുമ്പ് എന്നെ അതുകാണിക്കാമോ?"

"ഇല്ല. ആ റേഡിയോവിൽ ഒരു പോലീസ് സന്ദേശവുമുണ്ടാക്കയില്ല. ഇതു് മിസ്സസ് പ്രൈസിന്റെ കാറാണ്. പ്രത്യേകം ഉപകരണങ്ങളൊന്നും കൂടാതെ അവർക്കു വേണ്ടതു പോലീസ് റിപ്പോർട്ടുകളും സന്ദേശങ്ങളും കിട്ടുന്നുണ്ട്. ഞങ്ങൾ അവ അയക്കുന്നതു് എങ്ങിനെയെന്നു കാണുവാൻ നീ വാസ്തവത്തിൽ ആഗ്രഹിക്കുന്നുവെങ്കിൽ ജയിലിൽ ചെന്നശേഷം ഞാൻ നിന്നെ പ്രക്ഷേപണനിലയത്തിലേക്കു കൊണ്ടുപോകാം."

പിൻസീറ്റിൽ ഇരുന്ന തന്റെ കൂട്ടുകാരിയുടെ നേരെ സി. റോബർട്ട് ആൻ ജിജ്ഞാസാപരസ്സരം പുരികമുയർത്തി. "അതു് കെന്റക്കി ജയിൽ അല്ലേ?" സിസ്റ്ററിന്റെ ശബ്ദം സംഭ്രമം നിറഞ്ഞതായിരുന്നു.

"അതു ശരിയാണെന്നു ഞാൻ പ്രതീക്ഷിക്കുന്നു. ആ സ്ഥലം കാണുവാൻ ഞാൻ സദാ ആഗ്രഹിച്ചിരുന്നു." എന്നു മാത്രമാണു പകപതവന്ന കൂട്ടുകാരിയിൽനിന്നു സി. ആനിനു ലഭിച്ച മറുപടി.

പത്തുമിനിട്ടിനുശേഷം ചീഫ് വാസ്തവത്തിൽ ഫെയിറ്റ് കൗണ്ടിജയിലിന്റെ മുമ്പിൽച്ചെന്നുചേർന്നപ്പോൾ സി. ലോറൻസിയാണ്ടും കുറെ മനഃപ്രയാസം അനുഭവപ്പെട്ടു. എങ്കിലും, ജാക്കിയെപ്പോലെ ഒരു വലിയ കുട്ടിയാകുന്നതിനും, ആ അപൂർവ്വസ്ഥലത്തു കാണാവുന്നതൊക്കെ കാണുന്നതിനും ആ സിസ്റ്റർ പെട്ടെന്നു തീരുമാനിച്ചു. വണ്ടിയിൽ നിന്നിറങ്ങുവാൻ സി. റോബർട്ടിനെ സഹായിക്കുന്നതിനു് അവരുടെ കരം ഗ്രഹിച്ചപ്പോൾ സി ലോ

റൻസിയായ്ക്കു ബോദ്ധ്യമായി, അവർക്കു സ്പഷ്ടമായ വിറയലുണ്ടെന്നു്. തന്റെ തൊണ്ടുകളിൽക്കൂടിയുള്ള തുടിപ്പു് എന്തായിരിക്കാം? "ഉപവിയുടെ സഹോദരികൾ ഇതിനുമുമ്പും ജയിലുകൾ സന്ദർശിച്ചിട്ടുണ്ടല്ലോ" അവൾ സ്വയം പറഞ്ഞു. എന്നാൽ ഉത്തരക്ഷണത്തിൽ അവർ തന്നത്താൻ പറഞ്ഞു: 'അവർ നസ്രസ്സിലെ ഉപവിയുടെ സഹോദരികളോ, ജയിലുകൾ, ഫെയിറ കൗണ്ടി ജയിലോ ആയിരുന്നില്ല.' അപ്പോൾ തന്റെ ബന്ധുവിന്റെ നയനങ്ങളിൽ വെല്ലുവിളിയുടെ വെളിച്ചം കാണായി. അദ്ദേഹം സന്ന്യാസിനികളെ ഭയപ്പെട്ടുതുകയാണെന്നു് വിചാരിക്കുന്നെങ്കിൽ സി. ലോറൻസിയാ അദ്ദേഹത്തിനു കാണിച്ചുകൊടുക്കും.

"നമുക്കിതു മുഴുവൻ കണ്ടുകളയാം, ചീഫ്." അദ്ദേഹം കാർ പൂട്ടുന്നതോടെ അവർ പറഞ്ഞു.

"അടിമുതൽ മുടിവരെ" മി. പ്രൈസ് ചിരിച്ചുകൊണ്ടു് കോവണിയെ സമീപിച്ചു.

പ്രധാന ആപ്പീസ് ശരിയായി പരിശോധിച്ചശേഷം ചീഫ് സ്റ്റോറുകളും കലിനിയും സിസ്റ്റേഴ്സിനെ കാണിച്ചു. അവയിലെ ക്രമവും വെടിപ്പും അവരെ ആകർഷിച്ചു.

"നമുക്കു ചില സെല്ലുകളും അവയിലെ ചില കറവാളികളേയും കാണാമോ?" ജാക്കി ചോദിച്ചു. ആവികൊണ്ടു ക്ഷണം പാകപ്പെടുത്തുന്ന യന്ത്രങ്ങളെയും മൂടപിടിപ്പിക്കുന്ന മേശകളെയും പറ്റി അവനുണ്ടായിരുന്ന താല്പര്യം, റോളർ സ്കേയിറ്റിലും ഹോക്കിവടികളിലും സിസ്റ്റേഴ്സിനുണ്ടായിരുന്ന താല്പര്യംപോലിരുന്നു.

"നാം മുകളിലേക്കു പോകയാണു്" ചീഫ് പറയുകയും രണ്ടാംനിലയിൽ, താമസമുള്ള മുറികളുടെ ഭാഗത്തേയ്ക്കു് അവരെ ആനയിക്കയും ചെയ്തു. കൺകോണിലൂടെ അദ്ദേഹം ആ സന്ന്യാസിനികളെ നിരീക്ഷിച്ചു. സി. റോബർട്ട് അല്പം പരിഭ്രാന്തയായി കാണപ്പെട്ടു. എന്നാൽ സി. ലോറൻസിയ ആത്മപത്രിയിൽ പ്രകടിപ്പിച്ച ശാന്തതയോടും മാർദ്ധ്യത്തോടുംകൂടെയാണു് നിന്നതു്.

തന്റെ ഈ ബന്ധുവിനെ ഒന്നു ഭയപ്പെടുത്തുവാൻ മാർഗ്ഗമുണ്ടോ എന്നു ഓസ്റ്റിൻപ്രൈസ് പെട്ടെന്നു ചിന്തിച്ചു.

എന്തെങ്കിലും ഒരാശയം തന്റെ മനോമുകുരത്തിൽ ഉദയം ചെയ്യുന്നതിനുമുമ്പു് "ടോംപെന്നി ഇവിടെയുണ്ടോ?" എന്നു് ശാന്തമായി ചോദിച്ചുകൊണ്ടു് ആ സിസ്റ്റർ പ്രൈസിനെ ഞെട്ടിച്ചു.

"ഉം, അവനെക്കണ്ടു" സംസാരിക്കണമോ?"

നൊടിനേരത്തേയ്ക്കു് ഓസ്റ്റിൻപ്രൈസ് വിചാരിച്ചു തനിക്കു് ഉത്തരം കിട്ടിയെന്നു്. കാരണം, സി. ലോറൻസിയായുടെ നയനങ്ങളിൽ ഭീതിയുടെ അവ്യക്തമായ ഛായ നിഴലിക്കുന്നതായി അദ്ദേഹം കണ്ടു. എങ്കിലും അവർ ക്ലസലെനോ പ്രതിവചിച്ചു: "വളരെ സന്തോഷം."

"ടോം" ചീഫ് വിളിച്ചുകൊണ്ടു് നടവഴിലത്തെ മറിയിലേയ്ക്കു നടന്നു. അങ്ങേ അറ്റത്തുനിന്നു കിളരമുള്ള ഒരു സുമുഖൻ അലസമായി മുമ്പോട്ടു വന്നു. സന്ന്യാസവസ്ത്രങ്ങൾ കണ്ടതോടെ അവൻ അധോമുഖനായി. ചീഫ് ഇരുമ്പഴികൾക്കിടയിലൂടെ കൈകടത്തി അവനു ഹസ്തദാനം ചെയ്തു. "ടോം ഇതു് എന്റെ ഭാര്യയുടെ സഹോദരി സിസ്റ്റർ മേരി ലോറൻസിയാ; ഇതു് ഇവരുടെ സ്നേഹിത സിസ്റ്റർ റോബർട്ടച്ചൻ." പെന്നി ഓരോ സന്ന്യാസിനിയുടേയും നേരെ പെട്ടെന്നു നോക്കിയിട്ടു് അഭിവാദനത്രപേണ ശിരസ്സു് കുനിച്ചു. "ഇവർ സെന്റ് ജോസഫ്സ് ആശുപത്രിയിൽ നിന്നാണു്."

"എനിക്കറിയാം." എന്നായിരുന്നു ശാന്തമായ മറുപടി. "സെന്റ് ജോസഫ്സിൽനിന്നുള്ള സിസ്റ്റേഴ്സിനെ ഇതിനുമുമ്പു കണ്ടിട്ടുണ്ടു്. ഞാൻ അവിടെ ജോലിചെയ്തിട്ടുണ്ടു്."

"അങ്ങനെയോ?" സി. റോബർട്ടു് ആശ്ചര്യംകൂറി. അഴികളോടു കൂടുതൽ അടുത്തുകൊണ്ടു്: "കൊള്ളാം മി. പെന്നി, സെന്റ് ജോസഫ്സിലെ സിസ്റ്റേഴ്സ് താങ്കൾക്കുവേണ്ടി അപേക്ഷിക്കുന്നുണ്ടെന്നു് അറിയിക്കുവാൻ ഞാനാഗ്രഹിക്കുന്നു."

"ഉപകാരം." ഏതാണ്ടു് സംഭ്രമത്തോടെ അവൻ മറുപടിനല്കി.

"ടോം, താങ്കൾക്ക കർത്തപ്രാർത്ഥന അറിയാമോ?" സിസ്റ്റർ മേരി ലോറൻസിയാ ചോദിച്ചു.

"സിസ്റ്ററേ, അതു മറന്നുപോയെന്നാണ് എന്റെ ഭയം."

"കൊള്ളാം; എന്നാൽ, 'എന്റെ ഈശോ, കരുണയായിരിക്കണമേ' എന്നു കൂടെക്കൂടെ പറയുക."

"അതേ, മി. പെന്നി" സി. റോബർട്ട് ആൻ പറഞ്ഞു. "മൈ വത്തിനു ക്ഷമിക്കുവാൻ വഹിയാത്തവണ്ണം ഒരു പാപവും അത്ര വലുതല്ല. അവിടുന്നു താങ്കളെ സ്നേഹിക്കുന്നുണ്ട്."

സിസ്റ്റേഴ്സ് സംസാരിച്ചുകൊണ്ടുനിന്നപ്പോൾ ഓസ്റ്റിൻ പ്രൈസ് ജയിൽപുള്ളിയെ പഠിക്കുകയായിരുന്നു. ആരുടെയും വാക്കുകളെ ഇത്ര സശ്രദ്ധം ടോംപെന്നി ശ്രദ്ധിക്കുന്നതായി അദ്ദേഹം മുമ്പൊരുദ്ദം കണ്ടിട്ടില്ല. കേസ് വിസ്താരവേളകളിൽ സ്വരക്ഷാർത്ഥം അവൻ വളരെ കരുതലോടെ വർത്തിച്ചിരുന്നു. എന്നാൽ ഈ ഏകാഗ്രത സമൂലം വ്യത്യസ്തമായിരുന്നു. ഇപ്പോൾ ആ സഭാഷണങ്ങളുടെ അർത്ഥം പൂർണ്ണമായി ഗ്രഹിക്കുവാൻ അവർ വെമ്പുന്നതുപോലെ കാണപ്പെട്ടു.

"സിസ്റ്റേഴ്സ്, നിങ്ങൾക്ക വലിയ ഉപകാരം. നിങ്ങൾ വന്നതിനു ഞാൻ നിങ്ങളോട വളരെ നന്ദിയുള്ളവനാണ്. ഇവരെ കൊണ്ടുവന്നതിനു, മി. പ്രൈസ്, നിങ്ങളോടും."

"ടോം, എന്നോടുകൂടി ഒരു കൊച്ചനുമുണ്ട്. അവനു നിന്നെ കാണുവാൻ അത്യഗ്രഹമുണ്ട്. ഇവൻ ജാക്കി റീഗൻ, സിറിൽനിന്നാണ വരുന്നതു. ഇതു അവന്റെ അമ്മ."

"ഹല്ലോ" എന്നു പറഞ്ഞുകൊണ്ടു ജാക്കി കൈ നീട്ടിക്കൊടുത്തു.

"നിനക്കും ഹല്ലോ" അവന്റെ കരം ഗ്രസിച്ചുകൊണ്ടു പെന്നി പറഞ്ഞു.

പുഞ്ചിരിയുടെ ലാഞ്ഛനകൊണ്ടു അവന്റെ വട്ടമുള്ള മുഖം പ്രകാശിക്കയും ബാക്കി എല്ലാവരും മുമ്പോട്ട നീങ്ങുകയും ചെയ്തു.

ടോം തന്റെ തടിക്കട്ടിലിലേയ്ക്കു തിരിഞ്ഞു. അതിന്റെ

വക്കിൽ ഇരുന്നുകൊണ്ടു അവൻ തല കൈപ്പത്തികളിൽ താങ്ങി. "എന്റെ ഈശോ, കരുണയായിരിക്കണമെ." അവൻ പൊറു പൊറുത്തു. അനന്തരം പുരികം ചുളിപ്പിച്ചുകൊണ്ടു, "ഏതായാലും ആ കർത്തപ്രാർത്ഥന എങ്ങനെയാണെന്നു് അറിഞ്ഞാൽ കൊള്ളാമായിരുന്നു."

മറുപടി ലഭിക്കുന്നതിനു മുമ്പേ ടോംപെന്നി വികൃതമായി ഒന്നു മന്ദഹസിച്ചു. പച്ചഭാവത്തിൽ അവൻ ഒരു സിഗാറും കത്തിച്ചു. സെല്ലിന്റെ അകന്ന മൂലയിലേയ്ക്കു കൊള്ളി എറിഞ്ഞുകൊണ്ടു് താനൊരു കേതനായിത്തീരുന്നതിനെപ്പറ്റി ബോബു് ആൻഡേഴ്സനും മറ്റു കൂട്ടുകാരും എന്തു വിചാരിക്കുമെന്നു് അവൻ അത്ഭുതപ്പെട്ടു. ഒരു കവിൾ പുക പച്ചഭാവത്തിൽ മുകളിത്തട്ടിലേയ്ക്കു് ഊതിവിട്ടശേഷം അവൻ ആ തടിക്കട്ടിലിന്മേൽ നീണ്ടു നിവർന്നു കിടന്നു.

അഴികൾ മുകളിത്തട്ടുമായി സന്ധിക്കുന്നിടത്തേയ്ക്കു ഉറ്റുനോക്കിക്കൊണ്ടു് കഴിഞ്ഞ ഏതാനും ആഴ്ചക്കാലത്തെ സംഭവങ്ങളെ അവൻ പ്രത്യവലോകനം ചെയ്തു. ഉടൻ തന്നെ അവൻ വെറുപ്പോടുകൂടി പിറുപിറുത്തു. 'എന്തൊരു നാറിയ ഭോഷത്തം!' അവൻ സെപ്തമ്പറിലെ അവസാന ശനിയാഴ്ചയെപ്പറ്റി ഓർമ്മിക്കുകയായിരുന്നു. ക്ലബ്ബിൽ കടന്നപ്പോൾ വെടിവയ്ക്കണമെന്നു് അവനോ ആൻഡേഴ്സനോ ഉദ്ദേശമില്ലായിരുന്നു. അവിടെ ഒരുവഴിയല്ലാതെ മറ്റാരുമില്ലെന്നും ഒരു കൂട്ടിയിൽനിന്നു കല്ലുണ്ടം തട്ടിയെടുക്കുന്നതുപോലെയായിരിക്കും അവിടെനിന്നു 10000 ഡോളർ എടുക്കുന്നതെന്നും ബാങ്ക്സ്റ്റർ അവരോടു പറഞ്ഞിരുന്നു.

പതിനായിരം.....അവനു 100 ഡോളർ പോലും ആ നാറിയ എടപാടിൽനിന്നു ലഭിച്ചില്ല.

അവൻ ആ കട്ടിലിന്റെ വിളുമ്പിൽ ഇരുന്നു് കുറെക്കൂടി നന്നായിട്ട കാര്യങ്ങൾ താൻ മനസ്സിലാക്കേണ്ടിയിരുന്നെന്നു സ്വയം പറഞ്ഞുകൊണ്ടു കോപിച്ചു തല കുലുക്കി. ബാങ്ക്സ്റ്റർ തലതിരിഞ്ഞവനാണെന്നു് എല്ലാവർക്കും അറിയാം.....എന്നുവ

രികിലും അവന്റെ കഥയ്ക്ക് അർത്ഥമുണ്ട്. കാരണം ധൂർത്തരായ ജനക്കൂട്ടം ലെക്സിംഗ്ടൻ കൌണ്ടിക്ലബ്ബിൽ പതിവായി വരുമായിരുന്നെന്നു മാത്രമല്ല, ശനിയാഴ്ച രാത്രിയിൽ വിശേഷവിധിയായി ഒരു ഡാൻസും ഉണ്ടായിരുന്നതിനാൽ അയ്യായിരത്തിനും, പതിനായിരത്തിനും ഇടയ്ക്ക് ഡോളർ അവിടെ കാണുവാൻ സാദ്ധ്യതയുണ്ടായിരുന്നു.

പെന്നി എഴുന്നേറ്റു ആ ചെറുമുറിയിലൂടെ നടതുടങ്ങി. ആ വിനാശകരമായ രാത്രിയിൽ ക്ലബ്ബിൽ യഥാർത്ഥത്തിൽ നടന്നതിന്റെ സ്മരണ സ്മൃതിപഥത്തിൽനിന്നും ദൂരീകരിക്കാൻ അവൻ ശ്രമിക്കയായിരുന്നു. അവൻ എന്തിനു് ആൻഡേഴ്സനിൽനിന്നും തോക്കെടുത്തു? അവർ അതിൽ പ്രവേശിച്ചതു നിരായുധരായിട്ടാണു്. വഴിയേ പോയ കാറിന്റെ വെളിച്ചം മൂലം അവർ മുമ്പോട്ടു നീങ്ങിയില്ല. കാറു പോയോ എന്നറിയുവാൻ അവർ വെളിക്കു വന്നു. അപ്പോഴാണു് അവർ തോക്കുകൾ എടുത്തതു്. പക്ഷേ, അവർ എന്തിനു് അതു ചെയ്തു? ലൈറ്ററിന്റെ പ്രധാന സ്വിച്ചു് എടുത്തുകളഞ്ഞിരുന്നു. ടെലഫോണിന്റെ കമ്പികൾ മുറിച്ചുമിരുന്നു. പരിസരങ്ങളിലെങ്ങും ഒരു മനുഷ്യൻപോലുമില്ലെന്നു് അവർക്കു നിശ്ചയമുണ്ടായിരുന്നു. പിന്നെ എന്തിനു് അവൻ ആ തോക്കു് ആൻഡേഴ്സനിൽനിന്നും മേടിച്ചു

"നരകം!" അവൻ മുറുമുറുത്തു; ഒരു സിഗററുകൂടി കത്തിച്ചു. "എന്തായാലും ഇപ്പോഴത്തെ സ്ഥിതിക്കു് അതുകൊണ്ടു വലിയ വ്യത്യാസമൊന്നും ഉണ്ടെന്നു തോന്നുന്നില്ല. കാരണം, ബോബു് നിറയൊഴിച്ചപ്പോൾ ഞാൻ കൂടെ ഉണ്ടായിരുന്നല്ലോ."

പലകക്കട്ടിലിന്മേൽ അവൻ വീണ്ടും നിവർന്നു കിടന്നു. പുകയുടെ ഒരു മേഘപടലം മുകൾത്തട്ടിനെ ലക്ഷ്യമാക്കി അയച്ചുകൊണ്ടു്, മൈലിയുടെ ശക്തിയെയും ധൈര്യത്തെയും പറ്റി അവൻ വിസ്മയിച്ചു. ആയുസ്സിൽ ഒരിക്കലെങ്കിലും ഇതിനുമുമ്പു് ആ യുവതിയെക്കണ്ടതായി ഓർമ്മിക്കുവാൻ അവനു് സാധിച്ചില്ല. എങ്കിലും പത്രറിപ്പോർട്ടുകളിൽനിന്നും അവനു് ബോദ്ധ്യമായി,

മുറിയിൽനിന്നു പുറത്തുവരികയും ആ നെട്ടങ്കൻ ആറടി ദ്വന്ദ്വയുദ്ധത്തിനു പിടിക്കുക മാത്രമല്ല, വാസ്തവത്തിൽ തട്ടിത്താഴെ ഇട്ടുകയും ചെയ്തതു് അവളാണെന്നു്. അപ്പോഴായിരുന്നു അവന്റെ തോക്കിന്റെ നിറ ഒഴിഞ്ഞതു്!

ഈ സംഭവത്തെപ്പറ്റി അവൻ പുനഃപരിശോധന നടത്തിയപ്പോൾ അവനു് വീർപ്പുമുട്ടലുണ്ടായി. എങ്കിലും അവൻ ദീർഘമായി നിശ്വസിച്ചു, അനന്തരം ഉച്ഛ്വസിക്കവേ, "ദൈവാനുഗ്രഹത്താൽ ഒരു ബുള്ളറ്റു് തറയിൽനിന്നു് അവർക്കു കിട്ടി"യെന്നു് അവൻ പറഞ്ഞു. വേഗം അവൻ എണ്ണിറ്റിരുന്ന ചിന്തിക്കുവാൻ തുടങ്ങി. "എന്തുകൊണ്ടു് എന്റെ വക്കീലിനു് അതിൽനിന്നു് എനിക്കനുകൂലമായി കേസു വാദിച്ചുകൂടാ." ഞാൻ അവിടെയുണ്ടായിരുന്നെന്നും കവർച്ചയ്ക്കായിട്ടാണു് ഞാനവിടെ ചെന്നതെന്നും എന്റെ കൈവശം .38 ഉണ്ടായിരുന്നെന്നും അദ്ദേഹം സമ്മതിച്ചുകൊള്ളട്ടെ. അതൊക്കെ ശരിയാണു്. എന്നാൽ ഞാൻ കൊലപാതകം ചെയ്തിട്ടില്ലെന്നതിനു് അനിഷേധ്യമായ തെളിവുണ്ടല്ലോ. എന്റെ തോക്കിൽനിന്നുള്ള ഏക ബുള്ളറ്റു് — സ്ഥലത്തുണ്ടായിരുന്ന ഏക .38–ൽ നിന്നുള്ളതു് - തറയിലാണു കിടന്നതു്, അല്ലാതെ ആരുടെയും ശരീരത്തിലല്ലായിരുന്നു!

കൈമുട്ടുകൾ കാൽമുട്ടുകളിന്മേലും തല കൈകൾക്കകത്തുമായി ഇരുന്നവൻ ആലോചിച്ചു: ബോബു് ആൻഡേഴ്സനു് ഇതേക്കുറിച്ചെല്ലാം എന്തു തോന്നിയിരിക്കുമെന്നു്. മൃതദേഹങ്ങളിലും മിസ്സസ് മൈലിയുടെ കിടക്കയിലും കണ്ട ഉണ്ടകൾ ബോബിന്റെ .32–ൽ നിന്നാണെന്നു വിദഗ്ദ്ധന്മാർ തെളിയിച്ചു കഴിഞ്ഞു. എന്നിട്ടും ഈ പാതകവുമായി തനിക്കു യാതൊരു ബന്ധവുമില്ലെന്നു പറഞ്ഞു ആൻഡേഴ്സൻ താൻ നിരപരാധിയാണെന്നു വാദിച്ചു.

"ആ എമാളി ഒരു മഞ്ഞുക്കട്ടിയാണു്, അഥവാ കിറുക്കനാണു്!" കുറെ ശ്രദ്ധയോടുകൂടിയിട്ട മുഖമുയർത്തുകൊണ്ടു് പെന്നി സിഗററിലെ ചാരം തറയിൽ തട്ടിയിട്ടു. "ഞാൻ അവനിൽ കുറ്റം ആരോ

പിച്ചു; ബാങ്ക്സ്റ്റർ അവനിൽ കുറ്റം ചുമത്തി: തോക്കുകളും അവനെ കുറ്റപ്പെടുത്തുന്നു. ഇപ്പോൾ വെടിയുണ്ടകളും. എന്നിട്ടും ആ ഏമാളി അതെല്ലാം നിഷേധിക്കയാണു". ഹായ"! അവൻ എങ്ങനെ രക്ഷപ്പെടാമെന്നാണു" പ്രതീക്ഷിക്കുന്നതു"? അവനു" ചെലവുചെയ്യാൻ പണവും വാദിക്കുവാൻ ആളുകളുമുണ്ടെന്നുള്ളതു" ശരി. എന്നുവരികിൽപോലും ..''

പലകക്കട്ടിലിലേക്കു മറിഞ്ഞുകൊണ്ടു" അവൻ തന്നോടുതന്നെ ചോദിച്ചു, താൻ വാസ്തവത്തിൽ തന്റെ കൂട്ടുകാരനെ ഒറ്റികൊടുത്തോ എന്നു". തന്നെ എങ്ങിനെയാണു" പിടിക്കുവാൻ ഇടയായെന്നു ഓർത്തപ്പോൾ അവൻ പല്ലുമുമ്മി. ഒരു ട്രാഫിക്കു വിളക്കു".....നിർജ്ജീവമായ ഒരടയാളം ഇപ്പോൾ മൂന്നുപേർക്കു ജീവഹാനിവരുത്തിയെന്നുവരാം. അതു" ടെക്സാസിലെ ഫോർട്ട് വർത്തിൽ വച്ചായിരുന്നു. 10 ദിവസത്തേയ്ക്കു അവൻ തെക്കൻ പ്രദേശങ്ങളിലൂടെ കാറിൽ സഞ്ചരിച്ചു; ഒന്നും സംഭവിച്ചില്ല. അവൻ ഫ"ളോറിഡായിക്കു പോയി. ഒന്നും സംഭവിച്ചില്ല.ജോർജ്ജിയായും അലബാമായും വഴി പോയി; വന്നു. മിസ്സിസ്സിപ്പിയും അർക്കൻസാസും യാതൊരപകടവും കൂടാതെ കടന്നു. കൂടുതൽ പണം അയച്ചുതരണമെന്നു" ആൻഡഴ"സനു കമ്പി അടിക്കയും ചില മണിക്കൂറുകൾക്കുള്ളിൽ അതു ലഭിക്കുകയും ചെയ്തു. ഇതെല്ലാം കഴിഞ്ഞു ടെക്സാസിന്റെ ഉൾപ്രദേശത്തുവച്ചു" ഒരു ട്രാഫിക്കു" വെളിച്ചം അവന്റെ നേരെ തിരിച്ചുവിട്ടു. ആ വെളിച്ചത്തിന്റെ ഫലം വൈദ്യുത കസേരയായിരിക്കാം.

മുരണ്ടുന്നതുപോലുള്ള ഒരു ചെറുചിരിയോടെ തന്റെ കാലുകൾ തറയിലേക്കു" ആട്ടിയിട്ടിട്ടു" അവൻ ആ പലകക്കട്ടിലിന്റെ വക്കത്തിരുന്നു തന്റെ ദിമ്മട്ടങ്ങൾ ഇരുവശത്തേയ്ക്കും നീട്ടിക്കുത്തിക്കൊണ്ടു" വീണ്ടും ആ പരുപരുപ്പൻ ചിരി തുടർന്നു.

"അതാണു നിയമം അനുസരിക്കുന്നതിനു" എനിക്കു ലഭിക്കുന്ന സമ്മാനം!" പെട്ടെന്നു നീണ്ടുനിവർന്നു അവൻ ഇരുന്നു. അവന്റെ ഇളം നീലനയനങ്ങൾ സങ്കോചിക്കുകയും ഉരുക്കു

പോലെ തണുത്ത പ്രകാശം അവയിൽനിന്നു പുറപ്പെടുകയും ചെയ്തു. 'ചതിക്കയൊ?' അവൻ ചിന്തിച്ചു, "ചതിക്കയൊ? ആൻഡേഴ്സനാണു എന്നെ ചതിച്ചതു". രക്ഷപ്പെടാൻ അവൻ കാരുതന്നശേഷം അതു മോഷ്ടിച്ചെന്നു റിപ്പോർട്ടു ചെയ്തു. അതു ചെയ്തില്ലായിരുന്നെങ്കിൽ ഫോർട്ടവത്തിൽവച്ചു" അവർ എന്നെ രണ്ടാമതൊന്നു നോക്കുകയില്ലായിരുന്നു. ആ തെമ്മാടിയെ ഞാൻ ഇനി കാണുമ്പോഴാകട്ടെ."

അനന്തരം അവന്റെ ഓർമ്മയിൽ വന്നതു ഫോർട്ടവത്തിൽ വച്ചു മൂന്നുദിവസവും രണ്ടുരാത്രിയും അവർ അവനെ തുടർച്ചയായി ചോദ്യംചെയ്തകാര്യമാണു. അവനിൽനിന്നു കുറേസമ്മതം ലഭിക്കുന്നതിനു വിചിത്രമായ എത്രയോ വിധങ്ങൾ അവർ പ്രയോഗിച്ചു. അവരെ വന്നെത്തിയതിനെപ്പറ്റിയും അവർ എങ്ങിനെ അവനെ ഭടന്മാരാക്കുകയും അലട്ടുകയും ചെയ്തതിനെപ്പറ്റിയും ഓർമ്മിച്ചപ്പോൾ പരിഹാസഭാവത്തിൽ അവൻ അധരങ്ങളുടെ ഒരറ്റം ഉയർത്തി. ഇവരെപ്പോലുള്ളവരുമായിട്ടേ ഇടപെടേണ്ടതായിട്ടുണ്ടായിരുന്നുവെങ്കിൽ, ഇന്നു ഞാനൊരു സ്വതന്ത്രനായിരുന്നേനെ. അഥവാ, അങ്ങേ അറ്റം സംശയിക്കപ്പെട്ടകള്ളൻ മാത്രമായിരുന്നേനേ. പക്ഷേ ചീഫ് പ്രൈസ് കൈവക്കിൽനിന്നു വന്നിരുന്നു.

യഥാർത്ഥമായ ഒരു പ്രശ്നം അഭിമുഖീകരിച്ചപ്പോൾ ടോം പെന്നി പലകക്കട്ടിലിലിരുന്നു അല്പം ആടി. തന്റെ സത്തയുടെ സകല കഴിവുകളോടുകൂടെ ഓസ്റ്റിൻപ്രൈസിനെ താൻ വെറുക്കേണ്ടതാണെന്നു അവൻ കണ്ടു. എങ്കിലും അദ്ദേഹത്തെ വെറുക്കുന്നതിനു പകരം അദ്ദേഹത്തോടു ഒരാകർഷണമാണു അവനു അനുഭവപ്പെട്ടതു. അദ്ദേഹം അതുകണ്ടു മര്യാദക്കാരനായിരുന്നു. മനുഷ്യത്വമുള്ളവനെപ്പോലെ അദ്ദേഹം അവനോടു സംസാരിച്ചിരുന്നു. ആ ഞായറാഴ്ച നാലുമണിക്കൂർസമയം അവർ ഒരുമിച്ചു കഴിച്ചുകൂട്ടി. എന്നിട്ടും ഒരിക്കൽപോലും ചീഫ് തന്റെ ശബ്ദം ഉയർത്തിയില്ല. ശാന്തമായും എതാണ്ടു് ആദരവോടുകൂടിയുമാണു് അദ്ദേഹം ചോദ്യങ്ങൾ മന്ദഗതിയിൽ ഒന്നായി ചോദിച്ചുകൊണ്ടി

രുന്നതു": മാത്രമല്ല, അതിലും കൂടുതൽ സൗമ്യതയോടെ ടോമിന്റെ മുഖപടികയും കുറിച്ചെടുക്കുകയും ചെയ്തിരുന്നു.

പെന്നി മുൻപോട്ടും പിൻപോട്ടും ആടിക്കൊണ്ടിരുന്ന ഈ സമയത്തുപോലും അവനു ചീഫിന്റെ പ്രശാന്തമായ ശബ്ദം ശ്രവ്യമായിരുന്നു. "പെന്നി, നീ പറയുന്നതു പരസ്പരവിരുദ്ധമാണെല്ലോ". അതിലും വ്യക്തമായി അവനു കേൾക്കാമായിരുന്നു, അത്ര ശാന്തമല്ലാത്ത അവന്റെ ശബ്ദം. അതു വീരവാദധ്വനികൊണ്ടു പരുഷവും, ആത്മവിശ്വാസം നിറഞ്ഞതുമായിരുന്നു. ആ നാടകം, തഴമ്പിച്ച കാതുകൾക്കു കുറേസമ്മതംപോലിരുന്നു. "ഞാനൊരു ഇരട്ടക്കൊലപാതകം ഏറ്റുപറയാൻ പോകയാണെന്നു" അങ്ങുകരുതുന്നുവോ?"

ഒരു ഞെട്ടലോടെ ടോംപെന്നി നിവർന്നിരുന്നു. "അവിടെയാണു" എനിക്കു അപജ്ഞംപറ്റിയതു"." അവൻ സ്വയം മന്ത്രിച്ചു. "ചോദ്യങ്ങൾ ചെയ്യുന്നതിനുപകരം ഞാൻ മുഖപടിമാത്രം പറഞ്ഞിരുന്നെങ്കിൽ..... എങ്ങനെയാണെങ്കിലും അവസാനം അവർ അതു" എന്നിൽനിന്നു പിടിച്ചെടുക്കുമായിരുന്നു" എന്ന വിചാരത്തിൽ തോളുകൾ വെട്ടിച്ചുകൊണ്ടു അവൻ സമാശ്വസിച്ചു. ചീഫ് "പ്രൈസ്" നടത്തുന്ന ചൂഴിഞ്ഞു ചൂഴിഞ്ഞുള്ള ശോധനത്തെ എവിടെയെങ്കിലും തെറ്റുപറ്റാതെ നേരിടുവാൻ ഒരുവനും സാദ്ധ്യമല്ല.

താൻ ചതിച്ചില്ലെന്നും എന്നാൽ കുറ്റം സമ്മതിക്കത്തക്ക കൈണിയിൽ തന്നെ വീഴിക്കയാണു" ചെയ്തതെന്നുമുള്ള നിഗമനത്തിൽ അവൻ എത്തിച്ചേർന്നതോടെ അവൻ സിഗററിന്റെ കുറ്റി പാദത്തിൻകീഴിലിട്ടു ചവിട്ടി. എന്നാൽ അവൻ പിടിക്കപ്പെട്ടതു" ആൻഡ്രേ"സന്റെ കുറ്റംകൊണ്ടാണു". അവരിപ്പോഠം കഴുമ്പത്തിലായതിൽ തെറ്റുണ്ടെങ്കിൽ അതു" ആ ചതിയൻ ചുമക്കട്ടെ! അവന്റെ കാർ മോഷ്ടിക്കപ്പെട്ടെന്നു" അവൻ റിപ്പോർട്ടുചെയ്യാതിരുന്നെങ്കിൽ.

ടോംപെന്നി എണീറ്റുനിന്നു" ഒന്നു ഞെളിഞ്ഞു. ഈ വിധ വിചാരംകൊണ്ടു" ഇനിയൊരു പ്രയോജനവുമില്ലെന്നു" അവൻ ത

ന്നോട്ടതന്നെ പറഞ്ഞു. അതു തുളമ്പിപ്പോയ പാലോത്തു കേഴകയാണു". അതെല്ലാം പൂച്ച നക്കിക്കുടിക്കട്ടെ.

അന്നു സന്ധ്യയ്ക്കുശേഷം അവൻ കിടന്നുറങ്ങുവാൻ ഭാവിച്ചപ്പോൾ, അതാ അവനെ വിളിക്കുന്നതു കേട്ടു. തല ഉയർത്തിനോക്കിയപ്പോൾ ക്രൈംപോലീസ് ഹാരിഗനും ഗ്രാവിറ്റും അവന്റെ മുറിയുടെ മുമ്പിൽ നില്ക്കുന്നതു കണ്ടു.

"ചോദ്യങ്ങളൊന്നും ഇനിമേൽ വേണ്ടാ" അവൻ മുറുമ്മി. എനിക്കറിവുള്ളതെല്ലാം, കുറ്റക്കാരേ, ഞാൻ നിങ്ങളോടു പറഞ്ഞു. നിങ്ങളോടു പറയുവാൻ ഞാനുദ്ദേശിക്കുന്നതെല്ലാം ഞാൻ പറഞ്ഞു കഴിഞ്ഞു."

"അതു തത്തപ്പെടാതെ പെന്നി. ഇതൊരു സൗഹൃദസന്ദർശനമാണു"."

"സൗഹൃദം!" പെന്നി പുച്ഛിച്ചു. "ഓഫീസർ ഹാരിഗനല്ലേ സംസാരിക്കുന്നതു". അങ്ങ് എത്ര കാരുണ്യവാനാണു"! സൗഹൃദം! അങ്ങനെയാണു നിങ്ങൾ എപ്പോഴും തുടങ്ങുന്നതു"."

"അല്ല, അല്ല, ടോം" ഗ്രാവിറ്റ് ഇടയ്ക്കുകയറി പറഞ്ഞു. "നീ ഇത്തവണ ഞങ്ങളെ തെറ്റിദ്ധരിച്ചിരിക്കയാണു"."

"തെറ്റിദ്ധരിച്ചു! നല്ല പുള്ളികൾ, കുട്ടിക്കാലംമുതൽക്കേ ഞാൻ നിങ്ങളെ അറിയുന്നതാണല്ലോ?"

"നീ, ഞങ്ങളുടെ വാക്കു വിശ്വസിക്കുന്നില്ലെങ്കിലും, ഇതാ, ഒരു സിഗരറ്റെങ്കിലും സ്വീകരിക്കുക."

കുറ്റാന്വേഷണ ഉദ്യോഗസ്ഥന്മാർ നീട്ടിക്കൊടുത്ത നീണ്ട പായ്ക്കറ്റിന്റെ നേരെ നോക്കിയശേഷം മയിൽപ്പുള്ളി രണ്ടുപേരെയും സംശയദൃഷ്ട്യാ വീക്ഷിച്ചു.

"ടോം, ഞാൻ നിനക്കുള്ളതാണു"." ഗ്രാവിറ്റ് ഉറപ്പുനൽകി. "ഞാനും കുട്ടുകാരനുംകൂടി വന്നവഴിക്കു" അതു ഡസ്റ്റിന്മേൽ കിടക്കുന്നതുകണ്ടു. അതു നിനക്കു" സമ്മാനിക്കാമെന്നകരുതികൊണ്ടുപോന്നു. ഇന്നത്തെ പകൽ എങ്ങനെയിരുന്നു?"

പെന്നി സിഗരറ്റുകൂട്ട ഹാരിഗന്റെ കൈയ്യിൽ നിന്നുവാ

ങ്ങി. അതിന്റെ മുകളിൽ ഇടത്തെ കോണിലുണ്ടായിരുന്ന (അയച്ച ആളിന്റെ) പേരു വായിച്ചു; മന്ദഹസിച്ചു—എന്നിട്ട് അതു പലകക്കട്ടിലിലേയ്ക്കു ഇട്ട. അനന്തരം അവൻ ഗ്രാവിറിനു മറുപടി നൽകി, "ഒട്ടും മോശമല്ലായിരുന്നു. നല്ലപോലെതിന്നു;നല്ലപോലെ ഉറങ്ങി; രാവിലെയും വൈകുന്നേരവുമുള്ള പ്രാർത്ഥനകളും നടത്തി; പോരാ, കൂറെ സന്ദർശകരെയും സ്വീകരിച്ചു. (ഇതു് ഒന്നാംതരം ദിവസത്തിന്റെ അന്ത്യമെന്നുപറയാം) നിങ്ങളും രണ്ടുപേരും എന്റെ നേരെ രാത്രി മുഴുവൻ ചോദ്യശരങ്ങളും തൊട്ടതയക്കാതിരുന്നാൽ".

ജോ ഫാരിഗൻ തന്റെ സിഗററു വീണ്ടും കത്തിച്ചു. "ചോദ്യങ്ങളും അവസാനിച്ചു. പെന്നി, നിന്നെ ശല്യപ്പെടുത്തരുതെന്നു പ്രൈസ് ഉത്തരവിട്ടിട്ടുണ്ടു്. അദ്ദേഹത്തിനു നിന്നോടു താല്പര്യമാണെന്നുതോന്നുന്നു. നിനക്കൊരു സന്തോഷകരമായ ദിവസം ലഭിച്ചെന്നറിയുന്നതിൽ സന്തോഷമുണ്ടു് ഒരു നല്ല രാത്രിയും നിനക്കുകിട്ടുമെന്നു് ആശംസിക്കുന്നു. പിന്നെ കണ്ടുകൊള്ളാം."

ആ രണ്ടുദ്യോഗസ്ഥന്മാരും ജയിലറകളുള്ള ബ്ലോക്കിൽ നിന്നിറങ്ങിയപ്പോൾ പെന്നി മന്ദഹസിച്ചു. അവൻ സിഗററു പായ്ക്കറെടുത്തു് അതയച്ച ആളിന്റെ പേരു വീണ്ടും വായിച്ചു. പോക്കറ്റിൽനിന്നു് ഒരു പെൻസിൽ തപ്പിയെടുത്തു; ഒരു തുണ്ടു കടലാസും കൈക്കലാക്കിക്കൊണ്ടു് അവൻ ഇരുന്നു, അയച്ചുകൊടുത്ത സമ്മാനം കൈപ്പറ്റിയെന്നു മച്ചുനന്മാരെ അറിയിക്കുവാൻ. അഞ്ചുമിനിറ്റു കഴിഞ്ഞപ്പോഴേയ്ക്കും അവൻ ലക്കോട്ടു് മുദ്രകുത്തി കമ്പിക്കൂടിനകത്തുള്ള ലോലമായ പടിമേൽ വച്ചു. അവൻ വേറൊരു കടലാസ്സെടുത്തു് എഴുതി.

ലെക്സിംഗ്ടൺ, കെൻറ
ഒക്ടോബർ 22–1941

പ്രിയപ്പെട്ട ചീഫ്,

ഇന്നച്ചുകഴിഞ്ഞു് അങ്ങു് എന്നെ സന്ദർശിച്ചതിനെ ഞാൻ എത്രകണ്ടു വിലമതിക്കുന്നെന്നു് അങ്ങു് ഓർക്കുകയും അറിയുകയില്ല. ഒരു സർക്കാരുദ്യോഗസ്ഥനും ഇത്രമാത്രം മനുഷ്യത്വമുള്ളവനായിരി

ക്കുമെന്നു് ഇതിനുമുമ്പു് ഞാൻ ഒരിക്കലും അറിഞ്ഞിരുന്നില്ല. ഇങ്ങനെയുള്ള കാരുണ്യവും ഇതു വൈകിമാത്രം അറിയുന്നതു് ആശ്ചര്യകരമല്ലേ—അവയ്ക്കായിട്ടു ഒരുവൻ കൊടുക്കേണ്ടതായ വിലയും! ഞാൻ എന്നെപ്പറ്റിയല്ല വിചാരിക്കുന്നതു്. അമ്മയുടേയും എന്റെ സഹോദരിസഹോദരന്മാരുടെയും എന്റെ എല്ലാ സ്നേഹിതരുടെയും വിഷമതകളോടു തുലനംചെയ്യുമ്പോൾ എന്റേതു് ഒന്നുമില്ല.

തെറ്റായമാർഗ്ഗത്തിനുപകരം ഞാൻ ശരിയായമാർഗ്ഗം തിരിഞ്ഞെടുത്തെങ്കിൽ ഞാനെന്തുകൊണ്ടായിരുന്നു എന്ന ചിന്തയാണു് എന്നെ അധികം വേദനിപ്പിക്കുന്നതു്. എന്റെ ജീവിതകഥ ലോകത്തെ അറിയിക്കുവാൻമാത്രം എനിക്കു കഴിഞ്ഞിരുന്നെങ്കിൽ അതു വല്ലവർക്കും സഹായകമായിരുന്നേനെ.

ചീഫ്, എനിക്കറിയാവുന്നതെല്ലാം ഞാൻ അങ്ങയോടു പരമാർത്ഥമായി പറഞ്ഞു. അതു സത്യവുമാണു്. കഴിഞ്ഞ ഒരു രാത്രിയിൽ ഞാൻ അവരോടുപറഞ്ഞു എനിക്കു് അങ്ങയെ കാണണമെന്നു്. അങ്ങേയ്ക്കു സുഖമില്ലെന്നും ഞാൻ എല്ലാം അവരോടുപറയുവാൻ അങ്ങു് ആവശ്യപ്പെട്ടെന്നും അവർ അറിയിച്ചു. അവരെല്ലാവരും വളരെ ദയയും ആദരവുമുള്ളവരായിരുന്നു. മി. പ്രൈസ്, എനിക്കുവേണ്ടി അങ്ങേയ്ക്കുചെയ്യാവുന്നതായി ഒന്നുമില്ലെങ്കിലും അങ്ങു് എന്റെ കാര്യത്തിൽ തികഞ്ഞ ആത്മാർത്ഥതയുള്ളവനാണെന്നു ഞാനറിയുന്നു. ഭൂമിയിൽ ഒരു മനുഷ്യനോടും എനിക്കു വിരോധമില്ലെന്നും അങ്ങയോടും കൂട്ടാളികളോടും എനിക്കു് അഗാധമായ ബഹുമാനമുണ്ടെന്നും അങ്ങു മനസ്സിലാക്കണമെന്നു് ഞാനാഗ്രഹിക്കുന്നു. ഈ കേസ്സിൽ മി. മെയ്പ്പിനും ഫാദർഗനും ഗ്രാവിനും വളരെയധികം പ്രശംസാർഹരാണെന്നും ഞാൻ കാണുന്നു. അവർ വിശ്രമരഹിതരായി അവസാനംവരെ അതിൽ വ്യാപൃതരായിരുന്നു. സഹതാപം ലഭിക്കുവാൻവേണ്ടി ഞാൻ പുഷ്പമഞ്ജരി സമർപ്പിക്കയല്ല. വാസ്തവത്തിൽ ഇതാണു് എന്റെ ആത്മാർത്ഥമായ ബോദ്ധ്യം. അങ്ങേയുടെയും അവരുടേയും സന്മനോഭാവത്തോടുള്ള എന്റെ മതിപ്പു് കാണിക്കുവാൻ ചിലതുപറയണമെന്നേ എനിക്കുള്ളൂ.

ഉദ്യോഗസ്ഥന്മാരെപ്പറ്റി ഞാൻ പറയുകയും വിചാരിക്കുകയും ചെയ്ത ഗർഹണീയമായ എല്ലാക്കാര്യങ്ങളെപ്പറ്റിയും എനിക്കു മനസ്താപമുണ്ടു്; വളരെ മനസ്താപമുണ്ടു്. ഞാനിപ്പോൾ വ്യത്യസ്തമായ വിധമാണു് അവ കാണുന്നതു്.

ഈകേസു് തെളിയിക്കേണ്ടിവരുന്നതിനെപ്പറ്റി അങ്ങേയ്ക്കു് വിഷമംതോന്നുന്നെങ്കിൽ—ഓ, അതെങ്ങനെ പറയേണ്ടുവെന്നു് എനിക്കറിഞ്ഞുകൂടാ—ദയവുചെയ്തു് അരുതു്. അതു് അങ്ങേ കടമയാണെന്നു് എനിക്കറിയാം.

മി. പ്രൈസു്, ഇന്നു് അങ്ങയുടെകൂടെ ഇവിടെവന്ന സിസ്റ്റേഴ്സിന്റെ പേരു് അറിയുവാൻ എനിക്കു് അതിയായ ആഗ്രഹമുണ്ടു്. ദൈവം അവരെ അനുഗ്രഹിക്കട്ടെ. അവർ എന്നും ഒരേ വിധംതന്നെ, ആർദ്രതയും അനുകമ്പയുംകൊണ്ടു് നിറഞ്ഞവർ. അവരോടുകൂടിയാരിക്കുന്നതിൽ എനിക്കു് ഏതാണ്ടൊരു സുരക്ഷിതത്വം എപ്പോഴും അനുഭവപ്പെടുന്നുണ്ടു്.

ആകയാൽ ചീഫ്, അങ്ങേസമയത്തിൽ ഇനി ഒട്ടുംകൂടുതൽ ഞാൻ അപഹരിക്കുന്നില്ല. എന്നെപ്പറ്റി തികച്ചും ഹീനമായി വിചാരിക്കാതിരിക്കാൻ ശ്രമിച്ചാലും. ഞാൻ പറഞ്ഞതിലെല്ലാം പരമാർത്ഥമായും ആത്മാർത്ഥതയുണ്ടെന്നു ഓർമ്മിക്കുക. അങ്ങേയ്ക്കും അങ്ങേസ്വന്തക്കാർക്കും ആയുരാരോഗ്യങ്ങളും നേർന്നുകൊള്ളുന്നു.

എന്നു്, ബഹുമാനപുരസ്സരം,

ടോംപെന്നി.

ആ ജയിൽപ്പള്ളി തന്റെ എഴുത്തു് ഒന്നുകൂടി വായിച്ചു. അതു കീറിക്കളയണമെന്നു തോന്നൽ അല്പസമയത്തേക്കുണ്ടായി. അതിന്റെ ധ്വനി പാദസേവയുടെതുപോലല്ലേ. യഥാർത്ഥത്തിൽപ്രൈസിനു് നന്ദിപ്രകടിപ്പിക്കണമെന്നുണ്ടായിരുന്നു. അതു് ഈ വരികളിൽ ധ്വനിച്ചില്ല. ഫോർട്ടുവത്തിൽവച്ചും ലക്സിംഗ്ടണിൽവെച്ചും കുറെ വൃത്തികേടുകൾ അവൻ പോലീസിനെ സംബന്ധിച്ചു പറഞ്ഞിരുന്നു. ഇപ്പോൾ വ്യത്യസ്തമായ രീതിയിലാണു് അവരോടുള്ള മനോഭാവം. പ്രൈസിന്റെ കാര്യത്തിൽ ഒരു പിശകുമില്ല.

മൂപ്പിനും ഫാരിശനും ശ്രാവിറനും അങ്ങനെതന്നെ. ഓരോരുത്തരോടും ക്ഷമയാചനംചെയ്യുവാൻ അവൻ ബാദ്ധ്യസ്ഥനാണു". പ്രൈസിനു" യഥാർത്ഥമായ കുറെ നന്ദിപ്രകടനങ്ങളും. പക്ഷെ, ഈ ലേഖനത്തിന്റെ ധ്വനിയോ അപ്പോൾ സിസ്റ്റേഴ"സിനെപ്പറ്റിയുള്ള ഖണ്ഡികയിൽ അവന്റെ കണ്ണുകൾ പതിഞ്ഞു.

ഈ നീണ്ട ലേഖനത്തിനുള്ള യഥാർത്ഥകാരണം ആ ചുരുക്കം വാചകങ്ങളായിരുന്നല്ലോ. അവർ പറഞ്ഞതെന്തായിരുന്നു?... "അവർ അവനുവേണ്ടി പ്രാർത്ഥിക്കയായിരുന്നു എന്നു"" എന്തിനു വേണ്ടിയായിരിക്കാം അവർ പ്രാർത്ഥിക്കുന്നതു"?. അവനെ പിടിച്ചുകഴിഞ്ഞു. അവൻ കുറ്റം സമ്മതിച്ചു. അവന്റെ പാതകത്തിന്റെ ദിവസങ്ങൾ കടന്നുപോയി. അവനു കസേര കിട്ടിയില്ലെങ്കിൽ തീർച്ചയായും ജീവപര്യന്തംകിട്ടും. ആകയാൽ എന്തിനുവേണ്ടിയായിരിക്കാം അവർ പ്രാർത്ഥിക്കുന്നതു"? എന്തിനുവേണ്ടി?

അവസാനം ഈ ചോദ്യമാണു" അവൻ എഴുത്തുമടക്കിച്ചിഫിന്റെ മേൽവിലാസത്തിൽ അയക്കുവാൻ ഇടയാക്കിയതു". അതുമൂലം വേറൊന്നും ലഭിച്ചില്ലെങ്കിലും ആ സിസ്റ്റേഴ"സിന്റെപേർ ലഭിക്കയും, അവർ എന്തിനുവേണ്ടി പ്രാർത്ഥിക്കുന്നെന്നു" അറിയുന്നതിനു" അവർക്കു" എഴുതുകയും ചെയ്യാമല്ലോ"

പെന്നി കിടക്കുവാൻ തുടങ്ങവേ അവൻ പറഞ്ഞു: "തീർച്ചയായുംഎന്റെ ജീവനുവേണ്ടിയല്ല. എന്റെമരണത്തിനുവേണ്ടിഅവർ പ്രാർത്ഥിക്കയില്ലെന്നു" എനിക്കറിയാം" അല്പം കഴിഞ്ഞു പതപ്പുതാടിവരെ വലിച്ചിട്ടപ്പോൾ അവൻ സമ്മതിച്ചു. അവർ അതിനുതന്നെയായിരിക്കാം പ്രാർത്ഥിക്കുന്നതെന്നു". അവൻ നന്നായി ജീവിച്ചിരുന്നില്ല. സെൻറ്ജോസഫ" ആത്മപത്രിയിലെ സിസ്റ്റേഴ"സ" പ്രാർത്ഥിക്കുന്നതു" അവൻ നന്നായി മരിക്കുന്നതിനുതന്നെയായിരിക്കണം.

ഈ വിചാരം അവനെ അസ്വസ്ഥനാക്കി. മരിക്കുന്നതിനെപ്പറ്റി അവൻ എന്തെങ്കിലും അറിഞ്ഞിരുന്നോ? മുഖത്തുള്ള ഒരു നീണ്ട വടുമൂലം ഫോർട്ടുവത്തിൽവച്ചു പോലീസ" അവനെ തിരി

ച്ചറിഞ്ഞപ്പോൾ അവനെ ബാധിച്ച വികാരാവേശം അവൻ നന്നായി ഓർമ്മിച്ചു. പോലീസ്", തോക്കെടുത്തു വെടിവച്ചു" അവനെ അവിടെ വീഴിക്കുവാൻ അവരെ പ്രേരിപ്പിക്കണമെന്നൊരു ആവേശം അവനുണ്ടായതാണു". അതിനു" അവൻ വഴിപ്പെടാതിരുന്നതു" എന്തുകൊണ്ടാണെന്നു" ഇപ്പോൾ നിശ്ചയമില്ല. അവന്റെ എതുമാത്രം വിഷമതകൾ അതുമൂലം ഇല്ലാതാകുമായിരുന്നു: ചോദ്യങ്ങളും, ദുഷ്പേരും, ദീർഘയാത്രയും ജനനാന്തരത്തിലേയ്ക്കുള്ള ലജ്ജാകരമായ തിരിച്ചുവരവും, കേസുവിചാരണയുംപ്പെടെ വരുവാനിരുന്ന ആ ഭീകരതകളും..... അവൻ എന്തുകൊണ്ടു" അന്നതു ചെയ്തില്ല? കാറിലുണ്ടായിരുന്ന മറ്റുള്ളവർ — ലിയൊനാഡിനും വഴിക്കുവെച്ചറിയാമായിരുന്ന ആ സ്ത്രീയും — കാരണമായിരുന്നോ? എല്ലാ സ്ത്രീകളോടും — ബഹുമാനപുരസരമായ പെരുമാറ്റത്തിനു" അനർഹരായിരുന്നവരോടുപോലും — അവൻ ആദരവോടാണു" വർത്തിച്ചിരുന്നതു". എന്തു വിഡ്ഢിത്തം! അവൻ ചെരിഞ്ഞുകിടക്കവേ സ്വയം സമ്മതിച്ചു. പോലീസിനെക്കൊണ്ടു നിറയൊഴിപ്പിക്കാഞ്ഞതിന്റെ കാരണം അതുതന്നെയാണെന്നു"; എല്ലും തൊലിയുമായ ഒരു ഉദ്ഗ്രഥിചാരിണി.

അപ്പോൾ ആകാശത്തിലെ ഒരു ഏക നക്ഷത്രം അവന്റെ കണ്ണിൽപ്പെട്ടു. അവന്റെ വഴിപിഴച്ച സ്നേഹബഹുമാനമല്ലാതെ അതിൽ മറ്റൊന്നുമില്ലായിരുന്നുവോ എന്നു" അവൻ സന്ദേഹിക്കയും ചെയ്തു. പെട്ടെന്നു" അവൻ ബോധവാനായി, ഫെയിറിലെ കൊണ്ടിജയിലിൽനിന്നു" അവൻ എഴുതിയ ഓരോ എഴുത്തിലും "ദൈവം നിന്നെ അനുഗ്രഹിക്കട്ടെ" എന്നുണ്ടായിരുന്നെന്നു". എങ്കിലും ഫോർട്ടു"വർത്തിൽവച്ചു" "ദൈവം നിനക്കു" ഒന്നുമല്ലേ?" എന്നു ചോദിച്ചവരുടെ മുഖത്തുനോക്കി അവൻ പരിഹസിച്ചു. "ദൈവമോ?" അവൻ പുച്ഛിച്ചു. "എന്നെ സംബന്ധിച്ചിടത്തോളം അതു രണ്ടക്ഷരമുള്ള ഒരു പദം. പ്രായോഗികജീവിതത്തിൽ ആ രണ്ടക്ഷരം എ.ബി. പോലിരുന്നു."

പിന്നെ അവൻ എന്തിനാണു" അവന്റെ അമ്മയ്ക്കും സഹോദരങ്ങൾക്കും ചിഹ്നംപോലും ദൈവത്തെ പരാമർശിച്ചു എഴുതിയതു"?

ആ രാത്രിയിൽ നക്ഷത്രങ്ങളും ലക്സിംഗ്ടന്റെ മുകളിൽ നട്ടോ മണ്ഡലത്തിന്റെ ചിലങ്കെ സാവധാനം നീങ്ങിക്കൊണ്ടിരുന്നു. ഫെയിറ്റ്കെൻഡ്രിജയിലിന്റെ ചില ഇരുമ്പഴികളെപ്പോലും വെള്ളി പൂശിക്കൊണ്ടു! അവയിൽ ഗംഭീരമായ ശാന്തിയും സമാധാനവും കൂടികൊണ്ടിരുന്നു. എങ്കിലും അവയ്ക്കു കീഴ് ടോംപെന്നിയ്ക്കു ലഘുവും അസ്വസ്ഥവുമായി ഉറങ്ങുവാനേ കഴിഞ്ഞുള്ളു. ആ നക്ഷത്രങ്ങളെ അവയുടെ സഞ്ചാരപഥത്തിൽ ആക്കിയ ദൈവം, അവനെ, മനുഷ്യനുവേണ്ടി നിർദ്ദേശിച്ചതന്ന സഞ്ചാരവീഥിയിലേക്കു തിരികെ കൊണ്ടുവരാൻവേണ്ട ഉപകരണങ്ങളും ഒരുക്കുകയായിരുന്നെന്നു അവൻ സ്വപ്നേപി വിചാരിച്ചില്ല. ഫോർട്ട്വത്തിൽവച്ചു ദൈവത്തെപ്പറ്റിയുണ്ടായ ചോദ്യവും തൽക്കത്തോവും ഒരു ചെറിയ ഉപകരണമായിരുന്നു. ജയിലുകളെക്കുറിച്ചുള്ള ജാക്കിറിഗ്ഗന്റെ ജിജ്ഞാസ വേറൊന്നായിരുന്നു. എന്നാൽ പെന്നി സൃഷ്ടിയിൽ ലയിച്ചപ്പോഴാണു ദൈവം തന്റെ നാലു പ്രധാനഉപകരണങ്ങളും ശേഖരിച്ചതു": സെൻറ് ജോസഫ്സ് ആശുപത്രിയിൽ രണ്ടുസിസ്റ്റേഴ്സിനെയും, താഴെ പ്രൈസിന്റെ ഭവനത്തിൽ, കാലപാതകക്കുറ്റം ചുമത്തപ്പെട്ടമെന്നു തങ്ങളും അറിഞ്ഞിരുന്ന ആ മനുഷ്യനെപ്പറ്റി വാദപ്രതിവാദം നടത്തിക്കൊണ്ടിരുന്ന രണ്ടാളുകളേയും—അയിരുന്നു.

"ഈ പാതകത്തിനു" അവൻ മരിക്കാൻ പോകയാണെന്നു എനിക്കറിയാം. അവനെ സന്ദർശിക്കുവാൻ അച്ഛൻ പോകണമെന്നു ഞാൻ ആവശ്യപ്പെട്ടന്നു." പ്രൈസ് നിർബ്ബന്ധപൂർവ്വം പറഞ്ഞു

"നല്ലകാര്യം, ചീഫ്". ഞാൻ പോകാം. വേണ്ടതു വേണ്ടപോലെ അവനോടു ഞാൻ പറയുന്നതിനുവേണ്ടി പ്രാർത്ഥിക്കണമേ" പ്രൈസിന്റെ നയനങ്ങളിൽ ആശ്ചര്യം ദർശിച്ചതുകണ്ടു ഫാ. ജോർജ്ജ് ഡൊണെല്ലി മന്ദഹസിച്ചു.

ഐഹികവും പാരത്രികവുമായ ഈ ഔത്സുക്യത്തിന്റെ പൊരുൾ, അവൻ തന്റെ അമ്മയെപ്പറ്റി സ്വപ്നംകണ്ടപ്പോൾ അവനെ ഉറക്കത്തിൽ ഇളക്കി.

അദ്ധ്യായം 3.

മിക്കവാറും എന്നെ ദഹിപ്പിക്കും

തപാൽ പ്യൂൺ മുൻനടപ്പടികൾപോലെ ഇറങ്ങുന്നതുവരെ മിസ്സസ് പെന്നി വീടിയുടെ പുറകിൽ നിന്നു മാറിയില്ല. മറഞ്ഞുനില്ക്കുകയോ തപാൽ പ്യൂണിനെ അഭിവാദനം ചെയ്യാതെ വിട്ടയയ്ക്കുകയോ അവളുടെ പ്രകൃതമല്ല. എങ്കിലും ആരെയും കാണുവാനുള്ള നിലപാടിൽ അവൾ ഇന്നിയും എത്തിയിട്ടില്ല ഒരു പക്ഷേ നാളെയോ അഥവാ മറെറന്നാളോ.....അവൾ ധൃതിയിൽ വാതിൽതുറന്നു എഴുത്തുകളെല്ലാം വാരിയെടുത്തു. പെട്ടെന്നു കതകടച്ചു കിതച്ചുകൊണ്ടു ഹാളിൻെറ മദ്ധ്യത്തിൽ വന്നുനിന്നു. അയൽവാസികളെ ഭയപ്പെട്ടിരുന്നതിനു പുറമേ വേറെ എന്തോ അവളുടെ ഹൃദയത്തെ മഥിച്ചിരുന്നു. എഴുത്തുകളുടെ കൂട്ടത്തിൽ ഏറെറംമുകളിലായി ഇതാ, അവൾ എന്നും കാണുവാൻ ഇഷ്ടപ്പെട്ടിരുന്ന വടിവൊത്ത രായസക്കൈപ്പട. പക്ഷേ ഇപ്പോൾ അതു വായിക്കുവാൻ അവൾ അതിയായി ഭയപ്പെട്ടു. ഭംഗിയായി ആലേഖനം ചെയ്യപ്പെട്ട അവളുടെ പേരു അവൾസൂക്ഷിച്ചുനോക്കിയപ്പോൾ പൊടുന്നനേ അവൾക്കു അനുഭവപ്പെട്ട അക്ഷരങ്ങൾ തിളങ്ങുന്നതായും, അവൾ തേങ്ങിക്കരയുന്നതായും.

ബില്ലുകളും, പരസ്യങ്ങളും, "ബോർഡേഴ്സി',ൻെറ കത്തുകളും മേൽമേൽ വച്ചിട്ടു തൻെറ എങ്ങലിനു കാരണമാക്കിയതുമാത്രം അവൾ അടുക്കളയിലേക്കു കൊണ്ടുപോയി. അവിടെയാണു അവൾക്കു കൂടുതൽ സ്വാതന്ത്ര്യം തോന്നിയതു. വേഗം അടുക്കസേര ജാലകത്തിനു സമീപം അവൾ വലിച്ചിട്ടു, കണ്ണുകൾ തുടച്ചു, കണ്ണടകൾ മിനുക്കി. പിന്നിട്ടു എഴുത്തുകൾ തുറന്നു. അതിനുമേലുണ്ടായിരുന്ന തപാൽമുദ്ര "ലക്സിംഗ്ടൺ, നവമ്പർ 9, 1941" എന്നായിരുന്നു.

"എൻെറ പ്രിയ അമ്മേ, ഇതു വരുമ്പോഴേയ്ക്കു" അമ്മയുടെ വിഷമത വളരെ കുറഞ്ഞിരിക്കുമെന്നു പ്രതീക്ഷിക്കുന്നു. എനിക്കു സു

ഖമാണ്". ഇപ്പോൾ അത്താഴം കഴിച്ചതേയുള്ള. പൊരിച്ച കോ
ഴിക്കുഞ്ഞും, കാൻബറിച്ചാറും, റൊമാറോസോസും, സെലറിയും
കേക്കും ഉണ്ടായിരുന്നു. ഇനിപഴവും പഞ്ചസാരയും കിടക്കുന്നു. ഇ
തു വെളിയിൽ നിന്നുള്ളതാണ്". എങ്കിലും ജയിലിലെ ഭക്ഷണം
നല്ലതാണ്". ധാരാളം കിട്ടുകയും ചെയ്യും. അതുകയാൽ ഭക്ഷണ
ത്തിനു" ഇവിടെ യാതൊരു കുറവുമില്ല.

...ഇന്നു" ഉച്ചകഴിഞ്ഞു" ഫാ. ഡൊനെല്ലി ഇവിടെ വന്നിരു
ന്നു. അമ്മയെ കാണുവാൻ ബുധനാഴ്ച അവിടെവന്നെന്നും വീണ്ടും
വരുമെന്നും അദ്ദേഹം പറഞ്ഞു. അമ്മയ്ക്കു" അദ്ദേഹത്തെ ഇഷ്ടപ്പെ
ട്ടോ?"

നന്നായി വെളുത്ത ചർമ്മവും പട്ടുപോലെ ധവളമായ മുടി
യുമുള്ള ഉയരമേറിയ ഈ മനുഷ്യനെ അവർ ഇഷ്ടപ്പെട്ടെന്നോ? അ
ദ്ദേഹത്തിന്റെ ശിരസ്സിലെ രോമത്തിന്റെ വിരളതമൂലം ശിര
സ്സു" കഷണ്ടിയായിരുന്നു. യഥാർത്ഥമായ അനുകമ്പയും ധാരണയും
കൊണ്ടുനിറഞ്ഞിരുന്നതും കാരുണ്യം കവിഞ്ഞൊഴുകുന്നതുമായ നീ
ലക്കണ്ണുകളോടുകൂടിയ ഈ മനുഷ്യനെ അവർ ഇഷ്ടപ്പെട്ടോ? അ
തെ, അദ്ദേഹം ബുധനാഴ്ച വന്നിരുന്നു. അദ്ദേഹത്തെ എങ്ങനെ
ആദിവാദ്യം ചെയ്യണമെന്നു" അവർ അറിഞ്ഞില്ല. എങ്കിലും അ
ദ്ദേഹത്തിന്റെ സൗമ്യതയുടെ കൂട്ടുതൽകൊണ്ടും, ടോമിനെപ്പറ്റി ന
ടത്തിയ സംഭാഷണത്തിന്റെ ഹൃദ്യതകൊണ്ടും, അവർ അദ്ദേഹ
ത്തെ തൽക്ഷണം ഇഷ്ടപ്പെട്ടു. അതെ, അവനോടും അവളോടും ഇ
ത്ര നല്ലവനായിരിക്കുന്ന ആ വൈദികനെ അവർ ഇഷ്ടപ്പെട്ടെന്നു
അവർക്കു ടോമിനോടു പറയാം.

ആ നരച്ചുതല വീണ്ടും എഴുത്തിന്മേൽ കുനിഞ്ഞു. അപ്പോൾ
അവൻ ഒരു കത്തോലിക്കനാകണമെന്നുള്ള ചിന്തയിലാണ്". അ
വർ പുരികം ചുളിച്ചു ..." ഏതായാലും നമ്മുടെ ശ്രീ ദൈവത്തി
ലാണല്ലോ, അല്ലേ?...ഞാൻ എങ്ങനെ ജീവിച്ചുവെന്നതിനെപ്പറ്റി
പരിശോധിക്കാതെ, ഞാൻ നന്നായി മരിക്കുമെന്നു" അമ്മയ്ക്കു ഞാൻ
ഉറപ്പുതരുന്നു..."

മിസ്സസ് പെന്നി മുകളിലത്തെ നിലയിലേക്കു നോക്കി. മകൻ എന്തു കൊണ്ടാണു മരണത്തെപ്പറ്റി ഇത്ര ഖണ്ഡിതമായി പറയുന്നതു? അവൻ ആരുകളെല്ലാം കൈവെടിഞ്ഞോ? അവൻ കൊലപാതകം ചെയ്തില്ലെന്നു വക്കീലന്മാർ തെളിയിക്കയില്ലേ? അവർ എഴുന്നേറ്റു ശയനമുറിയിലേയ്ക്കു പോയി; ഭദ്രമായി സൂക്ഷിച്ചിരുന്ന ഒരു കാർഡും രണ്ടു കത്തും എടുത്തു് കൂടുതൽ വെളിച്ചവും ആട്ടുക്കസേരയുമുള്ള അടുക്കളയിലേയ്ക്കു മടങ്ങി. അവിടെ എത്തിയപ്പോൾ അവർ എഴുത്തുകൾ തുറന്നു. അവൻജയിലിൽനിന്നു് അയച്ച ആദ്യ എഴുത്തിൽ അങ്ങനെയുണ്ടായിരുന്നു. അതിന്റെമുകളിലും അവർ പേടിസ്ഥമാക്കിയിരുന്നു, എങ്കിലും അവർക്കു് അതു വീണ്ടുംവായിക്കണം.

"പ്രിയ അമ്മേ, അവിടത്തെ ആശ്വസിപ്പിക്കുന്നതിനു് എന്താണു് എഴുതേണ്ടതെന്നു് എനിക്കറിഞ്ഞുകൂടാ. അങ്ങേ ഹൃദയം തകർന്നിരിക്കയാണെന്നു് എനിക്കറിയാം. എങ്കിലും അമ്മ അങ്ങനെ വിഷമിക്കരുതേ. കേസു് പ്രഥമദൃഷ്ട്യാ കാണപ്പെട്ടതുപോലെ അത്ര നിരാശാജനകമല്ല.

പത്രങ്ങളിൽ കാണുന്നതെല്ലാം വിശ്വസിക്കരുതു്. അമ്മയ്ക്കറിയാമല്ലോ ഒരുവനെ വിസ്തരിക്കുന്നതിനു മുമ്പുതന്നെ അവനെ കുറ്റക്കാരനെന്നു പ്രഖ്യാപിക്കുക അവരുടെ പതിവാണെന്നു്. അമ്മയെ ആശ്വസിപ്പിക്കുന്നതിനു് ഒരു കാര്യം പറയുവാൻ എനിക്കു കഴിയും. ഞാൻ കൊലക്കുറ്റം ചെയ്തിട്ടില്ല; അതിനു് എനിക്കു തക്ക തെളിവുണ്ടു്....."

ലെയോണ പെന്നിയുടെ നയനങ്ങൾ ആലക്ഷ്യത്തിലേക്കു തിരിഞ്ഞുവെങ്കിലും നവമ്പറിന്റെ ശൂന്യത അവ ദർശിച്ചില്ല. ആ കണ്ണുകൾ യാതൊന്നും കണ്ടില്ല. കാരണം, മൈലികളിൽ ആരെയും ടോം കൊലപ്പെടുത്തിയില്ലെന്ന വ്യക്തമായ തെളിവു നിലയിലാണു് അവന്റെ തോക്കിൽനിന്നുള്ള ബുള്ളറ്റു് കാണപ്പെട്ടതെന്നു് മകൻ ചാൾസ് അവളോടു പറഞ്ഞ രാത്രിയിൽ അവളുടെ സ്വത്വയുടെ അടിത്തട്ടിൽനിന്നു പൊന്തിവന്ന ആശ്വാസം അവർ വീണ്ടും

അനുഭവിക്കയായിരുന്നു. പിന്നെ എന്തുകൊണ്ടാണ് അവൻ മരണത്തെപ്പറ്റി ഇത്രയധികം ചിന്തിക്കുന്നതു്?

അവൾ ആദ്യത്തെ എഴുത്തിന്റെ രണ്ടാമത്തെ വരും മറിച്ചു് മരണത്തെപ്പറ്റിയുള്ള ആദ്യ സൂചനകൾ വായിച്ചു. അവൻ എഴുതിയിരുന്നു: "അമ്മേ, ഭയമായി അതു് അമ്മയെ വിഷമിപ്പിക്കാതിരിക്കട്ടെ. കാരണം, എന്തുവന്നാലും സഹിക്കുവാൻ ഞാൻ സന്നദ്ധനാണ്.'' രണ്ടാമത്തെ എഴുത്തിന്റെ മുകളിൽ കിടന്ന ചിത്രമുള്ള പോസ്റ്റ്കാർഡ് അവളെടുത്തു. വർണ്ണപ്പകിട്ടുള്ള അതിന്റെ മുഖച്ചിത്രം നോക്കി അവൾ ഈ കെട്ടുകഥ വായിച്ചു. "പ്രകാശമാനമായ ഫ്ളോറിഡായിലെ സൈപ്രസ് തോട്ടത്തിൽ ഒരു പാറത്തോട്ടം." അനന്തരം അതിലുണ്ടായിരുന്ന ചുരുക്കം ചില വാക്കുകൾ "അമ്മേ, ഞാൻ പിന്നീടു് എഴുതിക്കൊള്ളാം, എനിക്കു സുഖം. മേൽവിലാസം തരാറായില്ല. വളരെ സ്നേഹം.''

ആ വാക്കുകൾ, അവൾ ആദ്യം വായിച്ചപ്പോഴത്തേക്കാൾ എത്രയധികം ആലേയസംപുഷ്ടമായി ഇപ്പോൾ കാണപ്പെട്ടു. ആ കാർഡ് കിട്ടിയതു് ഒക്ടോബർ 9-ാംതീയതിയാണ്. താൻ ജോലി അന്വേഷിച്ചു ലൂയിവില്ലിലേയ്ക്കു പോകയാണെന്നു സെപ്തമ്പർ 27-ാംതീയതി അവൻ അവളോടു പറഞ്ഞതിനുശേഷം അവനിൽനിന്നു് ആദ്യം കേൾക്കുന്നതു് ആ കാർഡുമുഖേനയാണ്. അവൻ ലൂയിവില്ലിലേയ്ക്കു പോയിരുന്നു. പക്ഷേ ആ രാത്രിയിൽത്തന്നെ ബാക്സ്റോട്ടം ബോഡ് ഗൻഡേഴ്സനോടുകൂടി അവൻ ലക്സിംഗ്ടനിൽ തിരിച്ചുവന്നു. ആ രാത്രിയിലാണ് അവർ കെന്റക്കിക്ലബ്ബ് കൊള്ളചെയ്തതു് ....

ആ ഫ്ളോറിഡാച്ചിത്രത്തിന്മേൽ അവൾ ആദ്യം നോക്കുകയും വിദൂരമായ ആ തെക്കൻപ്രദേശത്തായിരുന്ന തന്റെ മകനെപ്പറ്റി വിചാരിക്കയും ചെയ്തപ്പോൾ അവൾക്കു് എത്ര വലിയ ഇല്ലാഭംഗവും വിഷമതയും ഉണ്ടായെന്നു് ആ കാർഡ് വായിച്ച ഈ അവസരത്തിലും അവൾ ഓർമ്മിച്ചു. തൽക്ഷണം അവളുടെ ദൃഷ്ടിയിൽ പെടുകയും 'ഡെൽഹി, ലൂയിസിയാന' എന്നു വായിക്ക

യും ചെയ്യപ്പോൾ അവൾ മിഴിച്ചുനിന്നുപോയി. അവൻ ഒളിവിലാണു"; പോലീസിനെ വെട്ടിച്ചുമാറിയിരിക്കയാണു". പത്രറിപ്പോർട്ടുകൾമൂലം തീർച്ചയായും അവൻ വിഷമിക്കുന്നുണ്ടായിരിക്കണം. എന്നിട്ടും അവൻ അവളെ ഓർമ്മിച്ചല്ലോ. സംശയങ്ങളെ ലഘൂപ്പെടുത്തുന്നതിനും ഭീതികളെ വിപാടനംചെയ്യുന്നതിനും അവനു സാധിച്ചുവല്ലോ. "അഗാധമായ സ്നേഹത്തോടെ" എന്നു് എഴുത്തവസാനിപ്പിക്കുവാൻ അവനു ന്യായമുണ്ടായിരുന്നു. അമ്മ ആ കാർഡിന്റെ നേരെ നോക്കി. രണ്ടു സെന്റു മാത്രം വിലയുള്ള ആ ചെറിയ കാർഡു് ഉൾക്കൊണ്ടിരുന്ന കഥ പൂർണ്ണമായി വിവരിക്കുന്നതിനു് ഒരു ഗ്രന്ഥം മതിയാകയില്ലെന്നു് അവൾ അറിഞ്ഞിരുന്നു. പക്ഷേ അതുകൊണ്ടു വന്ന ആശ്വാസം എത്ര പെട്ടെന്നു് അപ്രത്യക്ഷമായി! ഫോർട്ടവത്തിൽ വച്ചു് അവൻ പിടിക്കപ്പെട്ടുവെന്ന വാർത്ത അന്നത്തെ സായാഹ്നപത്രങ്ങളിലുണ്ടായിരുന്നു.

അവളുടെ മടിയിൽക്കിടന്ന രണ്ടാമത്തെ എഴുത്തു് അവൾ വേഗം എടുത്തു തുറന്നു. അതു് ഒക്ടോബർ 24-ാം തീയതി അയച്ചതാണു".

"വെള്ളിയാഴ്ച രാത്രിയിൽ ഫാദർ ഡൊണെല്ലി എന്നെ കാണുവാൻ വന്നു. കുറെ പുസ്തകങ്ങളും അയച്ചുതന്നു. എല്ലാവർക്കും എന്നോടു വളരെ ലോഹ്യമാണു". ലോറെന്നും ജൂഡിത്തും ഒരു കെട്ടു സിഗററും" അയച്ചുതന്നു. ജിൻ നാലുകുപ്പി സിഗററും" ഇവിടെ എത്തിച്ചു. എനിക്കു ചെയ്തുതരുവാൻ തങ്ങൾക്കു കഴിയുന്നതു വല്ലതുമുണ്ടോ എന്നറിയുവാൻ എല്ലാവർക്കും താല്പര്യമാണു". പക്ഷേ ചെയ്യുകിട്ടണമെന്നു ഞാനാഗ്രഹിക്കുന്ന ഒന്നു ചെയ്തുതരുവാൻ ആർക്കും സാദ്ധ്യവുമല്ല. അമ്മ വിഷമിക്കാതിരിക്കുക എന്നതു്."

അവന്റെ പുത്രനിർവ്വിശേഷമായ സ്നേഹം ഓർമ്മിച്ചു് അവർ ഗാഢമായി കരഞ്ഞപ്പോൾ, കത്തോലിക്കനാകുന്നതിനെപ്പറ്റി അവൻ പറഞ്ഞതു അവൾ മറന്നുപോയി.

എങ്കിലും അതു വിസ്മരിക്കുവാൻ കഴിയാത്ത ഒരാളുണ്ടു്. അദ്ദേഹം അപ്പോൾ കോവിംഗ്ടനിൽനിന്നു ലക്സിംഗ്ടനിലേക്കു വരു

കയായിരുന്നു. ഫാദർ ജോർജ്ജ് ഡൊനെല്ലി അതിവേഗം കാറോടിക്കയും അതിലും വേഗത്തിൽ ആലോചിക്കയും ചെയ്തിരുന്നു. ടോംപെന്നിയെ ആദ്യം സന്ദർശിച്ച ദിവസത്തെ — ഒക്ടോബർ 23–ാംതീയതി വെള്ളിയാഴ്ചത്തെ — സംഭവങ്ങളെപ്പറ്റി അനുചിന്തനം നടത്തുകയായിരുന്നു. അന്നുരാവിലെ അദ്ദേഹം സെൻറ് ജോസഫ്സ് ആശുപത്രിയിൽ ദിവ്യബലി അർപ്പിച്ചു. സി. മേരി ലോറൻസിയ ടോമിനെ സന്ദർശിച്ചതിനെപ്പറ്റിയുള്ള വിവരണം ആ സിസ്റ്റർ, മിസ്സസ് പ്രൈസിൻെറ മുറിയിലേക്ക് അദ്ദേഹത്തെ ആനയിക്കവേ, നൽകിയതു് അദ്ദേഹം ശ്രവിച്ചു. ആ സിസ്റ്ററിൻെറ പ്രതികരണം അദ്ദേഹത്തിൽ ആഴമായി പതിഞ്ഞു. അവർ മിസ്സസ് പ്രൈസിനെ അഭിവാദനം ചെയ്യുന്നതിനുമുമ്പേ അവരുടെ ഫോൺ വിളി കേട്ടു, അതു് മി. പ്രൈസിനു ജയിൽപുള്ളിയിൽ നിന്നു് അപ്പോൾ കിട്ടിയ എഴുത്തിനെ സംബന്ധിച്ചായിരുന്നു.

"ഓസ്റ്റിനെ ഇതിനുമുമ്പു് ഇതുപോലെ ഞാൻ കണ്ടിട്ടില്ല," അദ്ദേഹത്തിൻെറ ഭാര്യപറഞ്ഞു. "അദ്ദേഹത്തിൻെറ മനസ്സിഷ്ടത്തിൽ ടോംപെന്നിയാണു് കൂടികൊള്ളുന്നതു്. അവൻ അദ്ദേഹത്തിൻെറ പുത്രനായിരുന്നാൽപ്പോലും ഇതിൽക്കൂടുതൽ വിഷമത അദ്ദേഹത്തിനുണ്ടാവുകയില്ല. എനിക്കിതു മനസ്സിലാകുന്നില്ല."

അച്ചനും മനസ്സിലായില്ല. തലേരാത്രിയിൽ അദ്ദേഹംപ്രൈസിനെ സന്ദർശിച്ചപ്പോഴും പ്രൈസ് ധ്യാനവദനനായിരുന്നു. പ്രൈസിൻെറ മനസ്സിൽ ഏതാണ്ടൊരു സമാധാനവും മുഖത്തു സന്തോഷത്തിൻെറ ഛായയും ഉദിപ്പിക്കുവാൻ ഫാ. ജോർജ്ജിനു സാധിച്ചതു് ബങ്ങിയെ സന്ദർശിച്ചുകൊള്ളാമെന്നു കായ്മായി വാഗ്ദാനംചെയ്തശേഷം മാത്രമാണു്.

രാവിലത്തെ സംഭാഷണത്തിൽ സന്തോഷം സ്പഷ്ടമായിരുന്നെങ്കിലും, അന്നുച്ചകഴിഞ്ഞു മേധാവി പൂർവ്വാധികം അസ്വസ്ഥനായിട്ടാണു് ആ വൈദികൻ കണ്ടതു്. കാരണം ബങ്ങിയെ സന്ദർശിക്കുവാൻ ഏതദ്ദേശ്യരായ രണ്ടു വൈദികന്മാരെ അദ്ദേഹം അയച്ചെങ്കിലും അവരുടെ കൂടിക്കാഴ്ചകൊണ്ടു യാതൊരു പ്രയോജനവു

മുണ്ടായില്ല.

"പിന്നെ എന്തിനു ഞാൻ ആ പാവത്തിനെ അലട്ടണം?" ഫാ. ജോർജ്ജ് ചോദിച്ചു. "ഈ നല്ല അച്ഛന്മാരെക്കൊണ്ടു" അവന്റെ അടുക്കൽ ഒന്നും പറയിയില്ലെങ്കിൽ എന്നെക്കൊണ്ടു പറയുമോ? കൂടുതലായി നല്ലവാൻ എനിക്കൊന്നുമില്ല."

പ്രൈസ് തള്ളവിരൽ കൊണ്ടു ഡസ്ക്കിന്മേൽ തട്ടിയിട്ടു പറഞ്ഞു: "അങ്ങ് എന്റെ സ്നേഹിതനാണെങ്കിൽ പോകുക അങ്ങു് ആ രണ്ടുപേരിൽനിന്നുവ്യത്യസ്തനാണു". ഒരുവേള അവൻ ഹൃദയംതുറന്ന അങ്ങയോടു സംസാരിച്ചെന്നുവരാം." ഫാ. ജോർജ്ജ് പോയി. പെന്നിയുമായുള്ള 45 മിനിട്ടനേരത്തെ സംസാരത്തിനുശേഷം അദ്ദേഹത്തിനു വളരെ ബോദ്ധ്യമായി ആ മനുഷ്യൻ ആരോടും ഹൃദയംതുറന്നു സംസാരിക്കില്ലെന്നു". ആ തണുത്തുള്ള നീലക്കണ്ണുകൾക്കു് ഒരിക്കൽപോലും മാറ്റം വന്നിച്ചില്ല. അവയുടെ തുടിച്ച നോട്ടത്തിൽ സംശയം സ്ഫുരിച്ചെന്നുമാത്രമല്ല, അവയിൽ എതിർപ്പുംകാണായെന്നു ഫാ. ജോർജ്ജിനുതോന്നി. പക്ഷേ ടോം പെന്നി എന്താണു് വിചാരിച്ചുകൊണ്ടിരുന്നതെന്നു് അദ്ദേഹം അറിഞ്ഞില്ല.

അവനെ കാണുവാൻ ആവശ്യപ്പെട്ടപ്പോൾ അവൻ വിചാരിച്ചു ആരൊ ജിജ്ഞാസകൊണ്ടു വിളിച്ചതാണെന്നു". അതുകയാൽ അവൻ ആത്മനാ ശപിച്ചുവെങ്കിലും ആ ഇടനാഴിയിലൂടെ നടന്നപ്പോൾ ഏതാണ്ടൊരു പ്രത്യാശ ഉദയംചെയ്യുന്നതുപോലെ അവനു തോന്നി. ഒരു പക്ഷേ അതു വല്ല സ്നേഹിതനുമായിരിക്കാം. അതൊരു വൈദികനാണെന്നു കണ്ടപ്പോൾ അവനു ദേഷ്യംവന്നു. ഇതു് ഇന്നത്തെ മൂന്നാമത്തെ അകാരണസഞ്ചാരിയാണു". മറവരിൽ ഒരുവനെപ്പോലും അവൻ വകവച്ചില്ല. അവനഭിലഷിച്ചതു് അവരിൽക്കണ്ടില്ല. ഇദ്ദേഹം അവരിൽനിന്നു വ്യത്യസ്തനാകുമിടയില്ല. എങ്കിലും ആദ്യത്തെ ശാന്തമായ വാക്കിൽനിന്നും ആത്മാർത്ഥമായ ഹസ്തദാനത്തിൽനിന്നും ഇദ്ദേഹം വ്യത്യസ്തനാണെന്നു ടോം പെന്നി ഗ്രഹിച്ചു. മനുഷ്യൻ മനുഷ്യനോടെന്നപോലെ ഈ മനു

ഷ്യൻ ആത്മാർത്ഥമായ–വെറും പൂച്ചല്ല–സ്നേഹപ്രകടനം നടത്തി യിരിക്കുന്നു.

പെന്നി അദ്ദേഹത്തിന്റെപേരു ആവർത്തിച്ചു "ഡൊനെല്ലി, അല്ലേ?". ചീഫ് ആണ് തന്നെയയച്ചതെന്നു അച്ഛൻ പറഞ്ഞ പ്പോൾ, "പ്രൈസ് എത്രനല്ലവൻ" എന്നു അവൻ പറഞ്ഞു. ഇരി ക്കുവാൻ ആവശ്യപ്പെട്ടിട്ടു പെന്നി വിസമ്മതിക്കയാണുചെയ്തതു. "ദിവസംമുഴുവൻ ഇരിക്കുകയായിരുന്നു." അനന്തരം അവൻ അധി കമൊന്നും പറഞ്ഞില്ല. പെന്നി അദ്ദേഹത്തിൽനിന്നു പ്രതീക്ഷി ച്ച ആ ഒരു കായ്മൊഴിച്ചു, മനുഷ്യനു താല്പര്യമുണ്ടാകാവുന്ന എല്ലാ കായ്ങ്ങളെപ്പറ്റിയും അദ്ദേഹം സംസാരിച്ചതിനു പെന്നിയിൽനി ന്നലഭിച്ച മറുപടി അതേ, "അഹാ", 'അതുവാസ്തവമോ?' എന്നൊ ക്കെആയിരുന്നു. ഡോഡ്ജേഴ്സും യാങ്കീസും തമ്മിൽ നടന്ന അ വസാന ബേസ്ബാൾമത്സരത്തിന്റെ കഥവരെയുള്ളകാര്യങ്ങൾ അച്ഛൻ സംഭാഷണവിഷയമാക്കി. വേറൊരു സമയത്തോ സ്ഥല ത്തോ ആയിരുന്നെങ്കിൽ ഇതിനെ ആധാരമാക്കി ഉന്മേഷപ്രദമായ ഒരു സംഭാഷണം പെന്നി നടത്തുമായിരുന്നു. പക്ഷേ ഇപ്പോൾ അ തു മരുഭൂവൻതനിയെ ഉച്ചത്തിൽ ചെയ്യുന്ന ആത്മഗതംപോലിരുന്നു; പ്രത്യേകിച്ചും, നേരത്തെ വിജയിച്ചിരുന്ന ഡോഡ്ജേഴ്സ് അവ സാനം പരാജിതരായതിൽ അവരോടുള്ള സഹതാപം അച്ഛൻ പ്ര കടിപ്പിച്ചപ്പോൾ.

"വാശിയേറിയതായിരുന്നു കൊള്ളാം," എന്നുമാത്രമാണു പെ ന്നി പ്രതിവചിച്ചതു. അതുകൊണ്ടു അച്ഛൻ യുദ്ധത്തെപ്പറ്റി പറ യുവാൻതുടങ്ങി. ഫാ: ഡൊനെല്ലി ഒരു നയതന്ത്രജ്ഞനോ, മനശാ സ്ത്രപണ്ഡിതനോ, സമർത്ഥനായ വ്യാപാരിയോ മറ്റോ ആണോ എന്നുള്ള സംശയം തോന്നിപ്പിച്ചു കാരണം, അദ്ദേഹം നാസികളുടെ മോ സ്കോ ആക്രമണത്തെപ്പറ്റി സംസാരിക്കയും, റഷ്യൻ സൈന്യ ത്തേക്കാൾ കൂടുതലായി റഷ്യൻ കാലാവസ്ഥമൂലമായിരിക്കും അവർ പരാജിതരാകുന്നതെന്നു പ്രവചിക്കയും ചെയ്തു. അനന്തരംനെ പ്പോളിയൻ അതേ ഫലത്തുവെച്ചു" അതേ അപ്രതിരോധ്യശക്തി

യാൽ കീഴ്പ്പെട്ടത്തപ്പെട്ട കഥ അദ്ദേഹം വിവരിച്ചു.

"ഇപ്പകാരമുള്ള നിസ്സാരസംഗതികളും മഹാനാശങ്ങൾക്കു ഹേതുവാകാവുന്നതാണു" അച്ചൻ പറഞ്ഞു. "മന്നാലോചിച്ചുനോക്കു. റഷ്യയുടെ അന്തരീക്ഷത്തിൽനിന്നു നിപതിച്ച അണുപ്രായമായ ഹിമകണങ്ങളും മഞ്ഞും കണ്ടിട്ടുള്ളതിൽ ഏറ്റവും മഹാനായ യുദ്ധതന്ത്രജ്ഞനെ പരാജിതനാക്കി" അവിരോധാഭാസംകൊണ്ടു മതിമറന്നവനെപ്പോലെ അച്ചൻ പറയുവാൻ തുടങ്ങി. എങ്ങനെ അണുപ്രായമായ ജലകണങ്ങളും ടോം ബാലനായിരുന്നപ്പോൾ കേട്ടിട്ടുണ്ടായിരുന്ന മഹാവിപത്തിനു"—ടൈട്ടാനിക്കിന്റെ നാശത്തിനു—ആതൃവതികമായ ഹേതുവായെന്നു". നിസ്സാരകാരണങ്ങളും മഹാനാശങ്ങൾക്കു കാരണമാകുന്നതു" കാണിക്കുവാൻ അദ്ദേഹം മറ്റുദാഹരണങ്ങളുമായി തുടർന്നപ്പോൾ ടോം പ്രതീക്ഷിച്ചതു" 'ഒരു ചെറിയ പോലീസു" വിളക്കു നിന്റെ നാശത്തിനു" നിമിത്തമായി' അഥവാ, 'വീരലിന്റെ ഒരു ചെറിയ അമർത്തൽ കാഞ്ചിയിന്മേൽ ഉണ്ടാകുമ്പോൾ ഭയങ്കരമായ വിഷമതകളിൽ ഒരുവനെ കൂടുക്കുന്നു' എന്നോ മറ്റോ പറഞ്ഞവസാനിപ്പിക്കുമെന്നായിരുന്നു. എന്നാൽ അവനു വളരെ ആശ്ചര്യവും ആശ്വാസവും പ്രദാനം ചെയ്തുകൊണ്ടു" അച്ചൻ പറഞ്ഞു. "പക്ഷേ, ടോം നിസ്സാരസംഗതികളും മഹാവിജയങ്ങൾക്കും നിമിത്തമാകാം. ഒറ്റനോട്ടംകൊണ്ടു" വി. പത്രോസിനു മാനസാന്തരം ഭവിച്ചു. ഒരു കൊച്ചു പെൺകുട്ടിയുടെ ശബ്ദം വി. അഗസ്തീനൊസിന്റെ മനസ്സുതിരിവിനും; മരൻഗോയുദ്ധത്തിന്റെ ഗതിമാറിയതു" ചെണ്ടക്കാരൻ കൊച്ചനു" 'പിൻവാങ്ങൽ' കൊട്ടുവാൻ അറിഞ്ഞുകൂടായിരുന്നതുകൊണ്ടാണു". ഒരെട്ടുകാലി വീണ്ടും വീണ്ടും ശ്രമിക്കുന്നതു നോക്കിനിന്ന ഇംഗ്ലീഷു" രാജാവിന്റെ കഥ ഓർമ്മിക്കുന്നുണ്ടായിരിക്കുമല്ലോ?"

"ഉം ഉം" എന്നായിരുന്ന പെന്നിയുടെ മറുപടി.

അതത്ര പ്രോത്സാഹജനകമായിരുന്നില്ല. എങ്കിലും പ്രൈസിനോടു ചെയ്യുവാഗ്ദാനം പാലിക്കുന്നതിനും തന്റെ കഴിവിന്റെ

പരമാവധി പരിശ്രമിക്കുന്നതിനും ഫാ. ജോർജ്ജ് തീരുമാനിച്ചു. കുറെ ദിവസങ്ങൾക്കുമുമ്പു നടന്ന ഡ്രൈക്ക്–കേംപ്ലെയിറ പന്തുകളിയുടെ ഗതി ഭേദപ്പെട്ടത്തിയ ഒരു കൊച്ചുകാര്യത്തെപ്പറ്റി അദ്ദേഹം സംസാരിച്ചു. അനന്തരം കെൻറക്കി വൈൽഡ് ക്യാറ്റ്സ്, 21–6നു് സേവിയറെ തോല്പിച്ചതിനെപ്പറ്റിയും, സതേൺ കോൺഫറൻസിലുള്ള കളിക്കാരെപ്പറ്റിയും ചർച്ചനടത്തി. സെൻറേഴ്സ് പ്രേയിംഗ് കേണൽസിനു് വേറൊരു ബോ മാക്മില്ലിനെ ആവശ്യമുണ്ടെന്നു പറഞ്ഞു നിർത്തി. ടോം അതിനോടുയോജിച്ചു. എന്നാൽ അതുമാത്രമായിരുന്ന ആ സംഭാഷണത്തിലെ അവൻറെ പങ്കു്. തന്മൂലം ഫാ. ജോർജ്ജു് വിഷയത്തോടു കൂടുതൽ അടുത്തു.

"ടോം, നിനക്കു് നല്ല ക്ഷീണം കിട്ടുന്നുണ്ടോ?"

"ഉവ്വു്."

"അവർ ധാരാളം സിഗറെറ്റു് തരുന്നുണ്ടോ?"

"ഉവ്വ്"

"ജയിലർമാർ പത്രങ്ങൾ അനുവദിച്ചിട്ടുണ്ടോ?"

"ഉണ്ടു്"

ഫാ. ജോർജ്ജു് പോകുവാൻ എഴുന്നേറ്റു. അദ്ദേഹം ഈ മനുഷ്യനോടുകൂടി മുക്കാൽ മണിക്കൂർ ചിലവുചെയ്തെന്നു് അദ്ദേഹത്തിൻറെ വാച്ചു് സാക്ഷ്യം വഹിച്ചു. എങ്കിലും യാതൊന്നും സാധിച്ചില്ലല്ലോ എന്നു് അദ്ദേഹത്തിൻറെ ബുദ്ധിയും. പെന്നിക്കു് എന്തെങ്കിലും നന്മചെയ്യണമെങ്കിൽ അവൻറെ മനഃസ്ഥിതിയെ അദ്ദേഹത്തിൽനിന്നു മോപനം ചെയ്യിരുന്ന നിസ്സംശയമായുകണ്ട തൽക്ഷണം മറവിച്ചു ഉരുമതിൽ തട്ടിത്തകർത്തു അകത്തുകടക്കണമെന്നു ഹൃദയവും വിളിച്ചുപറഞ്ഞു. പക്ഷേ അതെങ്ങനെ സാധിക്കുമെന്നു അദ്ദേഹത്തിനു അറിയില്ല.

"കൊള്ളാം, ടോം, നിന്നെ സഹായിക്കുവാൻ എനിക്കു വലിയ ഇഷ്ടമാണു്. നിനക്കുവേണ്ടി എനിക്കു് ചെയ്യുവാൻ കഴിയുന്നതായി എന്തെങ്കിലുമുണ്ടോ? എന്തെങ്കിലും ഞാൻ അയച്ചുതരേണ്ടതായുണ്ടോ?"

"ഇല്ല; ഒന്നുമില്ല."

"എന്നാൽ ഞാൻ പോകട്ടെ. നിനക്കുവേണ്ടി ഞാൻ എപ്പോഴും പ്രാർത്ഥിക്കുന്നുണ്ടെന്നു ഓർമ്മിക്കുമല്ലോ. എന്തെങ്കിലും...?" അദ്ദേഹം കൈ നീട്ടിക്കൊടുത്തു. ടോം പെന്നി അതു സ്വീകരിച്ചില്ല. നീലവെളിച്ചംപോലെ അസ്വാസ്ഥ്യജനകമായ കണ്ണുകളോടെ അവൻ അദ്ദേഹത്തെ തുറിച്ചുനോക്കി. എന്തുചെയ്യണമെന്നോ എന്തു പറയണമെന്നോ അദ്ദേഹത്തിനു സൂക്ഷ്മമായി അറിഞ്ഞുകൂടായിരുന്നു. കഴിഞ്ഞ 45 മിനിറ്റു് സമയത്തെ അനുഭവത്തിൽ നിന്നു പ്രതീക്ഷിക്കാൻ വയ്യാത്തതാണു് ഒടുവിൽ സംഭവിച്ചതു്.

"അച്ഛാ, കുറെ സമയംകൂടി അങ്ങു് ഇവിടെ ഇരിക്കയില്ലേ?"

അച്ഛൻ ഇരുന്നു.

"ഞാനൊരു ഉല്പടഘട്ടത്തിലാണു്. മതത്തെപ്പറ്റി അങ്ങുമായി സംസാരിക്കുവാൻ എനിക്കാഗ്രഹമുണ്ടു്. ഈ കൊലപാതകങ്ങൾക്കും കാരണം ഞാൻ ഒരുപക്ഷെ കരിഞ്ഞുപോയേക്കും. മിക്കവാറും എന്റെ ജീവിതംതന്നെയായിരുന്നില്ല; എന്നാൽ തന്നെയായിട്ടുമരിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഒരു കത്തോലിക്കനായി മരിക്കണമെന്നാണു് എന്റെ അഭിലാഷം." ടോം പെന്നി കസേരയുടെ അറ്റത്തു് ഇരിക്കയും, അസാധാരണ സംഗതികളിൽ വ്യാപൃതമായിരുന്ന ഹൃദയത്തോടുകൂടിയ ആ വൈദികന്റെ നേരെ ചായുകയും ചെയ്തു. "എനിക്കു നിങ്ങളുടെ മതത്തെപ്പറ്റി അധികമൊന്നും അറിഞ്ഞുകൂടാ. ഞാൻ ചെറുപ്പമായിരുന്ന കാലത്തു കത്തോലിക്കരായ ഒരു ഗണം കുട്ടികളുമായി ഓടിച്ചാടി നടന്നിട്ടുണ്ടു്. ശനിയാഴ്ച ഉച്ചകഴിഞ്ഞു് അവർ പാപസങ്കീർത്തനത്തിനുപോകുമ്പോൾ ഞാൻ പള്ളിയുടെ പിറകിൽ ഇരിക്കുക പതിവായിരുന്നു. ഞാൻ ഫ്രാങ്ഫോർട്ടിൽ ആയിരുന്നപ്പോൾ ഞങ്ങൾക്കു് ചാപ്പലിൽ പോകണമെന്നുണ്ടായിരുന്നു. അന്നും കത്തോലിക്കമതകർമ്മങ്ങളിൽ സംബന്ധിക്കുവാനായിരുന്നു എനിക്കിഷ്ടം. പക്ഷെ അതെല്ലാം എന്തായിരുന്നെന്നു് ഞാൻ ഗ്രഹിച്ചിരുന്നില്ല."

ആ ജയിൽപ്പുള്ളി നിർത്തി. അവന്റെ കണ്ണുകളിൽ സഹാർ

ദ്രത സ"ഫരിച്ചിരുന്നില്ലെങ്കിലും അവയിൽനിന്നു രക്ഷപ്പെടുവാൻ തിരോ ഭവിച്ചിരുന്നതായി ആ വൈദികൻ കണ്ടു. അദ്ദേഹം മുമ്പോട്ടു ചായുകയും മന്ദഹസിക്കയും ചെയ്തു. "കൊള്ളാം, ടോം. നിനക്കു ഉപദേശം ലഭിക്കുന്നതിനു വേണ്ടതെല്ലാം ഏർപ്പെടുത്തിത്തരാമെന്നു ഞാൻ കരുതുന്നു."

"എന്താണു" അങ്ങേക്കു വേണ്ടതു"? പ്രൈസുമായി ഏർപ്പാടു ചെയ്യാമെന്നോ?"

"ടോം, ഞാൻ അദ്ദേഹത്തെപ്പറ്റിയല്ല വിചാരിച്ചതു". അതിനൊന്നും യാതൊരു പ്രയാസവും കാണുകയില്ലെന്നു ഞാൻ കരുതുന്നു. ഞാൻ ഇവിടെയുള്ള ഒരു വൈദികനെപ്പറ്റിയാണു" വിചാരിച്ചതു". ഒരുവേള ഫാ. സള്ളിവൻ....."

"ഓ." എന്നു പറഞ്ഞുകൊണ്ടു പെന്നി എണീറ്റു. അവന്റെ ശബ്ദത്തിൽ തീരുമാനവും ഇച്ഛാഭംഗവും സ"ഫരിച്ചു. "അങ്ങേയ്ക്കു" അതു സാദ്ധ്യമല്ലെങ്കിൽ, അക്കാര്യം ഉപേക്ഷിക്കാം."

"ടോം, ഞാൻ കോവിംഗ"ടനിലല്ലേ താമസിക്കുന്നതു". അതു" 80 മൈൽ അകലെയാണു"."

"ഓ, അതെനിക്കറിഞ്ഞുകൂടാ. അതുകൊള്ളാം. നമുക്കു" ആ കാര്യം മറന്നുകളയാം."

"ഛേ, വേണ്ട, ടോം. ഞാൻ ഫാ. സള്ളിവനെ കൊണ്ടുവരാം. അഥവാ....."

"അച്ചാ, അങ്ങേയ്ക്കു" അതു സാദ്ധ്യമല്ലെങ്കിൽ വേണ്ടാ. മറ്റാരും അതു ചെയ്യണമെന്നില്ല."

ഫാ. ജോർജ്ജ" കൈ നീട്ടിക്കൊടുത്തു. പെന്നി അതു ഞെരിച്ചു. "അതാണു നിന്റെ ഇഷ്ടമെങ്കിൽ ടോം, അതു ഞാൻ ചെയ്തുകൊള്ളാം. സ്ഥലത്തെ വികാരി അച്ചനെയും എന്റെ അധികാരിയേയും കണ്ടു" ഞാൻ ആ കാര്യം ശരിപ്പെടുത്തിക്കൊള്ളാം. അതു നിർവ്വഹിക്കുവാൻ എനിക്കു സന്തോഷമേയുള്ളു. അച്ചന്റെ കൈയ്യുള്ള പെന്നിയുടെ പിടിത്തം മുറുകിയതു" അദ്ദേഹത്തിനു മനസ്സിലായില്ല. അദ്ദേഹവും അതുപോലെതന്നെ പിടിത്തം മുറുക്കുവാൻ

ശ്രമിച്ചു. "ഇന്നു രാവിലെ ഞാൻ സി. ലോറൻസിയായും റോബർട്ട് ആനമായി സംസാരിച്ചു. അവരുടെ സന്ദർശനത്തെപ്പറ്റി അവർ എന്നോട് പറഞ്ഞു. ടോം, അവർ നിനക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ട്."

"അച്ഛാ, ഞാൻ സംശയിക്കുകയാണ്," അവൻ പറഞ്ഞു, "ഞാൻ സംശയിക്കുകയാണ്" അവർക്കു വീണ്ടും ഇവിടെ വരുവാൻ കഴിയുമോ എന്ന്."

"ഓ, അതു സാധിക്കുമെന്നാണ് ഞാൻ കരുതുന്നത്" ടോം. ഞാൻ അവരോട് പറയാം..... "

"അങ്ങു പറയുമോ? അവരുടെ പേരു എന്താണെന്നാണ് അങ്ങു പറഞ്ഞത്?"

"പ്രായംകൂടിയ ആൾ മേരി ലോറൻസിയാ, മറ്റേ ആൾ റോബർട്ട് ആൻ."

"ലോറൻസിയായും റോബർട്ട് ആനും" പെന്നി ആവർത്തിച്ചു.

"കൊള്ളാം ടോം. ഞാൻ പണ്ടേപോകേണ്ടതായിരുന്നു. ഞാൻ എന്റെ പള്ളിമുറിയിൽ എത്തിയാലുടൻ ഒന്നോ രണ്ടോ പുസ്തകങ്ങളും അയച്ചുതരാം. അടുത്ത ആഴ്ചയാകുമ്പോഴെന്നെ നിനക്കു പ്രതീക്ഷിക്കാം."

അവർ പിരിഞ്ഞു. ആ വൈദികന്റെ ഏത്തടത്തിൽനിന്നൊരു ഗീതിയാണ് പുറപ്പെട്ടത്. "ഓ ദൈവമേ, അങ്ങേ വഴികളും എത്ര ദുർഗ്രഹങ്ങളും." സെപ്റ്റമ്പർ 27-ാം രാത്രി തനിക്ക് അനാവശ്യപ്പെട്ട ഏതു് ആനന്ദത്തേയും വെല്ലുന്ന ആനന്ദാനുഭൂതിയോടെ പെന്നി തന്റെ അറയിലേക്കു പിന്തിരിഞ്ഞു.

അടുത്ത ദിവസം അടിയന്തിരമായി അയക്കപ്പെട്ട ഒരു കെട്ട് ജയിലിൽ വന്നു. വർദ്ധമാനമായ ജിജ്ഞാസയോടെ പെന്നി അതു തുറന്നു. തിരിച്ചയക്കേണ്ട മേൽവിലാസം അതിനേൽ ഉണ്ടായിരുന്നില്ല. എങ്കിലും തലവാചകം കണ്ടപ്പോൾ അവൻ ഊഹിച്ചു ഏവിടമാണ് ആ സമ്മാനത്തിന്റെ ഉല്പത്തിസ്ഥാനമെന്ന്. "ഹാ, സ്നിത്തു് ജാക്സനെ പഠിപ്പിക്കുന്നു" എന്നു പുറംചട്ടയിലുണ്ടായി

രുന്നു. കൂടാതെ വേർപെടുത്തപ്പെട്ട ഒരു താഠം കടലാസിൽ ഈ സന്ദേശവും. "നീ ജാക്സനായിരിക്കുക; ഞാൻ ഫാ. സ്മിത്തും. സർവ്വവിധ മംഗളങ്ങളും ദൈവത്തിന്റെ പ്രത്യേകാശിസ്സുകളും. ഫാ. ജോർജ്ജ്."

റോഡിലെ ഒരു വളവു തിരിഞ്ഞപ്പോഠം ഫാ. ഡൊണെല്ലി. രണ്ടാഴ്ചയ്ക്കുള്ളിൽ "കിഴക്കെ കറക്കുതെരുവിൽ" താൻ നടത്തിയ ഏ സന്ദർശനങ്ങളെപ്പറ്റി ഓടിച്ചോമ്മിക്കയും താൻ പെന്നിക്ക നൽകിയ അറിവിനു ഏതാണ്ടു സമമായ അറിവ് അവനിൽ നിന്നു തനിക്കു ലഭിച്ചെന്നു സമ്മതിക്കയും ചെയ്തു. പ്രഥമ സന്ദർശനത്തിൽ തന്നെ അദ്ദേഹത്തിനു ബോദ്ധ്യമായി ടോം സ്വയം പഠിക്കുന്നതിന്റെ പകുതി അദ്ദേഹം അവനെ പഠിപ്പിക്കുന്നില്ലെന്നു "ഫാ. സ്മിത്തു ജാക്സനെ പഠിപ്പിക്കുന്നതിന്റെറി ആദ്യഭാഗം തുറന്ന മനസ്സോടെ മാത്രമല്ല, അടച്ച മനസ്സോടെയും അവൻ വായിച്ചിരുന്നു. ചെസ്റ്റർട്ടൻ പറയുന്നതുപോലെ ഏതു തുറന്നമനസ്സും അടയണം. 'എന്തെങ്കിലും കട്ടിയായതും കാര്യമായതുമായതിന്മേൽ വായ്" എന്നപോലെ പെന്നിക്കു പലതും ചോദിക്കുവാനുണ്ടായിരുന്നു. അവൻ വായിക്കയും ചിന്തിക്കയും ചെയ്യുന്നു കാണിക്കുന്നതായിരുന്നു അവ. അവൻ ധാരാളം ഗ്രഹിച്ചിരുന്നതുകൊണ്ടു" അവനിപ്പോഠം വിശദീകരണത്തേക്കാഠംക്കൂടുതൽ ആവശ്യം വിപുലീകരണമായിരുന്നു.

സൃഷ്ടികർമ്മത്തെപ്പറ്റിയും മനുഷ്യനെ സൃഷ്ടിക്കുന്നതിലും പെന്നിയെ സൃഷ്ടിക്കുന്നതിലും ദൈവത്തിനുണ്ടായിരുന്ന ഉദ്ദേശത്തെപ്പറ്റിയും അവർ സംസാരിച്ച ദിവസം "ഇതെല്ലാം എത്ര രംഗിയായി യോജിക്കുന്നു!" എന്നാണു" അവൻ പറഞ്ഞതു". പ്രകൃതി നിയമത്തിന്റെ പ്രശ്നം വന്നപ്പോഠം ആ ജയിൽപുള്ളി പറഞ്ഞു. "അച്ചാ, മനസാക്ഷിയുടെ രബ്ബും നിഷേധിക്കുന്ന ഏതൊരുവനും എന്നേറതുപോലുള്ള കാതില്ല. ഞാൻ തെറ്റു ചെയ്യുപ്പോഴെല്ലാം ഞാനതു" അറിഞ്ഞു. എല്ലാവരും അങ്ങനെ അറിയുന്നുണ്ടെന്നാണു" എന്നെറവിശ്വാസം. എങ്കിലും നാം നമ്മെത്തന്നെ നീതികരിക്ക

ന്നു; നാം ഒഴിവുകഴിവു പറയുന്നു; നാം സമുദായത്തെ കുറ്റപ്പെടുത്തുന്നു." അനന്തരം പുരികം ചുളിപ്പിച്ചുകൊണ്ട് അവൻ തുടർന്നു: നമ്മുടെ അവകാശവാദത്തിൽ കുറെ സത്യമുണ്ട്. പൂർവ്വചരിത്രത്തോടുകൂടിയവനെങ്കിൽ അവൻ വലയത്തിനു വെളിയിൽ. എന്റെ കാര്യം എടുക്കുക. ഈ ഒടുവിലത്തെ കുഴപ്പത്തിനുമുമ്പ് കാറോടിക്കുവാനുള്ള 'ലൈസൻസ്' എടുക്കുവാൻ ഞാൻ ശ്രമിച്ചതാണ്. അതെനിക്കു നിഷേധിക്കപ്പെട്ടു. കാരണം എന്റെ വിരലടയാളം പോലീസിന്റെ കൈവശമുണ്ടായിരുന്നു. എനിക്ക് ആ ലൈസൻസ് ലഭിച്ചിരുന്നെങ്കിൽ അങ്ങ് ഇന്നിവിടെ ഇരിക്കേണ്ടിവരില്ലായിരുന്നു." അനന്തരം പെട്ടെന്നുള്ള ഒരു ചിരിയോടെ അവൻ ഉപസംഹരിച്ചു. "ഒരുവേള അതു് എനിക്കു നന്നല്ലായിരുന്നിരിക്കാം അച്ഛാ. എന്റെ ആത്മാവിനെ രക്ഷിക്കാൻ സാദ്ധ്യതയുണ്ടെന്നു് ഞാനിപ്പോൾ കരുതുന്നു; ഞാൻ വിശ്വസിക്കുന്നു. ഫാ. ജോർജ്ജ്. ഞാൻ വിശ്വസിക്കുന്നു. ഈ കത്തോലിക്കാവിശ്വാസികരണം എത്ര ലഘുവാണ്; അതേ സമയം അതു് എല്ലാം ഉൾക്കൊള്ളുന്നുമുണ്ട്. അതു തൃപ്തികരമാണ്. അതു് ഒന്നും വിട്ടുകളഞ്ഞിട്ടുമില്ല. പാപം ചെയ്യുവാനുള്ള എന്റെ പ്രവണതപോലും ....."

ടോമുമായുള്ള ഓരോ കൂടിക്കാഴ്ച്ചയ്ക്കുശേഷവും ഫാ. ജോർജ്ജ് സ്വയം ചോദിക്കാറുള്ള ചോദ്യം ഇപ്പോഴും—ലക്സിംഗ്ടണിലെ വാഹനഗതാഗതത്തിനിടയിലൂടെ വളഞ്ഞു തിരിഞ്ഞു പോയപ്പോഴും—അദ്ദേഹം ചോദിച്ചു. "ഇതു സമൃദ്ധമായ കൃപാവരം ലഭിക്കുന്നതിനു് ഈ മനുഷ്യൻ എന്താണു ചെയ്തതു്? അഥവാ ആരാണു് അവനിതു നേടികൊടുക്കുന്നതു? ഒരു പക്ഷേ അവന്റെ അമ്മയുടെ പ്രാർത്ഥനയായിരിക്കാം." അദ്ദേഹം പറയും അതു് ആ കന്യാസ്ത്രീകളുടെ മുഖേനയാണെന്നു്. ആ സന്യാസിനികളേയും അവനിലുള്ള അവരുടെ പ്രേക്ഷിത താല്പര്യത്തേയും അവന്റെ ഏറ്റവും വലിയ അനുഗ്രഹങ്ങളിൽ ഒന്നായി അദ്ദേഹം കരുതി.

സിസ്റ്റർ റോബർട്ട ആനിന്റെ ആദ്യസന്ദർശനം സംബന്ധി

ച്ച ചർച്ചയെപ്പറ്റി അദ്ദേഹം അനുസ്മരിച്ചപ്പോൾ അദ്ദേഹം പുഞ്ചിരിതൂകി ''ഹാ, അച്ചാ'' അവർ പറയുകയാണു", "ആ ആദ്യദിവസം താക്കോൽ തിരിക്കുന്ന ശബ്ദം കേട്ടപ്പോൾ എന്റെ ഹൃദയം തുടിച്ചു–ഒരു സന്ന്യാസിനി ഏകാകിനിയായി ഒരു കൊലയാളിയോടുകൂടി...."

"ഏകാകിനിയോ?, സിസ്റ്റർ മേരി ലോറൻസിയാക്കൂടെ ഇല്ലായിരുന്നോ?''

''ഉവ്വ", പക്ഷേ അവിടെ മൂന്നു കസേരമാത്രമേ ഉണ്ടായിരുന്നുള്ളൂ. സി. ലോറൻസിയാ വാതലിനടുത്ത കസേരയിൽ ഇരുന്നു. ടോം എനിക്കു" അഭിമുഖമായാണു" ഇരുന്നതു". തന്മൂലം അതു" എതാണ്ടു" അവനും ഞാനും തനിയെ ആ ജയിലറയിൽ ഇരിക്കുന്നതുപോലായിരുന്നു."

''ജയിലറയോ?''

"ഓ, സന്ദർശനമുറിയെന്നാണു" അവർ പറയുന്നതു". പക്ഷേ അതിന്റെ വാതലിനും ഇരുമ്പഴികളുണ്ടെന്നു മാത്രമല്ല എന്നെ അകത്താക്കി പൂട്ടുകയും ചെയ്തു. അതുകൊണ്ടു" എന്നെ സംബന്ധിച്ചിടത്തോളം അതൊരു ജയിലറതന്നെ എന്നാൽ ടോം സംസാരിക്കാൻ തുടങ്ങിയതോടെ ഞങ്ങൾ എവിടെയാണെന്നു ഞാൻ വിസ്മരിച്ചുപോയി. അച്ചാ, അവനു"ഒരു ശിശുവിന്റെ ഹൃദയമാണുള്ളതു".''

ഫെയിറഹു" കൊണ്ടു ജയിലിൽ നിന്നും, മൈലികൊലയാളികളിൽ നിന്നും, ഫാ. ജോർജു" അകന്നു നില്ക്കുന്നതാണു" കൂടുതൽ വിവേകമെന്നു" കരുതി ദിവസങ്ങൾകഴിഞ്ഞു" ടാഫിക്കു" വൈകിച്ചതിനായി അദ്ദേഹം വഴിയിൽ നിറുത്തിയ അവസരത്തിൽ അദ്ദേഹത്തെ അറിയിച്ച ഒരു മനുഷ്യനെപ്പറ്റി അമർഷത്തോടെ അദ്ദേഹം ഓർമ്മിച്ചു. അന്നത്തെപ്പോലെ ഇന്നും ആ വൈദികൻ പുരികം ചുളിച്ചു. "എന്തിനു" മനുഷ്യർ ഇങ്ങനെ തെറ്റിദ്ധരിക്കുന്നു?'' അദ്ദേഹം അത്ഭുതം കൂറി. ''ക്രിസ്തു വന്നതു പാപികൾക്കുവേണ്ടിയാണെന്നു" എന്തുകൊണ്ടു" അവർ വിസ്മരിക്കുന്നു?''

"അവിടന്നവരോടൊത്തു ഭക്ഷിച്ചെന്നും പാനംചെയ്തെന്നും, അവരിൽ രണ്ടുപേരുടെ മദ്ധ്യേ മലമേൽ മരിച്ചെന്നും. എന്നായിരിക്കും അവർ സ്മരിക്കുക?"

അദ്ദേഹം എത്രകണ്ടു അതേപ്പറ്റിചിന്തിച്ചുവോ, അത്രകണ്ടു അദ്ദേഹത്തിന്റെ ആശ്ചര്യവും കോപവും വർദ്ധിച്ചു. 'നിന്നെക്കാൾ ഭേദം ഞാൻ,' എന്ന ചിന്താഗതിക്കാരനായ ഒരു കോൺഗ്രസ്സുകാരൻ, മദ്യപാനംമൂലം വേച്ചുവേച്ചു നടന്ന ഒരു കുടിയനെ കുറ്റപ്പെടുത്തിയപ്പോൾ അബ്രാഹംലിങ്കൺ പറഞ്ഞ വാക്കുകളിലെ സത്യം ഈ സ്വയംതൃപ്തർക്കു എന്നു ബോദ്ധ്യമാകും? പ്രസിഡന്റു പറഞ്ഞതു", "ദൈവാനുഗ്രഹമല്ലായിരുന്നെങ്കിൽ ആ പോകുന്നതു" അബ്രാഹംലിങ്കനാണു" എന്നായിരുന്നു. "പണ്ഡിതോപാദ്ധ്യായന്റെ ഇത്രഉയർന്നപടിയിൽ ഈ പുരുഷന്മാർക്കും സ്ത്രീകൾക്കും ചെന്നു ചേരാമെങ്കിൽ എന്തുകൊണ്ടു് എനിക്കുപറ്റുകയില്ല?" എന്നവർ. അഗസ്റ്റിനോസിന്റെ ചോദ്യത്തിൽ അടങ്ങിയിരിക്കുന്ന വിജ്ഞാനസമ്പത്തു് പതിനായിരക്കണക്കിനു് ആളുകൾ മനസ്സിലാക്കാത്തതുപോലെ പ്രസിഡന്റിന്റെ ചൊല്ലിൽ അടങ്ങിയിരിക്കുന്ന വിജ്ഞാനസമ്പത്തു് ആ കോൺഗ്രസ്കാരനു് ഗ്രഹിക്കാൻ കഴിഞ്ഞില്ലെന്നു ഫാ: ജോർജ്ജിനു നിശ്ചയമുണ്ടായിരുന്നു. ഈ ആധുനികന്മാർ എപ്പോഴും .....ഫാ. ജോർജ്ജ് സ്വയം നിയന്ത്രിച്ചു. അദ്ദേഹത്തിനു വാസ്തവത്തിൽ കോപംവന്നു. എന്നാൽ ഒരു വൈദികവേഷധാരി ഒരിക്കലും കോപിക്കരുതല്ലോ. താൻ ടോംപെന്നിയെ സന്ദർശിക്കുന്നതുമൂലം കത്തോലിക്കസഭയുടെ സൽപ്പേരു നശിപ്പിക്കയായിരിക്കും ചെയ്യുന്നതു് എന്നു് തന്നോടുപറഞ്ഞ മനുഷ്യനെപ്പറ്റി ഓർമ്മിച്ചപ്പോൾ ഫാ. ഡൊണെല്ലി തലകുലുക്കുകയാണു് ചെയ്തതു്.

തന്റെ കാർ അടുത്തപാതിവഴിപ്പിലേക്കു് പായിച്ചു കയറ്റവേ, ആ വൈദികൻ ഉരുവിട്ടു. "ഹാ വിസ്മിതം! ഇവരൊക്കെ, 'സ്വർഗ്ഗത്തിലെ നായാട്ടുപാട്ടു' എന്ന പദ്യം വായിക്കുകയും മൈവം നമ്മെ പിടികൂടുന്നതിനു രാവും പകലും തുടരെ–ജയിലിലെ ഉള്ളുറയിൽ കടക്കേണ്ടിവന്നാലും–അനുധാവനം ചെയ്യുന്നുണ്ടെന്നു്

ഗ്രഹിക്കുകയും ചെയ്തിരുന്നെങ്കിൽ!"

അദ്ദേഹം കാറു പൂട്ടിയതോടെ മന്ദഹസിക്കുകയും ഇങ്ങനെ തന്നെത്താൻ വർത്തമാനം പറയുന്ന ആളുകൾ സെൻറ് ജോസഫ് ആശുപത്രിയിൽ അല്ല, മറെറാരാശുപത്രിയിൽ ചെന്നാണവസാനിക്കുന്നതെന്നു ഓർമ്മിക്കയുംചെയ്തു. അദ്ദേഹം കാറിൽനിന്നിറങ്ങുന്നതിനുമുമ്പുതന്നെ അദ്ദേഹം വന്നകാര്യം സിസ്റ്റേഴ്സ് മേരി ലോറൻസിയായും റോബർട്ട് ആദ്യം അറിഞ്ഞു. അതുകൊണ്ട് അദ്ദേഹം മുറിയിൽ പ്രവേശിച്ചു കോട്ടരിയതോട്ടുകൂടി അവർ അവിടെ കടന്നുവന്നതിൽ ആശ്ചര്യപ്പെടാനില്ല.

"അച്ഛാ, ടോം മരിക്കുമെന്നു" അവനിത്ര നിശ്ചയം വന്നതെങ്ങനെ?" സി. റോബർട്ട് ആനിൽനിന്നുവന്ന അല്പം ധിക്കാരപരമായ ചോദ്യം.

"സിസ്റ്ററിനെ ഒന്നു ധരിപ്പിക്കുക അസാദ്ധ്യം. അവർ വസ്തുതകളെ നേരിട്ടറിയുന്നില്ല."

"എങ്കിലും ഈ വക്കീലന്മാർ എന്തുപറയുന്നു?"

ഫാ. ജോർജ്ജ് തലകുലുക്കി. "അവരുമായി ഞാൻ സംസാരിച്ചില്ല, സിസ്റ്റർ. പക്ഷേ ടോം എന്നോടു പറഞ്ഞതിൽനിന്നു അവർക്കു വലിയ പ്രതീക്ഷയുള്ളതായി തോന്നുന്നില്ല."

"എങ്കിലും ടോമിന്റെ രോക്കിൽനിന്നുള്ള ഏകബുള്ളറ്റ് തറയിലാണല്ലോ കിടന്നതു"."

"അതെനിക്കറിയാം, സിസ്റ്റർ. അവനൊരു കൊലപാതകിയല്ലെന്നറിയുന്നതിൽ അവനു" അതിയായ സന്തോഷമുണ്ട്. അതു് അമ്മയെ അറിയിക്കുവാൻ കഴിയുമെന്നുള്ളതിൽ ഇരട്ടി സന്തോഷവുമുണ്ട്. ഇതിനിടയിൽ ഒരു കാര്യം. നിങ്ങൾ രണ്ടുപേരും അതള്ളയെ കാണാൻ പോയോ?"

"ഹാ, കൊള്ളാം." സി. മേരി ലോറൻസിയാ പറഞ്ഞു. "അവരെപ്രതി ഞാൻ ആശ്ചര്യപ്പെടുകയാണു" അവക്കീലന്മാർക്കു വല്ലതും ചെയ്യുവാൻ കഴിഞ്ഞെങ്കിൽ എന്നു"."

"വികാരം കൊണ്ടംപരിഭ്രമിച്ചിരിക്കയാണു", സിസ്റ്റർ." അ

ച്ചൻ വ്യസനപൂർവ്വം പറഞ്ഞു. "നിഷ്പക്ഷമായ വിചാരണക്കാരെ ലഭിക്കുക അസാദ്ധ്യമാകത്തക്കവിധം പത്രങ്ങൾ അതു വഷളാക്കി യിട്ടുണ്ട്.... ആ കമ്മീഷൻ മുഴിയമായിരുന്നു, സംശയമില്ല. അതാർക്കും നിഷേധിക്കാവുന്നതല്ല.... ടോമിനു് ഒരു രക്ഷയുമില്ലെന്നാണു് എന്റെ ഭയം..."

"നമുക്കു ചെയ്യാവുന്നതു് എന്തെങ്കിലുമില്ലയോ എന്നാണു് എന്റെ സംശയം."

"ഞാൻ ആലോചിക്കയാണു്, സിസ്റ്റേഴ്സ്" ഫാ. ജോർജ്ജ് ആലോചനാപൂർവ്വം പറഞ്ഞു. "പക്ഷേ, അതെന്നെ അലട്ടാറില്ല. ഈ കാര്യം മുഴുവനിലും ദൈവത്തിനുതന്നെ ദൃശ്യമായിരിക്കയാൽ എല്ലാം ഭംഗിയായി പര്യവസാനിക്കുമെന്നു എനിക്കുറപ്പുണ്ടു്. നമ്മളിൽ ഓരോരുത്തരും ഇതുമായിട്ടു ബന്ധപ്പെട്ടതു എങ്ങനെയെന്നു കാണുക. ഞാൻ മതസേമാനിൽനിന്നു ലക്ഷ്മിംഗ്ടനിലൂടെ തിരിച്ചുപോകേണ്ട ഒരാവശ്യവുമില്ലായിരുന്നു. ഒരുവിധത്തിൽ പറഞ്ഞാൽ സി. ലോറൻസിയായുടെ സഹോദരിക്കു സുഖമില്ലാതിരുന്നപ്പോൾ, സിസ്റ്റർ സെൻറ് ജോസഫ്സ് ആശുപത്രിയിൽ വരേണ്ട ആവശ്യമുണ്ടായിരുന്നില്ല. സിസ്റ്റർ ഒരു സ്കൂൾ അദ്ധ്യാപികയല്ലേ? സിസ്റ്റർ റോബർട്ട്ആൻ നേഴ്സിന്റെ ഉപദേശ്യാവാണു്. അല്ലാതെ നേഴ്സല്ലല്ലോ. എങ്കിലും ഓസ്റ്റിൻ വന്നപ്പോൾ നിങ്ങൾ രണ്ടുപേരും മിസ്സസ് പ്രൈസിന്റെ മുറിയിലുണ്ടായിരുന്നു. വിദൂരസ്ഥമായ സിറിയിൽനിന്നു ദൈവം ജാക്കിറിഗനെ കൊണ്ടുവന്നതു് മാമ്മിക്കുക. ഇതെല്ലാം ആ കടംകഥയുടെ ഭാഗങ്ങളാണു്. ആ ചിത്രം പൂർത്തിയാക്കുന്നതിനു് ഓരോന്നും യോജിക്കുന്നുണ്ടു്. ദൈവത്തിന്റെ ചതുരംഗപ്പലകയിലെ കരുക്കൾപോലെയാണു് നമ്മളോരോരുത്തരും. അഥവാ അവിടത്തെ തൂക്കയ്യിലെ ചരടുവലിക്കൊപ്പിച്ചു ചലിക്കുന്ന പാവകൾ പോലെ. ഇതു് വിസ്മയാവഹം. അതുകൊണ്ടാണു് ഞാൻ അതെപ്പറ്റി അവഗാഢം ആലോചിക്കുന്നുണ്ടെങ്കിലും എനിക്കു് ആകുലതയില്ലാത്തതു്. എന്തിനു്", ടോം ഉന്നയിക്കുന്ന ചോദ്യങ്ങളും എന്റെ തലയിൽനിന്നു വരുന്ന

മരപടികൾപോലും ഉന്നതങ്ങളിൽനിന്നു വരുന്നവയാണെന്നു തോന്നുന്നു. മിക്കവരും ആദ്യമാസത്തെ പഠിത്തംകൊണ്ടു പുരോഗമിക്കുന്നതിനേക്കാൾ ബഹുദൂരം അരഡസൻ ഉപദേശം കൊണ്ടു് അവൻ പുരോഗമിച്ചു. ഈ വസ്തുതയാണു് ഭൂമിയിലെ അവന്റെ ജീവിതം ക്ലേശമെന്നു വിശ്വസിക്കാൻ എന്നെ പ്രേരിപ്പിക്കുന്നതു്."

"പക്ഷെ കേട്ടോ അച്ഛാ", സി. മേരി ലോറൻസിയെ സാവധാനം പറഞ്ഞു: "ടോം സർക്കാർ തെളിവു് എടുത്തിട്ടുണ്ടു്. അവനു വൈദ്യുതകസേരയ്ക്കു പകരം ജീവപര്യന്തം ലഭിക്കുവാൻ സാദ്ധ്യതയില്ലേ?"

ഫാ. ജോർജ്ജിന്റെ കണ്ണുകൾ പകുതി അടഞ്ഞു: "അക്കാര്യം സിസ്റ്ററിന്റെ ആ സഹോദരീത്തൊവിനോടു് എപ്പോഴെങ്കിലും പറഞ്ഞുവോ?" സിസ്റ്റർ തലകുലുക്കി. "സിസ്റ്റർ, മരപടി പറയാവുന്ന ഏകമനുഷ്യൻ ഓസ്റ്റിനാണു്. അതെപ്പറ്റി ഞാനും ചിന്തിച്ചു. അതു് അവനോടു് പറയുകയും അവന്റെ അമ്മയെ സന്തോഷിപ്പിക്കുന്നതിനു് അവനെക്കൊണ്ടു് അതുപയോഗിപ്പിക്കുവാൻ ഞാൻ ശ്രമിക്കയും ചെയ്തു. അവന്റെ മരപടി ഇതായിരുന്നു—'എന്നെ വഞ്ചിക്കുവാൻ ഞാനാളേശിക്കുന്നില്ല; എന്റെ അമ്മയെയും ഞാൻ വഞ്ചിക്കയില്ല. ടക്സാസിൽവച്ചു ചീഫ് എന്നോടു പറഞ്ഞു അദ്ദേഹത്തെക്കൊണ്ടു് ഒന്നും ചെയ്യാൻ സാധിക്കയില്ലെന്നു്. മെഴുപ്പിനും ഫാരിഗനും മറേറപ്പുള്ളിയും—ഗ്രേവിറനും—അതുതന്നെ ഇവിടെവച്ചു പറഞ്ഞു. ആകയാൽ സർക്കാരിൽനിന്നു ഞാനൊന്നും പ്രതീക്ഷിക്കുന്നില്ല. അതുകൊണ്ടു് യഥാർത്ഥമാനവും ഞാൻ പോകുക തന്നെയാണു്.'

"എന്തുകൊണ്ടു്?" സി. ലോറൻസിയെ കയറിച്ചോദിച്ചു.

"അതേ ചോദ്യം ഞാൻ അവനോടു ചോദിച്ചതാണു്", സിസ്റ്റർ. അവന്റെ മരപടി ഉപേക്ഷിക്കാൻ കഴിയുമോ?"

"കഴിയും" സന്തോഷസമേതം സി. റോബർട്ടു് ഏൻ പറഞ്ഞു." ദൈവത്തെ പ്രസാദിപ്പിക്കുക എന്നു പറഞ്ഞാൽ എന്താ

ണെന്നു് അവനിപ്പോൾ അറിയാം."

"ഏകദേശം അടുത്തുവന്നു, സിസ്റ്റർ. ഇനി ഒരിക്കലും ദൈവത്തെ ദ്രോഹിക്കയില്ലെന്നും ഇപ്പോൾതന്നെ അവന്റെ മനഃസാക്ഷിയെ ഓരപ്പെട്ടുത്തുവാൻ വേണ്ടതു ഉള്ളതുകൊണ്ടു് തമാശിനു വേണ്ടിയുള്ള ഒരു കൊച്ചു കള്ളംപോലും പറകയില്ലെന്നും അവൻ പറഞ്ഞു".

"ഒരാത്മാവിന്റെ വളർച്ചയെ നിരീക്ഷിച്ചുകൊണ്ടിരിക്കുക അത്ഭുതാവഹമായ ഒരനുഭവമാണു്. അതു കണ്ടുനില്ക്കുക ആശ്ചര്യകരമല്ലെ!"

"നമ്മെ വളരെ ലജ്ജിപ്പിക്കുന്നതും. ടോംപെന്നി വേദോപദേശം പഠിക്കുന്നതേയുള്ള. അവൻ ഇനിയും ഒരു കത്തോലിക്കനായിട്ടില്ല. എത്ര കത്തോലിക്കർ, എത്ര വൈദികന്മാർ, എത്ര കന്യാസ്ത്രീകളുണ്ടു് അവനെപ്പോലെ പുണ്യപൂർണ്ണതയ്ക്കായി പരിശ്രമിക്കുന്നവരായിട്ടു?"

സി. മേരി ലോറൻസിയാ മെല്ലെ മന്ദഹസിച്ചു. "അങ്ങനെയെപ്പോലെ എല്ലായിപ്പോഴും പുണ്യപൂർണ്ണതയ്ക്കു് പരിശ്രമിക്കുന്നതിനെപ്പറ്റി സംസാരിക്കുക! എന്നാലും ആ സർക്കർ മേശത്തെ അഭിപ്രായം എന്താണെന്നു് ചിലപ്പോൾ അങ്ങു സംസാരിക്കുമോ?"

"അതു ചെയ്യുവാൻ ഞാനാഗ്രഹിക്കുന്നുണ്ടു്", സിസ്റ്റർ. പക്ഷെ അതു് വളരെ സൂക്ഷിച്ചു ചെയ്യേണ്ട കാര്യമാണു്. ഈ പട്ടണം, ആൻസേഴ്സനും ബാക്സ്റ്ററിനും പെന്നിക്കും എതിരായി കോപവെറി പൂണ്ടിരിക്കയാണു്. തന്മൂലം 'ഏറ്റം വലിയ കുറ്റത്തിനു് ഏറ്റം വലിയ ശിക്ഷ' എന്നതിന്റെ പൂർണ്ണമായ സാക്ഷാത്കരണം നാം കാണുവാൻ പോകുകയാണെന്നാണു് എനിക്കു തീർച്ചയായും തോന്നുന്നതു്."

"അതിന്റെ അർത്ഥം എന്താണാവോ?" സി. റോബർട്ട് ആരാഞ്ഞു.

"സിസ്റ്റർ, അതിന്റെ അർത്ഥം നിയമം അതിന്റെ കാർക്ക

ശ്രം മുഴുവനോടെ നടത്തപ്പെട്ടുമെന്നാണു്. ബാക്ക്സ്റ്റർ, കേട്ടോ സിസ്റ്റർ, ക്ലബ്ബിൽ ഇല്ലായിരുന്നു. ടോമിന്റെ തോക്കിൽനിന്നു വെടിപൊട്ടി. എങ്കിലും ബുള്ളറ്റു് ആരെയും കൊന്നില്ല. എന്നാലും മിക്കവാറും മൂന്നുപേരും കൊലയ്ക്കു വിധിക്കപ്പെട്ടും; ഒരുവൻ യഥാർത്ഥത്തിലുള്ള കൊലകുറ്റക്കാരും മറ്റുരണ്ടുപേർ അതിനു കൂട്ടുനിന്നതിനും. അതാണു നിയമം....”

“എങ്കിലും ശിക്ഷ നിശ്ചയിക്കുന്നതിനു് സർക്കാർഭാഗത്തിനു് ഒരു വാക്കില്ലെ?”

“സാധാരണമായി ഉണ്ടു് സിസ്റ്റർ. എന്നാൽ ഞാൻ പറഞ്ഞതുപോലെ ഇപ്പോഴും വികാരം അതിരൂക്ഷമായിരിക്കയാണു്. ടോമിനു് അതറിയാം. അവൻ തുടരെ പറയുന്നു. ‘മിക്കവാറും എന്നെ കരിക്കും’ എന്നു്.”

“അങ്ങനെ വരാതിരിക്കുന്നതിനു ഞാൻ പ്രാർത്ഥിക്കാൻ പോകയാണു്.” എന്നായിരുന്നു സി. റോബർട്ട അനിന്റെ സുദൃഢവും ഏതാണ്ടു കൃസലില്ലാത്തതുമായ മറുപടി.

“സിസ്റ്റർ, ഞങ്ങളും കൂടെയുണ്ടായിരിക്കും.” ഫാ. ജോർജ്ജ് ശാന്തമായി പറഞ്ഞു.

“അതിനിടയ്ക്കു് അങ്ങു് മേധാവിയെകണ്ടു സംസാരിക്കണം”

“ഞാൻ ചെയ്യാം, സിസ്റ്റർ. പക്ഷെ സിസ്റ്ററിനു് അറിയാമല്ലോ എന്റെ അടിയന്തിരശ്രദ്ധ പെന്നിയെ ജ്ഞാനസ്നാനം വഴി ജനിപ്പിക്കുന്നതിലാണു്. അല്ലാതെ, വൈദ്യുതകസേരവഴി മരിപ്പിക്കുന്നതിലൊ അഥവാ ജീവപര്യന്തതടവു സമ്പാദിച്ചു കൊടുന്നതിലോ അല്ലെന്നു.”

“എന്നാൽ വല്ലതും ലഘുഭക്ഷണത്തിനും സമയമായില്ലേ?”

ആ രണ്ടു സന്ന്യാസിനികളും ചിരിച്ചു. “അതെപ്പറ്റി അസ്വസ്ഥനാക്കണ്ടാ. അച്ചന്മാരുടെ ഭക്ഷണമുറിയിൽ അങ്ങേയ്ക്കുള്ളതു് തയാറാക്കിയിട്ടുണ്ടു്. ഞങ്ങൾ കാറിൽനിന്നിറങ്ങുന്നതിനു മുമ്പുതന്നെ ഞങ്ങൾ അങ്ങയെ കണ്ടു.

“നിങ്ങൾ, കന്യാസ്ത്രീകൾ നിങ്ങളുടെ സാങ്കേതികജ്ഞാനം

അപസർപ്പകരെ പഠിപ്പിക്കേണ്ടതാണു". നിങ്ങളുടെ കണ്ണിൽ പെടാത്തതൊന്നുമില്ല."

അദ്ധ്യായം 4.

പുനർജന്മത്തിലേക്കു് വിധിക്കപ്പെട്ടു

ഉച്ചക്ഷണം കഴിഞ്ഞു ചില രോഗികളെ സന്ദർശിച്ചശേഷം ഫാ: ഡൊനെല്ലി തന്റെ കാറിന്റെ അടുക്കലേക്കു തിരിച്ചു വന്നു. അതു തിരിച്ചു വഴിയിലിറക്കി ഫെയിറഓ"കൊണ്ടിജയിലിനെ ലക്ഷ്യമാക്കി ഓടിച്ചു. യുജവിരാമദിനം ആഘോഷിക്കുന്നതിനുള്ള ഒരുക്കങ്ങൾ പ്രധാന തെരുവുകളിൽ കണ്ടപ്പോൾ അദ്ദേഹം വിചാരിച്ചു ലോകത്തിന്റെ അധികഭാഗവും യുദ്ധത്തിലാണ്ടിരിക്കെ ഇങ്ങനെയൊരു ദിനം ആഘോഷിക്കുന്നതു പാതകമല്ലെയെന്നു". എങ്കിലും പെട്ടെന്നു" അദ്ദേഹം ഭൂജങ്ങൾ ഇളക്കുകയും എല്ലാഭാഗത്തുനിന്നും മരണം ഇരച്ചുകയറുമ്പോൾപ്പോലും ജീവിതത്തിനെ അഭിമുഖീകരിക്കുവാൻ മനുഷ്യനെ കഴിവുള്ളവനാക്കിത്തീർക്കുന്ന ഉന്മേഷം ആർജ്ജിക്കുകയും ചെയ്തു. കാർ പൂട്ടി പുറത്തിറങ്ങിയപ്പോഴേയ്ക്കും അദ്ദേഹം പഴയ ആത്മനായിത്തീർന്നു. അദ്ദേഹം തിരിഞ്ഞു" ആ പഴയ കെട്ടിടത്തിന്റെ ഒരു ഡസൻ കൽപ്പടികൾ ചവുട്ടി പിന്നിലാക്കി.

ജയിലർ അയാളുടെ മുറിയിലുണ്ടായിരുന്നു. അയാൾ ആത്മാത്മാർത്ഥമായി അച്ചനെ അഭിവാദനം ചെയ്തു. "അച്ചനു പെന്നിയെ അയിരിക്കാം കാണേണ്ടതെന്നു ഞാനുഹിക്കുന്നു; അല്ലേ, അച്ചാ? കൊള്ളാം സന്ദർശകർക്കുള്ള മുറിയിലേക്കു വരാമല്ലോ. ഒരുമിനിറ്റിനകം ഞാൻ അവനെ താഴത്തെത്തിക്കാം." അയക്കാം."

"ഒരു ശല്യമായിത്തീർന്നതിൽ ഖേദമുണ്ടു", മി. വിൻ. വിരോധമില്ലെങ്കിൽ ടോമിന്റെ സെല്ലിൽവച്ചു സംസാരിക്കാൻ ഞാൻ തയ്യാറാണു". പക്ഷേ....."

"ഒരു ശല്യവുമില്ലച്ചാ. അങ്ങു" അവനു" ഉപദേശം നൽകുകയാ

ണ്ട്"; അല്ലേ അച്ചാ? സന്ദർശനമുറിയാണ്" അതിനു പറഞ്ഞ സ്ഥലം. മുകളിൽ വളരെയേറെ കണ്ണുകളും കാതുകളും നാവുകളുമുണ്ട്. ബാക്ക്ഗ്രൗണ്ടും ആൻഡേഴ്സനും ഇപ്പോൾ മുകളിലുണ്ട്; അറിഞ്ഞോ?"

"എന്നു കേട്ടു. ഒരു ദിവസം എന്നെ പരിചയപ്പെട്ടത്താമെന്നു ടോം ഏറ്റിട്ടുണ്ട്."

ഒരു കാവൽക്കാരനാൽ അനുഗതനായി പെന്നി വേഗം പ്രത്യക്ഷപ്പെട്ടു. ആ ജയിലറോട് ആംഗ്യം കാണിച്ചു "ഉപകാരം, മി. വീൻ". അനന്തരം, അവരെ അകത്താക്കി പൂട്ടിയ കാവൽക്കാരനോട് "ഉപകാരം റോജർ" എന്നു അവൻ പറഞ്ഞു. മിന്നൽ വേഗത്തിൽ അവൻ അച്ചന്റെ നേരെ തിരിഞ്ഞു അദ്ദേഹത്തിന്റെ കൈയ്യുപിടിച്ചുകൊണ്ട് പറഞ്ഞു. "ഫാ. ജോർജ്ജ്, എനിക്കൊരു നൂറു ചോദ്യങ്ങൾ അങ്ങയോട് ചോദിക്കുവാനുണ്ട്. അങ്ങു തന്ന പ്രാർത്ഥനകളെല്ലാം ഞാൻ പഠിച്ചു. 'ആകാശങ്ങളിലിരിക്കുന്ന' 'നന്മനിറഞ്ഞ മറിയം' "വിശ്വസിക്കുന്നേൻ" വിശ്വാസത്തിന്റെയും ശരണത്തിന്റെയും ഉപവിയുടെയും ഉത്തമമനസ്താപത്തിന്റെയും പ്രകരണങ്ങൾ, ഇവയെല്ലാം എനിക്കറിയാം. ഞാൻ സ്വന്തമായി ഒരു കൃതജ്ഞതാപ്രകരണം ഉണ്ടാക്കിയിട്ടുണ്ട്. ഇവയൊക്കെ ദിവസേന ഒരു നൂറുപ്രാവശ്യം ഞാൻ ചൊല്ലുന്നുണ്ട്. നമുക്കു ഇനി നമ്മുടെ മറ്റേക്കാര്യത്തിലേക്കു കടക്കാം, എന്താ?"

"നീ ഇന്നൊരു വെമ്പലിലാണല്ലോ, ടോം. എന്താണ്, നിന്റെ തലയ്ക്കുള്ളിൽ?"

"വിശ്വാസപ്രമാണത്തിലെ ആ അടുത്ത വകുപ്പാണല്ലോ അച്ചാ, ഞാൻ പഠിക്കണമെന്നു അങ്ങു ആവശ്യപ്പെട്ടിരുന്നതു. "അവിടെനിന്നു ഉയിർത്തവരേയും മരിച്ചവരേയും വിധിപ്പാൻ അവിടുന്നു വരും..."

"കൊള്ളാം. അതിനെന്താ?"

"അവിടുന്നു' എന്നു നാം ഇവിടെ പറയുമ്പോൾ നാം ഇയ്യോയെപ്പറ്റിയാണല്ലോ സംസാരിക്കുന്നതു"; അല്ലേ?"

"ശരിയാണ്"

"അപ്പോൾ അവിടുന്ന നമ്മുടെ വിധികർത്താവായിരിക്കുമെന്നതു സത്യമോ?"

"അതെ"

"ഞാനെല്ലാം ശരിയായിട്ടാണോ ഗ്രഹിച്ചിരിക്കുന്നതെന്നു നോക്കിക്കൊള്ളു. മിസ്റ്റർ മൂസ് എന്ന നല്ലകള്ളനു പാപമോചനം നൽകുയും അന്നുതന്നെ അവനു പാദിസാ വാങ്ങാനം ചെയ്യുയും ചെയ്ത ഈശോമിശിഹായാണ് എന്നെ വിധിക്കുവാൻ വരുന്ന ദൈവം."

"ടോം, അവിടുന്നാണ് നിന്റെയും മറ്റെല്ലാമനുഷ്യരുടെയും വിധിയാളൻ"

പെന്നി കസേരയിൽനിന്നു് എഴുന്നേറ്റു് മുറിയിലൂടെ മന്ദം മന്ദം നടന്നുകൊണ്ടു് പൊടുപൊടുത്തു: "അതു് അവിശ്വസനീയമാംവിധം മനോഹരമാണ്."

"നീ എന്താണ് ഉദ്ദേശിക്കുന്നതു് ടോം?" അച്ചൻ ശാന്തമായും സൗമ്യമായും ചോദിച്ചു.

ടോം തിരിഞ്ഞു്, മഹാവിജയത്തിന്റെ പ്രകടനം കണക്കേ ഇരുകരങ്ങളും നീട്ടിക്കൊണ്ടു പറഞ്ഞു. "അതു മുഷ്കെപ്പിടിക്കേണ്ട കാര്യമാണ്. ഒരു കൊച്ചുനെ ഉയർപ്പിക്കയും അവന്റെ വിധവയായ മാതാവിനു് കൊടുക്കയും ചെയ്യുന്നു് അങ്ങു പറഞ്ഞ ഈശോ, വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ കല്ലെറിഞ്ഞുകൊല്ലുവാൻ യൂദന്മാരെ അനുവദിക്കാതിരുന്ന ഈശോ, ആ തെരുവു വിലാസിനിയെ രക്ഷിച്ച ഈശോ—അവളുടെ പേരെന്താണ്?"

"മറിയം മഗ്ദലേനയോ?"

അതെ, അവൾതന്നെ. വിരുന്നിൽവച്ചു കുബുദ്ധികളുടെ കൂട്ടത്തിൽ നിന്നു് അവളെ സംരക്ഷിക്കയും അവൾക്കുവേണ്ടി നീതിന്യായവാദം നടത്തുകയും ചെയ്ത ഈശോ, അങ്ങു് ഓർമ്മിക്കുന്നുണ്ടോ?"

"ഉവ്വ്."

"ആ ഈശോയാണ് എന്നെ വിധിക്കുവാൻ പോകുന്നതു്."

അതെ, അച്ചാ, ഞാനിപ്പോൾ മരിക്കുവാൻ സന്നദ്ധനാണു്. കേട്ടോ വിളംബംവിനാ ഞാൻ വിസ്തരിക്കപ്പെടാൻ പോകയാണു്. എന്നെ അശേഷം പരിചയമില്ലാത്ത ഒരു മനുഷ്യന്റെ മുമ്പിൽ ഞാൻ നില്ക്കേണ്ടിവരും. അവിടെ വക്കീലന്മാരുണ്ടായിരിക്കും. ക്രമ്മബദ്ധികൾ: അവർ സമർത്ഥമായ ചോദ്യങ്ങൾകൊണ്ടു് എന്നെ കറക്കും. എന്നിട്ട കറുത്തതു വെളുത്തതായും വെളുത്തതു കറുത്തതായും കാണപ്പെടുന്നതുവരെ അവർ എന്റെ മറുപടികൾ മറിക്കയും തിരിക്കയും ചെയ്യും. അവിടെ "നല്ലവരും സത്യവാന്മാരു" മായി 12 പേർഉണ്ടായിരിക്കും. ഇല്ലേ? എന്നെ ഒരു പരിചയവുമില്ലാത്ത ആ പന്ത്രണ്ടുപേർ, ചില വക്കീലന്മാരുടെ അധരങ്ങളിൽനിന്നു ദംഗമിക്കുന്ന ഒരുപിടി ആരോപണങ്ങളും, രാഷ്ട്രീയനിലപാടിൽ കണ്ണുറപ്പിക്കയും ജനഹിതത്തിന്മേൽ വിരലൂന്നുകയുംചെയ്യിരിക്കുന്ന പ്രോസിക്യൂട്ടർമാരുടെ വാചാലതയും അവർ ശ്രദ്ധിക്കേണ്ടിവരും. അവർ എന്റെ മേൽ വിധി പ്രസ്താവിക്കും. അച്ചാ, അവർ എന്നെ വൈദ്യുതക്കസേരയിലേക്കു് അയക്കും. അവർ എന്റെ ജീവൻ എടുത്തുകളയും. എന്തിനുവേണ്ടി? ഞാൻ ചെയ്യാത്ത ഒരു പാതകത്തിനുവേണ്ടി"

"പക്ഷേ, ടോം....."

"ഓ, എനിക്കറിയാം, എനിക്കറിയാം. ധാർമ്മികമായി ഞാൻ കുറ്റക്കാരനാണെന്ന നിയമം അനുശാസിക്കുന്നു. ഞാൻ അതേപ്പറ്റി എന്റെ വക്കീലന്മാരുമായി ചർച്ച നടത്തി. കുറ്റപത്രം ഏതുവിധമിരിക്കുമെന്നും കേസ്"വിസ്താരത്തിന്റെ പോക്കു" എങ്ങനെയായിരിക്കുമെന്നും എനിക്കറിയാം. പക്ഷേ എന്റെ അന്തിമവിധികർത്താവായി ഈശ്വരനിലഭയെ ലഭിക്കുമെന്നതിൽ ഞാൻ എന്തുകൊണ്ടു് ആനന്ദിക്കുന്നുവെന്നു് അങ്ങു കാണുന്നില്ലയോ അച്ചാ? അവിടത്തേയ്ക്കു സമസ്തവും അറിയാം. അവിടുന്നു ദൈവമാണെന്നു് അങ്ങു പറഞ്ഞുവല്ലോ. ഞാൻ അങ്ങയെ വിശ്വസിക്കുന്നു. ഞാൻ ഈശ്വരനേയും വിശ്വസിക്കുന്നു. അവിടുന്നു് എന്റെ വിധികർത്താവു് ആയിരിക്കുമെന്നറിയുന്നതിൽ ഞാൻ സന്തോഷി

ക്കുന്നു.''

ഫാ. ഡൊനെല്ലിയുടെ അധരങ്ങൾ മന്ദമായ പുഞ്ചിരികൊണ്ടു വികസിതമായി. എങ്കിലും അദ്ദേഹത്തിന്റെ ഹൃദയം മഥിച്ചുകൊണ്ടിരുന്നു. രണ്ടു കസേരകളും, ഇരുമ്പഴികളുള്ള ഒരു വാതിലും മാത്രമുള്ള ആ ജയിലറയിൽ ദൈവകൃപയുടെ സ്പന്ദനം അനുഭവപ്പെട്ടതുപോലെ അദ്ദേഹത്തിനു തോന്നി. ടോംപെന്നിയെ ആദ്യം കണ്ടനാൾ തുടങ്ങി ഒരു നൂറാമത്തെ പ്രാവശ്യമാണു് തന്റെ അന്തരംഗത്തിൽ ഇങ്ങനെ പറയുന്നതു് "ഓ, ദൈവമേ അങ്ങെ വഴികൾ എത്ര വിസ്മയാവഹങ്ങൾ." എങ്കിലും ആരുടെ ഉന്മേഷവും സന്തോഷവും കട്ടത്ത അസ്ഥിക്കൂടമായ നിജമുഖത്തെ സൗന്ദര്യസാധനമായി രൂപാന്തരപ്പെടുത്തിയോ ആ രഹിളങ്ങുന്ന നയനങ്ങളോടുകൂടിയ ജയിൽപ്പുള്ളിയോടു് അദ്ദേഹം പറഞ്ഞു: "ടോം, നിനക്കതു കിട്ടിക്കഴിഞ്ഞു. ശരിയായ വീക്ഷണകോണിൽനിന്നു നിനക്കു് ആ സത്യം സിദ്ധിച്ചിരിക്കുന്നു. എന്നാൽ നാനാവശത്തുനിന്നും നീ അതു് വീക്ഷിച്ചുവോ എന്നു ഞാൻ സംശയിക്കുന്നു. നിന്നെ വിധിക്കുവാനുള്ള ഇഷ്ടശ്ലോകം് എല്ലാം അറിയാം. നാം ജനിച്ച വിനാഴിക മുതൽ, നാം ചിന്തിക്കുവാനും പ്രവർത്തിക്കുവാനും തുടങ്ങിയ നാൾ മുതൽ, നാം ആദ്യമായി വഴിതെറ്റി അധഃപതിച്ച മണിക്കൂർ മുതൽഏറ്റവും ഒടുവിലത്തെ പാപംവരെയുള്ള നമ്മുടെ ഓരോ വിചാരവും വചനവും പ്രവൃത്തിയും അവിടുന്നറിയുന്നു."

''ഫാ. ജോർജ്ജ്", അങ്ങെനിക്കു നല്ല വക്കീലാകാൻ പറ്റിയ ആളാണു്". അതെ, ഞാൻ അതേപ്പറ്റിയെല്ലാം ചിന്തിച്ചു. ആ വീക്ഷണകോണമാണു് എനിക്കു പ്രത്യാശ പ്രദാനം ചെയ്യുന്നതു്". ഞങ്ങൾ ഗ്രാമീണക്ലബ്ബിലായിരുന്ന രാത്രിയിൽ ഈശോ എന്റെ മനസ്സിലേക്കു നോക്കിയാൽ എന്നതുപോലാണതു കേട്ടോ, അച്ചാ. എത്ര അധികമെന്നും എത്ര കുറച്ചെന്നും അവിടത്തേയ്ക്കറിയാം— ആ മനസ്സിൽ കൊലപാതകം അശേഷമില്ലായിരുന്നെന്നു് അവിടുന്നു നന്നായി അറിയുന്നു.'

"എങ്കിലും, ടോം, ഹൃദയംകൊണ്ടു നീ കൊലപാതകത്തോടു്

അടുത്തിരുന്ന ദിവസങ്ങൾ ഉണ്ടായിരുന്നില്ലേ? എന്തായാലും ക്ലബ്ബ് കത്തിക്കയറുവാൻ നീ ഉദ്ദേശിച്ചിരുന്നുവല്ലോ. മാത്രമല്ല, വാസ്തവത്തിൽ ആ ഉദ്ദേശം നീ പ്രയോഗത്തിൽ വരുത്തുകയും ചെയ്തു.''

"ശരിയാണു്. ഞാനതു ചെയ്തു. അച്ഛാ ശ്രദ്ധിക്കു. എന്നെ തെറ്റിദ്ധരിക്കരുതു്. ഞാൻ അങ്ങയെ തെറ്റിദ്ധരിക്കാൻ അനുവദിക്കയുമരുതു്. ഈ ദിസ്മാസ് എന്നവൻ, ക്രിസ്തുവിന്റെ പാർശ്വത്തിൽ കിടന്ന മരിച്ച ഈ കള്ളൻ, സാമാന്യം ദുഷിച്ചവനായിരുന്നെന്നു് അങ്ങു് എന്നോടു പറഞ്ഞില്ലയോ?"

"ടോം, നമ്മുടെ അറിവു വച്ചു നോക്കിയാൽ അവൻ അങ്ങനെയുള്ളവനായിരുന്നിരിക്കണം. റോമാക്കാർ അവനെ കൊല്ലുകയായിരുന്നല്ലോ. മാത്രമല്ല, ആ ശിക്ഷ താൻ അർഹിക്കുന്നതാണെന്നു് അവൻ കുരിശിൽ കിടന്നു സമ്മതിക്കയും ചെയ്തു."

"അപ്പോൾ അവൻ മരണാർഹമായ പാതകം ചെയ്തിരുന്നു."

"എന്നു ഞാൻ ധരിക്കുന്നു"

"അപ്പോൾ, എന്തുകൊണ്ടാണു് ഞാനിതു ഉന്മേഷവാനായിരിക്കുന്നതെന്നു് അങ്ങു കാണുന്നില്ലേ? ഈശോ എന്താണു് അവനോടു പറഞ്ഞതു്?"

"നീ എന്താണു് ഉദ്ദേശിക്കുന്നതു്?"

"ഇന്നു് നീ എന്നോടുകൂടി പറദീസായിലായിരിക്കും.' ഹാ, അച്ഛാ, അങ്ങു് ഈശോയെപ്പറ്റി എന്നോടു പറഞ്ഞതെല്ലാം ശരിയാണെങ്കിൽ, ഞാൻ വായിച്ചതെല്ലാം വാസ്തവമാണെങ്കിൽ, എന്റെ കാര്യം സുരക്ഷിതമാണു്. ഞാൻ വിശ്വസ്തനായിരിക്കാം. എങ്കിലും ദൈവം കാരുണ്യവാനാണെന്നു കാണുവാൻ കഴിയാത്തവിധം വിഡ്ഢിയല്ല. സിസ്റ്റേഴ്സ് എന്നെ പഠിപ്പിച്ച ആദ്യപ്രാർത്ഥന ഞാനായിരുന്നു 'എന്റെ ഈശോ കരുണയായിരിക്കണമെ.' എന്നാണ്ടിതുപോലെയല്ലേ കുരിശിൽ കിടന്നു് ഈ ദിസ്മാസ് ക്രിസ്തുവിനോടു പറഞ്ഞതു്?"

"അതെ അതങ്ങനെയാണു്. എങ്കിലും, ടോം, മിക്കമനുഷ്യരും വിധിയെ ഭയപ്പെടുന്നവരാണു്."

"അപ്പോഠം അവർ ദൈവത്തെ അറിയില്ല; അല്ലെങ്കിൽ ഞാൻ കിറുക്കനാണ്", ഞാൻ ധരിച്ചിരിക്കുന്നതു ശരിയാണോ എന്നു നോക്കു അച്ചാ. ദൈവം എനിക്കുവേണ്ടി ശിശുവായിത്തീർന്നു, അല്ലേ? 'കന്യകമറിയയിൽനിന്നു പിറന്നു' എന്നതു മൂലം നാം ഉദ്ദേശിക്കുന്നതു" അതാണ്?"

"അതുതന്നെ."

"അതു ദൈവമാണ — ഗുഹയിലെ, ബേത്ലഹം പുൽത്തൊട്ടിലെ ശിശു....അതു ദൈവമാണ്. ആ ശിശു വളരുന്നു; ആശ്ചര്യകരമായ കാര്യങ്ങൾ ചെയ്യുന്നു. ബധിരരെയും, കുരുടരെയും മുടന്തരെയും സുഖപ്പെടുത്തുന്നു. കുഷ്ഠരോഗികളെ ശുദ്ധരാക്കുന്നു. ആ കുളത്തിന്റെ കരയിൽ കിടന്ന ആ പാവപ്പെട്ടവനെ അങ്ങ് ഓർക്കുന്നുണ്ടോ?"

"ഉവ്വ്"

"മനുഷ്യന്റെ മേൽക്കുരയിലൂടെ അവരിറക്കിയ ആ വൃദ്ധനേയും. അവിടുന്നു മരിച്ചവരെ ഉയർപ്പിച്ചു: ആ വിധവയായ തള്ളയുടെ കൊച്ചുമകനെയും, ഭരണാധികാരിയുടെ 12 വയസ്സുള്ള മകളെയും, ലാസറിനെയും.... എന്തൊരു ജോലിയായിരുന്നു അതു! ഞാൻ പറഞ്ഞ ആ സ്ത്രീകളെയും ഈ മനുഷ്യൻ തന്നെ രക്ഷിച്ചു. കേട്ടോ, വ്യഭിചാരത്തിൽ പിടിക്കപ്പെട്ടവളും ആ തെരുവു വിലാസിനിയും. എന്നെപ്പോലുള്ള ഒരു തെമ്മാടിയായ ദിസ്മാസിനെങ്കിൽ പറദീസാ വാഗ്ദാനം ചെയ്യുശേഷമാണ അവിടുന്നു കുരിശിൽ മരിച്ചതു"; അതും അവിടത്തെ വധിച്ച ദുഷ്ടന്മാർക്കുവേണ്ടി പ്രാർത്ഥിച്ചശേഷം. അവിടുന്നാണ് എന്റെ വിധിയാളൻ! എന്താ? എന്നിട്ടും അങ്ങു പറയുന്നു ആളുകൾ അവിടത്തെ ഭയപ്പെട്ടന്നോ"!...."

"ശരിതന്നെ"

"എവിടെയൊ എതാണ്ടൊരു പിശകുണ്ട്", അച്ചാ; ഒന്നുകിൽ എനിക്ക് എന്തൊ പിടികിട്ടാതുണ്ട്. അല്ലെങ്കിൽ ആളുകൾ, ഞാൻ വിചാരിക്കുന്നതിനേക്കാൾ കൂടുതൽ വഷളന്മാരാണ്. എന്തുകൊണ്ടാണ് അവർ ഭയപ്പെടുന്നതു?"

ചൂടപിടിച്ച ഈ ഉന്മേഷത്തെ നിരുത്സാഹപ്പെടുത്തണമോ, എന്നു ആ വൈദികൻ സംശയിച്ചു. എങ്കിലും തന്റെ ശിഷ്യൻ സത്യം മുഴുവൻ ഗ്രഹിക്കണമെന്നും ചിത്രം മുഴുവൻ കാണണമെന്നും അദ്ദേഹം അഭിലഷിച്ചു. അതുകൊണ്ടു് അദ്ദേഹം നരകത്തെപ്പറ്റി അവനെ ഓർമ്മിപ്പിച്ചു. ആരുടെ കരങ്ങളിലും അധരങ്ങളിലും നിന്നു് കാരുണ്യം ഇറ്റിറ്റു വീണുവോ അതേ ക്രിസ്തന്നെയാണു പ്രിശന്മാരുടെയും സാപ്രേന്മാരുടേയും മേൽ ശാപത്തിന്റെ ഇടിനാദം മുഴക്കിയതു്; ജെറുസലേമിന്റെമേൽ കണ്ണീരൊഴുക്കിയ ഈശോയാണു് അതു നശിപ്പിക്കപ്പെടുന്നതിനു് അനുവദിച്ച ദൈവം; കുരിശിന്മേൽ തൂങ്ങിക്കിടക്കവേ യഹൂദന്മാർക്കുവേണ്ടി പ്രാർത്ഥിച്ച ഈശോയാണു് ആ ജനം പരിപൂർണ്ണമായി പരാജയപ്പെടുവാൻ അനുവദിക്കയും അവർ ഭ്രമുഖത്തു അലഞ്ഞു തിരിയുവാൻ ഇടയാക്കുകയും ചെയ്തതു്. അവിടുന്നു കരുണയുള്ള ഈശോ ആയിരുന്നുവെങ്കിലും നീതിമാനായ ദൈവവുമായിരുന്നു.

ആ വൈദികന്റെ ഓരോവാക്കും ജ്വലിക്കുന്ന ആത്മശക്തിയോടെ അവൻ ശ്രദ്ധിക്കവേ അവൻ ശ്രേഷ്ഠമായി പുരികം ചുളിപ്പിച്ചു. ഫാ. ജോർജ്ജു് ദൈവനീതിയെപ്പറ്റി ദീർഘമായി സംസാരിക്കയും അനന്തരം തന്റെ വിശദീകരണം ഈ വാക്കുകൾകൊണ്ടവസാനിപ്പിക്കുകയും ചെയ്തു: "ടോം നരകമുണ്ടു്; ചില ആത്മാക്കൾ അവിടെ പോകുന്നുമുണ്ടു്. കാരണം, ദൈവം ദൈവമായിരിക്കണമെങ്കിൽ അവിടുന്നു നീതിമാനുമായിരിക്കണം."

ആ ജയിൽപുള്ളിയുടെ ശ്രേഷ്ഠഭാവം മാറിയില്ല. എന്നാൽ വിസ്മയത്തിന്റെ പ്രകാശം അവന്റെ നയനങ്ങളിൽനിന്നു മങ്ങിയതുമില്ല. പ്രാരംഭസ്വരത്തിലും സുദൃഢമായ ബോദ്ധ്യത്തോടും അവൻ പറഞ്ഞു: "അച്ചാ, അതെന്നെ വിടുകില്ല. അതു ശരണമാണു് എന്നിൽ ജനിപ്പിക്കുന്നതു്. യഥാർത്ഥത്തിൽ അതെനിക്കു ആനന്ദം നൽകുന്നു. അങ്ങുപറയുന്ന ആ നീതിതന്നെയാണു് എനിക്കു വളരെ അധികം പ്രത്യാശ പ്രദാനംചെയ്യുന്നതു്. ഒരു നീതിമാനായ വിധിയാളനാൽ, എല്ലാം അറിയാവുന്ന ഒരുവനാൽ, വിധിക്കപ്പെടുവാൻ ഞാനാഗ്രഹിക്കുന്നു."

"എന്നാലും, ടോം നിനക്കറിയാമല്ലൊ നി ഗുരുതരമായ ചി ല തെറ്റുകൾ ചെയ്തിട്ടുണ്ടെന്നു"....?"

"എണ്ണിയാൽ ഒടുങ്ങാത്തവിധമുണ്ടച്ചാ. ഞാൻ എണ്ണുവാൻ ഇഷ്ടപ്പെടുന്നതിലും കൂടുതലുണ്ടു. എന്നാൽ ആ ദിസ്യാസു" എന്ന വന്റെ കാര്യം സ്മരിക്കുക. കരുണയ്ക്കുവേണ്ടി അപേക്ഷിക്കയെല്ലാതെ മറ്റൊന്നു ചെയ്തു. അവനതു കിട്ടിയില്ലെ? അതു" എനിക്കും ചെയ്യാ വുന്നതാണു". അല്പം ബുദ്ധിയുള്ള ഏതൊരുവനും അതു ചെയ്യാവു ന്നതാണു". അങ്ങും സിസ്റ്റേഴ്സും എന്നോടു പറഞ്ഞതെല്ലാം സത്യ മാണെങ്കിൽ ദൈവം കാരുണ്യവാനായിരിക്കുവാൻ തന്റെ നീതി തന്നെ പ്രേരിപ്പിക്കും. ഇവിടെ,ലക്സിംഗ്ടനിലെ ന്യായാസനത്തെ കരുണയ്ക്കായി ഞാൻ അഭയം പ്രാപിക്കുന്നെങ്കിൽ എനിക്കു" എന്തു കിട്ടും? വൈപരീതകസേര. എന്നാൽ ദൈവത്തിൻപക്കൽ...ഹാ, ഇല്ലച്ചാ; എന്നെ വിഡ്ഢിയാക്കാൻ അങ്ങേയ്ക്കു സാദ്ധ്യമല്ല. അങ്ങയുടെ ഭാഷയിൽ പറഞ്ഞാൽ അതു പാഷാണ്ഡതയോ അഥവാ ദൈവദൂഷണമോ ആയിരിക്കാം. എങ്കിലും എനിക്കു" ഇപ്പോഴും തോന്നുന്നതു" ദൈവത്തിന്റെ നീതി, തന്നെ കാരുണ്യംനിറഞ്ഞവനാക്കും എന്നാണു". എന്തു പറയുന്നു?"

ഫാ. ഡൊണെല്ലിയുടെ മനസ്സു" തന്റെ സുതിപഥത്തിലൂടെ തപ്പിത്തടവി നീങ്ങുകയായിരുന്നു. അതുപോലെയൊന്നു" മുമ്പു" അ ദ്ദേഹം കേൾക്കുകയോ വായിക്കുകയോ ചെയ്തതു" എവിടെവച്ചാ യിരുന്നു? ഫഠംട്ടൺഷിനിലാണോ? അല്ല. അതിനും കൂടുതൽ പഴ ക്കവും പ്രാമാണികതയുമുണ്ടു". വി. ആശസ്റ്റിനോസിൽനിന്നായി രിക്കാം. അദ്ദേഹത്തിന്റേതുപോലെ തോന്നുന്നു. അതോ കാനോന നമസ്കാരത്തിൽനിന്നാണോ? ഈ തടവുകാരൻ പറഞ്ഞതുപോലെ ആരോ എവിടെവച്ചോ എന്തോ ഒന്നു പറഞ്ഞിട്ടുണ്ടു": "ദൈവത്തി ന്റെ നീതി അങ്ങയെ കാരുണ്യവാനാക്കും.' അദ്ദേഹം ടോംപെ ന്നിയുടെ നേരെ സൂക്ഷിച്ചുനോക്കി.

"ടോം" എന്നു" സാവധാനം പറഞ്ഞുകൊണ്ടു" അദ്ദേഹം അവ ന്റെ മുട്ടിന്മേൽ തട്ടി. "അതു പാഷാണ്ഡതയെന്നോ ദൈവദൂഷണ

മെന്നോ ഞാൻ പറയുകയില്ല. സത്യത്തെപ്പറ്റി ഞാൻ കേട്ടിട്ടുള്ള തിലേയ്ക്കും ഏറ്റവും സത്യമായ പ്രസ്താവമാണതു് നിനക്കതു് എവിടെ കിട്ടി?"

"അതിനു് കേവലം യുക്തിമതിയല്ലോ. അല്ലെങ്കിൽ സിസ്റ്റേഴ്സിൽനിന്നു ലഭിച്ചതായിരിക്കാം. അവരുടെ ഏകസ്വമായ സന്ദർശനവേളകളിൽ അവർക്കു ബോദ്ധ്യമാകാത്തവിധം അത്രയളവെ കാര്യങ്ങളും അവർ എന്നെ പഠിപ്പിക്കുന്നുണ്ടു്. സി. റോബർട്ടു് ക്രൂരപുത്രനെപ്പറ്റി എന്നോടു പറഞ്ഞു. അവനൊരു പ്രത്യാഗമനം നടത്തി. അഥവാ പിന്തിരിഞ്ഞുവരുവാൻ അവനു നട്ടെല്ലുണ്ടായിരുന്നു. അവന്റെ പിതാവു് തികച്ചും പിതാവായിരുന്നു. അങ്ങനെ അല്ലായിരുന്നോ? അദ്ദേഹം അതെങ്ങിയോടു സകലതും ക്ഷമിച്ചു; വിഞ്ഞു കൂടിപ്പിച്ചു; ഉടുപ്പു കൊടുത്തു, പാട്ടുകച്ചേരി നടത്തി. സിസ്റ്റർ എന്നോടു പറഞ്ഞതു് ദൈവവും അതുപോലെതന്നെയാണെന്നാണു്. അവിടുന്നു നമ്മുടെ പിതാവാണു്. നാം കർത്തൃപ്രാർത്ഥന തുടങ്ങുന്നതു് 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.....' എന്നല്ലേ? നല്ല ഇടയനെയും നല്ല സമറിയക്കാരനെയും പറ്റി സി. ലോറൻസിയാ എന്നോടു പറഞ്ഞു .....എനിക്കു പൂർണ്ണമായി ലഹരിപിടിച്ചിരിക്കയല്ലെന്നു ഞാൻ കരുതുന്നു. എങ്കിലും മനുഷ്യരെ വിരട്ടുന്നതെന്നു് അങ്ങു പറയുന്ന ഈ വിശ്വാസപ്രമാണവകുപ്പാണു് എനിക്കു് ഏറ്റവുമധികം ആനന്ദം പ്രദാനം ചെയ്യുന്നതു്."

ഫാ. ജോർജ്ജു് വന്നതു് ഈ ഒരു വകുപ്പു തീർക്കണമെന്നും അതു പ്രയാസമുള്ളതായിരിക്കുമെന്നു പ്രതീക്ഷിച്ചുകൊണ്ടുമായിരുന്നു. പെന്നിയെ ധൈര്യപ്പെടുത്തുന്നതിനുവേണ്ടി ദൈവനിന്ദാപരമല്ലാതെ ദൈവകരുണ്യം മുഴുപ്പിച്ചുകാണിക്കേണ്ട ഒരു സാഹചര്യമാണു് ഫാ. ജോർജ്ജു് വിശദീകരണം ചെയ്തിരുന്നതു്. ഇപ്പോൾ അദ്ദേഹത്തിനു നേരെ വിപരീതമായ അനുഭവമുണ്ടാകയും കരുണ്യം പുറംതള്ളാതെ നിന്നു ഉന്നിപ്പറയുവാൻ നിർബന്ധിതനായിരിക്കയും ചെയ്യുന്നു. അദ്ദേഹം തദനുസാരം ചെയ്തു. ദൈവകരുണ

നിറഞ്ഞവനായിരിക്കുവാൻ തന്റെ നീതിയാൽ നിർബ്ബന്ധിതനാ
ണെന്നപ്രസ്താവനമൂലം ടോം അദ്ദേഹത്തെ വീണ്ടുംവിസ്മയഭരിതനാ
ക്കി. ആ വൈദികൻ തന്റെ വാച്ച് നോക്കി. മണി അഞ്ചോടടു
ത്തിരുന്നു. ഈ ഒന്നരമണിക്കൂർ എത്ര ശീഘ്രം കടന്നുപോയിരിക്ക
ുന്നു! തള്ളവിരലുകൾ ഉള്ളടുപ്പിന്റെ പോക്കറ്റിൽ തള്ളിക്കൊണ്ട്
അദ്ദേഹം പിമ്പോട്ട ചാരി ഇരുന്നു.

"കൊള്ളാം ടോം: അടുത്ത വകുപ്പു പഠിച്ചുകൊള്ളുക. ഞാൻ
വ്യാഴാഴ്ചയോ വെള്ളിയാഴ്ചയോ ഇവിടെ വരും. എന്നെ ബോബി
നും ബാക്സ്റ്ററിനും പരിചയപ്പെടുത്തുന്നതിനെപ്പറ്റി എന്തു പറ
യുന്നു?''

ടോംപെന്നിയുടെ മുഖഭാവം മാറി. അവൻ ക്രിസ്തുവിനെയും
അവിടുത്തെ ന്യായവിധിയേയും പരാമർശിച്ചു സംസാരിച്ചുകൊ
ണ്ടിരുന്നപ്പോൾ അവന്റെ നയനങ്ങളിൽ കളിയാടിയിരുന്ന പ്ര
കാശം മങ്ങിപ്പോയി. അവന്റെ ശബ്ദംപോലും വ്യത്യസ്തമായി.

"ബോബിനിയും തയാറായിട്ടില്ല; അച്ചാ. അവൻ തയാ
റായിക്കഴിയുമ്പോൾ ഞാനവനെ അങ്ങേപ്പക്കലേയ്ക്കു അനയിക്കാം
തീർച്ച".

രണ്ടാഴ്ചയ്ക്കുശേഷം വിശ്വാസപ്രമാണത്തിലെ അവസാന വകു
പ്പും തീർത്തുകഴിഞ്ഞപ്പോൾ ടോം പറഞ്ഞു: "അച്ചാ, ഇന്നച്ചുകഴി
ഞ്ഞു ഞാൻ ബോബിനെ താഴോട്ട പറഞ്ഞയയ്ക്കാം.. ഞാൻ അ
ങ്ങേയ്ക്കാരും മുന്നറിയിപ്പുതന്നേയ്ക്കാം. ബോബു" ഒരു തണുപ്പനാണ്".
എങ്കിലും ഞാൻ അവനുവേണ്ടി പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. സി
സ്റ്റേഴ്സ് പറഞ്ഞു അവരും പ്രാർത്ഥിക്കുന്നുണ്ടെന്നോ"."

ടോമിനു" ആൻഡേഴ്സിനെ എന്തുമാത്രം അറിയാം എന്നു
ആ വൈദികൻ ചോദിച്ചപ്പോൾ അവൻ പ്രതിവചിച്ചു "ഒരു പ
ക്ഷേ, ആവശ്യത്തിലധികം." അവർ മൂവരും ഒരു മേൽക്കുരയ്ക്കു കീ
ഴായശേഷം എന്തെല്ലാം ആ കെട്ടിടത്തിന്റെ രണ്ടാം നിലയിൽ
നടന്നെന്നു ഫാ. ജോർജ്ജ് ഗ്രഹിച്ചു. ആൻഡേഴ്സനു" എർപ്പെട
ുത്തുവാൻ കഴിഞ്ഞ വക്കീലന്മാരെപ്പറ്റി പറഞ്ഞപ്പോൾ പെന്നി

യുടെ ശബ്ദത്തിൽ വിദ്വേഷത്തിന്റെ ധ്വനിയുണ്ടായിരുന്നു. സർക്കാർ ഏർപ്പെടുത്തിയ വക്കീലന്മാരെ പെന്നിയും ബാങ്ക്സ്റ്ററും സ്വീകരിക്കേണ്ടിവന്നു. ബോബിനു ലൂയിവില്ലിലെ ട. റഷ് നിക്കോൾസന്റേയും W. ക്ലാർക്ക് ഓട്ടിന്റേയും സേവനം ലഭിച്ചു. ആൻഡ്രേഴ്സൺ പെന്നിക്കയച്ച കുറിപ്പുകളിൽ നിന്നു് ഈ വക്കീലന്മാർ വാദത്തിനു് ഏതു മാർഗ്ഗമാണു് അവലംബിക്കാൻ പോകുന്നതെന്നു ടോം സ്പഷ്ടമായികണ്ടു. അവരുടെ നിലപാടുമുഴുവന്റേയും താക്കോൽ ടോംപെന്നിയായിരുന്നു. പെന്നിയെ അവർക്കനുകൂലമായി മാറ്റുവാൻ അവർ നേരിട്ടും അല്ലാതെയും അവന്റെ മേൽ ധാരാളം ഭോമം ചെലുത്തിക്കൊണ്ടിരുന്നു.

"ഏകദേശം രണ്ടാഴ്ചയ്ക്കുള്ളിൽ ഞങ്ങളുടെ വിചാരണ നടക്കും. ഞാനായിരിക്കും പ്രധാനപ്പെട്ട സാക്ഷി" എന്നു പെന്നി പറഞ്ഞപ്പോൾ അവൻ അല്പം അസ്വസ്ഥനായി കാണപ്പെട്ടു.

"നിങ്ങളെ വെപ്പേറെ ആയിരിക്കും 'വിസ്താരി'ക്കുന്നതു" എന്നാണു് പത്രങ്ങൾ പറയുന്നതു", ടോം."

"അതുകൊള്ളാം. പ്രോസിക്യൂട്ടിംഗ് വക്കീൽ മി. പാർക്കർ തീർച്ചയായും എന്നെ ബോബിനെതിരായും അനന്തരം ബാങ്ക്സ്റ്റർക്കു് എതിരായും അവസാനം എനിക്കുതന്നെ എതിരായും ഉപയോഗിക്കും. അച്ഛാ, അതു് ഒരുവനും ഇഷ്ടപ്പെടുന്ന നിലപാടല്ല. ഞാൻ ചതിയനാണെന്നു ഞാനവരെ കൈവെടിയുകയാണെന്നു", ഞാൻ മാപ്പുസാക്ഷിയാണെന്നു", ഞാൻ ചതിയനാണെന്നു". എങ്കിലും വിഷമിക്കേണ്ടച്ഛാ. ഞാൻ യഥാർത്ഥത്തിൽ കൈവെടിയുന്ന ഏക മനുഷ്യൻ ഞാൻ മാത്രമാണു".

ആ വൈദികൻ ഇതികർത്തവ്യതാമൂഢനായി കാണപ്പെട്ടു. തന്മൂലം ടോം പെട്ടെന്നു കൂട്ടിച്ചേർത്തു: "ഞാൻ ദൈവത്തെ കൈവെടിയുകയില്ല; അതു മാത്രമാണു കാര്യമായിട്ടുള്ളതു" അങ്ങനെയല്ലേ?"

"അതേയുള്ള ടോം."

"കൊള്ളാം, ആ സാക്ഷിക്കൂട്ടിൽ ഞാൻ നിൽക്കുമ്പോൾ എനി

ക്ക തെളിഞ്ഞ ബുദ്ധിയുണ്ടായിരിക്കാൻ പ്രാർത്ഥിക്കണേ. അച്ചാ എല്ലാ വക്കീലന്മാരും —ബോബിന്റെയും സർക്കാരിന്റെയും—എന്നെ നന്നായി പ്രഹരിക്കാൻ പോകയാണു്. അതുകൊണ്ടു പ്രാർത്ഥിക്കണേ. ബോബിനെ ഞാൻ ഇപ്പോൾതന്നെ താഴോട്ടു പറഞ്ഞയക്കാം. അങ്ങു എനിക്കുതന്ന പുസ്തകങ്ങളിലൊന്നിൽ പറയുന്ന നാംതന്നെയാണു നമ്മുടെ അവസാനവിധിവാചകം എഴുതുന്നതെന്നും നാം എഴുതിയതു ദൈവം വായിക്കുക മാത്രമാണു ചെയ്യുന്നതെന്നും. ബോബു് ശരിയായല്ല എഴുതുന്നതെന്നാണു് എന്റെ ഭീതി. അതുകൊണ്ടു്, അച്ചാ, അങ്ങേയ്ക്കു പാടുള്ളതെല്ലാം ചെയ്യുക....ശരി, റോജർ'' വാതലിനു വെളിയിൽ നിന്ന ഗാർഡിനെ അവൻ വിളിക്കയും അയാൾ കതകു തുറക്കുകയും ചെയ്തു.

അഞ്ചുമിനിറ്റു കഴിഞ്ഞപ്പോൾ, വൃത്തിയായി മുഖംവടിച്ചു നന്നായി ചീകിമിനുക്കിയ ഒരു കനത്ത മനുഷ്യൻ പ്രത്യക്ഷപ്പെട്ടു. അവൻഹൃദ്യമായി പറഞ്ഞു: "ഇതു ഫാ. ജോർജ്ജായിരിക്കണം. ഞാൻ ബോബു് ആൻഡേഴ്സനാണു്. അങ്ങു് ടോമിനുവേണ്ടി ചെയ്യുതെല്ലാം അവൻ എന്നെ അറിയിക്കുന്നുണ്ടായിരുന്നു. എന്നെയും അങ്ങനെ സഹായിക്കാൻ പാടുണ്ടെന്നു് അവൻ കരുതുന്നു.''

ഏതാനും ചോദ്യങ്ങൾകൊണ്ടു് ആ വൈദികനു മനസ്സിലായി താൻ സാമാന്യം ബുദ്ധിയുള്ള ഒരു മനുഷ്യനോടാണു സംസാരിക്കുന്നതെന്നു്. അവന്റെ മൂഢവായ ശബ്ദത്തിന്റെ ഹൃദ്യതയും പ്രസാദാത്മകമായ പുഞ്ചിരിയും ചേഷ്ടകളും, അവയെല്ലാം ഉപരിപ്ലവവും കൃത്രിമവുമാണെന്നു വിളംബരപ്പെടുത്തുന്നവയായിരുന്നു. ആ ആത്മാവിനുവേണ്ടി പാടുള്ളതെല്ലാം ചെയ്യുവാൻ അദ്ദേഹം തയ്യാറാണു്. എന്നാൽ പെന്നിയുടെ കിടക്കങ്ങളിലെ ഒരു പ്രത്യേകതയായിരുന്ന ദൈവാനുഗ്രഹങ്ങളോടുള്ള രണ്ടും കല്പിച്ചുള്ള സഹകരണവും സത്യത്തോടുള്ള പരിപൂർണ്ണമായ വിധേയത്വവും ബോബു് ആൻഡേഴ്സനിൽ ഇല്ലെന്നു് ആരംഭത്തിൽതന്നെ അദ്ദേഹം മനസ്സിലാക്കി. ഫാ. ജോർജ്ജു് ഒരുവിദ്യ പ്രയോഗിച്ചുനോക്കി. പ്രാർത്ഥിക്കുന്നതിനും അദ്ദേഹം പെന്നിക്കുകൊടുത്ത പുസ്തക

ങ്ങിം വായിക്കുന്നതിനും അവനോട് ആവശ്യപ്പെട്ടു. മഹാമനസ്കതയോടുകൂടി മാത്രമല്ല, കൃതജ്ഞതയുടെയും ആഹ്ലാദത്തിന്റെയും പ്രകടനത്തോടുകൂടിപ്പോലും അവനതു് ബാഹ്യമായി സമ്മതിച്ചെങ്കിലും ആ മനുഷ്യന്റെ ഹൃദയത്തിന്റെ മനഃപൂർവ്വകമായ അകൽച്ചഅദ്ദേഹത്തിനുകാണാറായി. ബോബു കാണാൻ വന്നപ്പോഴത്തെ സമയം അതിക്രമിച്ചിരുന്നു. തന്മൂലം അടുത്ത ആഴ്ച അവസാനം വരുമെന്നുള്ള വാഗ്ദാനത്തോടെ, അദ്ദേഹം യാത്രപറഞ്ഞുകൊണ്ടു് ആൻഡേഴ്സനു് ലോകത്തുള്ള സകല ഭാഗ്യങ്ങളും ആശംസിച്ചു.

"എനിക്കതു് ആവശ്യമാണെന്നു തോന്നുന്നു" എന്നു മാത്രമായിരുന്ന തന്റെ കഷ്ടാവസ്ഥയെ സംബന്ധിച്ചുള്ള ബോബിന്റെ പരാമർശം.

രണ്ടാഴ്ചകഴിഞ്ഞു ഡിസംബർ 8–ാം തീയതിയാണു് ബോബു് ആൻഡേഴ്സന്റെ വിചാരണ ആരംഭിച്ചതു്. അന്നു പകൽ മുഴുവൻ ജൂറിമാരെ തിരഞ്ഞെടുക്കുന്ന പ്രാരംഭനടപടികൾക്കായി വിനിയോഗിച്ചു. എങ്കിലും സന്ധ്യയായപ്പോഴേയ്ക്കും അവരെ എല്ലാം തിരഞ്ഞെടുത്തു. വൈകുന്നേരം 7–45നു ടോംപെന്നി സാക്ഷിക്കൂട്ടിൽ പ്രവേശിച്ചു. മണി 10–20 ആയപ്പോഴാണു് അവൻ അവിടെ നിന്നിറങ്ങിയതു്–വളരെ ക്ഷീണിച്ചാണെങ്കിലും വിജയത്തിന്റെ ആനന്ദബോധത്തോടെയണവൻ സാക്ഷിക്കൂട്ടിൽ നിന്നിറങ്ങിയതു്. അവൻ ദൈവത്തെ കൈവിട്ടില്ല; അവൻ ഫാ. ജോർജ്ജിനോടു പറഞ്ഞവാക്കു പാലിച്ചു.

കവർച്ചയ്ക്കുള്ള ഗൂഢാലോചന എങ്ങനെ ഗൂഢംപ്രാപിച്ചുവെന്നു് അവൻ ദൃഢസ്വരത്തിലും സ്പഷ്ടമായും പറഞ്ഞു; മുൻകൂട്ടി ആലോചിക്കാതെ അതു നടപ്പിൽവരുത്തിയ വിധവും അതുകൊണ്ടു് അവിചാരിതമായി വന്നുഭവിച്ച അതിന്റെ അവസാനവും അവൻ വിവരിച്ചു. പ്രതിഭാഗം വക്കീൽ ക്ലാർക്ക ഓട്ട് ഒന്നര മണിക്കൂർ നേരത്തേയ്ക്കു് അവനെ ചോദ്യം ചെയ്തു. ക്രോസ്സ്വിസ്താരംനടത്തി സമർത്ഥനായ ഒരഭിഭാഷകനറിയാവുന്ന എല്ലാ കൌശലങ്ങളും തന്ത്രങ്ങളും പ്രയോഗിച്ചുനോക്കിയെങ്കിലും പെന്നിയു

ടെ സാക്ഷ്യത്തെ ഉലയ്ക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ഒരു സാക്ഷിയെന്ന നിലയ്ക്കുള്ള പെന്നിയുടെ വിശ്വാസ്യത തകർക്കുവാൻവേണ്ടി അദ്ദേഹം അവന്റെ സ്വഭാവത്തെ കെടുശലത്തിൽ കടന്നാക്രമിച്ചു.

"പോർട്ടവത്തിൽ വച്ചു നീ പറഞ്ഞ കഥ, ലക്സിംഗ്ടണിൽ വന്നപ്പോൾ വ്യത്യാസപ്പെട്ടതായിതു" എന്തുകൊണ്ടാണു? ഇവിടെ വന്നപ്പോൾ മാത്രം നീ ബാക്സ്റ്ററെ അതിലുംപ്പെട്ടുത്തിയതിന്റെ കാരണം?"

ആ ചോദ്യം വായിച്ചപ്പോൾ അതിന്റെ ഉള്ളടക്കം മുഴുവൻ ഫാ. ജോർജ്ജ് ഗ്രഹിക്കയും ടോമിന്റെ മരപടിയെപ്പറ്റി ഭയപ്പെടുകയും ചെയ്തു. എന്നാൽ അല്പംകഴിഞ്ഞു തന്റെ നവശിഷ്യന്റെ മരപടി അദ്ദേഹത്തിന്റെ ദൃഷ്ടിയിൽപെട്ടു. "ഈ പാതകം തന്നെ വേണ്ടുവോളം ദുഷ്ടമാണു". അതിനു പുറമെ ഒരു കള്ളംകൂടി പറഞ്ഞു" ആത്മാവിനെ കൂടുതൽ മലിനപ്പെടുത്തേണ്ട എന്നു കരുതിയാണു"." ആ വൈദികൻ പുലമ്പി.

അടുത്ത ആക്രമണം ടോമിന്റെ ഉദ്ദേശത്തെപ്പറ്റിയായിരുന്നു. ഇവിടെ ആക്ഷേപകരമായ ഒളിയമ്പുകൾപോരാഞ്ഞോ. ആകയാൽ "ജീവപര്യന്തം കിട്ടുമെന്നു നിനക്കു വല്ല ആശയുമുണ്ടോ?" എന്നു തുറന്നുചോദിച്ചു. ഈ ആശ വെച്ചുകൊണ്ടാണു പെന്നി കുറ്റം ഏറ്റുപറഞ്ഞതെന്നാണു" ഡിറക്ടറീവ" ഉദ്യോഗസ്ഥന്മാർ വിശ്വസിച്ചിരുന്നതു". ലക്സിംഗ്ടണിലുള്ള മിക്ക ആളുകളും അതുതന്നെ വിചാരിച്ചു. എന്നാൽ താൻ യാതൊന്നും വാഗ്ദാനംചെയ്യുകയില്ലെന്നു ഫോർട്ടവത്തിൽ വച്ചു പ്രൈസ" പെന്നിയോടു പറഞ്ഞിട്ടുണ്ടായിരുന്നു. "ഇല്ല, എനിക്കൊരാശയുമില്ല" എന്നവൻ പ്രതിവചിച്ചപ്പോൾ പ്രകടമാക്കിയ പരിത്യാഗമനസ്ഥിതിയും, നിലപാടു മുഴുവൻ സ്വീകരിക്കുന്നതിനുള്ള സന്നദ്ധതയും കണ്ടു" അദ്ദേഹം വിസ്മയഭരിതനായി. അതിലുമധികമായി കച്ചേരിയുടെ ശ്രദ്ധയെ ഫാദർകഷ്ടിച്ചതു" അവന്റെ മരപടിയുടെ ഏസ്വതയും തീർച്ചയുമായിരുന്നു. അവന്റെ ശബ്ദത്തിൽ നിരാശയുടെ ലാഞ്ഛ

ന പോലുമില്ലായിരുന്നതു എല്ലാവരേയും ആശ്ചര്യപ്പെടുത്തി. പ്രൈസ് ഈ വിരോധാഭാസം കാണുകയും അതിന്റെ ന്യായം ഗ്രഹിക്കയും ചെയ്തു. രഹസ്യത്തിൽ അദ്ദേഹം ദൈവത്തെയും ഫാ. ജോർജ്ജ് ഡൊനെല്ലിയെയും വാഴ്ത്തി.

പെന്നി സ്വന്തമെന്നു സമ്മതിച്ചുരേഖകൾ ഫാജരാക്കിക്കൊണ്ടു് ഓട്ടോ എല്ലാവരുടേയും ശ്രദ്ധയെ ആകർഷിച്ചു. ഒന്നിൽ ഉണ്ടായിരുന്നു: "ബോബു് ആൻഡേഴ്സൻ സെപ്തമ്പർ ഏഴിനു ലക്സിംഗടണിൽ ഇല്ലായിരുന്നു.'' വേറൊന്നിൽ കണ്ടു, ആൻഡേഴ്സന്റെ രണ്ടു ടൺ ബ്ലീക്കു കാർ ടോംപെന്നി എങ്ങനെ മോഷ്ടിച്ചെന്നു്. ഈ തെളിവിന്റെ സ്വഭാവം കണ്ടു ജഡ്ജിമാരും ജൂറിമാരും കേൾവിക്കാരും ആശ്ചര്യപ്പെട്ടെങ്കിൽ, പെന്നിയുടെ പ്രതികരണം അവരെ കൂടുതൽ ആശ്ചര്യപ്പെടുത്തി. അവൻ ചിരിക്കയായിരുന്നു, നിന്ദിച്ചില്ല; പുഛിച്ചില്ലാ; കേവലം വിനോദത്തിനുവേണ്ടി.

''അതു എന്റെ കൈപ്പടയിലാണു്. അവ എന്റെ കുറിപ്പുകളുമാണു്. പക്ഷെ....അവ ഞാൻ രചിച്ചവയല്ല. ഞാൻ വാദിയുമൊന്നിച്ചു ജയിലിലായിരുന്നപ്പോൾ അവൻ എനിക്കു തന്ന ഉപദേശക്കുറിപ്പുകളുടെ പ്രതികൾ മാത്രമാണവ.''

തന്റെ കക്ഷി നിർദ്ദോഷിയെന്നു തെളിയിക്കുവാനെന്നതിലധികമായി ഈ സാക്ഷി അവിശ്വസനീയമെന്നു കാണിക്കുവാനുള്ള ലാക്കോടുകൂടി ഓട്ടോ ചോദ്യങ്ങളുമായി ഒരു മണിക്കൂർകൂടി തുടർന്നു. അതു ടോംപെന്നിക്കു ഇഷ്ടപ്പെട്ട ഒന്നരമണിക്കൂറായിരുന്നില്ല.

ഫൊൻറി മില്ലർ എതിർവിസ്താരം തുടങ്ങി. ബോബു് ആൻഡേഴ്സനെ മാത്രമല്ല മരപ്പടി പറയുന്നവനെക്കൂടി കൊലയ്ക്കുവിധിക്കത്തക്കവിധമുള്ള പ്രോസിക്യൂഷൻ ഒരു മണിക്കൂർ പെന്നിവിധേയനാക്കപ്പെട്ടു. ടോം പെന്നി ഇതുമനസ്സിലാക്കി. അവന്റെ മരപ്പടികൾ ഒറ്റവാക്കിലായി. എങ്കിലും അവൻ സത്യം പറഞ്ഞുകൊണ്ടിരുന്നു.

പാതിരാത്രി കഴിഞ്ഞാണു ജയിൽപുള്ളികളെ അവരുടെ സെ

ല്ലുകളിലേയ്ക്ക് തിരിച്ചയച്ചതു്. കഷ്ടിച്ചു രണ്ടോ മൂന്നു തന്റെ അമ്മയ്ക്കയച്ച കത്തിലെ ഒരു വാചകം ടോം ഓർമ്മിക്കുകയായിരുന്നു. "ജീവിതം മനോഹരമാണു്. ജയിലിൽപോലും" ഇപ്പോൾ അവനു് അവിശ്വാസം തോന്നിയില്ല. അവന്റെ സെല്ലിന്റെ മുമ്പിലൂടെ ബോബിനെകൊണ്ടുപോയപ്പോൾ ബോബ് ഒരു വാക്കേ ഉച്ചരിച്ചുള്ളു പക്ഷെ, വാല്യങ്ങൾ നിറയ്ക്കുവാൻ അതു പോരുമായിരുന്നു. ലോകം മുഴുവന്റേയും വിധിവാചകം അതിൽക്കൊണ്ടെന്നു ടോമിനു തോന്നി. "ചതിയൻ" എന്നായിരുന്നു ആ വാക്കു്.

പെന്നി ക്ഷീണിതനായിരുന്നതുകൊണ്ടു് അവനു ഉറങ്ങുവാൻ സാധിച്ചില്ല. ഓട്ടിന്റേയും നിക്കോളസന്റേയും പാർക്കിന്റേയും മില്ലറിന്റേയും ചോദ്യങ്ങൾ അവന്റെ മുമ്പിൽ നിന്നിരിക്കുകയായിരുന്നു. അവരുടെ ചോദ്യങ്ങളും അവന്റെ മറുപടിയും അവന്റെ കണ്ണുപൂട്ടങ്ങളിൽ പിന്നേയും പിന്നേയും മാറിമാറിവന്നുകൊണ്ടിരുന്നു. എങ്കിലും ബോബു് ആൻഡേഴ്സന്റെ മുഖമാണു് അവനെ ഏറ്റവും വിഷമിപ്പിച്ചതു്. ബോബു എല്ലാം കഴിയുന്നതുവരെ വൃഥാ ചവച്ചുകൊണ്ടും വിജയഗർവത്തിൽ മന്ദഹസിച്ചുകൊണ്ടും അവിടെ ഇരുന്നു. അവന്റെ വക്കീലന്മാർ എന്തു വക്രമാർഗ്ഗമായിരിക്കാം അവനുവേണ്ടി കണ്ടുവച്ചിരിക്കുന്നതു? ആ രാത്രിയിലെ സംക്ഷിപ്തമൊഴിക്കുശേഷം ജൂറിയെ മറിച്ചുബോധ്യപ്പെടുത്തുകയെങ്കിൽ അതു് വളരെയധികം അസാധാരണമായിരിക്കണം.

അസ്വസ്ഥമായ ആ രാത്രികഴിഞ്ഞു. രാവിലെ പത്രംവന്നു. 'പേപ്പർ ഫാർബറിൽ' ജപ്പാൻകാർ നടത്തിയ നീചമായ ആക്രമണവാർത്തകൊണ്ടു മുൻവശം നിറഞ്ഞിരുന്നു. അവന്റെയും വിചാരണയുടേയും കാര്യം അപ്രധാനമായി പ്രസിദ്ധപ്പെടുത്തിയിരുന്നതു് കണ്ടപ്പോൾ ടോമിനു ആശ്വാസംതോന്നി. അവൻ പ്രാതഃക്ഷണവും ക്ഷൗരവും കഴിഞ്ഞു കടലാസും പെൻസിലുമെടുത്തു് എഴുതി.

പ്രിയ അമ്മേ.

എനിക്ക സുഖമാണെന്നു് അറിയിക്കുവാൻമാത്രം രണ്ടുവാക്കു്. അമ്മയ്ക്കു് സുഖമെന്നു് വിശ്വസിക്കുന്നു.

അമ്മ പത്രങ്ങൾ കണ്ടെന്നു് ഞാനൂഹിക്കുന്നു. അതായിരുന്നു ഞാൻചെയ്ത ഏറ്റം നിർഭ്ഭയമായ കാര്യം. പക്ഷെ മതൃന്തരമില്ലായിരുന്നു. സത്യം പറയേണ്ടതു എന്റെ ധർമ്മമായിത്തീർന്നു. എനിക്കതിൽ ഖേദമില്ല.

എന്തുതന്നെ വന്നാലും അതു സഹിക്കുവാൻ ശ്രമിച്ചാലും. അടുത്ത തിങ്കളാഴ്ചവരെ എന്റെ വിചാരണ നടക്കുകയില്ല. ഈ കാര്യം എന്നെ എങ്ങനെ വ്യത്യാസപ്പെടുത്തിയിരിക്കുന്നെന്നു് അമ്മ അറിഞ്ഞിരുന്നെങ്കിൽ ഇപ്പോഴുള്ളതിന്റെ പകുതി വിഷമത അമ്മയ്ക്കുണ്ടാകുകയില്ലായിരുന്നു. അമ്മ ഇനിയും വിഷമിക്കുവാൻ പോകുകയാണെന്നും എനിക്കറിയാം. ഏതൊരമ്മയ്ക്കും അതു് സ്വാഭാവികമാണു്. ഞാൻ എന്തു പറഞ്ഞാലും അതു നിസ്സാരമായിട്ടേ കാണപ്പെടുകയുള്ളൂ. അമ്മേ, എന്റെ ദുഃഖം പ്രകടമാക്കുവാൻ എനിക്കു കഴിയുന്നില്ല. ഞാൻ പോകേണ്ടിവരികയാണെങ്കിൽ കുറെക്കൂടി മെച്ചപ്പെട്ട ഒരു ലോകത്തേക്കായിരിക്കും ഞാൻ പോകുന്നതു് എന്നു മാത്രമേ എനിക്കു പറയുവാനുള്ളൂ. അതുകൊണ്ടു് അത്തരത്തിൽ അതു് വീക്ഷിക്കുവാൻ ശ്രമിക്കുക.

ചാർലി ശനിയാഴ്ച വന്നിരുന്നു. എനിക്കു കുറെ സിഗററ്റും കൊണ്ടുവന്നിരുന്നു. ഇവിടെ വരാൻ എല്ലാവർക്കും എന്തുപ്രയാസമാണെന്നു് എനിക്കറിയാം. ആത്മഹത്യയിൽനിന്നു സിസ്റ്റേഴ്സ് മേരി ലോറൻസിയായും റോബർട്ട് ആദം ശനിയാഴ്ച ഉച്ചകഴിഞ്ഞു ഇവിടെ വന്നിരുന്നു. സ്വാഭാവികമായും അവർ വളരെ നല്ലവരാണു്. അവർ വീണ്ടും അമ്മയെ കാണുവാൻ വരുന്നതിനു് ആഗ്രഹിക്കുന്നു. അവർ വരുമെന്നു് ഞാൻ പ്രതീക്ഷിക്കുന്നു. എല്ലാവരോടും 'ഹല്ലോ' പറയുകയും തലയുയർത്തിപ്പിടിക്കയും ചെയ്യുക.

തിങ്കളാഴ്ച അവന്റെ വിചാരണ നടന്നില്ല. കാരണം, അറ്റോർണിയുടെ കേസ് വിസ്താരത്തിനു മതിയായ സമയം വേണ്ടിവന്നു. 38

തോക്കിൽ (പെന്നി ഉപയോഗിച്ച തോക്കിൽ) നിന്നുള്ള ബുള്ള റ്റ് ഒന്നുമാത്രമായിരുന്നെന്നു് ചൊവ്വാഴ്ച ജൂറിമാർക്കു മനസ്സിലാ യി. എങ്കിലും മരിച്ചവർ രണ്ടുപേർക്കും ഒന്നിലധികം വെടിയു ണ്ട ഏറ്റിരുന്നു.

അവർ കേസ് ബോബിന്റെ നേരെ തിരിച്ചുവിടുകയായി യിരുന്നെന്നു ടോം കണ്ടു. പക്ഷേ ഈ കേസിൽനിന്നു് അവനെ ഒഴിവാക്കുന്നതിനു ഈ കാര്യങ്ങളും എല്ലാം അവന്റെ വക്കീലന്മാ ർക്കു് ഉപയോഗിക്കാമെന്നും അവൻ കണ്ടു. അവർ കരുതലോടെ വർത്തിക്കുമെന്നു് അവൻ പ്രത്യാശിച്ചു.

തോക്കുകളും ആൽഡേഴ്സനിൽ നിന്നാണെന്നു് അനിഷേ ധ്യമായ തെളിവുകൾകൊണ്ടു സ്ഥാപിക്കപ്പെട്ടു. വ്യാഴാഴ്ച കേസ് അവസാനിച്ചു. പ്രോസിക്യൂട്ടർ മി. പാർക്കു തന്റെ വാദം അതി ന്റെ ഉച്ചകോടിയിൽ എത്തിച്ചതു് ടോമിന്റെ സാക്ഷിമൊഴി ഉദ്ധരിച്ചുകൊണ്ടായിരുന്നു. അദ്ദേഹം പെന്നിക്കു യാതൊന്നും വാ ദ്ധാനം ചെയ്തിട്ടില്ല. 'ഈ പാതകങ്ങളും അതിഭയാനകമാണു്'. ഇതി നോടുബന്ധപ്പെട്ടവരെല്ലാം തങ്ങളുടെ ജീവൻ കൊടുത്തു പരിഹാരം ചെയ്യണം.' വാദം ഇങ്ങനെ അവസാനിച്ചു. തന്റെ കാര്യം വിചാ രണയ്ക്കു വരുമ്പോൾ എന്താണു് പ്രതീക്ഷിക്കേണ്ടതെന്നു് ടോമിനു് മനസ്സിലായി.

ജൂറിമാർ ഏതാണ്ടു് 24 മണിക്കൂർ സമയത്തേയ്ക്കു പിരി ഞ്ഞു. അവരിലൊരാൾ വൈദ്യുത കസേരയിലെ മരണത്തിനു പകരം ജീവപര്യന്തത്തടവിനുവേണ്ടി വാദിച്ചു. എങ്കിലും 12-ാം തീയതി വെള്ളിയാഴ്ച രാത്രി 9-30നു് വിധി പ്രസ്താവിക്കപ്പെട്ടു. മൈലി-കൊലപാതകക്കേസിനു് ആൻഡേഴ്സന്റെ മേൽ ചുമത്തി ക്കൊണ്ടുള്ള വിധിവാചകം "വൈദ്യുത കസേരവഴിയുള്ള മരണം" എന്നായിരുന്നു.

റെയ്മണ്ടു ബാങ്ക്സുടെ കേസ്സു് സർക്കാർ ഭാഗം വിസ്താ രം തുടങ്ങിയതു് തിങ്കളാഴ്ചയാണു്. വീണ്ടും ടോംപെന്നിയായിരു ന്നു പ്രധാന സാക്ഷി. ക്ലബ്ബിൽ മൂപ്പായിരുന്നിനും പതിനായിരം

ത്തിനുമിസ്സ് ഡോളർ കാണുമെന്നു പറഞ്ഞുകൊണ്ട് 'ബാങ്ക്സ്റ്റർ എങ്ങനെ ആ ഇഡിയറ്റോചന ഉണ്ടാക്കിയെന്ന്' അവൻ വ്യക്തമാക്കി. വൈദ്യുത കമ്പികൾ മുറിച്ചുകൊള്ളാമെന്നും വാതിലു തുറന്നു കൊടുക്കാമെന്നും ഒരു കിഴവിയൊഴികെ ആരും പരിസരങ്ങളിൽ ഇല്ലാതിരിക്കാൻ നോക്കിക്കൊള്ളാമെന്നും ബാങ്ക്സ്റ്റർ വാക്കുകൊടുത്തിരുന്നു. ഒന്നരമണിക്കൂർ സമയത്തേയ്ക്കു ഡെൽമർ ഹവാർഡ് ടോമിനെ ക്രോസ്സ് വിസ്താരം ചെയ്തു. എങ്കിലും തലേ ആഴ്ചയിൽ W. ക്ലാർക്കു ഓട്ടോ സാധിച്ചതിൽ കൂട്ടതലായി ഒന്നും സാധിച്ചില്ല. പെന്നി സത്യം പറഞ്ഞുകൊണ്ടിരുന്നതിനാൽ ആർക്കും അവനെ ഇളക്കുവാൻ കഴിഞ്ഞില്ല.

ഹാറി മില്ലർ പ്രോസിക്യൂഷൻ ഭാഗത്തേയ്ക്കു അവനെ വിസ്തരിച്ചപ്പോൾ ഈ കേസ് വിസ്താരത്തിലെ ചൂടുക്കും ചില ചിരികളിൽ ഒന്നിനിടയാക്കി. പതിവുള്ള പ്രാരംഭചോദ്യങ്ങളുടെ കൂട്ടത്തിൽ അറേറാർണി അവനോടു ചോദിച്ചു 'എവിടെയാണു നിന്റെ താമസം?''

ടോം മന്ദഹസിച്ചുകൊണ്ടു ചോദിച്ചു: "ഇപ്പോഴോ?"

കച്ചേരിമുറിയിൽ അഭിനന്ദനത്തിന്റെ ചിരേറാളങ്ങൾ നിറഞ്ഞു.

മില്ലർ ലജ്ജിതനായി, സ്വയം തിരുത്തി, "മുമ്പു"....നിന്നെ ജയിലിലടയ്ക്കുന്നതിനുമുമ്പു".''

ചൊവ്വാഴ്ചവരെ കേസ് വിസ്താരം ദീർഘിച്ചു. പാർക്കു ഇങ്ങനെ സമാഹരിച്ചു. ബാങ്ക്സ്റ്റർ ശാരീരികമായ കൊല കൈകൊണ്ടു നടത്തിയിട്ടില്ലെങ്കിലും ധാർമ്മികമായി കൊലയാളിയാണെന്നു. അപ്പോഴേ ടോമിനു മനസ്സിലായി തന്റെ വിചാരണയുടെ ഫലം എന്തായിരിക്കുമെന്നു. ജൂറിമാർ രണ്ടു മണിക്കൂർ നേരത്തേയ്ക്കു കച്ചേരിവിട്ടു.അവരുടെ തീരുമാനം "കുറക്കാരൻ" എന്നും, വിധിവാചകം "വൈദ്യുതകസേരയിൽ മരണം'' എന്നുമായിരുന്നു.

അടുത്തദിവസം ടോമിന്റെ വിസ്താരം ആരംഭിച്ചു. ഈകേസിൽ മുമ്പൊരിക്കലും സംഭവിക്കാത്തവിധം കച്ചേരിമുറിയിൽ

അളുകൾതിങ്ങിക്കയറി. ടോം ഉൽക്കണ്ഠയോടെ ജനക്കൂട്ടത്തെ നി
പുണമായി പരിശോധിച്ചു. അനന്തരം ആശ്വാസത്തോടെ നെട
വീർപ്പിട്ടു. അവൻ തന്റെ സഹോദരിയെ കാണുകയും ആ കുടുംബ
ത്തിന്റെ പാസ്തരവിശ്വാസവും സ്നേഹവും എത്രയെന്നു മനസ്സിലാ
ക്കയുംചെയ്തു. എങ്കിലും അവന്റെ അമ്മ അവിടെയില്ലെന്നു അവൻ
ശ്രദ്ധിച്ചു. അവിടെ വരുത്തെന്നുള്ള അവന്റെ യാചന അവർ
വകവെച്ചുകൊടുത്തിരുന്നു. നിശ്ചിത ജൂറിമാരെല്ലാവരും വരികയും
പെന്നി ശീഘ്രം പ്രതിക്കൂട്ടിൽ പ്രവേശിക്കയും ചെയ്തു.

ദീർഘമായിചോദ്യംചെയ്യേണ്ട ആവശ്യമില്ലായിരുന്നു. ഫോ
ർട്ടവർത്തിൽ വച്ചും വീണ്ടും തിരിച്ചു വന്നപ്പോൾ ലക"സിംഗ"ട
നിൽവച്ചും അടുത്തുനടന്ന രണ്ടുവിചാരണകളിലും ടോം കാറ്റം സ
മ്മതിച്ചിരുന്നു. ആൻഡേഴ"സനും ബാക"സ്റ്റർക്കും എതിരായി അ
വൻ മൊഴികൊടുത്തതു"എന്തുകൊണ്ടാണെന്നു പാർക്ക്" ചോദിച്ചു.

"മറെറന്തിനേയുംകാൾ കൂടുതലായി എന്റെ മനഃസാക്ഷിയെ
തൃപ്തിപ്പെടുത്താൻ"

"എപ്പോഴാണ" മനഃസാക്ഷി നിന്നെ അലട്ടുവാൻ തുടങ്ങി
യതു"?"

"ശ്രീമിനക്ലബ്ബിൽവച്ചു" അതു സംഭവിച്ചപ്പോൾ."

അതു വാദിഭാഗത്തിനു വളരെ അനുകൂലമായ സാക്ഷ്യം ആ
യിരുന്നു. ടോംപെന്നി ഏറ്റവും സമർത്ഥമായി വർത്തിച്ചു. തന്മൂലം
പാർക്കു തന്റെ നിലപാടുമാറ്റി. പ്രതിയോടുള്ള ജൂറിയുടെ അനു
കമ്പ വർദ്ധിക്കുവാനോ അഥവാ അവനെപ്പറ്റി നല്ലഅഭിപ്രായം
പുലർത്തുവാനോ അനുവദിക്കുന്നതു" മരിക്കുംവരിയായിരിക്കയി
ല്ലല്ലോ. അതുകൊണ്ടു" അവരുടെ തീരുമാനം എന്തായിരിക്കണമെ
ന്നു" പരോക്ഷമായി അവരെ ധരിപ്പിക്കുവാൻവേണ്ടി ടോംപെന്നി
യോടുചോദിച്ചു. "ആൻഡേഴ"സന്റെയും ബാക"സ്റ്ററുടെയും കാ
ര്യത്തിൽ മരണശിക്ഷ നിർദ്ദേശിക്കുന്നതുകൊണ്ടാണെന്നു" നീ വിചാ
രിക്കുന്നുവോ?"

ടോമിനെ അതു എളുപ്പം കുടുക്കിൽപ്പെടുത്തുമായിരുന്നില്ല, "മര

ണശിക്ഷയിൽ എനിക്ക് വിശ്വാസമില്ല" അവൻ പ്രതിവചിച്ചു "ഞാൻ ഒരിക്കലും വിശ്വസിച്ചിട്ടില്ല....."

പാർക്കിനു പിന്നെയും തോന്നി താൻ പരാജിതനാക്കപ്പെട്ടെന്ന്. എങ്കിലും പട്ടണത്തിലെ വികാരശതി അദ്ദേഹം ഗ്രഹിച്ചിരുന്നു; മാത്രമല്ല ജൂറിക്കും അതേവികാരമാണുണ്ടായിരുന്നതെന്നും അദ്ദേഹം ന്യായമായി അനുമാനിച്ചു. അതുകൊണ്ട് അദ്ദേഹം തന്റെ വാദമുഖം പെട്ടെന്നവസാനിച്ചിട്ട് പ്രതിയെ അവന്റെ വക്കീലന്മാരുടെ നേരെ തിരിച്ചു.

കൃത്യം 26 മിനിറ്റുകൊണ്ട് മാർട്ടിൻ കേസ് സമാഹരിച്ചു. ആ സാഹചര്യങ്ങളിൽ സാദ്ധ്യമായ ഏകസംഗതി അദ്ദേഹം നിർവ്വഹിച്ചു. ഒരു സാക്ഷിയെന്നനിലയ്ക്ക് ടോമിന്റെ വില അദ്ദേഹം ചുണ്ടിക്കാണിച്ചു. ഇക്കാര്യസാദ്ധ്യത്തിനുവേണ്ടി അദ്ദേഹം മേധാവിപ്രൈസിനേയും മൈമെപ്പിനേയും സാക്ഷിക്കൂട്ടിലേക്കുക്ഷണിച്ചു അവരുടെമൊഴികളിൽനിന്നു വ്യക്തമായി, ടോംപെന്നി പോലീസിനുവേണ്ടിമാത്രമല്ല,സ്റ്റെയിറിനുവേണ്ടിക്കൂടിയും ഇയ്യേകസ് വെട്ടിപ്പൊളിച്ചുകാണിച്ചുവെന്ന്. അനന്തരം മുൻവിചാരണകളിൽനിന്നും ഇരുണ്ട ജൂറിമാരെവിളിച്ച് പെന്നിയുടെ തെളിവ് എങ്ങനെ ഓരോ ജൂറിയും തീരുമാനമെടുക്കുന്നതിനു സഹായിച്ചെന്നു കോടതിയിൽ അവരെക്കൊണ്ടു പറയിപ്പിച്ചു. ഫാരിമില്ലർപോലും കൂട്ടിൽ നിൽത്തപ്പെടുകയും, ഈ കേസുമുഴുവൻ ആദ്യന്തം കെൻറക്കി സ്റ്റെയിറിനുവേണ്ടി നടത്തിയതു് വാസ്തവത്തിൽ ടോംപെന്നിയാണെന്നു് സമ്മതിക്കുവാൻ അദ്ദേഹം നിർബന്ധിതനാകയുംചെയ്തു.

അതൊരു നല്ലകേസായിരുന്നു—ടോമിന്റെ പരസ്യമായ കുറ്റസമ്മതത്താൽ സാധിക്കുന്നിടത്തോളം നല്ലകേസായിരുന്നു. കുറ്റക്കാരനല്ലാത്ത ശിക്ഷ മരണമല്ലെന്നു മാർട്ടിൻ ഉന്നിപ്പറഞ്ഞു. പക്ഷേ വെറുംകുറ്റക്കാരനല്ലായിരുന്നു ടോംപെന്നിവിസ്തരിക്കപ്പെട്ടുകൊണ്ടിരുന്നതെന്നു ജൂറിക്കു് അറിയാമായിരുന്നു. മുന്നുവിചാരണകളിൽ ഏറ്റവും ഏകപക്ഷമായിരുന്നു. എങ്കിലും അവന്റെ ജൂറിമാരാണു് ഏറ്റവും വേഗത്തിൽ തീരുമാനമെടുത്തതു്. കേവലം 15

മിനിറ്റുസമയത്തേയ്ക്കു അവർ കച്ചേരിവിട്ടൊള്ളു. പതിനൊന്നമ
ണികഴിഞ്ഞു 18 മിനിറ്റായപ്പോൾ അവർ കച്ചേരിമുറിയിൽനിര
ന്നു; പെന്നിയുടെവിധി പ്രസ്താവിക്കയുംചെയ്തു: 'വൈദ്യുതകസേ
രയിൽ മരണം.'

മദ്ധ്യാഹ്നംകഴിഞ്ഞു" അധികമാകുന്നിതിനുമുമ്പേ അവനെഴ
തി: 'അമ്മേ, ഈ സങ്കടവും ഹൃദയവേദനയും കഷ്ടപ്പാടും അങ്ങേയ്ക്കു
ഞാൻ വരുത്തിവച്ചതിൽ എനിയ്ക്കു ദുഃഖമുണ്ടു". അതേപ്പററി എനി
ക്കു" എന്തുവിഷമതയുണ്ടെന്നു അമ്മയ്ക്കറിയാമെന്നു ഞാൻ ആശ്ര
ഹിക്കുന്നു.

അമ്മവിചാരണയ്ക്കു വരാതിരുന്നതിൽ അമ്മയെച്ചൊല്ലി ഞാ
ൻ സന്തോഷിക്കുന്നു. അമ്മേ ഇനി സമാധാനത്തിൽ വിശ്രമിക്കുക.
ദയവുചെയ്തു വിഷമിക്കാതിരിക്കണമേ.....സാദ്ധ്യമായതെല്ലാം
വക്കീലന്മാർചെയ്തു. പക്ഷേ, അതുമതിയായില്ല. എങ്കിലും ഭയപ്പെ
ടേണ്ടതില്ലമ്മേ. ഞാൻ ചെയ്യാത്ത ഒരു കുറ്റത്തിനുവേണ്ടി ഞാൻ ഒ
രിക്കലും മരിക്കയില്ല.'

അമ്മ ഈ എഴുത്തുവായിച്ചപ്പോൾ ഇതിൽ എന്തുമാത്രം മക
ൻ വിശ്വസിച്ചെന്നു സംശയിച്ചു അവൻചെയ്യാത്ത ഒരുകുറ്റത്തി
നുവേണ്ടി അവൻ മരിക്കയില്ലെന്ന വാചകം വായിച്ചപ്പോൾ അ
വർക്കു പുളകമണിഞ്ഞു. അവർ വായിച്ചുവയിലും കേട്ടവയിലുംനി
ന്നു", തന്റെ മകൻ കവർച്ചക്കാരനാണെങ്കിലും കൊലപാതകിയ
ല്ലെന്നുള്ളതു" അനിഷേദ്ധ്യസത്യമാണെന്നു" അവർ അറിഞ്ഞിരു
ന്നു. ആകയാൽ മാരിയന്റെയും മിസ്സസ്" മൈലിയുടെയും മരണ
ത്തിനു" അവൻ വധിക്കപ്പെടേണ്ടിവന്നാലും അവർ ജീവൻകൊടു
ത്തകുഞ്ഞു" ഈസ്ത്രീകളിൽ ആരെയും കൊന്നില്ലെന്നസത്യം അവ
ർക്കു തന്റെ ഹൃദയത്തിൽ നിക്ഷേപിക്കാമായിരുന്നു.

മൂന്നാഴ്ചവസങ്ങൾക്കുശേഷം അവർക്കൊരു കത്തുകിട്ടി. ക്രി
സ്റ്റമസ്സിന്റെ ചൈതന്യം—പ്രമുദിതജീവന്റെയും ശാന്തിയുടെയും
സന്തോഷത്തിന്റെയും ചൈതന്യം—നിറഞ്ഞതായിരുന്നു. അതു".
ഡിസമ്പർ 21-ാംതീയതി എഴുതിയ ആ എഴുത്തു" ഇതാണു".

"പ്രിയ അമ്മെ,

അങ്ങയെ അതിയായി ആനന്ദിപ്പിക്കുന്നതിനുപോരുന്ന ഒരു കാര്യം ഞാൻ പറയാൻപോകയാണു".

ഫാ: ഡൊനെല്ലി എനിക്കു ജ്ഞാനസ്നാനം നൽകിയിരിക്കുന്നു ആകയാൽ, അമ്മേ, എന്റെ ആത്മാവു് നിർമ്മലമായിരിക്കുന്നു. എനിക്കവളെ സുഖംതോന്നുന്നു. മാത്രമല്ല, ഇപ്പോൾ മുതൽ ജീവിതം വളരെ വ്യത്യസ്തമായിരിക്കുമെന്നും ഞാനറിയുന്നു."

മിസ്സസ് പെന്നിയുടെ നരച്ചതല നിവർന്നു. ബാഷ്പകണങ്ങൾ അവളുടെ നയനങ്ങളിൽ തിളങ്ങി. 'ഓ, ദൈവമേ,' അവൾ പ്രാർത്ഥിച്ചു, 'മരണത്തിനു വിധിക്കപ്പെട്ടിരിക്കുന്നവരോടു ജീവനെപ്പറ്റിപറയുന്നതു് എത്ര ഇമ്പകരം'.

ഒരു മൈൽ അകലെ ഇരുളിനെപ്പറ്റി ഇതേവാക്കുകൾ തന്നെ ഉപയോഗിച്ചുകൊണ്ടു മൂന്നുപേർ സംസാരിക്കുന്നുണ്ടായിരുന്നു. ഫാ: ജോർജ്ജ് ഡൊനെല്ലി, സിസ്റ്റർ മേരി ലോറൻസിയായോടും റോബർട്ട് ആനിയോടും പറയുകയായിരുന്നു. ഞാൻ കരുതിക്കൂട്ടി അവന്റെവിധി പ്രസ്താവിക്കുന്നതുവരെ നീട്ടിക്കൊണ്ടുപോകുകയായിരുന്നു. അങ്ങനെ ജഡ്ജിമാരുടെവിധി അസ്ഥിരപ്പെടുത്തി ഒരു പുനർജന്മത്തിനു് അവനെ വിധിക്കുന്നതിനു"—അതോ വളരെ വ്യത്യസ്തമായ ജീവിതത്തിലേക്കു് വേണ്ടി. അവന്റെമേൽ മരണശിക്ഷ ഉച്ചരിക്കുന്നതുവരെ ഞാൻ മന:പൂർവ്വം കാത്തിരിക്കയായിരുന്നു.

"ഞങ്ങൾ ഇന്നലെ അവനെകണ്ടു" സി. റോബർട്ട് ആശ്ചര്യം കൂറി. "അവനെക്കാൾ ഭാഗ്യവാനായ ഒരുമനുഷ്യനെ മുമ്പൊരിക്കലും ഞങ്ങൾ കണ്ടിട്ടില്ല. ഫാ. സള്ളിവൻ എങ്ങനെ അവന്റെ പ്രഥമ 'ദിവ്യകാരുണ്യസ്വീകരണം' നടത്തിക്കൊടുത്തെന്നു് അവൻ ഞങ്ങളോടുപറഞ്ഞു."

സി. മേരി ലോറൻസിയ കൂട്ടത്തിൽ പ്രധാനമായി പറഞ്ഞു: "മാത്രമല്ല, ഫാ. സള്ളിവൻ അവനുകൊടുത്ത ഉത്തരീയരൂപം അവൻ ഞങ്ങളെകാണിച്ചു. ഒരുയോദ്ധാവിനും തന്റെ കിരീടമുടിയിൽ കൂടുതൽ അഭിമാനിയായിരിക്കാൻ സാധ്യമല്ല."

സി. റോബർട്ട് ആൻ തന്റെ കൈകൾകോർത്തു പിടിച്ചു: "അച്ചാ, ഇതൊന്നു ആലോചിക്കു. അവൻ എന്നോടുപറഞ്ഞു. സിസ്റ്റർ ഞാൻ വധശിക്ഷയ്ക്കു വിധിക്കപ്പെട്ട കഴിഞ്ഞു. എന്നാൽ എന്റെ ആയുസ്സിൽ ഞാനൊരിക്കലും ഇതുപോലെ ആനന്ദവാനായിരുന്നിട്ടില്ല ...ഒരു മാസത്തിനുള്ളിൽ ആദ്യമായി കഴിഞ്ഞ രാത്രിയിൽ ഞാനുറങ്ങി."

"ഇന്നു രാവിലെ ഞാനവന്റെ സഹോദരിയെ കണ്ടു." സി. മേരിലോറൻസിയ പറഞ്ഞു: 'അവർ വളരെകാര്യമായിഎന്നോടു പറയുകയാണു", ടോമിന്റെ ബുദ്ധികെട്ടുപോകയാണെന്നാണു" അവളുടെ ഭയമെന്നു". എന്തുകൊണ്ടാണെന്നു ഞാൻ ചോദിച്ചപ്പോൾ അവർ പറഞ്ഞു, 'അവൻ ചിരിക്കയും തമാശപറകയും ഒരു സ്കൂൾ കുട്ടിയെപ്പോലെ ആനന്ദവാനായി കാണപ്പെടുകയും ചെയ്യുന്നു."

"സിസ്റ്റേഴ്സ്", ഒരുജഡ്ജിയുടെ രുബ്ധാംഭീര്യത്തോടെ ഫാ. ജോർജ്ജ് പറഞ്ഞു, "ടോം പെന്നിയുടെ ബുദ്ധികെട്ടുപോയെന്നു ഞാൻ കരുതുന്നു: അതുപോയെന്നു" എനിക്കു നിശ്ചയമുണ്ടു". വാസ്തവത്തിൽ കഴിഞ്ഞ ഞായറാഴ്ച ഉച്ചകഴിഞ്ഞു ടോം പെന്നി–അതായതു കുറവാളിയായ ടോം പെന്നി–മരിച്ചുവെന്നും ഒരു പുതിയ ടോം പെന്നി ജനിച്ചുവെന്നും നമുക്കു സത്യത്തിൽ പറയാൻ കഴിയും. സിസ്റ്റേഴ്സ്, മറവാളുകളെ ഞാൻ മാനസാന്തരപ്പെട്ടതായിട്ടുണ്ടു": അതായതു മറവുള്ളവരുടെ കാര്യത്തിൽ ദൈവം തന്റെ ഉപകരണമായി എന്നെ ഉപയോഗിച്ചിട്ടുണ്ടു". പ്രായപൂർത്തിയായവർക്കു ഞാൻ ജ്ഞാനസ്നാനം നൽകിയിട്ടുണ്ടു". എന്നാൽ ഈ പെന്നിക്കാര്യംപോലൊന്നു എന്റെ ആയുസ്സിൽ ഒരിക്കലും എനിക്കനുഭവപ്പെട്ടിട്ടില്ല. ദൈവകൃപ സ്പർശനീയമായിരുന്നു. ഫെയിറഹ കൌണ്ടി ജയിലിലെ സന്ദർശകമുറി, ടോം പെന്നിയോടുകൂടി ഞാനവിടെ ചെലവഴിച്ച മണിക്കൂറുകൾക്കുശേഷം എന്നെ സംബന്ധിച്ചിടത്തോളം എപ്പോഴും സ്വർഗ്ഗത്തേയ്ക്കുള്ള പ്രവേശനമുറിയായിരിക്കും.

അല്പനേരത്തെ ഫാ. ജോർജ്ജ് വിദൂരത്തിലേക്കു നോക്കിയ ശേഷം തുടർന്നു "ഞായറാഴ്ച ഉച്ചകഴിഞ്ഞു ജയിലിൽ നിന്നു വന്നപ്പോൾ മുതൽ ഞാൻ ധ്യാനിക്കുകയായിരുന്നു—അതെ, അതിനെ അങ്ങനെ വിളിക്കാമെന്നു കരുതുന്നു— വി. പൌലോസിന്റെ വാക്കുകളെപ്പറ്റി. അദ്ദേഹം സ്ഥാപനത്തെപ്പറ്റി പറയുന്നിടത്തു് മരണത്തെയും ജീവനെയും പറ്റി ഉന്നിപ്പറയുന്നുണ്ടു്. അതുകൊണ്ടാണു് കച്ചേരിയുടെ വിധി വാചകം ഞാൻ നടപ്പിലാക്കിക്കഴിഞ്ഞെന്നു പറയുന്നതു്. മരണ ശിക്ഷയ്ക്കു വിധിക്കപ്പെട്ട കറക്കാരനായ ടോം പെന്നിയെ ഞാൻ കൊന്നു; ഞാനവനെ കഴിച്ചുമൂടുകയും ചെയ്തു. പക്ഷെ ആ മരണവും കബറടക്കവും "ഈ ലോ കത്താവിൽ" ആയിരുന്നതുകൊണ്ടു് ടോം പെന്നി "ഒരു പുതിയ ജീവനിലേയ്ക്കു ഉയർക്കപ്പെട്ടിരിക്കുന്നു."

ആ വൈദികൻ നിർത്തി. അനന്തരം സാവധാനം തുടർന്നു: "ആ വാക്യം ഇതുസ്സൂഷ്മമായി ഞാൻ ഒരിക്കലും, ഒരിക്കലുംഗ്രഹിച്ചിട്ടില്ല. 'നാം ക്രിസ്തുവിനോടുകൂടി മരിച്ചുവെങ്കിൽ' വി. പൌലോസു പറയുകയാണു്, 'അവിടത്തോടൊരുമിച്ചു് ജീവിക്കുമെന്നു'. ആകയാൽ സഹോദരികളെ ഇനിമേലിൽ ഞാനികമുതൽ മേലിലേയ്ക്കു് ടോം പെന്നിക്കുവേണ്ടിയുള്ള നമ്മുടെ പ്രാർത്ഥന ഇതായിരിക്കട്ടെ—അവൻ ദൈവത്തിനായിട്ടു് ക്രിസ്തുവിൽ ജീവിക്കട്ടെ."

അദ്ധ്യായം 5

ഏകാന്തതയുടെ

വ്യാമിശ്രമായ വികാരങ്ങളോടെയാണു് ക്രിസ്തുമസ്സിനത്തിൽ മിസ്സസ് ലെയോനാപെന്നിക്കണ്ടായിരുന്നതു്. അവളൊരു ക്രിസ്ത്യാനിയായിരുന്നതുകൊണ്ടു് വേറൊരു ദിനത്തിനും പ്രദാനം ചെയ്യുവാനാവാത്ത ശാന്തിയും സന്തോഷവും പ്രത്യാശയും ക്രിസ്തുവിന്റെ ജന്മദിനം അവർക്കു നൽകി. അവളുടെ സ്വന്തംകുഞ്ഞു് വധശിക്ഷയ്ക്കു വിധിക്കപ്പെട്ടിരുന്നതുകൊണ്ടു് അമ്മയായ അവർക്കു് ആ ദി

വസം അവർണ്ണനീയമായ ഹൃദയവേദനയും ഉളവാക്കി. അവൻ ധീരമായ കത്തുകൾ അയക്കുകയും അവന്റെ വക്കീലന്മാർ കേസിനു് അപ്പീൽ കൊടുക്കയും ചെയ്തിരുന്നു എന്നതു് വാസ്തവം. എറ്റം കൃശാഗ്രമായ അഭിഭാഷകബുദ്ധിയേക്കാൾ കൂമ്മതയേറിയതാണു് ഒരമ്മയുടെ സഹജജ്ഞാനം. ആകയാൽ അവളുടെ ഹൃദയം വിശ്വസിക്കാൻ വിസമ്മതിച്ചതിനെയാണു് അവളുടെബുദ്ധി പറഞ്ഞുകൊടുത്തതു്. ടോമിന്റെ ദിവസങ്ങൾഎണ്ണപ്പെട്ടിരുന്നുവെന്നു.

ആ പരിപാവനദിനവും അവധിക്കാലവും കഴിഞ്ഞു് അധികമാകുന്നതിനുമുമ്പേ അവൾ തന്റെ മകനെ സന്ദർശിക്കുന്നതിനുള്ളപ്പോൻ തയ്യാറാക്കുവാൻതുടങ്ങി. കാരണം, അവനു ലഭിച്ച നിരവധി സമ്മാനങ്ങളുടെയും സന്ദർശനങ്ങളുടേയും വിവരണങ്ങളടങ്ങിയ ഒരു നീണ്ടകത്തിൽ അവൻ പറഞ്ഞിരുന്നു, പൊതുജനവികാരം മാറിയിരിക്കുന്നെന്നു". വിചാരണ കഴിയുകയും വിധിപ്രസ്താവിക്കയും ചെയ്തിരിക്കുന്നസ്ഥിതിക്കു് ഈ ജയിൽപ്പുള്ളികളും മനുഷ്യജീവികളായിരുന്നെന്ന ജ്ഞാനം അവരെസ്മരിക്കുന്നതുപോലെ കാണപ്പെട്ട. തന്റെ മകനോടുകാണിച്ച അനുകമ്പകാരണം മിസ്സിസ് പെന്നി അത്യാനന്ദംകൊണ്ടു. എങ്കിലും അതിന്റെ സൂചിതാർത്ഥം എന്തെന്നു് അവൾ അനുമാനിച്ചു. ടോം തീർച്ചയായും മരിക്കും. അവളുടെ മരിച്ച ഹൃദയത്തെ ഉത്തേജിപ്പിക്കുന്നതിനു സഹായകമായ ഒരു കുറിപ്പു് ആ കത്തിൽ ചേർത്തിരുന്നു.

'മറ്റാർക്കും എന്നിൽ താല്പര്യമില്ലാതിരുന്ന കാലത്തു്' ഫാ: ഡൊണെല്ലി എന്നെ സമീപിച്ചു. അദ്ദേഹം എന്റെ ആത്മാവിന്റെ കാര്യത്തിൽ ശ്രദ്ധിച്ചു. അദ്ദേഹം എനിക്കു് പുസ്തകങ്ങൾ കൊണ്ടുവരികയും എന്നെ സത്യം പഠിപ്പിക്കുന്നതിൽ വളരെ ശ്രദ്ധയും താല്പര്യവും പ്രകടിപ്പിക്കയും ചെയ്തു. തന്മൂലം കത്തോലിക്കാസഭ പഠിപ്പിക്കുന്നതെല്ലാം ഇപ്പോൾ ഞാൻ വിശ്വസിക്കുന്നു. ഞാൻ കത്തോലിക്കസഭയുടെ അംഗമാകുവാനുള്ള ഒരു കാരണം അതാണു". അതു് അമ്മയുടെ സഭയോടു് അത്രസാമ്യമില്ലാത്തതല്ല. നമുക്കു രണ്ടുപേർക്കും അറിയാമല്ലോ നാം നന്നായി

ജീവിച്ചാൽ സ്വർഗ്ഗത്തു് എത്തുമെന്നു്. അതുകൊണ്ടു് എന്റെ മോ
വിയെപ്പറ്റി അമ്മ തെല്ലും ആകുലപ്പെടേണ്ടതില്ല. ഞാൻ ഇനിയൊ
രിക്കലും തെറ്റുചെയ്യുകയില്ല.'

ഈ എഴുത്തു് മടിയിൽവെച്ചപ്പോൾ മിസ്സസ് പെന്നികണ്ടു
ഈ പരിശുദ്ധനാളുകളിൽ തന്റെ മകനുലഭിച്ച ഏറ്റവും വലിയ
സമ്മാനം ദൈവത്തിൽനിന്നായിരുന്നെന്നു്. അതു വിശ്വാസമാ
യിരുന്നു.

നവവത്സരപ്പിറവി കഴിഞ്ഞതോടെ മിസ്സസ് പെന്നി ഫെയി
റു്കെയ്ൻസി ജയിലിലേക്കുള്ള ഒരു ഡസൻ കൽപ്പടികൾ കയ
റി. അതു് തന്റെ മകന്റെ കുഴപ്പത്തിനുശേഷം ആദ്യമായി അ
വനെ കാണുന്നതിനുവേണ്ടിയായിരുന്നു. ടോമിന്റെ "തലതൊട്ട
പ്പനാ"യ ഗാർഡ്മകുഹയിർക്കു് അവളെ സന്ദർശകർക്കുള്ള മു
റിയിൽ കൊണ്ടുചെന്നു് കതകടച്ചുപൂട്ടിയശേഷം ഉദ്വേഗത്തോ
യോടെ സ്ഥലം വിട്ടു.

ഒരു വാക്കും ഉച്ചരിച്ചില്ല എങ്കിലും ഒരായുഷ്ക്കാലത്തെ
സ്നേഹവും, പരിപൂർണ്ണമായ മോചനവും സാക്ഷാൽ ബ്രഹ്മത്തായ
സഹതാപവും ആ അമ്മയുടെ ആലിംഗനത്തിലുണ്ടായിരുന്നു. അ
തിലുമധികമായ ആശംകുറിക്കുന്ന ഒരു നെടുവീർപ്പാണു് അതിനെ
അനുഗമിച്ചതു്.

രണ്ടാമത്തെ നെടുവീർപ്പോടെ ടോം പിൻവാങ്ങി. എന്നിട്ടു
ഉറച്ച കരത്തോടെ അവൻ അമ്മയുടെ തല ഉയർത്തുകയും മന്ദഹ
സിക്കുകയും ചെയ്തു. "അമ്മേ, തല ഉയർത്തിപ്പിടിച്ചോട്ടെ"

ഒരു മണിക്കൂർ നിശ്ശബ്ദം കടന്നുപോയി. പിന്നെ വേറൊന്നും.
അവർ എന്താണു് പരസ്പരത്തോടെ സംസാരിച്ചു. എന്നാൽ ആ
രാത്രിയിൽ ഒരാളിലൊരാൾക്കും പറയുവാൻ കഴിഞ്ഞില്ല മറ്റെ
ന്തും പറഞ്ഞതെന്താണെന്നു് അധരങ്ങൾ സംസാരിച്ചു; പക്ഷേ
ഹൃദയങ്ങൾ മാത്രമാണു് ശ്രുതിച്ചതു്. എന്തോനവവും അസാധാ
രണവുമായ രക്തി ടോമിനു ലഭിച്ചിട്ടുണ്ടെന്നു മിസ്സസ് പെന്നിക്കു
മനസ്സിലായി. അവൻ പൂർണ്ണമായും മയഹേതനാണെന്നു് അവർ

കണ്ടു. അന്ധമായ ഒരു പ്രത്യാശയും അവനില്ലായിരുന്നു. അവനിൽനിന്നു പ്രസരിച്ച പ്രസന്നത ആ അമ്മയ്ക്കു് അവാച്യമായ ആനന്ദം നൽകി. മരു നവശക്തിയോടെയാണു് അവർ വീട്ടിലേക്കു പോയതു്.

ആ സന്ദർശനംമൂലം മിസ്സിസ് ലെയോനാ പെന്നിക്കു ജീവിതം വ്യത്യസ്തമായിത്തീർന്നു. അറിയാതെതന്നെ അവളിപ്പോൾ തല ഉയർത്തിയാണു് എവിടേയും നടന്നതു്. പത്തുദിവസം കഴിഞ്ഞില്ല അതിനുമുമ്പു് അവർ വീണ്ടും ആ കല്പടികൾ കയറുകയായിരുന്നു. ഇത്തവണ ഇരുവരും കേൾക്കയും ശ്രദ്ധിക്കയുംചെയ്ത വാക്കുകളാണു് അവർ സംസാരിച്ചതു്. അവർ പാകപ്പെടുത്തിയ ഒരു കേക്കും കൊണ്ടുവന്നിരുന്നു.

ഫെബ്രുവരിമാസംവന്നു. ജയിലിലെ കാര്യങ്ങൾ കൂടുതൽ നന്നായിരുന്നെന്നുപോലും ടോം എഴുതി. കാരണം, ഇപ്പോൾ രാത്രി 8 മണി ആകുന്നതുവരെ അവരെ സെല്ലുകളിൽ പൂട്ടിയിരുന്നില്ല. മാത്രമല്ല, 9 മണിവരെ വെളിച്ചം അണച്ചിരുന്നില്ല. മുമ്പിലത്തേക്കാൾ കൂടുതൽ ശാന്തയായിത്തീർന്ന ആ അമ്മ പതിനൊന്നാം തീയതി വീണ്ടും അവനെ സന്ദർശിക്കയും അവന്റെ വക്കീലന്മാർ കൊടുത്തിരുന്ന അപ്പീലിനെപ്പറ്റി ദീർഘനേരം സംഭാഷണം നടത്തുകയും ചെയ്തു. ഒരു പുതിയ വിചാരണയെപ്പറ്റി ടോം പറഞ്ഞപ്പോൾ, അന്ധകാര നിബിഡമായിരുന്ന ചക്രവാളത്തിൽ ഒരു രജതരേഖ കാണാറാകുകയും മിസ്സസ് പെന്നിതന്റെ ഹൃദയത്തിൽ പ്രത്യാശയെ കെട്ടിപ്പുണരുകയും ചെയ്തു.

രണ്ടുദിവസം കഴിഞ്ഞപ്പോൾ അവൾക്കൊരു കത്തുകിട്ടി. അതു സുപരിചിതമായ കയ്യക്ഷരത്തിലെങ്കിലും ഏറ്റവും അപരിചിതമായ തപാൽ മുദ്രയോടുകൂടിയതായിരുന്നു. "എഡിവിൽ–കെൻറക്കി" അതിലെ തീയതി '12 ഫെബ്രുവരി, 1942' ആയിരുന്നു അവൾ അതു വിറയലോടെ തുറന്നു, ആ വലിയ താളിൽ "കെൻറക്കിസംസ്ഥാനത്തടവു്" എന്ന നിലമായ തലവാചകം വായിച്ചപ്പോൾ അവളുടെ ഹൃദയം തുറക്കപ്പെടുന്നതുപോലെ തോന്നി.

അവൾ ഉത്കണ്ഠയോടെ വായിച്ചു.

'അമ്മയെ ഇന്നലെ കണ്ടതിൽ ഞാൻ തിർച്ചയായും സന്തോഷിക്കുന്നു. കാരണം, ഇന്നു രാവിലെ 5–30നു ഞാനിങ്ങു പോരേണ്ടിവന്നു. ഇറങ്ങി പുറപ്പെട്ടന്നതുവരെ അതേപ്പറ്റി ഞാനൊന്നും അറിഞ്ഞില്ല.

അവിടത്തെക്കാൾ വളരെ വ്യത്യസ്തമാണിവിടം. ഒരു സെല്ലിൽ ഞാൻ തനിയേയുള്ള. സംസാരിക്കുന്നതിനോ ചീട്ടുകളിക്കുന്നതിനോ ആരുമില്ല. എങ്കിലും പൊന്നമ്മേ ഞാനതു സഹിച്ചുകൊള്ളാം. അങ്ങുവിഷമിക്കുകയില്ലെന്നു വാക്കുതന്നാൽ, പുറത്തു നിന്നു" ഭക്ഷിക്കുവാനോ വായിക്കുവാനോ എനിക്കൊന്നും സ്വീകരിക്കുവാനോ പാടില്ല; സിഗറേറ്റോ, പുകയില എതെങ്കിലും രൂപത്തിലൊ ഇവിടെ അനുവദിച്ചിട്ടില്ല. എനിക്കു സ്വീകരിക്കാവുന്ന സാധനങ്ങൾ സ്റ്റാമ്പും പണവും മാത്രമാണു".

ഇന്നുരാവിലെ അവരെന്നെ വിളിച്ചു" തയ്യാറാകുവാൻ പറഞ്ഞപ്പോൾ ഞാൻ ഞെട്ടിപ്പോയി.

എനിക്കു അതിയായ ആഗ്രഹമുണ്ടായിരുന്നെങ്കിലും ആരോടും യാത്രപറയുവാൻ അവർ അനുവദിച്ചില്ല, ഭയമായി വിഷമിക്കാതെയും തല ഉയർത്തിപ്പിടിച്ചും നടക്കണമെത്രെ.'

ഈ ഞെട്ടൽമൂലം മിസ്സസ് പെന്നിയിൽനിന്നു ബഹിർഗമിച്ച ബാഷ്പകണങ്ങൾ ഉണങ്ങുന്നതിനുമുമ്പേ, 'മരണനിരയിലെ അതേ അന്തേവാസി'യിൽനിന്നുള്ള ഒരെഴുത്തു ഫാ. റെഡ്മണ്ടിനെല്ലിതുറക്കുകയായിരുന്നു.

പ്രീ. അച്ഛാ,

ഞാൻ ഏറ്റം ഭയപ്പെട്ടിരുന്നതു" സംഭവിച്ചിരിക്കുന്നു. ഇന്നു രാവിലെ ലക്സിംഗ്ടണിൽ നിന്നു ഞാൻ എഡ്ഡിവില്ലിലെ സ്റ്റേറ്റു പ്രിസണിലേയ്ക്കു" മാറ്റപ്പെട്ട. ഞാൻ വിചാരിച്ചിരുന്നതുപോലെ അതെല്ലാം അപ്രതീക്ഷിതമായി സംഭവിച്ചു. എങ്കിലും ബുധനാഴ്ച, ഉച്ചകഴിഞ്ഞു" എനിക്കു" അമ്മയെ കാണുവാൻ കഴിഞ്ഞു. അതിനു ദൈവത്തിനു സ്തുതി.

ഞാനിവിടെ വന്നിട്ട് ഈ സ്ഥലത്തെപ്പറ്റി അധികമൊന്നും അറിയാൻമാത്രം കാലമായില്ലല്ലോ. എങ്കിലും കണ്ടിടത്തോളം ഞാനിവിടം ഇഷ്ടപ്പെട്ടന്നില്ല. ഉദ്യോഗസ്ഥന്മാർ വളരെ നല്ലവരാണെങ്കിലും സിസ്റ്റേഴ്സും, അങ്ങും, ഫാ. ഡള്ളിവനും എനിക്കു നഷ്ടപ്പെട്ടല്ലോ. പഡുക്കായിൽനിന്ന് ഒരു വൈദികൻ മാസത്തിൽ രണ്ടുപ്രാവശ്യം വീതം ഇവിടെ വരുന്നുണ്ട്. ഈ മരണനിരയിൽ ഇപ്പോൾ ഞാൻ മാത്രമേ കത്തോലിക്കനായിട്ടുള്ളൂ. ആൻഡേഴ്സൻ മുമ്പത്തേപ്പോലെ ഇപ്പോഴും മർക്കടമുഷ്ടിയാണ്... അവന്റെ പിശകു് എന്താണെന്നു എനിക്കിപ്പോൾ മനസ്സിലായിട്ടുണ്ട്.

അച്ചാ, അങ്ങേയ്ക്കു വന്നുചേരാൻ വഹിയാത്തവണ്ണം ഇവിടം അത്ര അകലത്തിലാണെന്നു് എനിക്കറിയാം. എന്നാൽ അങ്ങു് എനിക്കു കത്തുകളയക്കണം. അവ എത്രകണ്ടു് ഉപകാരപ്രദമെന്നു് അങ്ങേയ്ക്കു് ഒരു പിടിയുമില്ല. ഞാൻ എഴുത്തയക്കേണ്ടവരുടെ സംഖ്യ വളരെ തുച്ഛമാണു്. എങ്കിലും സി. ലോറൻസിയായിക്കും സി. റോബർട്ട അനിനും എഴുതണമെന്നു കരുതുന്നു ..'

കടലാസുകളും കത്തുകളും മാസികകളുമടങ്ങിയിരുന്ന ഒരു തട്ടവും തുറന്നുകിടന്ന ഒരു സന്മാർഗ്ഗശാസ്ത്രഗ്രന്ഥവും എപ്പോഴും വൃത്തിഹീനമായ ഡസ്ക്കിന്റെ ഒരു വശത്തേയ്ക്കു തള്ളിമാറ്റിയിട്ട് അദ്ദേഹം ടോമിന്റെ കത്തുമാത്രം തന്റെ മുമ്പിൽ വിടർത്തിവച്ചു. എന്നിട്ട് അതിലെ ഓരോ ഖണ്ഡികയും പഠിക്കുവാൻ തുടങ്ങി. മാസത്തിൽ രണ്ടു തവണമാത്രം വരുന്ന കത്തോലിക്ക വൈദികനെപ്പറ്റി പറയുന്ന ഖണ്ഡികയിലെത്തി. അടുത്ത ഖണ്ഡികയിലെ ആദ്യവാചകം വായിച്ചുതോടെ അദ്ദേഹം മുഷ്ടിചുരുട്ടി ഡസ്കിന്മേൽ അടിച്ചു. "ഏയ്, അല്ല, ടോം എനിയ്ക്കു അതു അത്രയധികം അകലമല്ല. ഇന്നു വളരെ വൈകിപ്പോയി. നാളെ എനിക്കു പാപസങ്കീർത്തനം കേൾക്കേണ്ടതായുണ്ട്. അടുത്തതു ഞായറാഴ്ചയാണ്. എന്നാൽ തിങ്കളാഴ്ച അകട്ടെ."

ഫെബ്രുവരി മദ്ധ്യത്തിലെ ഉന്മേഷശൂന്യമായ കാലാവസ്ഥയിലൂടെയുള്ള ആ കാർയാത്ര ദീർഘവും മുഷിഞ്ഞതുമായിരുന്നു. കാ

രാഗഹത്തിന്റെ സമീപസ്ഥലങ്ങൾ നിർജ്ജീവവും ബീഭത്സവുമെന്നുതോന്നി. ആ കൂറ്റൻ കൽക്കെട്ടതന്നെ കോപത്തോടെ പുരികം ചുളിക്കുന്നതുപോലെ കാണപ്പെട്ടു. ആ മരണഭവനത്തിലുള്ള ഒരുവനെ സന്ദർശിക്കുവാൻ പ്രവേശനം ലഭിക്കുന്നതിനുള്ള ഉപചാരരീതികൾ മനംമടുപ്പിക്കുന്നതും സാമാന്യം ക്ഷീണിച്ചിരുന്ന അച്ഛനെ ദേഷ്യപ്പെടുത്തുന്നതുമായിരുന്നു. അവസാനം ഒരു മുറ്റം കടന്നു് അദ്ദേഹം ഒരു പുതിയ എടുപ്പിലേക്കു് ആനീതനായി. അദ്ദേഹം മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത വിധമുള്ള ഒരുനിര സെല്ലുകളുടെ മുമ്പിലൂടെ ഗാർഡ് അദ്ദേഹത്തെ കൊണ്ടുപോയി. ധാരാളം ഇരുമ്പഴികൾ മാത്രമല്ല, കനത്ത വിരികളും ഇട്ടിട്ടുള്ള ഒരു വാതലിന്റെ മുമ്പിൽ അവർനിന്നു. അച്ഛനു് അകം കാണുവാൻ കഴിഞ്ഞില്ല. എങ്കിലും ഗാർഡു് ''പെന്നി'' എന്നു വിളിച്ചപ്പോൾ ലഭിച്ച മറുപടിയുടെ ശബ്ദം ഫാ. ജോർജ്ജിനു തിരിച്ചറിയാൻ കഴിഞ്ഞു. അദ്ദേഹം ചിരിയോടു കൂടുതൽ അടുത്തു. ''ടോം ഇതാ ഞാൻ വന്നിരിക്കുന്നു. പക്ഷെ ഇതു് ഒരു കർമ്മലീത്ത സന്യാസിനിയെ സന്ദർശിക്കുന്നതിലും കഷ്ടമാണല്ലോ. മകനെ എനിക്കു നിന്നെ കാണണം. ഒരു നിമിഷം—ഞാൻ ഇപ്പോൾ വരാം. ഞാൻ വാർഡനോടു പറയാൻ പോകയാണു്. നിന്റെ 'ആപത്തി' ഞാൻ ഭേദിക്കുതന്നെ ചെയ്യും.

തിരിച്ചുപോകുന്ന കാലൊച്ചയോടു്, ''ഫാ. ജോർജ്ജു്'' എന്നുമാത്രമേ ടോമിനു പറയുവാൻ പറ്റിയുള്ളൂ.

ഭീമാകാരനായ ജെസു് ബുക്കാനൻ ആളുകളെ അറിയുകയും അവരുടെ സ്വഭാവം മനസ്സിലാക്കുകയും ചെയ്യുന്ന ആളായിരുന്നു. അദ്ദേഹം ഫാ. ജോർജ്ജിന്റെ നേരെ പുഞ്ചിരിതൂകിക്കൊണ്ടുപറഞ്ഞു, അച്ഛൻ ആവശ്യപ്പെട്ടതു് അതിനു കവിഞ്ഞതാണെന്നു''; എങ്കിലും അദ്ദേഹം ഗാർഡിനോടു കല്പിച്ചു, അച്ഛനെ അകത്തു കയറി വിടാൻ. അവർ മരണ നിരയിലേക്കു തിരിച്ചുപോയി. എല്ലാ സെല്ലുകളും ഒന്നിച്ചു ബന്ധിക്കുന്ന നിണ്ട നിണ്ട മാടമ്പൽതള്ളി. മാറുകയും അച്ചന്റെകരങ്ങൾ ടോം പെന്നിയുടെ തോളിൽ

വിഴകയും ചെയ്തു. ഭിത്തിയിലേക്കു മടക്കിച്ചാരിവെയ്ക്കുയും രണ്ടു തുടൽകൊണ്ടു തൂക്കിഇട്ടകയും ചെയ്തിരുന്ന കട്ടിൽ ഒരു നിമിഷത്തിനുള്ളിൽ ടോം വലിച്ചു താഴെയിട്ടു.

ടോം ഇരിക്കുവാൻ ക്ഷണിച്ചപ്പോൾ, ഫാ. ജോർജ്ജ് ചിരിച്ചുകൊണ്ടു ചോദിച്ചു. "ഇതു നമ്മൾ രണ്ടുപേരെയും താങ്ങുമോ?"

"അതു താങ്ങുകയില്ലെങ്കിൽ ഇതിനേക്കാൾ നല്ല കാര്യത്തിനായി അതിനു പൊട്ടേണ്ടതില്ല."

"ഫാ, അച്ചാ, അങ്ങ് എങ്ങനെ ഇതു നിർവ്വഹിച്ചു? ഈ രാത്രി അങ്ങു ഇവിടെ കഴിക്കുമോ?"

ടോം ഞാനൊരു ചെറിയ അസിസ്റ്റൻറച്ചൻ മാത്രമല്ലേ? പാതിരായിക്കു വളരെ മുമ്പേ എനിക്ക് കോവിംഗ്ടണിൽ തിരിച്ചെത്തണം."

"പക്ഷെ, അതു് അസാദ്ധ്യമാണച്ചാ. നാം മൂന്നുമൈൽ അകലെയല്ലേ?"

"നിൻെറ കണക്കുകൂട്ടൽ മോശമല്ല, ടോം ഇവിടെ എത്താൻ ഞാൻ 289 മൈൽ ഓടിച്ചു. ഞാനതു ചെയ്തുകൊള്ളാം. ഒട്ടും വൈകിപ്പിക്കേണ്ട. ഇനി നിൻെറ കാര്യങ്ങൾ എല്ലാം കേൾക്കട്ടെ."

അവൻ സംസാരിച്ചുകൊണ്ടിരിക്കവേ ഫാ. ജോർജ്ജ് ആ ചെറിയ മുറിയെ സംബന്ധിക്കുന്ന ഓരോ നിസ്സാരകാര്യവും സൂക്ഷ്മമായി മനസ്സിലാക്കി. അതു് ഇടുങ്ങിയ, ജനലുകൾ ഇല്ലാത്ത കോൺക്രീറ്റ് മുറിയായിരുന്നു. ആ മുറിയിലുണ്ടായിരുന്ന ഏക വലിയ സാധനം ചാരിവച്ചിരുന്ന ഇരുമ്പുപടിയായിരുന്നു. ഒരു മൂലയിൽ വച്ചിരുന്ന കള്ളുസഞ്ചിയുടെ അടുത്തപ്പോൾ ആ മുറിയിലെ സാധനങ്ങളെല്ലാമായി. മേശയില്ല. കസേരയില്ല. സ്റ്റൂളില്ല. ടോം തൻെറ പുസ്തകങ്ങൾക്കും എഴുത്തുകുത്തുകൾക്കുമായി ചെയ്തിരുന്ന വളരെ ബുദ്ധിപൂർവ്വകമായ ഏർപ്പാടു കണ്ടു് അച്ചൻ മന്ദഹസിച്ചു. അദ്ദേഹം സെല്ലിൻെറ നിളം കണ്ണുകൊണ്ടു നിശ്ചയിക്കുന്നതു് ടോം കണ്ടുപിടിച്ചപ്പോൾ അദ്ദേഹം പൊട്ടിച്ചിരിച്ചു.

"ഗാർഡിനോടു മിണ്ടരുതു് അച്ചാ," അവൻ മന്ത്രിച്ചു. "എ

ന്റെ മനസ്സിനു മാറ്റംവരുത്തേണ്ട ആവശ്യം നേരിട്ടപ്പോൾ ഞാൻ ഒന്നു തലകുത്തി മറിയും."

ആ മനുഷ്യന്റെ ഉന്മേഷം കണ്ടു് അച്ചൻ വിസ്മയിച്ചു. കാരണം—ആ ഇട്ടങ്ങിയ മുറി ഏകാന്തതയെ ഭയപ്പെട്ടിരുന്ന ആരേയും ഭ്രാന്തനാക്കുവാൻ പര്യാപ്തമായിരുന്നു. മതത്തെപ്പറ്റി പല ചോദ്യങ്ങളും ടോമിനു ചോദിക്കുവാനുണ്ടായിരുന്നു. അപ്പോഴത്തെ സാഹചര്യങ്ങളിൽ ദൈവത്തോടുള്ള അവന്റെ കടമകൾ, അവന്റെ പ്രാർത്ഥനകളും വ്യക്തിപരമായ ഭക്തകൃത്യങ്ങളും അവന്റെ പരീക്ഷകളും പ്രലോഭനങ്ങളും, അവൻ വായിച്ച ചില പുസ്തകങ്ങളെപ്പറ്റിയുള്ള വിഷമതകൾ. അവർ അറിയാതെ ഒന്നരമണിക്കൂർ കടന്നുപോയി.

"അല്ലയോ ടോം. ബോബിനും ബാക്സ്റ്റർക്കും എന്റെ സലാം കൊടുക്കണമല്ലോ."

"ആകട്ടെ അച്ചാ. ബക്സ്റ്ററെ അങ്ങു പറയുന്ന 'അജ്ഞമായ അജ്ഞത'യിൽ നാം വീട്ടേയ്ക്കായാണ വേണ്ടതെന്നാണു" എനിക്കു തോന്നുന്നതു". സ്വർഗ്ഗത്തേയ്ക്കുള്ള അവന്റെ മാർഗ്ഗം അതായിരിക്കും. എന്നാൽ ബോബിനുവേണ്ടി അങ്ങു പണിപ്പെടണം. അവൻ ഇപ്പോഴും മർക്കടമുഷ്ടിയാണു". പക്ഷേ, അവൻ ആർക്കെങ്കിലും വഴങ്ങുമെങ്കിൽ അതു" അങ്ങേയ്ക്കാണു"....അപ്പോൾ എനിക്കു പരിശുദ്ധ കുർബാന നൽകുന്ന കാര്യത്തെപ്പറ്റി എന്തുപറയുന്നു?"

"വി. കുർബാന സ്വീകരിക്കുവാനുള്ള നിന്റെ ആഗ്രഹം ഞാൻ വാർഡനെ അറിയിക്കാം. മാത്രമല്ല, ഫാ. ലിബ"സിനെ അറിയിക്കണമെന്നും പറയാം. ഒരു വിഷമതയും കാണുമെന്നു" ഞാൻ വിചാരിക്കുന്നില്ല."

അതോടെ അവർ പിരിഞ്ഞു. ഫാ. ജോർജ്ജ" അവനെ ആശീർവദിക്കയും താമസിയാതെ വന്നു കണ്ടുകൊള്ളാമെന്നു വാക്കു കൊടുക്കയും ചെയ്തു. പിറ്റെ ദിവസം ടോം അമ്മയ്ക്കു" എഴുതി:

"ഫാ. ഡൊണെല്ലി ഇന്നലെ ഇവിടെ വന്നു. അദ്ദേഹത്തിനു തിരക്കുണ്ടായിരുന്നു. എന്നോടു വളരെ സ്നേഹമുണ്ടു". ഞാൻ ആ മനുഷ്യ

MAHARAJAS COLLEGE 15820

നെ ഏതാണ്ട് ആരാധിക്കയാണെന്നു പറയാം. എന്തു പറയണമെന്നും അതു് എങ്ങനെ പറയണമെന്നും അദ്ദേഹത്തിനു് എപ്പോഴും അറിയാം. അദ്ദേഹത്തിൻറെതു് എനിക്കു് വളരെ സ്വസ്ഥതതോന്നുന്നു; പൂർണ്ണമായ സ്വാതന്ത്ര്യവുമുണ്ടു്. അമ്മേ, ഞാൻ തയാറാണോ എന്നതിനെപ്പറ്റി അങ്ങു യാതൊരാശങ്കയുംവച്ചു പുലർത്തേണ്ടതില്ല. അമ്മ സദാ ഓർത്തിരിക്കേണ്ട ഒരു കാര്യമുണ്ടു്. എൻറെ ഭൂതകാലചരിതം എന്തായിരുന്നാലും ഇപ്പോൾ ഞാൻ കന്മഷരഹിതനാണു്. മരണത്തിനു് എന്നെ ഭയപ്പെടുത്തുവാൻ സാധിക്കയില്ല. ഒരു ഭീരു അനേകം തവണ മരണമടയുന്നു; എന്നാൽ ധീരൻ ഒരിക്കൽ മാത്രം മരിക്കുന്നു.”

ഒരാഴ്ചയ്ക്കുശേഷം ഫാ. ഡൊനെല്ലി അവളെ സന്ദർശിച്ചപ്പോൾ, എഡിവില്ലിൽനിന്നുള്ള അവസാനത്തെ എഴുത്തു് അവൾ അദ്ദേഹത്തെ കാണിച്ചു. അതിൽ “സ്റ്റേ” അനുവദിച്ചതിനെയും അപ്പീൽ കൊടുക്കുന്നതിനെയും ടോം പരാമർശിച്ചിരുന്നു. അതു് പ്രോത്സാഹജനകമായ വാർത്ത തന്നെ. എന്നാൽ അതിൽ അവളെ അന്ധാളിപ്പിച്ച ഒരു കുറിപ്പുണ്ടായിരുന്നു. അതേപ്പറ്റി അവൾ അദ്ദേഹത്തോടു ചോദിച്ചു. “അമ്മേ, അമ്മയ്ക്കു ദുർഗ്രഹമായ എന്തെങ്കിലും പത്രങ്ങളിൽ കണ്ടാൽ ദയവുചെയ്തു” അതേച്ചൊല്ലി അമ്മ വിഷമിക്കരുതു്. വേണ്ട സമയത്തു് അതു മനസ്സിലാകും, അതിനൊരു ലക്ഷ്യമുണ്ടായിരിക്കും. എനിക്കു ഉറപ്പു തരിക.”

ഫാ. ജോർജ്ജ് അതു രണ്ടു പ്രാവശ്യം വായിച്ചു. എന്നിട്ടു തലകുലുക്കി. “ഇതു് എനിക്കും ദുർഗ്രഹമാണു്....എങ്കിലും നമുക്കു രണ്ടു പേർക്കും ടോമിനെ വിശ്വസിക്കാം.”

സൌത്തു് സ്പ്രിംഗ് തെരുവിൽനിന്നു് ആ വൈദികൻ സെൻറ്ജോസഫ്സ് ഹോസ്പിറ്റലിലേക്കു പോയി.

“ആ വാർഡൻ ഒരു നല്ല ആളായിരിക്കണം.” സി. ലോറൻസിയ പറഞ്ഞു: “ഞാൻ ടോമിനയച്ച മൂന്നാമത്തൽ മിഠായി അവനു കൊടുക്കുവാൻ അദ്ദേഹം അനുവദിച്ചു. അനന്തരം, മേലിൽ അയയ്ക്കരുതെന്നു ടോമിനെക്കൊണ്ടു് എന്നെ അറിയിച്ചു. ടോമിനു്

ഇപ്പോൾ അതു സ്വാതന്ത്ര്യമില്ല; ഉണ്ടോ?"

അച്ചൻ തല കുലുക്കി. അതിനുശേഷം അദ്ദേഹം, ആ കൊച്ചനെ ഇട്ടിരിക്കുന്ന സെല്ല് വണ്ടിച്ചു.

"അവനുവേണ്ടി നമുക്കു" എന്തുചെയ്യുവാൻ കഴിയും അച്ചാ?" സി. റോബർട്ട് അനിന്റെ രോദനം.

"പ്രാർത്ഥിക്കുക, എഴുതുക, വായിക്കാൻ കൊള്ളാവുന്ന നല്ല പുസ്തകങ്ങൾ അയച്ചുകൊടുക്കുക."

തന്നെ അലട്ടിയിരുന്ന ആ ഒരു കാര്യത്തെ—ടോം അമ്മക്കയച്ച കത്തിലെ കുറിപ്പിനെ—പറ്റി ഒരറിവും ലഭിക്കുവാൻ അദ്ദേഹം ശ്രമിച്ചില്ല. ഏകാന്തതടവു് അനുഭവിക്കുന്ന ഒരു മനുഷ്യനു് എന്തും വിഭാവനം ചെയ്യുവാൻ കഴിയുമെന്നു് അദ്ദേഹം അറിഞ്ഞിരുന്നു. അവ്യക്തമായ ഒരു ഭീതി അദ്ദേഹത്തിൽ ഉദിച്ചുയർന്നു. എങ്കിലും അതേപ്പറ്റി അദ്ദേഹം സിസ്റ്റേഴ്സിനോടു ഒന്നും പറഞ്ഞില്ല. എഡിവില്ലിലേയ്ക്കു വീണ്ടും വേഗം പോകണമെന്നു് അദ്ദേഹം ശാന്തമായി ആലോചിച്ചുറച്ചു.

ഈ നിശ്ചയമനസരിച്ചു് അദ്ദേഹം പ്രവർത്തിച്ചതു കുറെദിവസം കഴിഞ്ഞു് ഒരാഴ്ചകൂടിയപ്പോഴായിരുന്നു. ഫാ. ലിബ്സ് ബുധനാഴ്ച ജയിലിൽ ചെന്നിരുന്നെന്നും സെല്ലിന്റെ ഒരു ഭാഗത്തിലൂടെ മാത്രമേ ടോമിനോടു സംസാരിച്ചുള്ളുവെന്നും, അതു ടോമിന്റെ ശൈലിയിൽ പറഞ്ഞാൽ, "അങ്ങേ അറ്റത്തേതു ചെയ്യുവനു" അങ്ങേ അറ്റത്തേതു സംഭവിക്കുന്ന"വരെ വി. കുർബാന കൊണ്ടുവരുന്നതിനു് അദ്ദേഹത്തിനു് സാധിക്കയില്ലെന്നു അറിയിക്കുവാനുമായിരുന്നു.

എഡിവില്ലിലെ സന്ദർശനം ഹ്രസ്വമായിരുന്നു. കാരണം, ഫാ. ജോർജ്ജിന്റെ ഉൽക്കണ്ഠ, പഡുക്കയിലെത്തി ഫാ. ലിബ് സിനോടു് അദ്ദേഹത്തിന്റെ വസതിയിൽ ചെന്നു സംസാരിക്കണമെന്നതായിരുന്നു. ബന്ദിക്കു വി. കുർബാന കൊടുക്കുന്ന കാര്യം സ്ഥിരീകരിക്കുന്നതുവരെ അതൊരു ഹൃദ്യസംഭാഷണമായിരുന്നു. അപ്പോഴാണു് ഫാ. ജോർജ്ജു് ഡോനെല്ലിക്കു് ദുർഗ്രഹവും അജ്ഞാത

വുമായ ദൈവത്തിന്റെ മറ്റൊരു മാർഗ്ഗം വെളിപ്പെട്ടതു". ഒരാത്മാവിനെ ആദ്യമായി കൈവെടിഞ്ഞെന്നു തോന്നിച്ചശേഷം അതിനെ കൂടുതൽ ഐകൃത്തിലേക്കു വലിച്ചടുപ്പിക്കുക. ആദ്യമായി സ്നേഹത്തിന്റെ എല്ലാ തീക്കനലുകളും മാറ്റിയശേഷം സ്നേഹത്തിന്റെ തീജ്വാലകൾ ഊതികത്തിക്കുക "അസ്സാന്നിദ്ധ്യം എന്നതിനെ കൂടുതൽ സ്നേഹമയമാക്കുന്നു" എന്ന ചൊല്ലിനനുസരണം ദൈവം പ്രവർത്തിക്കുന്നു എന്നു തോന്നിക്കുന്ന പ്രത്യേകമാർഗ്ഗം. പല നാളത്തേയ്ക്കു ടോം പെന്നിക്കു ദിവ്യകാരുണ്യം സ്വീകരിക്കാൻ സാധ്യമല്ലെന്നു പാതിരി വിട്ടുന്നതിനു മുമ്പേ ഫാ. ജോർജ്ജ് യെപ്പെട്ട. ഫാ. ലിബ്സൺ വളരെ ജാഗ്രതയിരിക്കുള്ള ആളായിരുന്നു. തന്റെ ലം മാസത്തിൽ ഒരു തവണയെ അദ്ദേഹം എഡിവിൽ സന്ദർശിച്ചിരുന്നുള്ള. മാത്രമല്ല, ടോം പെന്നിയുടെ 'ആത്മാർത്ഥത'യെപ്പറ്റി ഫാ. ടോം ലിബ്സനു അത്ര ബോദ്ധ്യമുണ്ടായിരുന്നില്ല. വഞ്ചനയുടെ ചില ഉദാഹരണങ്ങൾ അദ്ദേഹം ഉദ്ധരിക്കുകയും ഒരു ജയിൽ ചാപ്പനിൽ വളർന്നവരുന്ന അവിശ്വാസത്തെപ്പറ്റി ഫാ. ജോർജ്ജിനോടു സംസാരിക്കയുംചെയ്തു.

ഫാ. ഡൊനെല്ലി വീട്ടിലേക്കുള്ള ദീർഘമായ 280 മൈൽ ഓടിച്ചതിനിടയിൽ അദ്ദേഹത്തിനു ബോദ്ധ്യമായി താൻ ഫാ. ലിബ്സന്റെ അടുക്കലും ടോംപെന്നിയുടെ അടുത്തും പരാജയപ്പെട്ടുവെന്നു്. കാരണം, ആ ജയിൽപുള്ളിക്കു വീ കർബ്ബാനകൊടുക്കുവാൻ ഫാ. ലിബ്സനു പ്രേരിപ്പിക്കുവാൻ കഴിയാതിരുന്നതിനോടൊപ്പം ടോം അമ്മയ്ക്കയച്ച അവസാനത്തെ കത്തിലുള്ള വിശ്വാസം പിടിച്ചു കുറിപ്പിനെപ്പറ്റി അവനോടു ചോദിക്കുവാനും കഴിഞ്ഞില്ല. എന്നാൽ അദ്ദേഹം ആ ദൈത്വമേറിയ ദൂരമത്രയും അപകടകരമായ വേഗതയിൽ ഓടിച്ചുപോകവേ അദ്ദേഹത്തെ കൂടുതൽ അസ്വസ്ഥനാക്കിയ വേറൊരു പ്രശ്നം അദ്ദേഹത്തിന്റെ മനോമുകരത്തിൽ പൊന്തിവന്നു. ഏകാന്തതടവിൽ കിടക്കുന്ന ഏകാകിയായ ഈ മനുഷ്യനു് കുദാശയോ കർബ്ബാനയോ കൂടാതെ, അവനെ എങ്ങിനെ താൻ മുന്നോട്ടു നയിക്കുമെന്നു"?

മാസാവസാനത്തിനുമുമ്പു് അദ്ദേഹത്തിനു മരപ്പടിലഭിച്ചു. കൂടാശപരമായി വി. കുർബാന ഉർക്കൊള്ളുവാൻ ടോമിനു് സാദ്ധ്യമല്ലെന്നു് അറിയാതെ തന്നെ അതുപിക്കട്ടത്തവിധം അതു് സ്വീകരിക്കുന്നതെങ്ങിനെയെന്നു അവനെ പഠിപ്പിക്കണമെന്നു് സി. റോബർട്ടു് ആനിനു് നിർദ്ദേശനം ഉണ്ടായി. നോയിനു കാലമായിരുന്നതുകൊണ്ടു് കുരിശിന്റെ വഴി എങ്ങനെ നടത്തണമെന്നുള്ള നിർദ്ദേശങ്ങളോടുകൂടി സി. ലോറൻസിയാ അവനു് ചെറിയ സ്തുതിപാഠപടങ്ങൾ അയച്ചുകൊടുത്തു.

അടുത്തതവണ ആ വൈദികൻ ലക്സിംഗ്ടൺ സന്ദർശിച്ച അവസരത്തിൽ അദ്ദേഹത്തിനു ടോമിന്റെ ചിലഎഴുത്തുകൾ കൊടുക്കപ്പെട്ടു. അവ അദ്ദേഹത്തെ വളരെ സന്തോഷിപ്പിച്ചു. മാത്രമല്ല, ടോമിന്റെ എഴുത്തുകൾ എല്ലാം ശേഖരിക്കണമെന്നും മനുഷ്യാത്മാവുമായുള്ള ദൈവത്തിന്റെ പ്രവർത്തനരീതികൾ പഠിക്കണമെന്നും അദ്ദേഹം നിശ്ചയിച്ചു.

സി. റോബർട്ടു് ആൻ തനിക്കുവന്ന ഒരെഴുത്തിലെ ഒരുവരി വിശദീകരിച്ചുകൊടുക്കണമെന്നു അദ്ദേഹത്തോടാവശ്യപ്പെട്ടു. ടോം എഴുതിയിരുന്നു.

"നിങ്ങൾ പഞ്ചാംഗം അയച്ചുതന്നതിനു കൃതജ്ഞത. ഒന്നുലഭിക്കുന്നതിനു ഞാൻ പലയിടത്തും അന്വേഷിച്ചിട്ടു സാധിച്ചില്ലായിരുന്നു. ഇനി എനിക്കു എല്ലാ വായനകൾക്കും സമാധാനം കണ്ടുപിടിക്കാം. ഇപ്പോൾ എനിക്കു ഒരുപഞ്ചാംഗവും നിഘണ്ടുവുമുണ്ടു്. ഒന്നാംതരം രണ്ടു ശബ്ദകോശങ്ങളുമുണ്ടു്. മറ്റാർക്കും ഒരു രക്ഷയുമില്ല."

ബന്ദികൾ തങ്ങളുടെ ഏകാന്തത്തടവിൽ എങ്ങനെയാണു് സംഭാഷണം നടത്തുന്നതെന്നു് ഫാ. ജോർജ്ജ് സിസ്സറിനോടു പറഞ്ഞു: "അവർ ഭിത്തിയിലൂടെ മോഴുകയാണു്". "അവർക്കു എത്രതരം തർക്കവാദങ്ങളാണു ഉണ്ടാകുക!" സന്ന്യാസിനി ആരാഞ്ഞു. അദ്ദേഹം മന്ദഹസിച്ചുകൊണ്ടുപറഞ്ഞു: "നിങ്ങൾതന്നെ അതു വേഗം കണ്ടുപിടിക്കും."

എന്നാൽ സി. ലോറൻസിയായുടെ നിലപാടു മറിച്ചായി

രുന്നു. അവരാണ് തനിക്കുള്ള എഴുത്തിലെ ഒരു വരി ഫാ. ജോർജിനു വിശദീകരിച്ചുകൊടുക്കേണ്ടിയിരുന്നതു്. മൂന്നു റാത്തൽ മിഠായിക്കു് ടോം അവർക്കുനന്ദി പ്രകടിപ്പിക്കയായിരുന്നു "വീണ്ടും അയക്കരുതെന്നു് അവൻ സിസ്റ്ററിനോടു് പറഞ്ഞെന്നാണു ഞാൻ വിചാരിച്ചതു്."

"അവൻ പറഞ്ഞതാണച്ചാ. പക്ഷേ ഒരു നല്ല നേഴ്സ് ഒരിക്കലും രോഗികൾ പറയുന്നതു് വകവെയ്ക്കാറില്ല: ടോം എന്റെ രോഗിയാണു്. എന്റെ പ്രഥമ കർത്തവ്യം അവൻ സുഖമായി കഴിയുന്നതിനു വേണ്ടതു ചെയ്യുക എന്നതാണു്. നല്ലതല്ലാത്തതൊന്നും സന്ന്യാസിനികൾ അവനു് അയച്ചുകൊടുക്കുകയില്ലെന്നു് വാർഡൻ ബുക്കാനിനു് അറിയാം. മിഠായിക്കു പുറമേ ഞാൻ സിഗററും അയച്ചിരുന്നു. അവ രണ്ടും അവനു കിട്ടി.

ഫാ. ജോർജ് ചിരിക്കയും സി. ലോറൻസിയാസ്സു് വന്ന ആ എഴുത്തു് ഉറക്കെ വായിക്കയും ചെയ്തു. അതു് 1942 ഏപ്രിൽ 2-ാം തീയതി ഉയർപ്പു ഞായറാഴ്ച എഴുതിയതായിരുന്നു:

"പ്രീ. സിസ്റ്റർ,

ഇന്നു് തീർച്ചയായും മനോഹരമായ ഒരു ദിനമാണു്. അഴിയിട്ട ജാലകത്തിലൂടെ സൂര്യപ്രകാശത്തിന്റെ അല്പാംശം മാത്രമേ എനിക്കു ക്ഷണനേരത്തേയ്ക്കു കാണുവാൻ കഴിഞ്ഞുള്ളുവെങ്കിലും എന്നെക്കാൾ ഭാഗ്യശാലികളായ മറ്റുള്ളവർ അതു് ആസ്വദിച്ചാനന്ദിക്കയാണല്ലോ എന്നോർത്തു ഞാൻ ആനന്ദം പൂണ്ടു.

വായനയും ചിന്തയുമായി ഈ സുദിനം ഞാൻ ശാന്തമായി കഴിച്ചു. ഞാൻ മുമ്പൊരിക്കലും ആലോചിക്കാതിരുന്ന അനേകം അനേകം കാര്യങ്ങൾ ഉണ്ടെന്നു എനിക്കു ഇപ്പോൾ തോന്നുന്നു.

സിസ്റ്റർ, ആ സ്ത്രീവാഗ്ദത്തയുടെ പടങ്ങൾ എനിക്കു വലിയൊരാശ്വാസമാണു്. എനിക്കു സദാ ദർശിക്കാവുന്ന രീതിയിലാണു് അവ വയ്പ്പിച്ചിരിക്കുന്നതു്. താരതമ്യേന എന്റെ വേദനകളും യാതനകളും നിസ്സാരമാണു്. വാസ്തവത്തിൽ അവയെപ്പറ്റി ചിന്തിക്കുന്നതിനുപോലും അർഹതയില്ലാത്തവ്വിധം അവ നിസ്സാ

രങ്ങളാണ്. അങ്ങു ആവശ്യപ്പെട്ടതനുസരിച്ചു ദുഃഖവെള്ളിയാഴ്ച ഞാൻ പല പ്രാവശ്യം പ്രാർത്ഥിച്ചു. സിസ്റ്റർ, പ്രത്യേകത്തിലെ ഇളംമണിക്കൂറുകളിലെ നിങ്ങളുടെ പ്രാർത്ഥനയിൽ— ഞാനും സംബന്ധിക്കുന്നതായി സങ്കല്പിക്കാറുണ്ട്. സമയം അറിയുവാൻ എനിക്കു ഒരു മാർഗ്ഗവുമില്ല; എങ്കിലും അതാണ് എന്റെ ശ്രമം. ചിലപ്പോഴെല്ലാം നിങ്ങൾ ഉണരുന്ന നേരമാകുമ്പോഴാണ് ഞാൻ ഉറങ്ങുവാൻ പോകുന്നതു. പകൽ മുഴുവൻ ബഹളമാണ്; അതുകൊണ്ട് അധികസമയവും ഞാൻ ഉറങ്ങുകയാണ്. വൈകുന്നേരം 5 മുതൽ 9-30 വരെ റേഡിയോയുണ്ട്; അനന്തരം എല്ലാം ശാന്തം. എനിക്കിഷ്ടമുള്ളപ്പോൾ എന്റെ ലൈറ്റ് കത്തിക്കയോ കെടുത്തുകയോ ചെയ്യാം.

താമസിയാതെ ഫാ. ഡൊനെല്ലി വരുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. രണ്ടാഴ്ചയായി അദ്ദേഹത്തിൽനിന്നു കത്തുകിട്ടിയിട്ടില്ല. അദ്ദേഹത്തെ കാണാതിരിക്കുക എനിക്കു വലിയ വിഷമമാണ്. അദ്ദേഹത്തിനു വളരെ ജോലിത്തിരക്കുള്ളതുകൊണ്ട് ഇത്ര ദൂരം കാറോടിച്ചുവരുന്നതു ഞാനിഷ്ടപ്പെടുന്നില്ല. എങ്കിലും എങ്ങനെയെങ്കിലും അദ്ദേഹം വരുമെന്നു എനിക്കറിയാം.

8-ാം തീയതി ബുധനാഴ്ച ഫാ. ലിബ്സ് ഇവിടെ വരുന്നതാണ്. മിസ്സസ് ലൂയിസ് എനിക്കു രണ്ടു പ്രാർത്ഥനപ്പുസ്തകങ്ങളും 'നമ്മുടെ പിതാക്കന്മാരുടെ വിശ്വാസ'വും അയച്ചുതന്നിട്ടുണ്ട്.

എന്റെ ആത്മാവിന്റെ നിലപാട് സിസ്റ്ററിനെ അറിയിക്കുന്നതിനുള്ള എന്റെ ബലഹീനശ്രമം വിജയിക്കയില്ല; വാക്കുകൾ അതുകണ്ടു നിഷ്പ്രഭമാണ്. അതുകയാൽ ഞാൻ ഇതു മാത്രം പറയുന്നു: എന്റെ ഭാവി ദൈവത്തിന്റെ കൈകളിലാണ്. എന്റെ സ്നേഹവും വിശ്വാസവും ഞാൻ അങ്ങിൽ നിക്ഷേപിക്കുന്നു, അവിടുത്തെ തിരുവിഷ്ടം നിറവേറട്ടെ. അവിടത്തെ കൂടുതൽ അറിയുന്നതിനും അവിടുത്തോടു ആഴമേറിയ ഭക്തിയുണ്ടാകുന്നതിനുംവേണ്ടി ഞാൻ നിരന്തരം പ്രാർത്ഥിക്കുന്നു.....'

എഴുത്തു തിരികെ കൊടുത്തുകൊണ്ട് ഫാ. ജോർജ്ജ് പറഞ്ഞു.

"എനിക്കു കിട്ടുന്ന കത്തുകൾ എത്രതരത്തിലുള്ളവയാണെന്നു സിസ്റ്റർ അറിയുന്നതു കൊള്ളാം." അദ്ദേഹം തന്റെ കീശയിൽനിന്നു് ഒരു കടലാസ് പുറത്തെടുത്തു. അതു തുറന്നു് അദ്ദേഹം വായിച്ചു:

"എനിക്കു കളിക്കുട്ടിയായി ഒരു പാറയുണ്ടു്"—സാമാന്യം വലുതാണു്. എന്നോടുകൂടിയാണു് അവന്റെ ഉറക്കം. എന്റെ കിടക്കയിൽ വച്ചു പലതവണ ഞാനവനെ പിടിച്ചിട്ടുണ്ടു്. അവനെ എന്റെ മിഠായിയിൽനിന്നു് അകറ്റിനിർത്താൻ പ്രയാസം. എന്നാൽ അവനൊന്നും പഠിക്കയില്ല, അച്ചാ; അവൻ ചൊവ്വേ ഓടുകപോലുമില്ല. അവൻ എന്നെപ്പോലെ മൂകനാണു്."

"പെന്നി എങ്ങനെയാണു് അവന്റെ സന്തുഷ്ടി നഷ്ടപ്പെടുത്താതിരിക്കുക?" സി. റോബർട്ട് ആശ്ചര്യപ്പെട്ടു.

ഫാ. ജോർജ്ജ് തന്റെ കരങ്ങൾ നീട്ടി. "സിസ്റ്റേഴ്സ്, ഞാൻ എഴുത്തുകൾ ശേഖരിക്കുകയാണു്. ടോം എത്രമാത്രം സന്തുഷ്ടനാണെന്നു എനിക്കറിയണം ...എന്തു പറയുന്നു?"

മേയ്മാസത്തിലെ ഒരു രാത്രി കുറെ മുമ്പോട്ടു നീങ്ങിയപ്പോൾ ഫാ. ജോർജ്ജ് തന്റെ പൈപ്പു നിറച്ചു ഡസ്കിന്മേൽ പതിവായുള്ള തട്ടം തട്ടിമാറ്റിയിട്ടു് ടോംപെന്നിയിൽനിന്നു ആദ്യമായിലഭിച്ച എഴുത്തുമായി വായന ആരംഭിച്ചു. അദ്ദേഹത്തിനു കിട്ടിയ ചെറിയ സെറ്റു് പൂർത്തിയാക്കിയശേഷം സിസ്റ്റേഴ്സ് നയച്ച വലിയ ശേഖരത്തിലേക്കതിരിഞ്ഞു. അവയിൽ പരാമർശിക്കപ്പെട്ട വിഷയം മിക്കപ്പോഴും ഒന്നുതന്നെ ആയിരുന്നെങ്കിലും അവയുടെ ധ്വനി പ്രത്യക്ഷത്തിൽ വ്യത്യസ്തമായിരുന്നു. അദ്ദേഹം പുഞ്ചിരിതൂകി. കൊലയാളിയെന്നു വിധിക്കപ്പെട്ട ഈ മനുഷ്യനിൽ അബലകളോടുള്ള ഉപചാരബോധം ഇത്ര തിങ്ങിനില്ക്കുന്നുവോ?

പാതിരാവോടടുത്തപ്പോഴാണു് അദ്ദേഹം അവസാനത്തെ കത്തു് താഴെ വച്ചതു്. അദ്ദേഹത്തിനു് പൈപ്പു് വീണ്ടും നിറക്കേണ്ടിവന്നു. അതു നിറക്കവേ, ടോമിന്റെ ആത്മാവു വളർന്നുവിധം ഓർത്തു് അദ്ദേഹം ആശ്ചര്യഭരിതനാകയും ആ വളർച്ചയിൽ

വ്യക്തമായ ഒരു പ്ലാൻ താൻ ഭർത്താവിക്കുന്നില്ലയോ എന്നു് അദ്ദേഹം വിസ്മയിക്കുകയും ചെയ്തു.

അദ്ദേഹം സോല്ലാസം പെൻസിലെടുത്തു കുറിക്കുവാൻതുടങ്ങി.

പശ്ചാത്താപവും കൃതജ്ഞതയും

എനിക്കു":— മാർച്ചു" 22. "എന്റെ തെറ്റുകൾ കാണുകയും അറിയുകയും സമ്മതിക്കുകയും ചെയ്യുന്നതിനു" അവസരമുണ്ടായിരിക്കുന്നതു" ഒരു വലിയ ആശ്വാസമാണു". എനിക്കു അവയെ മനുഷ്യരുടെ മുമ്പിൽനിന്നു മായിച്ചുകളയുവാൻ സാദ്ധ്യമല്ല. പക്ഷെ ദൈവത്തിൽനിന്നു അവയ്ക്കുവേണ്ടി മാപ്പു പക്ഷിക്കാത്ത ഒരു രാവോ പകലോ ഇല്ല."

സി. റോബർട്ട" ആനിനു":— ഫെബ്രു.വരി 22. "എന്റെ ഭൂതകാലം ഞാൻ കഴിച്ചുകൂടി; ഇപ്പോൾ ഭാവിയെപ്പറ്റിമാത്രമേ ചിന്തിക്കുന്നുള്ളു. സിസ്റ്റർ, എന്റെ വിശ്വാസം ഉലയ്ക്കുന്നതിനു" ഇപ്പോൾ ഈ ലോകത്തു" യാതൊന്നിനും സാധിക്കയില്ല. ഹൃദയപൂർവ്വകമായ ആശംസകളോടും ആത്മാർത്ഥമായ കൃതജ്ഞതയോടുംകൂടെ നിത്യനു."

ദൈവതിരുവിഷ്ടം നിറവേറുന്നതിനുള്ള ആഗ്രഹവും ക്രിസ്തുവിനോടുള്ള സഹതാപവും

സി. മേരിലോറൻസിയായ്ക്കു":—ഫെബ്രു.വരി22. "ഈ മാറാക്കാരം എല്ലാവർക്കും ഒരു വലിയ ആശ്വാസമായിരുന്നു. എങ്കിലും അതു ദൈവഹിതമാണു" എന്നാണു" എന്റെ ദൃഢമായ വിശ്വാസം—അതാണു" എന്റെ ഏറ്റവും വലിയ ആശ്വാസം. ആകയാൽ എനിക്കു പരാതിയില്ല."

മാർച്ചു" 5. "മെഡൽ എനിക്കു ലഭിച്ചു, സിസ്റ്റർ. ദൈവഹിതമെങ്കിൽ, ടിബേരിയസും മണിക്കൂർതോറും ഞാൻ അത്യാശ്വാസം വലിക്കുന്നതുവരെയുള്ള ഓരോ വിനാഴികയിലും എന്റെ പൂർണ്ണഹൃദയത്തോടും ആത്മാവോടുംകൂടി ദൈവത്തെ സ്നേഹിക്കയും സേവിക്കയും ചെയ്തുകൊണ്ടു" ആ മെഡൽ ധരിക്കുവാനും അനേകസൽകൃത്യങ്ങൾ ചെയ്യുവാനും എനിക്കിടയാക്കണമെന്നു ഞാൻ ദൈവത്തോടപേക്ഷിക്കുന്നു."

സി. റോബർട്ട് "ആനിനു", ഏപ്രിൽ 5. "കുരിശിന്റെ വഴി എനിക്കു വലിയ ആശ്വാസമാണു". എനിക്കു സദാ കാണാവുന്ന വിധമാണു് ഞാനവ വച്ചിരിക്കുന്നതു". എന്റെ വേദനകളും യാതനകളും താരതമ്യേന നിസ്സാരമാണു". വാസ്തവത്തിൽ പരിശുദ്ധനാഥ ഫമല്ലാത്തവിധം എന്റേതു് അതു നിസ്സാരമാണു".'

സി. മേരി ലോറൻസിയായിക്കു", ഏപ്രിൽ 5. "സിസ്റ്ററിന്റെ അഭ്യർത്ഥനയനുസരിച്ചു ഉടനെ വെള്ളിയാഴ്ച ഞാൻ പല പ്രാവശ്യം പ്രവർത്തിച്ചു ...എന്റെ സ്നേഹവും ശരണവും ഞാൻ ദൈവത്തിൽ വച്ചിരിക്കുന്നു. അവിടുത്തെ ചിത്തം നിറവേറട്ടെ. അവിടുത്തെപ്പറ്റിയുള്ള കൂടുതൽ മെച്ചമായ ധാരണയ്ക്കും അവിടുത്തോടുള്ള കൂടുതൽ അഗാധമായ ഭക്തിക്കും വേണ്ടി ഞാൻ സദാ പ്രാർത്ഥിക്കുന്നു."

ടോം, മേയിലെ എഴുത്തുകൾ തുടങ്ങിയപ്പോൾ അതിനെല്ലാം ഒരു ലക്ഷ്യമുണ്ടായിരുന്നെന്നു ഫാ. ജോർജ്ജിനു തീർച്ചയായി. കാരണം, ക്രിസ്തുവിന്റെ പീഡാനുഭവത്തെപ്പറ്റി അവനെ ബോധവാനാക്കാനാണു് ദൈവം നോയമ്പുകാലം ഉപയോഗിച്ചതെങ്കിൽ ക്രിസ്തുവിന്റെ അമ്മയോടുള്ള ഭക്തി വളർത്തുന്നതിനാണു് മേയ്മാസം ഉപയോഗപ്പെടുത്തിയതെന്നു് അദ്ദേഹം കണ്ടു. അതുകൊണ്ടാൽ അദ്ദേഹം വേറൊരു കടലാസിൽ കുറിച്ചു.

മേയ്-മാതാവിനോടുള്ള ഭക്തി-പ്രാർത്ഥന

എനിക്കു മേയ് 6. "അച്ചാ, ഈ മാസത്തിൽ മിക്ക സമയവും നമ്മുടെ പരിശുദ്ധ അമ്മയ്ക്കായിട്ടാണു" ഞാൻ ചെലവഴിക്കുന്നതു": മുന്തിരിത്തോപ്പു്, മാതാവിന്റെ ലിറ്റനി, വണക്കമാസം, മറ്റു പലതും ധാരാളം ധ്യാനത്തോടുകൂടെ. എന്തിലെങ്കിലും ഞാൻ വീഴ്ച വരുത്തുന്നെങ്കിൽ അതു സംശയമെന്യേ എന്റെ കുറവാണു". കാരണം ഒരു കീടത്തെ പഠിപ്പിക്കുന്നതിനു വേണ്ടതു സംഗതികളും സിസ്റ്റേഴ്സ് എനിക്കു നൽകിയിട്ടുണ്ടു".."

സി. മേരി ലോറൻസിയായിക്കു" മേയ് 1. "സിസ്റ്ററിനു" എഴുതയച്ചുകൊണ്ടാണു് ഞാൻ ഈ മാസം ആരംഭിക്കുന്നതു". ഇപ്പോൾ, വെള്ളിയാഴ്ച, രാത്രി 2 മണി ആയിരിക്കും. ഞാൻ ഒരു

കൊന്തയും മാതാവിനോടുള്ള സന്ധ്യനമസ്കാരവും ലിറ്റനിയും നടത്തി. ഇതൊക്കെ ഞാൻ ദിവസേന ചെയ്യുന്നുണ്ട്. സന്ധ്യനമസ്കാരം 2 മണിക്കു കഴിക്കുന്നതിനെപ്പറ്റി നിങ്ങൾ ചിരിക്കുമായിരിക്കാം. പക്ഷേ ഞാനിതുവരെ ഉറങ്ങിയില്ല. ആകയാൽ ഇതു് എനിക്കു സന്ധ്യയാണു്. ഞാൻ ഏടിസ്ഥമാക്കിയിട്ടുള്ള സകല പ്രാർത്ഥനകളും ഞാനുണരുമ്പോൾ ചൊല്ലാറുണ്ടു്. പ്രാർത്ഥിക്കയും വായിക്കയും എഴുതുകയും വരയ്ക്കയുമല്ലാതെ എനിക്കു വേറൊന്നും ചെയ്യാനില്ലെന്നു ഗ്രഹിച്ചാലും."

സി. റോബർട്ട് ആനിനു്. മേയ് 14. "സിസ്റ്റർ, നമ്മുടെ പരിശുദ്ധ അമ്മയോടുള്ള ഭക്തി ആരംഭം മുതൽക്കേ എനിക്കു കേവലം സ്വാഭാവികമായിരുന്നു. കൊന്തചൊല്ലുമ്പോൾ രഹസ്യങ്ങളെപ്പറ്റി ധ്യാനിക്കുന്നതിൽ ഞാനൊരു വിഷമതയും കാണുന്നില്ല. കണ്ണുകൾ അടച്ചുകൊണ്ടുപോലും അവ ഭർത്തിക്കുവാൻ എനിക്കു കഴിയും. സിസ്റ്റർ, (ഞാൻ സാധാരണ 15 രഹസ്യങ്ങളും പൂർത്തിയാക്കുന്നുണ്ടു"; (ആരും തടസ്സപ്പെടുത്തുന്നില്ലെങ്കിൽ) ജപമാലയാണു് സിസ്റ്റർ, എന്റെ പ്രിയപ്പെട്ട ഭക്തകൃത്യം. അതും കൊണ്ടാണു് ഞാനുറങ്ങാൻ പോകുന്നതു്. അഹിതകരമായ പല കാര്യങ്ങളിൽനിന്നു് അതെന്റെ മനസ്സിനെ അകറ്റി നിർത്തുന്നു.

ഞാൻ വരച്ച മാതൃചിത്രം എന്റെ കിടക്കയുടെ തലയ്ക്കൽ ഭിത്തിയേലാണിട്ടിരിക്കുന്നതു്. അതു്, ഞാനുറങ്ങുമ്പോൾ അമ്മ എന്നെ കാക്കുന്നതിനുവേണ്ടിയാണു്. ഞാനൊരു മാതൃകയും ഉപയോഗപ്പെടുത്തിയില്ല. അതിനു് 9" × 12" വലിപ്പമുണ്ടെങ്കിലും പകുതി കാഴ്ചയേ ലഭിക്കുന്നുള്ള. നിങ്ങൾക്കും രണ്ടുപേർക്കും വേണ്ടി ഞാൻ ഓരോന്നു തീർച്ചയായും വരയ്ക്കും. പക്ഷേ 9" × 12" വലിപ്പം, നിങ്ങളുടെ പ്രാർത്ഥനപുസ്തകത്തിനു യോജിച്ചതായിരിക്കയില്ല; അല്ലേ?"

സി. മേരി ലോറസിയായിക്കു് മേയ് 27. "സിസ്റ്ററിനെ കാണ്മാൻ എനിക്കു വളരെ സന്തോഷമുണ്ടു്. കാണ്മാൻ എനിക്കു വളരെ ആഗ്രഹമുണ്ടായിരിക്കയില്ലെന്ന ആശയം എങ്ങനെ കിട്ടി

യെന്നു് എനിക്കറിഞ്ഞുകൂടാ. എങ്കിലും അതു തികച്ചും തെറ്റല്ല. അതു ഞാൻ സ്വമേധയാ വിചാരിച്ചതല്ല. ആരെങ്കിലും എന്നെ വന്നു കാണുന്നതിനെ ഞാൻ പ്രോത്സാഹിപ്പിക്കാത്തതിന്റെ കാരണം ഇവിടത്തെ സന്ദർശന വ്യവസ്ഥകളാണു്... ഈ സന്ദർഭത്തിൽ, നമുക്കൊരു പ്രത്യേക ആനുകൂല്യം നേടിത്തരുവാൻ നമ്മുടെ അമ്മയോടു നാം പ്രാർത്ഥിക്കണം; എന്തു പറയുന്നു? എന്റെ പല അർത്ഥനകളും അമ്മ സാധിച്ചു തന്നിട്ടുണ്ടു്", സിസ്റ്റർ; കൃതജ്ഞത പ്രകടിപ്പിക്കുന്നതിൽ ഞാൻ അനാസ്ഥ കാണിച്ചിട്ടില്ല!

ഞാൻ വരച്ച രണ്ടു ചിത്രങ്ങളും അയക്കുന്നു...മാതാവിനെ, മന്ദഹസിക്കുന്നവളായി ഞാൻ എന്തുകൊണ്ടു ചിത്രീകരിച്ചില്ല, എന്നു് അരോ എന്നോടു ചോദിച്ചു. അവളെ മന്ദഹസിക്കുന്നവളായി വിഭാവനം ചെയ്യുവാൻ എനിക്കു പറ്റുകയില്ല,സിസ്റ്റർ. അമ്മ ഏതയത്തിലാണു് മന്ദഹസിക്കുന്നതു്. ഞാനൊരു കലാകാരനല്ലെന്നു തെളിയിക്കുന്നതിനു ഞാൻ പറഞ്ഞു കൊള്ളട്ടെ, ഈ പാവപ്പെട്ടവനു് അറിഞ്ഞുകൂടായിരുന്നു ആരെയാണു് ഇവൻ ചിത്രീകരിക്കാൻ ശ്രമിക്കുന്നതെന്നു്. അതുകൊണ്ടു് എന്റെ ഉദ്ദേശ്യമുദ്ധരിക്കു് എന്നെ പ്രശംസിച്ചാൽ മതിയാകും."

എല്ലാം മനസ്സിലായെന്നപോലെ ഫാ. ജോസു് തലകുലുക്കി. അതെ, ഇവിടെ വ്യക്തമായ പ്ലാനുണ്ടായിരുന്നു. ടോം പെന്നിയെ എഡിവില്ലിലേയ്ക്കു ധൃതിയിൽ മാറ്റിയതു എന്തുകൊണ്ടാണെന്നു് ഇപ്പോൾ അദ്ദേഹത്തിനുമനസ്സിലായി. ഫെയിറഡു് കെയ്ത്തിജയിലിൽ ഏകാന്തത എന്നതു് അറിയപ്പെട്ടിരുന്നില്ല. പുണ്യപരിപാകത എന്നു പറയുന്നതിലെ ഏക കാരണം, ദൈവവും താനുമായി ഒരു ഉറ്റ സൌഹാർദ്ദബന്ധത്തിൽ എത്തണമെങ്കിൽ പെന്നിയെലെക്ലിംഗ്ടണിലെ സാഹചര്യങ്ങളിൽനിന്നു മാറ്റി അവന്റെ ബുദ്ധികൊണ്ടുമാത്രമല്ല ഹൃദയംകൊണ്ടുകൂടി ചിന്തിപ്പിക്കുവാൻ കഴിവുള്ള ഒരു സ്ഥലത്തു സ്ഥാപിക്കേണ്ടിയിരുന്നു. അവനു് ഏകാന്തത ആവശ്യമായിരുന്നു.

ആ വൈദികൻ പിൻപോട്ട ചാരി ഇരുന്നുകൊണ്ട് ഇപ്പോൾ ടോമിന്റെ ശ്രേഷ്ഠകർമ്മമാകുന്ന സിമന്റു ചുവരു കൊണ്ടുള്ള 'ചെറിയ ഗ്രഹ' വിഭാവനം ചെയ്തു. ഒരു കൊലപാതകിയെന്നു ലോകം വിധിച്ച ആ മനുഷ്യനെ നേരിട്ടു സന്ദർശിപ്പാൻ സൃഷ്ടിക്കപ്പെട്ട എല്ലാ സ്ഥലങ്ങളിൽനിന്നും ദൈവം തിരഞ്ഞെടുത്ത ഏകസ്ഥാനമതാണെന്നു് അദ്ദേഹം ഗ്രഹിക്കയും ചെയ്തു.

പട്ടുപോലെ വെളുത്ത ആ ശിരസ്സ് വീണ്ടും ബോധപൂർവ്വം ആടി. അച്ചന്റെ വൈദിക വീക്ഷണത്തിൽ ഈ എഴുത്തുകാരൻ വെളിപ്പെട്ടത്തിയതു്, ടോം പെന്നി വീനാവിളംബം മരിക്കുവാനിരിക്കുന്നുവെന്നാണു്. സ്നേഹസ്വരൂപനായ ദൈവത്തിനുമാത്രം സാദ്ധ്യമായവിധം ദൈവം അവനെ ഒരുക്കുകയായിരുന്നെന്നു് അദ്ദേഹം മനസ്സിലാക്കി.

എന്നാൽ തുറിച്ചുനോക്കിയിരുന്ന ഫാ. ജോർജ്ജിന്റെ നീലക്കണ്ണുകൾക്കു മുകളിൽ പെട്ടെന്നു ഒരു ശുഷ്കഭാവം നിഴലിച്ചു. കുറെ അസ്വസ്ഥതയോടെ അദ്ദേഹം കുനിഞ്ഞു് ആ എഴുത്തുകടലാസ് വീണ്ടും എടുത്തു, മരണത്തോടുള്ള ടോമിന്റെ മനോഭാവം എന്തെന്നു പഠിയ്ക്കുവാൻ.

ഏപ്രിൽ 29-ാം തീയതി അദ്ദേഹത്തിനു ലഭിച്ച ഒരെഴുത്തിൽ ഇങ്ങനെ വായിച്ചു:

"ഇറങ്ങിപ്പോകാമെന്നാണു് ബോബിന്റെയും ബാക്സ്റ്ററുടെയും ദൃഢമായ പ്രത്യാശ. അപ്പോൾ അവർക്കു് ദൈവം ആവശ്യമില്ലാതായിത്തീരുമെന്നതിനാലാണു് അവരുടെ സംസാരം! എനിക്കു പറയാനുള്ളതു് ഇതു മാത്രമാണു്: ദൈവത്തിൽ വിശ്വസിക്കുന്നതു, ഒരുവന്റെ ഉന്മേഷം കെടുത്തുന്നതാണെന്നു് ഞാൻ വിശ്വസിക്കുന്നില്ല. കാരണം, എന്റെ ഉന്മേഷം നിശ്ചയമായും കെട്ടുപോയിട്ടില്ല. എന്നാൽ എന്റെ വീക്ഷണകോണം മുഴുവൻ വ്യത്യാസപ്പെട്ടിട്ടുണ്ടു്. ഞാൻ ഒരിക്കൽ കാംക്ഷിയായി കരുതിയിരുന്ന കാര്യങ്ങൾ അങ്ങനെ കരുതുവാൻ ഇനി എന്നാലാവില്ല. ആ സംഭാവ്യമായതു സംഭവിക്കയും, അങ്ങനെ എന്റെ ജീവിതം തുട

രുവാൻ അനുവദിക്കയും ചെയ്യുന്നെങ്കിൽ പഴയ ജീവിതത്തിലേയ്ക്കു തിരിച്ചുപോകുവാൻ എനിക്കു സാദ്ധ്യമല്ലെന്നും എനിക്കു പരിപൂർണ്ണനിശ്ചയമുണ്ടു".

ഞാൻ മരിക്കുവാനാഗ്രഹിക്കയാണെന്നു ചിലർ വിചാരിക്കുന്നതുപോലെ തോന്നിപ്പോകുന്നു. അവർക്കു പരിതാപകരമായ തെറ്റുപറ്റിയിരിക്കയാണു"... .....പക്ഷെ ഞാൻ മരിക്കേണ്ടതായി വരുന്നെങ്കിൽ അതു ദൈവത്തിന്റെ തിരുവിഷ്ടമാണു". അപ്പോഥം ശിരസ്സു് ഉയർത്തിപ്പിടിച്ചും കാല്കുകഥം ഇടറാതെയും എന്റെ മരണത്തിങ്കലേയ്ക്കു നടക്കുവാൻ ഞാൻവളരെ പരിശ്രമിക്കും. ഇതിലപ്പുറം എന്തുചെയ്യുവാൻ കഴിയും?"

അതുവായിച്ചുകഴിഞ്ഞപ്പോഥം ഫാ. ജോർജ്ജിനു കൂടുതൽ ആശ്വാസം തോന്നി. ഈ ആശ്വാസത്തെ വർദ്ധിപ്പിച്ചുചില ഭാഗങ്ങഥം സിസ്റ്റേഴ്സിനുള്ള എഴുത്തുകളുടെ കൂട്ടത്തിൽ അദ്ദേഹം കണ്ടു. അദ്ദേഹം വീണ്ടും കുറിക്കുവാൻ തുടങ്ങി.

സി. റോബർട്ടു് ആനിനു" മേയു് 22. "ചില ആളുകഥം എന്നോടു പറഞ്ഞിട്ടുണ്ടു്: 'മി. പെന്നി, ഈ ഭയങ്കരകാര്യം നിനക്കു വന്നുഭവിച്ചിരിക്കുന്നെന്നു" നീ മിക്കവാറും അറിഞ്ഞിട്ടും നീ ചെയ്യുന്നതുപോലെ ചിരിക്കയും തമാശപറയുകയും ചെയ്യുവാൻ നിനക്കു് എങ്ങിനെ കഴിയും?' മരണം ഭയപ്പെടുന്നവർ ദൈവത്തിന്റെ സ്നേഹം ഗ്രഹിക്കാത്തവർ മാത്രമാണെന്നു ഞാൻ അവരോടു പറഞ്ഞില്ല. എന്തുകൊണ്ടെന്നാൽ അവർ മതഭക്തരാണെന്നാണുവയ്പു്. ആകയാൽ അവരെ ഞാൻ വെറുപ്പിക്കുന്നതല്ലോ. എങ്കിലും സിസ്റ്റർ, അതാണു മറുപടി."

സി. മേരി ലോറൻസിയാക്കു് മേയു് 27. "എന്റെ ഏറ്റവും ആത്മാർത്ഥമായ ആഗ്രഹം ഒരു മാനമായ മരണം വരിക്കണമെന്നാണു്. അതു സാദ്ധ്യമല്ലെങ്കിൽ ദൈവഹിതം നിറവേറട്ടെ. സിസ്റ്റർ, ഞാൻ മരണം ഭയപ്പെടുന്നില്ല; ആക്ഷേപകരമായ ഒരു കാര്യത്തിനുവേണ്ടിയാണല്ലൊ മരിക്കുന്നതു് എന്നതുമാത്രമാണു ഞാൻ വെറുക്കുന്നതു്."

അച്ഛൻ ആ എഴുത്തെല്ലാം വീണ്ടും വൃത്തിയായി അടുക്കി വയ്ക്കവേ, മേയ്, 27–ാംതീയതി അദ്ദേഹത്തിനയച്ച കത്തിലെ ഒരു ഖണ്ഡിക അദ്ദേഹത്തിന്റെ ദൃഷ്ടിയിൽപെട്ട.

"എന്തുകൊണ്ട് ഇത്ര നൽമനസ്സോടും ഇത്ര ദൃഢനിശ്ചയത്തോടുംകൂടി ഞാൻ സത്യവിശ്വാസം സ്വീകരിച്ചു? അല്ലയോ അച്ഛാ ഇതിനു മറുപടി നൽകുക ക്ഷിപ്രസാദ്ധ്യമാണ്. ആരംഭംമുതൽക്കേ ഞാനറിഞ്ഞു അങ്ങേയ്ക്കുണ്ടായിരുന്നതു്, ഒരു അക്രമിയെപ്പറ്റിയുള്ള ജിജ്ഞാസയല്ല, എന്റെ ആത്മാവിനെപ്പറ്റിയുള്ള താല്പര്യമാണെന്നു്. അങ്ങു് എനിക്കു വിശദീകരിച്ചുതന്നതു് ദൈവത്തിന്റെ സ്നേഹവും സ്വർഗ്ഗത്തിലെ ആനന്ദവുമാണ്, അല്ലാതെ പിശാചിനെപ്പറ്റിയുള്ള ഭീതിയൊ നരകത്തിലെ ദണ്ഡനങ്ങളോ ആയിരുന്നില്ല. തീക്ഷ്ണമായ മൈത്രിയുടെ എല്ലാ അടയാളങ്ങളും അങ്ങു് എനിക്കു നൽകിക്കൊണ്ടിരുന്നു. അങ്ങനെ അങ്ങയെപ്പറ്റിയുള്ള എന്റെ അറിവിന്റെ ആക്കവും തൂക്കവും വർദ്ധിക്കയും അവസാനം അതിയായ മതിപ്പായി അതു പ്രശോഭിക്കയും ചെയ്തു. എന്നാൽ അങ്ങു സദാ ബദ്ധപ്പെട്ടിരുന്നതു് എനിക്കു് ഒരു സംഗതി പ്രദാനംചെയ്യുവാനാണു്: ദൈവത്തോടും നമ്മുടെ നല്ല നാഥനായ ഈശോമിശിഹായോടും അഗാധവും സദാ വർദ്ധമാനമായിക്കൊണ്ടിരിക്കുന്നതുമായസ്നേഹം."

"അതുമോശമല്ല" ഫാ. ജോർജ്ജ് വിചാരിച്ചു; എങ്കിലും അദ്ദേഹം എഴുത്തുകടം മറിച്ചും തിരിച്ചും നോക്കിക്കൊണ്ടിരുന്നു. അവൻ രണ്ടുസിസ്റ്റേഴ്സിനും ഒരുമിച്ചു ഏപ്രിൽ 16–ാംതീയതി അയച്ച ഒരു എഴുത്തു് അദ്ദേഹം കണ്ടുപിടിച്ചുവായിച്ചു.

"ഇപ്പോൾ അർദ്ധരാത്രികഴിഞ്ഞു മണി 2 ആയിരുന്നു. താമസമെന്യേ നിങ്ങൾ ഒരു നവദിനം ആരംഭിക്കും. കേട്ടോ, സിസ്റ്റേഴ്സ്", ഒരുകാലത്തു ഞാൻ വിചാരിച്ചിരുന്നു ലോകത്തുള്ളവരിൽഏറ്റവും വിഷാദാത്മകരാണു് സന്ന്യാസിനികളെന്നു്–(അവരാണു് ഏറ്റവും സന്തോഷ്രെന്നു് എനിക്കു് എങ്ങനെ സ്വപ്നം കാണുവാൻ കഴിയുമായിരുന്നു?) എന്നാൽ ഇപ്പോൾ എനിക്കറി

യാം—അതു് എന്തൊരു വെളിപാടാണെന്നു്."

എന്റെ മാനസാന്തരത്തിനു ഹേതുഭൂതൻ മി. പ്രൈസാണെന്നു ഞാനൊരിക്കൽ നിങ്ങളോടു പറഞ്ഞെന്നാണു് എന്റെ വിചാരം. അദ്ദേഹമാണു് എന്നെക്കൊണ്ടു് കാര്യമായി ചിന്തിപ്പിക്കാൻ തുടങ്ങിയതു്. എന്നാൽ അതു പരമകാഷ്ഠയിലെത്തിയതു് നിങ്ങടെ ജയിൽ സന്ദർശിക്കയും ഫാ. ഡൊനെല്ലി എന്നെ കാണാൻ വന്ന സാഹചര്യങ്ങടെ എന്നോടു പറകയുംചെയ്ത ശേഷമാണു്. അന്നു ഞാൻ എന്നോടുതന്നെ പറഞ്ഞു: ഇതാ എന്നെ കാണുവാൻവേണ്ടി ഫാ: ഡൊനെല്ലി മുന്നൂറിലധികം മൈൽ കാറോടിക്കുന്നു ഇതാ എന്നെ കാണുവാൻ വേണ്ടി മാത്രം രണ്ടു സിസ്റ്റേഴ്സ് ഈവൃത്തിഹീനമായ ജയിലിൽ വരുന്നതിനുള്ള അസൗകര്യങ്ങടെക്ക സഹായം വിധേയരാക്കുന്നു. നിശ്ചയമായും ലൗകികമായ യാതൊരു പ്രതിഫലവും ഇതിൽ അവക്കില്ല. ആകയാൽ രക്ഷപ്പെട്ടത്തേണ്ടതായ എന്തോ എന്നിലുണ്ടായിരിക്കണം; അതെ, ഉണ്ടായിരിക്കണം. ഞാൻ അതിനെ രക്ഷപ്പെട്ടത്തുവാൻ പോകയാണു്."

നിറഞ്ഞു കവിഞ്ഞിരുന്ന ചാമ്പൽത്തട്ടത്തിന്മേൽ ഫാ. ജോർജ്ജ് തന്റെ തണുത്ത പൈപ്പു വച്ചശേഷം തന്റെ കുറിപ്പുകൾ രേഖരിച്ചുപ്പോൾ അദ്ദേഹം മന്ദഹാസം പൊഴിച്ചിരുന്നു. ടോം പെന്നിയുടെ മാനസാന്തരത്തിൽ താനാണു പ്രധാനഭാഗം അഭിനയിച്ചതെന്ന ആശയം ഒരു കാലത്തു് അദ്ദേഹം വെച്ചുപുലർത്തിയിരുന്നു. എന്നാൽ ഇപ്പോൾ, രാത്രി 2–15നു്, അടിപ്പിച്ചടിപ്പിച്ചു് എഴുതിയിരുന്ന മൂന്നു പുറം കടലാസ് ഒരു വശത്തേയ്ക്കു നീക്കിവച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞു: 'ആ സിസ്റ്റേഴ്സ് ഈ കാര്യത്തിലുള്ള കാലത്തോളം ഒരു മനഃപ്രയാസവുമില്ലാതെ തനിക്കു ഇക്കാര്യത്തിൽനിന്നു വിരമിക്കാം' എന്നു്. ദൈവത്തിനു നിശ്ചിതമായ ഒരു പ്ലാനുണ്ടായിരുന്നു.

അദ്ദേഹം തന്റെ നിശ്വാസ്യം ധരിച്ചുകൊണ്ടു് പറഞ്ഞു: "നാഥാ, അങ്ങു് ആശ്ചര്യാവഹമായ ഒരു ജോലി നിർവഹിച്ചിരിക്കുന്നു."

ഫെബ്രുവരി അവസാനത്തിലോ മാർച്ച് ആരംഭത്തിലോ ടോം തന്റെ അമ്മയ്ക്കയച്ച എഴുത്തിലെ കുറിപ്പിനെക്കുറിച്ചുള്ള ഓർമ്മ ഉറങ്ങാൻ തുടങ്ങവേ ആ വൈദികനുണ്ടായി. ഈ ആഴ്ചകളിലെല്ലാം അതു വിശദീകരിക്കപ്പെടാതെ കിടക്കയായിരുന്നു. പ്രഭോദാസിതമായ നിശാകാശത്തിനുവിലങ്ങെ നിങ്ങുന്നതിനും മന്ദപ്രഭമായ ചന്ദ്രകാന്തിക്കു കളങ്കം ചാർത്തുന്നതിനുമുള്ള ഒരു കാർമേഘം കണക്കെ അതിപ്പോൾ ഉയർന്നുവന്നു. ആ കൊച്ചന്റെ മനസ്സിൽ അപ്പോൾ എന്തുണ്ടായിരുന്നിരിക്കാം? ഫാ. ജോജ്ജ് മറുവശത്തേയ്ക്കു ചരിഞ്ഞു. "എന്റെ ദൈവമേ". അദ്ദേഹം പ്രാർത്ഥിച്ചു, "ഒരു കുഴപ്പവും നേരിടല്ലേ."

അദ്ധ്യായം 6

മരണ ഭവനത്തിലെ ജന്മദിനം

സി. റോബർട്ട് ആനിന്റെ മനസ്സിനെ അലട്ടുന്നതു് എന്തായിരിക്കാമെന്നു് ഇടനാഴിയിൽ നിന്നു സ്റ്റാഫ് പരിശീലനം പൂർത്തിയ നേഴ്സ് ആശ്ചര്യപ്പെട്ടു. രോഗികളിൽ ആരുംതന്നെ ആസന്ന മരണരായിരുന്നില്ല. നേഴ്സിംങ്ങ് വിദ്യാർത്ഥിനികൾ തങ്ങളുടെ ജോലി ഭംഗിയായി നിർവഹിച്ചിരുന്നു. എന്നു വരികിലും, എപ്പോഴും സമർത്ഥയായിരുന്ന ഈ നേഴ്സ് അദ്ധ്യാപിക അസ്വസ്ഥയും വെകിളി പിടിച്ചവളുമായി കാണപ്പെട്ടു.

പരിശീലനം കഴിഞ്ഞു വിജയികളായ നേഷ്സ്മാരുടെ ബിരുദാനന്തരച്ചടങ്ങിൽ സംബന്ധിക്കുന്നതിനു് നസറസ്സിലെ ഉപവിയുടെ സഹോദരികളുടെ പൊതുശ്രേഷ്ഠയായ മദർ ആൻ സെബാസ്റ്റ്യൻ വന്നിരിക്കുന്നു. സി. മേരി ലോറൻസിയ, സി. റോബർട്ട് ആനിനുവേണ്ടികൂടി ഒരു അസാധാരണമായ അനുവാദം അഭ്യർത്ഥിക്കുവാൻ നിശ്ചയിച്ചിരിക്കയാണു്.

ഭോഷിച്ച ഈ നേഴ്സ്—അദ്ധ്യാപിക ഒരു ലക്ഷ്യവുമില്ലാതെ വസ്ത്രമുറിയിലേക്കു പോയി. അനന്തരം അതുപോലെതന്നെ

ലക്ഷ്യംകൂടാതെ പാചകമുറിയിലേക്കു് കടന്നു. 'സ്നേഹനാഥാ', അവർ വിചാരിച്ചു 'ചാപ്പലിലായിരിക്കുവാൻ ഞാൻ എത്രയധികം ആഗ്രഹിക്കുന്നു. പക്ഷേ, ഡാ. റാങ്കിൻ വരുമ്പോൾ ഞാനിവിടെയുണ്ടായിരിക്കണമല്ലോ.' അവർ പുറത്തുവന്നു് സൂപ്പുവൈസുടെ മേൽ ക്രമപ്പെടുത്തിവെച്ചു. ഈ കഴിഞ്ഞ ഒരു മണിക്കൂറിനുള്ളിൽ ഇതു് നാലാമത്തേയോ അഞ്ചാമത്തേയോ ആണു്. "എന്താണു് ഞാൻ എത്ര പരിഭ്രമിക്കുന്നതു്" അവർ സ്വയം ചോദിച്ചു. "ഞങ്ങൾക്കു് ഈ അനുവാദം ലഭിക്കണമെന്നു ദൈവം മനസ്സാകുന്നെങ്കിൽ അതു നൽകപ്പെട്ടം. അല്ലെങ്കിൽ ....." അപ്പോൾ അവൾ അനുസ്മരിച്ചു. 'ചോദിപ്പിൻ, നിങ്ങൾക്കു നൽകപ്പെട്ടം' എന്ന വേദവാക്യം. തന്മൂലം ആത്മാർത്ഥമായി അവർ പ്രാർത്ഥിച്ചു: "നാഥാ, ദയവായി അതു നൽകണെ. സ്നേഹനാഥാ, മദർ ആൻ സെബാസ്റ്റ്യനെ ഏറ്റം അനുകൂലമായ ചിത്തവൃത്തിയിലാക്കണേ. സി. ലോറൻസിയാ ശരിയായ രീതിയിൽ ചോദിക്കാൻ ഇടയാക്കണേ. സ്നേഹനാഥാ, ദയവായി വേഗമാകട്ടെ. ഞാൻ വല്ലാതെ വിറക്കുന്നു."

മൂന്നാഴ്ചമുമ്പു് അവർ, സി. ലോറൻസിയായുടെ ഒരു കസിനെ തൃപ്തിപ്പെടുത്തുകഴിഞ്ഞശേഷമാണു് ഇതെല്ലാം തുടങ്ങിയതു്. ആ നല്ലവനിത, ഈ സന്ന്യാസിനിയുടെ പ്രസന്നമായ രീതികൾക്കാരണം വളരെ ആകൃഷ്ടയായി ഭവിച്ചു. അതുകൊണ്ടു് അവൾ ആ തുപത്രി വിടാറായപ്പോൾ തന്റെ 'കസിനോ'ട്ടു പറഞ്ഞു: "സോദരിക്കും സി. റോബർട്ടു് ആനിനും എന്തെങ്കിലും ചെയ്യുവാൻ എനിക്കാഗ്രഹമുണ്ടു്. നിങ്ങളെ വല്ലിടത്തും ഒന്നു കൊണ്ടുപോയാലെന്താ? ഫാൻസിഹാമിലേക്കുള്ള നിങ്ങളുടെ യാത്രച്ചെലവു് വഹിക്കുവാൻ എനിക്കു പ്രയാസമില്ല." സി. മേരി ലോറൻസിയ അത്ഭുതാലുവായിമാത്രം കാണപ്പെട്ടു. എങ്കിലും അന്നു വൈകുന്നേരം അവർ കൂട്ടുകാരിയോടു ചോദിച്ചു. "സിസ്റ്റർ സ്വന്തക്കാരെ ഏറ്റവും ഒടുവിൽ സന്ദർശിച്ചതു് എന്നാണു്?"

"മൂന്നുകൊല്ലംമുമ്പു്— എന്താ?"

"അവരെ ഒന്നുകൂടി സന്ദർശിക്കാൻ സമയമായിട്ടുണ്ട്" — അനുവാദം സമ്പാദിക്കാമെങ്കിൽ അങ്ങോട്ടുള്ള യാത്രച്ചെലവു് എന്റെ കണ്ടിൻ വഹിച്ചുകൊള്ളാം."

"ഓ, സിസ്റ്റർ, ടോം പെന്നിയെ കാണാൻകൂടി നമുക്ക് അനുവാദം വാങ്ങണം"

സി. മേരി ലോറൻസിയ ഉത്തരംഒന്നും പറഞ്ഞില്ല. എന്നാൽ ഏതാനും മിനിട്ടുകൾക്കുശേഷം ആ സിസ്റ്റർ ഇതേപ്പറ്റി ആ ശുപത്രിയിലെ അധിപയായ മദർ ബനിഞ്ഞായോട് സംസാരിച്ചു. ദയാലുവായ ആ അധിപ അനുഭാവം പ്രകടിപ്പിക്കയും മദർ ജനറാളിനോട് അനുവാദം അപേക്ഷിക്കാമെന്ന് വാക്കുകൊടുക്കുകയുംചെയ്തു. പക്ഷെ, നഴ്സറിയിലേക്കുള്ള ഒരെഴുത്തു് അവർ എഴുതിക്കഴിയുന്നതിനുമുമ്പു് ലക്സിംഗ്ടണിൽ ബിരുദാനന്തരങ്ങിനുള്ള സമയമായി. വിശേഷവിധമായ സത്യസന്ധതയോടെ അവർ സി. മേരി ലോറൻസിയായെ അടുക്കൽ വിളിച്ചു സ്വന്തം നോട്ടക്കുറവു് ഏറ്റുപറയുകയും, അനുവാദം കിട്ടുമെന്നു് ഉറപ്പുപറഞ്ഞുകൊണ്ടു് സി. ലോറൻസിയ തന്നെ അനുവാദം ചോദിക്കണമെന്നു് നിർബന്ധിക്കുകയുംചെയ്തു.

സി. മേരി ലോറൻസിയായിക്കു് അതുതന്നെ ഉറപ്പില്ലായിരുന്നു. ഈ ദീർഘകാലമെല്ലാം അവർ ആശ്രമജീവിതം കഴിച്ചതു് അപ്രതീക്ഷിതമായ അനുവാദദാനങ്ങൾപോലെയോ, അതിൽക്കൂടുതലോ ആണു്, അപ്രതീക്ഷിതമായ അനുവാദ നിഷേധങ്ങൾ എന്നു അറിയാതെയല്ല. എങ്കിലും ഇക്കാര്യം തനിക്കുവേണ്ടി എന്നതിനെക്കാൾ കൂടുതലായി സി. റോബർട്ട ആനിവേണ്ടിയായിരുന്നതുകൊണ്ടു് ചോദിക്കാമെന്നു് അവർ നിശ്ചയിച്ചു.

സി. മേരി ലോറൻസിയ ഇടനാഴിയുടെ മൂലതിരിഞ്ഞപ്പോൾ സി. റോബർട്ട് ആൻ അവരെ കണ്ടു. ഉൽഗ്രഹമായതു ശ്രദ്ധിക്കുവാൻ—സി. ലോറൻസിയായുടെ മുഖഭാവം വായിക്കുവാൻ — സി. റോബർട്ട് ആനിന്റെ തിളങ്ങുന്ന ഇളംനീലക്കണ്ണുകൾ അധ്വാനപ്പെട്ടു. സി. ലോറൻസിയ സമീപം വന്നപ്പോൾ, അവർ നിശ്ച

സിച്ചു: "എന്തായി?"

"ഞാൻ ഇതുവരെ മദറിനെ കണ്ടില്ല"

"ഹോ!" ആ ഉൽക്രോശത്തിൽ ആശ്വാസവും ഇച്ഛാഭംഗവും ധ്വനിച്ചു.

"ഇന്നു രാവിലെ ഞാൻ ചെന്നപ്പോൾ മദർ ജോലിത്തിരക്കിലായിരുന്നു. ഇപ്പോൾ ഒന്നു പരീക്ഷിക്കാൻ പോകയാണു്. വരൂ."

"പക്ഷേ, ഞാൻ....."

"വന്നേ."

"പക്ഷേ, ഡാക്ടർ റാങ്കിൻ.... "

"ഡാക്ടർ റാങ്കിന്റെ കാര്യം കളയൂ. ബിരുദധാരിണികളായ രണ്ടു സിസ്റ്റേഴ്സ് ഇവിടെയുണ്ടല്ലോ. സിസ്റ്റർ വരൂ."

മദർ ജനറാളിന്റെ മേശയ്ക്കു മുമ്പിൽ ഏകാകിനിയായിരിക്കുന്നതു് അവർ കണ്ടു. സി. മേരി ലോറൻസിയ പാഴ്വാക്കു് ഒന്നും ഉപയോഗിച്ചില്ല.

"ബ. അമ്മേ, സി. റോബർട്ട്സ് ആൻ വീട്ടിൽപോയിട്ടു മൂന്നു വർഷമായി."

"നഴ്സായിട്ടോ?"

"ക്ഷമിക്കണേ, അമ്മേ, സിസ്റ്ററിന്റെ മാതാപിതാക്കന്മാരെ കാണാൻ ഫാൻസിഫാമിൽ പോയിട്ടു് എന്നാണു ഞാൻ പറയാൻ ഉദ്ദേശിച്ചതു്."

"ഓ, സിസ്റ്ററിന്റെ പഴയ വീടു്." മദർ സെബാസ്റ്റ്യൻ മന്ദഹസിച്ചു.

"കുറെ ആഴ്ചകൾക്കു മുമ്പു് എന്റെ കസിൻ ഇവിടെ രോഗിണിയായിരുന്നു. സിസ്റ്ററാണു് അവളെ ശുശ്രൂഷിച്ചതു്. സിസ്റ്ററിന്റെ പഴയ വീട്ടിലേയ്ക്കുള്ള യാത്രച്ചെലവു വഹിക്കുവാൻ അവൾ ആഗ്രഹിക്കുന്നു."

"സിസ്റ്ററിന്റെകാര്യമോ?" മദർ ആൻ സെബാസ്റ്റ്യൻ അപ്പോഴും മന്ദഹസിക്കയായിരുന്നു.

"ഇതുയും ചെറുപ്പമായ സിസ്റ്ററിനു് ഒരു സഹചാരിണിക്കൂടി

യുണ്ടായിരിക്കണം മദർ. അത്തരം ദീക്ഷയാത്രയോട് എനിക്ക വലിയ വെറുപ്പാണെങ്കിലും എന്റെ സേവനം ഞാൻ സമർപ്പിച്ചു കൊള്ളുന്നു."

മദർ ആൻ സെബാസ്റ്റിയന്റെ പുഞ്ചിരി കൂടുതൽ പ്രഫുല്ലമായി. "സി. മേരി ലോറൻസിയാ, നിങ്ങളെ നന്നാക്കാൻ സാദ്ധ്യമല്ല; നിങ്ങളും പൊയ്ക്കോ."

"അമ്മേ, ഒരു കാര്യം കൂടി."

"ആവട്ടെ."

"ഞങ്ങൾ എഡിവില്ലിലൂടെയാണ് പോകുന്നത്. അവിടെ ഒന്നിറങ്ങിക്കൊള്ളട്ടയോ?"

"കൊള്ളാം."

"അമ്മേ, വളരെ ഉപകാരം." നഗ്നശിരസ്സായി സി. മേരി ലോറൻസിയ പറഞ്ഞു. എന്നിട്ട് സി. റോബർട്ട് ആനിനെ അക്ഷരാർത്ഥത്തിൽ തള്ളി മുറിക്കു പുറത്താക്കി.

"ഷ്ഷ്...." സി. ലോറൻസിയ മുന്നറിയിപ്പു നൽകി. ഇടനാഴിയുടെ കോണിൽചെന്നു തിരിയുന്നതുവരെ.

"എഡിവിൽ എന്താണെന്നു് അമ്മയ്ക്കു് അറിയാമെന്നാണോ സിസ്റ്ററിന്റെ വിചാരം?" സി. റോബർട്ട് ആൻ ഉൽക്കണ്ഠയോടെ ചോദിച്ചു. "സിസ്റ്റർ പറഞ്ഞില്ലല്ലോ...."

"സിസ്റ്റർ അനുവാദം കേട്ടോ കേട്ടില്ലേ?"

"കേട്ടു. എങ്കിലും ..."

"അതിനു് ഒരു 'എങ്കിലും' ഇല്ലായിരുന്നു. നമ്മൾ എഡിവില്ലിൽ ഇറങ്ങാൻ പോകയാണു്; നമ്മൾ ടോംപെന്നിയെ കാണാൻ പോകയാണു്."

ജൂൺ നാലാംതീയതി പ്രഭാതമായി. ആ സന്ന്യാസിനികൾ തങ്ങളുടെ സാമാനങ്ങൾനിറച്ച വലിയ പേയിസ്റ്റ് ബോർഡു പെട്ടി കാറിന്റെ പിൻപിൽ വയ്ക്കുകയും വെപ്രാളപ്പെട്ട പിൻസീറ്റിൽ ഇരിക്കുകയും ചെയ്തശേഷം, തങ്ങൾക്കും എഡിവില്ലിനും ഇടയ്ക്കുള്ള അമ്പതുമൈൽ, സുരക്ഷിതത്വം അനുവദിക്കുന്നിടത്തോളം

ഗതയിൽ ചിന്നിട്ടുവാൻ സി. റോബർട്ട് അനിന്റെ സഹോദരനോട ആവശ്യപ്പെട്ടു.

വേറെ ഏതെങ്കിലും കാര്യത്തിനു പോകയായിരുന്നെങ്കിൽ നാട്ടിൻപ്രദേശത്തെ അത്ഭുതങ്ങളും അവരെ സംഭ്രമിപ്പിക്കുമായിരുന്നു. എന്നാൽ ഇപ്പോൾ, വണങ്ങിനിന്ന ഡെയിസിപുഷ്പങ്ങളും നിബിഡമായി വളർന്ന വയലിൽ ജ്വലിച്ചുകൊണ്ടിരുന്ന കിരിയാത്തിന്റെ നീലജ്വാലകളുംപോലും അവരുടെ ദൃഷ്ടിക്കു വിഷയീഭവിച്ചില്ല. വഴിയരികിലുള്ള കുറിക്കാടുകളിൽ മഞ്ഞപ്പക്ഷികളും തത്തിക്കളിക്കുന്നതോ അരുവികളുടെ കളകളച്ചിരിയോ ഉദ്യാനമായ ദേവതാരുവൃക്ഷങ്ങളും പ്രഭാതത്തെന്നലിൽ ഉലയുന്നതോ അവരിൽ നിന്നു് യാതൊരഭിപ്രായവും പുറപ്പെടുവിച്ചില്ല.

സമ്മതിക്കുവാൻ അവർക്കു ഭാവമുണ്ടായിരുന്നതിലധികം ഈ അനുഭവം അവരെ രണ്ടുപേരെയും ഇളക്കി മറിച്ചു. തന്നെ മനസ്സിലാക്കിയിട്ടുള്ളവരുമായി കാര്യങ്ങൾ തുറന്നുപറയുന്നതിനുള്ള ടോമിന്റെ ആഗ്രഹം അവൻ പലപ്പോഴും അവരെ അറിയിച്ചിട്ടുണ്ടായിരുന്നു. ആ കത്തോലിക്ക ചാപ്പ്ലെന്റെ മാസംതോറമുള്ള സന്ദർശനം ആ കൊച്ചുന്റെ ആവശ്യങ്ങളെ സന്തർപ്പണം ചെയ്യുന്നതിനു മതിയായിരുന്നില്ലെന്നു സ്പഷ്ടം. അടുത്തകാലത്തെ ജോലിത്തിരക്കിന്റെ ആധിക്യംമൂലം മൂന്നുമാസമായിട്ടു് ചുറ്റിക്കറങ്ങിയുള്ള ദീർഘയാത്ര കഴിക്കുവാൻ ഫാ. ജോർജ്ജിനു സാധിച്ചിട്ടുമില്ല. ആകയാൽ ടോമിന്റെകൂടെയുള്ള അവരുടെ സമയം ഏറ്റവും പ്രയോജനപ്രദമാക്കേണ്ടിയിരിക്കുന്നു.

എഡിവില്ലിൽ നിന്നു വന്ന ഏതു ചില്ലറ സാമാനത്തിന്റെയും പുറത്തു് അരുടെയും ശ്രദ്ധയിലേക്കു തുളച്ചുകയറുന്ന ഒരു കർക്കശലേഖണ്ഡികയുണ്ടു്. "അന്തേവാസികളുടെ ബന്ധുക്കൾ അറിഞ്ഞിരിക്കേണ്ട നിയമങ്ങൾ." അതിൽ കാണിച്ചിരുന്ന സന്ദർശനത്തിനുള്ള സമയം രാവിലെ 8. 30 മുതൽ 10. 30 വരെയും, ഉച്ച കഴിഞ്ഞു 1. മുതൽ 3. വരെയുമാണെന്നു്. രാവിലെയുള്ള സമയത്തു് അവിടെച്ചെന്നുചേരുവാൻ അവർക്കു സാധ്യമല്ലായിരുന്നു.

പക്ഷേ, സി. മേരി ലോറൻസിയ അവസാനവാചകം ഓമ്മിച്ചു. "എന്തെങ്കിലും കാര്യം പ്രമാണിച്ചു ബന്ദികളെ കാണുവാൻ ആഗ്രഹിക്കുന്ന ആളുകൾ വാർഡനോട്ട് അനുവാദം വാങ്ങണം." തങ്ങൾക്കു പ്രധാനപ്പെട്ടകാര്യങ്ങൾ കൈകാര്യം ചെയ്യുവാനുണ്ടെന്നും അതിനുള്ള സമയത്തു് അതു ചെയ്യണമെന്നും കാവൽക്കാരനോടു പറയണമെന്നു സി. മേ. ലോറൻസിയ നിശ്ചയിച്ചു. വൈകളിയോ, വെപ്രാളമോ, അസ്വസ്ഥതയോ ഒന്നും അകലം കുറച്ചില്ല. എങ്കിലും സി. റോബർട്ട് ആനിന്റെ സഹോദരൻ "ഇതാ, നാം വന്നുകഴിഞ്ഞു; മണി 11. 30 ആയിട്ടില്ല." എന്നു പറഞ്ഞപ്പോൾ രണ്ടു സിസ്റ്റേഴ്സും ആശ്ചര്യപ്പെട്ടു.

കെൻറക്കിലെ സംസ്ഥാനജയിൽ ഭയാനകങ്ങളായ ഭിത്തികളോടുകൂടിയ മദ്ധ്യയുഗകൽക്കോട്ട കണക്കേ അവരുടെമുമ്പിൽ ഉയർന്നിന്നു. അതു് പണിയപ്പെട്ടിരുന്നതു് ഒരു മലമുകളിലാണു്. ജൂൺമാസത്തിലെ കണ്ണഞ്ചിക്കുന്ന സൂര്യപ്രഭാപ്രളയത്തിൽ അതു വെട്ടിത്തിളങ്ങി. ഏതിനെന്നു നിശ്ചയമില്ലാതെ എന്തിനേയോ പ്രതീക്ഷിക്കുന്നതുപോലെ അവർ ചുറ്റുംനോക്കി. പക്ഷേ, ജനനമായ നാട്ടിൻപുറമേ അവർക്കു ദൃശ്യമായുള്ളൂ. പരിത്യക്തമായ ഒരു ഗ്രാമംപോലെ ആ പ്രദേശം കാണപ്പെട്ടു.

ഒന്നിനും മൂന്നിനുമിടയ്ക്കുള്ള സന്ദർശനസമയം ഓമ്മിച്ചുകൊണ്ടു് സി. റോബർട്ട് ആൻചോദിച്ചു. "നമുക്കു ഭക്ഷണംകഴിക്കരുതോ?"

"ഉച്ചയ്ക്കുമുമ്പു് എനിക്കു ജയിൽ വാർഡനെ കാണണം" എന്നാണു് മറേറ സിസ്റ്ററിൽനിന്നുവന്ന സാമാന്യം കർക്കശമായ മറുപടി. "ഊണു് കുറെ കഴിഞ്ഞിട്ടു്."

അമ്പതു കൽപ്പടികൾ കയറിയ കതകിലൂടെ അവർപ്രവേശന സ്ഥലത്തുള്ള ഇരുമ്പു ഗയിററിങ്കൽചെന്നു മണി അടിച്ചു. ഭീമാകാരമായ ഗയിററു് തുറക്കപ്പെടുകയും കവചധാരികളായ രണ്ടു കാവൽക്കാർ അകത്തുനില്ക്കുന്നതു കാണുകയും ചെയ്തപ്പോൾ അവർ ഞെട്ടലോടെ അൽപ്പം പിൻവാങ്ങി.

അവർ സന്ന്യാസിനികളുടെ നേരെ പഞ്ചിരിതൂകുകയും ഒരാൾ ഇങ്ങനെപറയുകയും ചെയ്തു: "ഞങ്ങൾ നിങ്ങളെ പ്രതീക്ഷിച്ചിരി

ക്കയായിരുന്നു, സിസ്റ്റേഴ്സ്''

''സാദ്ധ്യമെങ്കിൽ ഞങ്ങൾക്കടൻതന്നെ വാർഡനെകാണണം'' ഉച്ചയാകുവാൻ പോകുന്നതു് അറിഞ്ഞുകൊണ്ടു് സി. മേരി ലോറൻസിയാ പറഞ്ഞു.

തന്നെ അനുഗമിക്കാൻ ഒരു കാവൽക്കാരൻ സന്ന്യാസിനികൾക്കു് ആംഗ്യം കൊടുത്തു രണ്ടാംനിലയിൽ W. ജെസ്സ് ബുക്കാനിന്റെ സന്നിധിയിലേക്കു് അവർ ആനയിക്കപ്പെട്ടു. അദ്ദേഹം എഴുന്നേറ്റുനിൽക്കുന്നതുവരെ സി. റോബർട്ട് ആൻ അദ്ദേഹത്തെ കുതിയതു്, ആർദ്രത സ്പുരിക്കുന്ന മുഖത്തോടും സ്നേഹനിർഭരമായ പുഞ്ചിരിയോടും കൂടിയ മദ്ധ്യവയസ്സനായ ഒരു തടിയൻ എന്നാണു്. എഴുന്നേറ്റപ്പോൾ, ആറടി എഴിഞ്ചു് ഉയരവും 300 റാത്തലിലധികം തൂക്കവുമുള്ള ഒരു ഭീമാകാരനാണെന്നു് അവർ കണ്ടു. ഈവിധമുള്ള ഒരു മനുഷ്യന്റെ സാന്നിദ്ധ്യത്തിൽ താൻ കേവലം അല്പപ്രാണിയെന്ന സിസ്റ്ററിനു തോന്നി. അവരുടെ ജയിൽ സന്ദർശനം കൊണ്ടു താൻ ബഹുമാനിതനാണെന്നും നസറസ്സിലെ ഉപവിയുടെ സിസ്റ്റേഴ്സിൽ രണ്ടുപേർ കെൻറക്കിലെ സംസ്ഥാനജയിലിൽ പ്രവേശിക്കുന്നതു് ആദ്യമായിട്ടാണെന്നു തനിക്കു നിശ്ചയമുണ്ടെന്നും അവർക്കുറപ്പുകൊടുത്തുകൊണ്ടു് അദ്ദേഹം അവരോടിരിക്കാൻ പറഞ്ഞു.

പിന്നിടൊരിക്കൽ സി. മേരി ലോറൻസിയ പറയുകയുണ്ടായി, താനൊരു നയോപായവിദഗ്ധയല്ലെങ്കിലും തല്പ്രയോജനകാര്യസാദ്ധ്യത്തിനുവേണ്ടി തന്റെ പ്രേരണാശക്തിയുടെ കഴിവു മുഴുവൻ ഉപയോഗിക്കേണ്ട സന്ദർഭം അതാണെന്നു താൻ കണ്ടുവെന്നു്. ''മി. ബുക്കാനിൻ, അങ്ങേ ദയയെപ്പറ്റി ഞങ്ങൾ ധാരാളം കേട്ടിട്ടുണ്ടു്'' സി. മേരി ലോറൻസിയ പറഞ്ഞു ''അങ്ങയെക്കണ്ടുവാൻ ഞങ്ങൾ ആകാംക്ഷയോടെ പാർത്തിരിക്കയായിരുന്നു.'' ആ വാർഡൻ നന്നായി മന്ദഹസിച്ചു. 'ഹാപ്പി' ചാൻഡ്ലറുടെ പടം മേശപ്പുറത്തിരിക്കുന്നതുകണ്ടു് സിസ്റ്റർതുടർന്നു, ''ഹാ, അങ്ങേയ്ക്കു ശവർണരുടെ പടമുണ്ടല്ലോ. അദ്ദേഹം ഞങ്ങളുടെ ഒരു മിത്രമാണു്.

ലക്സിംഗ്ടനിലുള്ള ഞങ്ങളുടെ ആശുപത്രിയിൽ അദ്ദേഹം ഒരു രോഗിയായിരുന്നു.''

"അദ്ദേഹമാണ് എന്നെ നിയമിച്ചതു" സന്തോഷപ്രദമായി ബുക്കാനൻ മറുപടി കൊടുത്തു. ''ഒരു മഹാൻ.''

അനന്തരം സി. മേരി ലോറൻസിയ തന്റെ വിഷയത്തിലേക്കു പ്രവേശിച്ചു "മി. ബുക്കാനൻ, ഞങ്ങൾ വന്നതു ടോം പെന്നിയെ ആദ്ധ്യാത്മികമായി സഹായിക്കുവാനാണ്. അവന്റെ ഐഹികജീവിതം അവസാനിക്കാറായിരിക്കുന്നെന്നു ഞങ്ങൾക്കു ബോദ്ധ്യമുണ്ട്. അവൻ എന്തെങ്കിലും ശല്യമുണ്ടാക്കുന്നുണ്ടോ?''

''ഇല്ല. ഇല്ല, സിസ്റ്റേഴ്സ്, ഒരു മാതൃകാതടവുകാരൻ.''

''ജയിൽ നിയമങ്ങൾ, എഴുത്തുതാളിന്റെ മുകളിൽ ഞങ്ങൾ പലപ്പോഴും വായിച്ചിട്ടുണ്ട്; ഭക്ഷണസാധനങ്ങൾ അയക്കാൻ പാടില്ലെന്നു ഒരിടത്തും കണ്ടില്ല.''

''അതു ശരിയാണ്, സിസ്റ്റേഴ്സ്. പക്ഷേ, ആ നിബന്ധനകൾ സാധാരണ ബന്ദികൾക്കുള്ളതാണ്. മരണത്തിനു വിധിക്കപ്പെട്ടിരിക്കുന്നവർക്കു ഭക്ഷണസാധനങ്ങൾ അയക്കുവാൻ പാടില്ല.''

''ഓ, ശരി, ഇപ്പോൾ മനസ്സിലായി. എന്നാൽ മി. ബുക്കാനൻ ടോം ജ്ഞാനസ്നാനം സ്വീകരിച്ച ഒരു കത്തോലിക്കനാണ് എന്നുവരികിലും, അവനു് ചാപ്പ്ലെന്റെ കർബ്ബാന കാണാൻ അനുവാദമില്ലല്ലോ.''

"ശരിയാണു, സിസ്റ്റർ. മരണത്തിനു വിധിക്കപ്പെട്ടിരിക്കുന്ന മനുഷ്യർ മറ്റു ബന്ദികളുടെകൂടെ ആയിരിക്കാൻ ഒരിക്കലും അനുവദിക്കയില്ല. ഒരിക്കലും..."

"ഓ, കൊള്ളാം. അച്ചനു് അവന്റെ സെല്ലിൽ അവനെ സന്ദർശിക്കാനെങ്കിലും അനുവാദമില്ലേ?''

''അതു ചെയ്യുവാൻ ഞാൻ ഫാ. ഡൊനെല്ലിയെ എപ്പോഴും അനുവദിക്കുന്നുണ്ട്....''

''ഞാൻ ജയിൽ ചാപ്പ്ലെനെയാണുദ്ദേശിച്ചതു്. പഡുക്കാ

യിൽ നിന്നുവന്ന അച്ചൻ''

''ഹാ. ലിബ"സോ? ഓ, തീർച്ചയായും. സിസ്റ്റർ, അതേ അനുകൂലം അദ്ദേഹത്തിനും ഞാൻ കൊടുക്കാം. അദ്ദേഹത്തിനു" ടോമിന്റെ സെല്ലിൽ കടക്കാം.''

കൂടുതൽ നാണിച്ചുനിന്ന സി. റോബർട്ട"ച്ചൻ ഇതെല്ലാം ശ്രദ്ധിച്ചുകേൾക്കുവേ ഹൃദയം തുടിക്കുന്നതുപോലുള്ള അനുഭവം അവർക്കുണ്ടായി കാരണം, ഇപ്പോൾ അവർക്കു മനസ്സിലായി ടോമിനു വിശുദ്ധകുർബ്ബാന കൈക്കൊള്ളുവാൻ കഴിയുമെന്നും അവൻ അങ്ങനെ ചെയ്യുമെന്നും. അവരുടെ കൂട്ടുകാരി അപ്പോഴും സംസാരിക്കയായിരുന്നു.

"മി. ബുക്കാനൻ, ഇനി ഒരാഴ്ചയേയുള്ള ടോമിന്റെ പിറന്നാളിനു". ഇഹത്തിൽവച്ചുള്ള അവന്റെ മിക്കവാറും അവസാനത്തേതാണു" അതെന്നു" അങ്ങേയ്ക്കറിയാമല്ലോ; എനിക്കും അറിയാം. അന്നു" അവനു" ഒരു പെട്ടി പിറന്നാൾപലഹാരങ്ങൾ അയച്ചുകൊടുക്കാൻ ഞങ്ങൾക്കു പാടില്ലയോ? അവനു" അന്നൊരു പിറന്നാൾ കെയ"ക്കു പാകപ്പെടുത്തി അയക്കുന്നതിനു" അങ്ങു ഞങ്ങളെ അനുവദിക്കയില്ലയോ?"

ജെസ" ബുക്കാനന്റെ മുഴുത്ത കണ്ണുകൾ തടിച്ച കണ്ണടയുടെ പിൻപിൽ മിഴിച്ചുനിന്നു. അത്തരമൊരഭ്യർത്ഥന നിരസിക്കുവാൻ ആർക്കു കഴിയും? ''സിസ്റ്ററു നിക്കി എന്തെങ്കിലും അയച്ചോളൂ സിസ്റ്റർ. അതു" അവനു എത്തിച്ചുകൊടുക്കാൻ ഞാൻ അനുവദിച്ചുകൊള്ളാം. എന്നാൽ, ഇപ്പോൾ നിങ്ങൾ എന്തെങ്കിലും കൂടുതലായി എന്നിൽനിന്നു നേടി എടുക്കുന്നതിനു മുമ്പു" ഒരു കാര്യം അറിയിക്കുവാൻ അനുവദിച്ചാലും. നിങ്ങൾ രണ്ടുപേരും ഞങ്ങളുടെയിടയിൽ ഒക്ഷണം കഴിക്കുമെങ്കിൽ എന്റെ ഭാഗ്യം എനിക്കും അതൊരു വലിയ ബഹുമതിയായിരിക്കും."സിസ്റ്റേഴ്സിനെ തന്റെവസതിയിലേയ്ക്കു നയിക്കുവാൻ ജെസ"ബുക്കാനൻ എഴുന്നേറ്റു.

"അല്ലയോ മി. ബുക്കാനൻ, ഈ ക്ഷണം മൂലം ഞങ്ങൾ ബഹുമാനിതരും കൃതജ്ഞരുമായിത്തീർന്നിരിക്കയാണു". പക്ഷേ ശ്രീ

സ്ത്രീന്റെ തടവുകാരായിരിക്കുന്ന ഞങ്ങൾക്കുണ്ടു ക്ഷണം സംബന്ധിച്ചു ഞങ്ങളുടെ ക്രമങ്ങളും ചട്ടങ്ങളും. അങ്ങേ സ്നേഹസ്വരൂപമായ ഈ ക്ഷണം സ്വീകരിക്കുവാനുള്ള ഞങ്ങളുടെ കഴിവുകേട് മനസ്സിലാക്കുവാൻ അങ്ങേയ്ക്കു കഴിയുമല്ലോ ഇല്ലേ? അങ്ങയുടെ ദാരിദ്ര്യം" ഇതു വിശദീകരിച്ചുകൊടുക്കയും ഇതുമൂലം ഞങ്ങൾ അവർക്കു" യാതൊരു വിഷമതയ്ക്കും കാരണമായില്ലെന്നു പ്രതീക്ഷിക്കുന്നതായി പറയുകയും ചെയ്യുമല്ലോ . ഞങ്ങൾക്കു ടോം പെന്നിയെ വേഗം കാണുവാൻ കഴിയുമോ?"

"ഉടൻ തന്നെ കാണാം, സിസ്റ്റേഴ്സ്". നിങ്ങളുടെ സൗകര്യത്തെ പ്രതി ഞാൻ അവനെ ഇവിടെ, എന്റെ ഓഫീസിലേക്കു വരുത്താമല്ലോ. അവന്റെ സെല്ലിനു പുറത്തുള്ള നടപ്പാതയെക്കാൾ കുറെക്കൂടി നല്ലതു" അതായിരിക്കും. പക്ഷെ ഒരു ഗാർഡ് അവന്റെ കൂടെ ഉണ്ടായിരിക്കും."

ആ സന്യാസിനികൾ ഇരുവർക്കും അന്യോന്യം ഉറപ്പുനോക്കി കണ്ണോടിക്കുവാനേ സാധിച്ചുള്ളൂ. അവർ ടോമിനോടുചേർന്നു വ്യാകുലമാതാവിനോടു നടത്തിയ നിവേദനത്തിനു മറുപടിയായിരുന്നു ഇതു".

മൂന്നു മിനിറ്റിനുള്ളിൽ ടോം മുറിയിൽ വിലങ്ങിട്ട ഗാർഡിനാൽ അനുഗതനായി വരുന്നതു" അവർ കണ്ടു. അവൻ തന്റെ കണ്ണുകളുടെ രക്ഷയ്ക്കായി വിലങ്ങിട്ടില്ലാത്ത കൈകൾ ഉയർത്തിപ്പിടിച്ചിരുന്നതു" എന്തുകൊണ്ടാണെന്നു അവർക്കു മനസ്സിലായി. അവൻ വാസ്തവത്തിൽ സൂര്യനെ ദർശിച്ചിട്ടു നാലുമാസമായിരുന്നു.

എപ്പോഴുമെന്നപോലെ അപ്പോഴും മുഖം വടിച്ചു" വൃത്തിയുള്ളവനായി ടോം മുറിയിൽ പ്രവേശിക്കയും ഏടയപൂർവ്വം സന്യാസിനികളെ അഭിവാദനം ചെയ്കയുമുണ്ടായി. അവൻ അഭിവാദനം ചെയ്തപ്പോൾ പ്രകടിപ്പിച്ച ശക്തിമൂലം അവർ അമ്പരന്നുപോയെങ്കിലും അതു" ഏറ്റവും ഹൃദ്യമായിരുന്നു. അനന്തരം അവൻ സന്തോഷസമന്വിതം വാർഡനു നന്ദി പ്രകാശിപ്പിച്ചു. ബ്ലാക്കാനൻ കൃതജ്ഞതയ്ക്കു മറുപടി ഒന്നും പറയാതെ പിൻവാങ്ങി.

ഗാർഡ് മുന്നോട്ട നിങ്ങി വാർഡന്റെ ഇരിപ്പിടത്തു ആസനസ്ഥനായി. സി. റോബർട്ട ആനിന്റെ ഇടതുവശത്തായി ഒഴിഞ്ഞുകിടന്ന ഏക കസേരയിൽ ടോം ചെന്നിരുന്നു. സി. മേരി ലോറൻസിയ, തന്റെ കസേര ബന്ദിയുടെ അടുക്കലേക്കു വലിച്ചിട്ടുവാൻ തുടങ്ങവേ അവന്റെ എഴുത്തിലെ ഒരു വാചകം ഓർമ്മിച്ചു: 'കൂടിക്കാഴ്ചയിൽ ഒരു സംഭാഷണം നടത്തുക സാദ്ധ്യമല്ല.' സിസ്റ്റർ ഗാർഡിന്റെ നേരെ തിരിഞ്ഞു വളരെ ഉന്മേഷപ്രദമായ സംഭാഷണത്തിൽ ഏർപ്പെട്ടതുകൊണ്ടു ടോം പറഞ്ഞ ഒരു വാക്കുപോലും അവർ രണ്ടുപേരും കേട്ടില്ല.

ഒരു മണിക്കൂറിലധികമായപ്പോഴാണു "ഞങ്ങൾ നിങ്ങളെയോ വാർഡനെയോ വിഷമിപ്പിക്കുതല്ലോ" എന്നു പറഞ്ഞുകൊണ്ടു സി. മേരി ലോറൻസിയ എഴുന്നേറ്റതു്.

ടോം പെന്നി എഴുന്നേറ്റു ഗാർഡിന്റെ നേരെ തിരിഞ്ഞു, "സിസ്റ്റേഴ്സിനു ബോബു് ആൻഡേഴ്സനെ കാണുവാൻ സാദ്ധ്യമാണോ?" എന്നു ചോദിച്ചു.

"സാദ്ധ്യമാണോ എന്നോ? ഞാൻതന്നെ ഇവരെ അവിടെ കൊണ്ടുപോകാമല്ലോ. സന്ദർശനത്തിനുള്ള സമയമായിരിക്കുന്നു. പക്ഷെ, ആദ്യംതന്നെ നിന്നെ തിരിച്ചുകൊണ്ടുപോകണമല്ലോ."

"ശരി" ജയിൽപ്പുള്ളി സിസ്റ്റേഴ്സിന്റെ നേരെ തിരിഞ്ഞു. നിത്യതാത്തിനിരുപുറത്തു" അവർ പരസ്പരം കാണുന്ന അവസാനത്തെ കൂടിക്കാഴ്ചയാണിതെന്നു" അവർക്കു ബോദ്ധ്യമായി. ഈ വിചാരത്തിന്റെ പിടിയിൽ അവർ മൂവരും ഒരേസമയം അമർന്നുപോയി. അവരുടെ സംസാരശക്തി നിലച്ചു. ഗാർഡിനെക്കൂടി ഇളക്കത്തക്കവിധം അതിന്റെ മൂർദ്ധന്യ ആഫീസു് മുറി മുഴുവനും തിങ്ങിമുറ്റി. ഇവരെ ഈ സ്തംഭനാവസ്ഥയിലാക്കിയതു് എന്താണെന്നു ഏതാണ്ടു മനസ്സിലാക്കിയ ഗാർഡ് അതിനു മയപ്പെടുത്തുവാൻ പറഞ്ഞു. "ആൻഡേഴ്സനെ കണ്ടശേഷം ഞാൻ നിങ്ങളെ ടോമിന്റെ മുറിയിൽ കൊണ്ടുപോകാം."

ടോം പുഞ്ചിരിച്ചുകൊണ്ടു നമിച്ചു. അനന്തരം പറഞ്ഞു: "സിസ്റ്റേഴ്സ്, നിങ്ങളെ പിന്നീടു കണ്ടുകൊള്ളാം." അനന്തരം അവർ

ഗാർഡിനോടുകൂടി പുറത്തേയ്ക്കുപോയി.

വാതിൽ പൂർണ്ണമായിട്ട അടയ്ക്കുന്നതിനുമുമ്പേ സി. മേരി ലോറൻസിയ സി. റോബർട്ട് ആനിന്റെ പാർശ്വത്തിലെത്തി. "സിസ്റ്റർ, ടോമിന്റെ സമീപത്താണല്ലൊ ഇരുന്നതു്, അല്ലേ? അവൻ പറഞ്ഞ ഓരോ വാക്കും എൻറടുത്തു് ആവർത്തിക്കണം."

സി. റോബർട്ട് ആൻ പുഞ്ചിരിച്ചു. ''അതൊരു അസാധാരണഭാഗ്യമായിരുന്നു, സിസ്റ്റർ. ആ ഗാർഡിന്റെ ശ്രദ്ധ അകറ്റി നിർത്തിയതിനു പതിനായിരം നന്ദി. ഓ, സിസ്റ്റർ, ടോം ഇന്നു സംസാരിച്ചതു ഒരു കുഞ്ഞിനെപ്പോലെ സരളമായിട്ടാണു''...അവൻ എന്തിനെപ്പറ്റിയാണു് ആദ്യമായും അധികമായും സംസാരിച്ചതെന്നു് ഉൎഹിക്കരുതോ?''

"എന്തിനെപ്പറ്റിയാണു്?"

''അവന്റെ അമ്മയെപ്പറ്റി. അവൻ അതിവ കൃതജ്ഞനാണു്. ആ പ്രിയപ്പെട്ട തള്ളയെ നാം സന്ദർശിച്ചതു് എന്തോ വിസ്മയാവഹമായ കാര്യമാണെന്നു തോന്നിപ്പോകും.''

''വേറെ എന്തിനെപ്പറ്റി അവൻ സംസാരിച്ചു?''

"സംസാരത്തിനെല്ലാം പൂർണ്ണവിരാമമിടാറായി' എന്നു പറഞ്ഞു് സിസ്റ്റർ മദ്യാദ കാണിച്ചപ്പോൾ ഞങ്ങൾ ക്ലാരൈകളെയും കർബ്ബാനയെയും കുറിച്ചു സംസാരിക്കയായിരുന്നു. ഓ, സിസ്റ്റർ, അവൻ ദൈവത്തോടുള്ള സ്നേഹവും അതിവാശ്രയവും മൂലം ദഹിക്കയാണു്.''

"കൊള്ളാം. വാർഡൻ പറഞ്ഞതു സിസ്റ്റർ കേട്ടല്ലോ: ടോമിനു സെല്ലിൽ വിശുദ്ധ കർബ്ബാന ഉൾക്കൊള്ളാം എന്നാൽ കർബ്ബാന കാണുന്നതു് സംബന്ധിച്ചാണെങ്കിൽ... അതവനു് ഉടനെ ലഭിക്കാൻ പോകുന്നില്ലെന്നും സ്വർഗ്ഗത്തുനിന്നു് അവൻ കീഴ്പോട്ടു നോക്കേണ്ടിവരുമെന്നുമാണു് എന്റെ ഭീതി..."

"അവനു ബോബ് ആൻഡേഴ്സനിൽ താല്പര്യമില്ലേ?"

"ആരംഭംമുതൽക്കേ അവനുണ്ടു്. ലക്സിംഗ്ടണിൽവച്ചു് അവനുവേണ്ടി ടോം എത്രമാത്രം അദ്ധ്വാനിച്ചെന്നു് ഓർമ്മിക്കുക.

പിന്നീട് ഫാ. ജോർജ്ജിനെ കിട്ടി...''

''ഇവിടെയും അവൻ ബോബിനുവേണ്ടി ബദ്ധപ്പെട്ടുകയായിരുന്നു. പക്ഷേ, ബോബു സഹകരിക്കുന്നില്ല. ആശ്ചര്യകരമല്ലേ രണ്ടു മനുഷ്യർ എങ്ങനെ.....''

''ഷ് ഷ് അതാ ഗാർഡ് വരുന്നു.''

''സിസ്റ്റേഴ്സാണോ ഞാനാണോ കൂട്ടത്തിൽ വിഷമസന്ധിയിൽ എന്നാണ് എന്റെ സംശയം'' ഗാർഡ് പറഞ്ഞു. ''ഉപവിയുടെ സഹോദരികളെ ഇതിനുമുമ്പു ഞാൻ മരണഭവനത്തിലേക്ക് ആനയിച്ചിട്ടില്ല''.

സിസ്റ്റേഴ്സിനെ സംബന്ധിച്ചിടത്തോളം അതൊരു ദീർഘവും അസാധാരണവുമായ യാത്രയായിരുന്നു. ഇരുവശങ്ങളിലും സെല്ലുകളോടുകൂടിയ ഇടനാഴിയിലൂടെ അവർ ഇറങ്ങിച്ചെന്നു. പ്രത്യേകവിധം നിർമ്മിക്കപ്പെട്ട വാതിലുകളിലൂടെയും, പിന്നെ ചാരസിമൻറുകൊണ്ടുണ്ടാക്കിയതും ഇരുമ്പഴികൾ ഉള്ളതുമായ ഇടനാഴിയിലൂടെയും നടന്നു; കടന്നു, ഗാർഡ് പറഞ്ഞു, ''ഇപ്പോൾ നിങ്ങൾ മരണനിരയിലേക്കു പ്രവേശിക്കയാണ്.''

ആ സന്ന്യാസിനികൾ മേലോട്ടു തുറിച്ചുനോക്കി. അവർ വന്നവഴിക്കു പല തടവുകാരും അവരോടു സംസാരിച്ചു. എങ്കിലും സി. റോബർട്ട് ആദ്യം അവരുടെ കൂട്ടുകാരിയും ആരാധചിന്തകളിൽ ആമഗ്നരായിരുന്നു.

''ഈ തടവുകാരിൽ മഹാഭൂരിപക്ഷവും എത്ര ചെറുപ്പം!'' ഇതാണ് സി. റോബർട്ട് ആദ്യനിൽനിന്നുണ്ടായ പ്രതികരണം.

ഒരു നീഗ്രോ യുവാവിന്റെ സെല്ലിനെ സമീപിച്ചപ്പോൾ അവൻ വേദപുസ്തകം വായിച്ചുകൊണ്ടിരിക്കയായിരുന്നു. സിസ്റ്റേഴ്സിന്റെ ജപമാലയുടെ കിലുക്കംകേട്ട് അവൻ തല ഉയർത്തി നോക്കി. ഗാർഡ് താണശബ്ദത്തിൽ പറഞ്ഞു. ''ഈ യുവാവ് ഇന്നു രാത്രിയിൽ മരിക്കാനുള്ളവനാണ്.''

''ഇന്നു രാത്രിയിൽ എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ, സിസ്റ്റേഴ്സ്.''

സി. മേരി ലോറൻസിയായെ ഒരു ഭയാകുലത ബാധിച്ചു. മരണം അവർക്കു പുത്തരിയല്ലായിരുന്നു. അതേ, അവരുടെ ആത്മപകുതിയിലെ അനുഭവങ്ങൾക്കുശേഷം അതു് പുത്തരിയായിരുന്നില്ല. എന്നാൽ ഇത്രയധികം ആരോഗ്യവാന്മാരായ മനുഷ്യർക്കുള്ള മരണം, ഒരു നിശ്ചിത സമയത്തുള്ള മരണം .....!''

വേറൊരു നീഗ്രോ യുവാവു തന്റെ പലകക്കിടക്കയിൽ നിശ്ചലനായി കിടന്നിരുന്നു.

"ആ മനുഷ്യൻ മൂന്നാഴ്ച ആയിട്ട് ഒരക്ഷരംപോലും മിണ്ടിയിട്ടില്ല.'' ഗാർഡ് പതിഞ്ഞസ്വരത്തിൽ പറഞ്ഞു. അനന്തരം ശബ്ദമുയർത്തിപ്പറഞ്ഞു: ''ഇതാ മി. ആൻഡേഴ്സന്റെ സെൽ. ബോബ്, ഞാനിന്നു നിന്നെ ആശ്ചര്യപ്പെടുത്താൻ പോകയാണു്. വളരെ വിശിഷ്ടരായ സന്ദർശകർ! . . . ''

അവിടെ താമസിച്ചിരുന്ന അകത്തോലിക്കനായ ചാപ്പ്ലെയിൻ ഇതിനിടയിൽ ഈ സംഘത്തോടുചേർന്നു. സിസ്റ്റേഴ്സ് ബോബ് ആൻഡേഴ്സനോടു പറയുന്നതെന്താണെന്നറിയുവാൻ അദ്ദേഹത്തിനു് അതിയായ ജിജ്ഞാസയുണ്ടെന്നു് സി. മേരി ലോറൻസിയായിക്കു തോന്നി. തന്മൂലം ഏതയപൂർവ്വകമായ ഹസ്തദാനവും, ബോബിനു് ആശംസകളും പ്രോത്സാഹനങ്ങളും നിറഞ്ഞ ചുരുക്കം വാക്കുകളും കഴിഞ്ഞു്, ആ സന്ന്യാസിനി സെല്ലിൽനിന്നു കുറെദൂരം നടന്നിട്ടു് ചാപ്പ്ലെനോടുപറഞ്ഞു: "നിങ്ങൾക്കു ഇവിടെയൊരു ഗ്രന്ഥശാലയുണ്ടെന്നു ഞാൻ മനസ്സിലാക്കുന്നു.'' സംഭാഷണം തുടരുന്നതിനു് അവരെ പിന്തുടരുവാൻ അദ്ദേഹം നിർബ്ബന്ധിതനായി. അങ്ങനെ ചാപ്പ്ലെന്റെ ശ്രവണപരിധിയ്ക്കുപുറം, ബോബിന്റെ സെൽകവാടത്തുങ്കൽ സി. റോബർട്ട് ആൻ തനിച്ചായി.

സി. മേരി ലോറൻസിയായിക്കു തന്റെ കുമ്പസ്സാരിക്കൽഗൂടി ഉപയോഗിക്കേണ്ടിവന്നു. അവർ ജയിലിലെ ഗ്രന്ഥശേഖരത്തിൽ മാത്രമല്ല താൽപ്പര്യം പ്രകടിപ്പിച്ചതു്. ബന്ദികളുടെ ഇടയിലെ ചാപ്പ്ലെന്റെ പ്രവർത്തനങ്ങളിലും താൽപ്പര്യം പ്രകട

ശിപ്പിച്ചു. അദ്ദേഹം തന്റെ ലക്ഷ്യങ്ങളുടെ ഒരു സ്ഥൂലരൂപംകൊടുത്തപ്പോൾ സിസ്റ്റർ ശ്രദ്ധാപൂർവ്വം അതെല്ലാം കേട്ടു; മാത്രമല്ല, അദ്ദേഹം മഹത്തും ശ്രേഷ്ഠവുമായ ജോലിയാണു ചെയ്യുന്നതെന്നു് അദ്ദേഹത്തിനെ പുകഴ്ത്തുകയും ചെയ്തു. തന്മൂലം ആ മനുഷ്യൻ ഉത്സാഹഭരിതനായിത്തീരുകയും തന്റെ സാങ്കേതിക പദ്ധതി മുഴുവൻ ശ്രോതാവിനു വിശദീകരിച്ചു കൊടുക്കയുമുണ്ടായി. അദ്ദേഹം ഒരു ഗായകസംഘം ഏർപ്പെടുത്തിയതിനെ പരാമർശിച്ചു സിസ്റ്റർ പ്രശംസിച്ചപ്പോൾ, അവർ ജയിൽവിടുന്നതിനുമുമ്പു് ഒരുപാട്ടുകൂടെ പാടിക്കാമെന്നു് അദ്ദേഹം വാഗ്ദാനംചെയ്തു. ബോബ് ആൻഡേഴ്സനും സി. റോബർട്ട് ആനും ഉന്മേഷരീതരായി സംഭാഷണത്തിൽ വ്യാപൃതരായിരിക്കുന്നതു് സി. ലോൺസിയ തന്റെ കൺകോണിലൂടെ കണ്ടു. സിസ്റ്റർ ചാപ്പ്ലെനെ നോക്കി മന്ദഹസിക്കയും അദ്ദേഹം വളരെ ദയാലുവും ഉദാരനുമാണെന്നു പറയുകയും ചെയ്തു. ഒരു ചെറിയ അഭിനയം ഒരുക്കുന്നതിനു് അല്പം കഴിഞ്ഞു അദ്ദേഹം പോയി

സിസ്റ്റേഴ്സിന്റെ സന്ദർശനത്തിനും പ്രാർത്ഥനകൾക്കുമായി ബോബ് ആൻഡേഴ്സൻ അവർക്കു കൃതജ്ഞത പ്രകാശിപ്പിച്ചു. ആ മനുഷ്യനും അയാളുടെ സെല്ലും സി മേരിലാറൻസിയായിക്കു ശരിയായി ഉല്പാദിപ്പിക്കുന്നതു് ഇപ്പോൾ മാത്രമാണു്. കതകിന്റെ അഴികളിലൂടെ ബോബിനെ നന്നായി കാണാമായിരുന്നു. അവൻ അഴകുള്ളവനെന്നും അവന്റെ സെല്ലു് താരതമ്യേന സുഖപ്രദമെന്നും അവർ കണ്ടു. അവനു് ഒരു മേശയും കസേരയും ധാരാളം സൂര്യപ്രകാശവും, ഒരു വലിയ വാതായനമുണ്ടായിരുന്നതുകൊണ്ടു് ശുദ്ധവായുവിനുള്ള എല്ലാ സൗകര്യങ്ങളുമുണ്ടായിരുന്നു.

ആ സന്ന്യാസിനിയുടെ ചിന്താഗതി ഗ്രഹിച്ചുകൊണ്ടോ എന്നപോലെ സാർജന്റ് പറഞ്ഞു: "മരണത്തിനു വിധിക്കപ്പെട്ടിരിക്കുന്നവർക്കു്, മറ്റുള്ളവർക്കു കൊടുക്കുന്നതിനേക്കാൾ മെച്ചപ്പെട്ട താമസസ്ഥലങ്ങൾ കൊടുക്കുന്നുണ്ടു്. അവർ അടുത്തു കടക്കുന്നതിനുമുമ്പു് അവർക്കു ചെയ്തുകൊടുക്കുവാൻ നമുക്കു പാടുള്ളതിൽ ഏ

റവും തുച്ഛമായിട്ടുള്ളതാണു് അതു്" അനന്തരം അയാൾ സിസ്റ്റേഴ്സിനെ ആൻഡേഴ്സന്റെ സെല്ലിൽനിന്നു് നേരെ ഇടനാഴിവിലങ്ങി നടക്കെട്ടിലെ 20 അടി നീളവും വീതിയുമുള്ള കൊലമുറിയിലേക്കു്—അതിലാണു വൈദ്യുതകസേര—ആനയിച്ചു.

കൊലയ്ക്കുള്ള യന്ത്രത്തിന്റെ ഘടന ശ്രദ്ധയോടും സൂക്ഷ്മമായും ഗാർഡു് സിസ്റ്റേഴ്സിനു വിശദീകരിച്ചുകൊടുത്തു. രോഗം ഇല്ലായ്മചെയ്തു ജീവൻ രക്ഷിക്കുന്നതിനു കണ്ടുപിടിച്ചിട്ടുള്ള യന്ത്രങ്ങളിന്മേലും തിളങ്ങുന്ന സ്റ്റാഹ്പെൽ—ശസ്ത്രക്രിയയ്ക്കുള്ള ഒരു കത്തി—തുടങ്ങി ജീവരക്ഷയ്ക്കായുള്ള മറ്റു ശസ്ത്രക്രിയോപകരണങ്ങളിന്മേലും അവർ പലപ്പോഴും സവിശേഷമായ താല്പര്യത്തോടെ നോക്കിയിട്ടുണ്ടു്. എന്നാൽ മരണത്തിന്റെ ഈ കസേര.....ടോംപെന്നി ഒരു ദിവസം അതിൽ ഇരിക്കുമെന്നു് അവർക്കു നിശ്ചയമില്ലായിരുന്നെങ്കിൽ അവർ ഗാർഡിനു് അയാളുടെ സദുപദ്ദേശത്തിനു നന്ദി പറയുകയും അയാളുടെ വിശദീകരണം അവഗണിപ്പിക്കയും ചെയ്യുമായിരുന്നു. തിളങ്ങിപ്രകാശിച്ചുകൊണ്ടിരുന്ന ആ മുറിയിൽ അവർ സംഭ്രമത്തോടെ നില്ക്കുകയും ആത്മാക്കളെ പെട്ടെന്നു ദൈവന്യായാസനത്തിങ്കലേയ്ക്കു സമാഗമിപ്പിക്കുന്ന ആ കസേരയുടെ നേരെ തുറിച്ചുനോക്കുകയും ചെയ്തു. അവസാനം മരണനിരയിൽനിന്നു ടോമിന്റെ സെല്ലിന്റെ മുമ്പിലുള്ള 'നടപ്പാത'യിലേക്കു—അതു തടവുകാർ കൊടുത്ത പേരാണു—ഗാർഡു് അവരെ കൊണ്ടുപോയി. ടോമിനെ ആൻഡേഴ്സനിൽനിന്നു ഇത്ര ദൂരെ താമസിപ്പിച്ചിരിക്കുന്നതു് എന്തുകൊണ്ടാണെന്നു് സ്വാഭാവികമായി അവർ ആശ്ചര്യപ്പെട്ടു. ലക്സിംഗ്ടണിൽ നടന്ന കാര്യങ്ങൾ എല്ലാം അവർ അറിഞ്ഞിരുന്നില്ല. സംഭോഷണവും, കുറിപ്പുകളുടെ കൈമാറ്റവും, ബോബിന്റെ വക്കീലന്മാരുമായുള്ള വർത്തമാനവുമെല്ലാമാണു കുറെ നാളത്തേയ്ക്കു് അവരെ ഭേർപെടുത്തണമെന്നു നിശ്ചയിക്കുവാൻ അധികാരികളെ പ്രേരിപ്പിച്ചതു്. അവസാനം ഇരുമ്പഴികളും കട്ടിയേറിയ വിരി ഇട്ടിട്ടുള്ളതും ഫാ. ജോർജ്ജിനെ ആദ്യം ഞെട്ടിച്ചതുമായ മുറിയുടെ മുമ്പിൽ അവർ ചെന്നുനിന്നു.

സന്ന്യാസിനികൾ ഉള്ളിലേക്കു സൂക്ഷിച്ചുനോക്കി.

ബോബു" ആൻഡേഴ്സൻ ഉപയോഗിച്ചിരുന്ന മുറിയിൽനിന്നു എത്ര വ്യത്യസ്തം! കതകിന്മേലുണ്ടായിരുന്ന കനത്ത വിരിയിലൂടെ ടോമിനെ കാണുവാൻപോലും സിസ്റ്റേഴ്സിനു സാധിച്ചില്ല. ഭക്ഷണം അകത്തേയ്ക്കു കൊടുക്കുന്നതിനുള്ള ചെറിയ ദ്വാരം തുറക്കേണ്ടതായി വന്നു. അപ്പോൾ അവർ ആ സെല്ലിന്റെ ഇട്ടുങ്ങിയ ഉൾഭാഗം കണ്ടു. ജനലില്ല; സൂര്യപ്രകാശമില്ല; വായുവില്ല; ഭിത്തിയോടു ബന്ധിച്ചിട്ടിരുന്ന ഒരു പലകക്കട്ടിൽ മാത്രമുണ്ട്. ഒരു മൂലയിൽ ടോമിന്റെ മതഗ്രന്ഥങ്ങളും എഴുത്തുകുത്തുസാമാനങ്ങളും പടം വരയ്ക്കുന്നതിനുള്ള ഉപകരണങ്ങളും കാണാം. എങ്കിലും ടോം ആനന്ദവാനായി ചിരിച്ചുകൊണ്ടു സിസ്റ്റേഴ്സിനോടു പറഞ്ഞു, ഗാർഡുകൾ ദയാലുക്കളാകയാൽ രാത്രിയും പകലും ഏതു സമയത്തും പ്രെയറിടുവാൻ അനുവദിച്ചിരുന്നെന്നു്.

"അതില്ലെങ്കിൽ, എന്റെ മുമ്പിൽ പിടിക്കുന്ന എന്റെ കൈപോലും എനിക്കു കാണുവാൻ സാധിക്കയില്ല." അവൻ പറഞ്ഞു. "എന്നാൽ വെളുപ്പിനു് രണ്ടുമണിക്കു് എല്ലാം ശാന്തമായിരിക്കുമ്പോൾ പ്രെയറിടുന്നതു് ആനന്ദകരമാണു്. ഇപ്പോൾ, എന്റെ മിക്ക കത്തുകളും എഴുതുന്നതു് ആ സമയത്താണു്. ആ സമയത്തു ഞാൻ പടം വരയ്ക്കുന്നുമുണ്ടു്. വിസ്മയകരമായ ഈ ദിവസത്തിന്റെ ഓർമ്മയ്ക്കായി എന്റെ പരിശ്രമഫലങ്ങളിൽ ചിലതു നിങ്ങൾക്കു കൊണ്ടുപോകണം."

അവൻ, തന്റെ ചെറിയ ക്ലയന്റെ സമീപിച്ചു് അഞ്ചു ചിത്രങ്ങൾ തിരിഞ്ഞെടുത്തു: ഒന്നു തിരുഹൃദയത്തിന്റെയും വേറൊന്നു ചെറുപുഷ്പത്തിന്റെയും മൂന്നാമതൊന്നു വിൻസന്റ് ദി പോളിന്റെയും ബാക്കി രണ്ടും വ്യാകുലമാതാവിന്റെയും ആയിരുന്നു. കതകിനടിയിലൂടെ അവൻ അവയെ സിസ്റ്റേഴ്സിനു് എത്തിച്ചുകൊടുത്തു. അവരോ എന്നാൽ തഞ്ചത്ത സിമന്റിൻപുറത്തു് ഇതു ഇട്ടുങ്ങിയ സ്ഥലത്തു പൂട്ടിയിട്ടിരിക്കുന്ന ഈ മനുഷ്യനുവേണ്ടി കരയുവാൻ മിക്കവാറും ഒരുക്കമുള്ളവരായിരുന്നു. എന്നാൽ അവന്റെ

ഉന്മേഷപ്രകൃതി അവരെ കണ്ണുനീരൊഴുക്കുവാൻ അനുവദിച്ചില്ല.

ശീഘ്രം യാത്രാവന്ദനം പറയേണ്ടതായി വന്നു. ഇതായിരുന്നു സിസ്റ്റേഴ്സ് ഒയപ്പെട്ടിരുന്ന വിനോദിക. ആരംഭം അവൻ ഏറെറടുത്തു. സന്തോഷസമന്വിതം അവൻ പറഞ്ഞു: "സിസ്റ്റേഴ്സ് എന്തുകൊണ്ടാണെന്ന് എനിക്കറിഞ്ഞുകൂടാ, എന്തോ എന്നോട് പറയുന്നു, ഇതു നമ്മുടെ അവസാന സന്ദർശനമല്ല എന്ന്. അതുകൊണ്ട് ഞാൻ തല്ക്കാലം വിടവാങ്ങുകയും എന്റെ ആയുസ്സിലെ ഏറെറവും ആനന്ദപ്രദമായ ദിവസങ്ങളിലൊന്ന് എനിക്കു തന്നതിനു നിങ്ങൾക്കു കൃതജ്ഞത പറയുകയും ചെയ്യുന്നു. മിശിഹായുടെ വ്യാകുലയായ മാതാവു നമ്മുടെ എല്ലാ അപേക്ഷകളും സാധിച്ചുതന്നിരിക്കുന്നു."

ഫാൻസി ഫാമിലേയ്ക്കുള്ള യാത്രയിൽ ആ സിസ്റ്റേഴ്സ് പഡുക്കായിൽ ഇറങ്ങി. സി. റോബർട്ട് ആൻ തന്റെ പഴയ വികാരിയച്ചനോട് സംസാരിക്കവേ സി. മേരി ലോറൻസിയ യുവൈദികനായ ഫാ. ടോം ലിബ്സുമായി സംഭാഷണത്തിൽ ഏർപ്പെട്ടു. ടോം പെന്നിയുടെ സെല്ലിൽ കടക്കുന്നതിനു അദ്ദേഹത്തിനു വാർഡൻ കൊടുത്തിരിക്കുന്ന അനുവാദത്തെയും വി. കർബ്ബാന ഉരിക്കൊള്ളുന്നതിനുള്ള അവന്റെ അത്യന്ത ആകാംക്ഷയേയുംപററി സിസ്റ്റർ അദ്ദേഹത്തോട് പറഞ്ഞു. "അച്ചാ, ടോമിനു മതപരമായി വേണ്ടതു ഉപദേശം സിദ്ധിച്ചിട്ടുണ്ടെന്നു മാത്രമല്ല, അവൻ ഏറെറവും ആത്മാർത്ഥതയുള്ളവനാണെന്നും കാണുവാൻ അങ്ങേയ്ക്കു കഴിയും."

ഏതുതരം കെയ്ക്കാണ് ഉണ്ടാക്കേണ്ടതെന്നും അതു് എപ്പോൾ ഉണ്ടാക്കണമെന്നും, എവിടെ, എങ്ങനെ, ആരു വഴി കൊടുത്തയക്കണമെന്നും വിശദമായ നിർദ്ദേശങ്ങൾ അന്നു സന്ധ്യകഴിഞ്ഞു സി. റോബർട്ട് ആൻ തന്റെ സഹോദരിക്കു കൊടുത്തു കഴിഞ്ഞപ്പോൾ ആ സന്ന്യാസിനികൾക്കു തോന്നി തങ്ങൾ മറു ദിവസത്തെ നല്ല ജോലി ചെയ്തതിന്നെന്ന്.

പിറെറദിവസമായ ജൂൺ 5-ാം തീയതി രാവിലെ ടോം ത

ന്റെ അമ്മയ്ക്ക് എഴുതി: "ഏറ്റവും സൗഭാഗ്യകരമായ ഒരു ദിവസം എനിക്കു ലഭിച്ചു. സിസ്റ്റേഴ്സ് എന്നെ കാണുവാൻ വന്നിരുന്നു. എന്നാൽ അതേപ്പറ്റി ഞാനൊന്നും പറയുന്നില്ല. അതു ഞാൻ അവർക്കു വിട്ടുകൊടുത്തിരിക്കയാണ്. അടുത്തതന്നെ അവർ അമ്മയെ വന്നു കാണുന്നതായിരിക്കും.

അമ്മേ, എന്റെ പിറന്നാളിനു ടോമി എനിക്കു 5 ഡോളർ അയച്ചുതന്നു. ഫാ. ഡൊനെല്ലിയും 5 ഡോളർ എല്പിച്ചു. സിസ്റ്റേഴ്സ് ഒരു കെയ്ക്കും, എന്തിനുവേണ്ടി അവർ പ്രത്യേകാനുമതി സമ്പാദിച്ചുവോ അതും എനിക്കയയ്ക്കുന്നതാണു്. ഞാനിതു് അമ്മയോടു പറയുന്നതു് അടുത്ത വ്യാഴാഴ്ച എനിക്കൊരു പിറന്നാൾ സദ്യയുണ്ടായിരിക്കുമെന്നു് അറിയിക്കുവാനാണു്. ദൈവം അവരെ എല്ലാവരെയും അനുഗ്രഹിക്കട്ടെ. അമ്മേ ഇതു് അങ്ങയെ അറിയിക്കുന്നതിനുള്ള വേറൊരു ന്യായം ദൈവം എന്നോടു് എത്ര നല്ലവനാണെന്നു്—(ഈ മാതിരി മിത്രങ്ങളെ എനിക്കു നൽകിയതിൽ എത്ര നല്ലവനാണെന്നു്) അമ്മ അറിയണമെന്നുള്ളതാണു്. അമ്മേ, എന്റെ ഏക ഖേദം ഞാൻ സ്നേഹിക്കുന്നവരോടൊന്നിച്ചു് അതു് അനുഭവിക്കാൻ എനിക്കു സാധിക്കയില്ലല്ലോ എന്നുള്ളതാണു്..."

അന്നു ടോമിനെ സ്ഥലംമാറ്റി. ജയിലുദ്യോഗസ്ഥർക്കു് ഇപ്പോഴും ന്യായസഹിതം അവനിൽ വിശ്വാസംതോന്നി. അതുകൊണ്ടു് അവർ അവനെ ടിത്തിയിലെ സിമിൻറു ഭാരത്തിൽനിന്നു് ആൻഡേഴ്സന്റെ സെല്ലിനടുത്തുള്ള താരതമ്യേന സുകര്യപ്രദമായ സെല്ലിലേക്കു മാറ്റി. നാലുമാസമായിരുന്ന അവർ അന്യോന്യം കണ്ടിട്ടു്. ബോബിന്റെ ആദിവാദ്ധ്യത്തിന്റെ തീഷ്ണതയിൽ നിന്നു്, സിസ്റ്റേഴ്സ് തങ്ങളുടെ ഹൃസ്വമായ സന്ദർശനം കൊണ്ടു വളരെ അധികം സാധിച്ചെന്നു ടോം ഗ്രഹിച്ചു. പിറന്നാൾ രാത്രിയിൽ ഒരു മണിക്കു് അവൻ സി. മേരി ലോറൻസിയായ്ക്കു് എഴുതി.

"ഇന്നുകരമായ ഒരു മയക്കത്തിൽ നിന്നു ഞാനിപ്പോൾ ഉണർന്നതേയുള്ളൂ. എന്റെ വിചാരങ്ങൾ നിങ്ങളെക്കുറിച്ചാകയാൽ

എന്റെ ഉള്ളിൽ നടക്കുന്നതിനെപ്പറ്റി ഏതാണ്ടൊരു രൂപം തരുവാൻ ഞാൻ ശ്രമിക്കാം. ചുരുക്കത്തിൽ എന്റെ ജീവിതത്തിലെ ഏറ്റവും ആനന്ദപ്രദമായ ദിനങ്ങളിലൊന്നായിരുന്നു വ്യാഴാഴ്ച നിങ്ങൾ എനിക്കു പ്രദാനം ചെയ്തതെന്നു എനിക്കു പറയുവാൻ കഴിയും.

ഞാനിപ്പോൾ മരണവേദനത്തിൽ ബോബിന്റെ അടുത്ത മുറിയിലാണു". ഹോ ഇവിടം എത്രഭേദം! കൂടുതൽ സ്ഥലം, നല്ല വെളിച്ചം, നല്ലകിടക്ക. ഇപ്പോൾ തണുപ്പുണ്ടു", ശുദ്ധവായുവുണ്ടു". പുറത്തൊരു ജനലുമുണ്ടു". ആരും എന്നെ ശല്യപ്പെടുത്താനില്ല. ഇവിടെ എല്ലാം ശാന്തമാണു". ദൈവം എന്റെ നേരെ കാരുണ്യവാനാണു". ഞാൻ അവിടുത്തെ അനുഗ്രഹങ്ങൾക്കു" അർഹനാകുവാൻ വേണ്ടി പ്രാർത്ഥിക്കണമെ. സിസ്റ്റർ, എനിക്കു സാദ്ധ്യമായതെല്ലാം ഞാൻ എപ്പോഴും ചെയ്യും.

വാർഡനോടും മി. റാങ്കിനോടും നന്ദി പറയുവാൻ കഴിയാത്തവിധം അത്രക്കു ഞാൻ ആനന്ദവാനായിരുന്നു. അല്ലെങ്കിൽ എനിക്കു സംസാരിപ്പാൻ വയ്യാതെവന്നു. എന്റെ തൊണ്ടയിൽ വന്ന പിണ്ഡം വിഴുങ്ങുവാൻ കഴിഞ്ഞിരുന്നെങ്കിൽ ഞാൻ അതു ചെയ്യുമായിരുന്നു. ചില സന്ദർഭങ്ങളിൽ കരയാതെ കഴിപ്പാൻ നാം ചിരിക്കാറുണ്ടു".

സിസ്റ്റർ, എനിക്കു അനന്തമായ കൃതജ്ഞതയാണു" നിങ്ങളോടുള്ളതു".

പുണ്യവാന്മാർ മരിച്ചുപോയി എന്നു" എനിക്കു" അറിഞ്ഞുകൂടായിരുന്നെങ്കിൽ ഡി. യൂടായാണു" സിസ്റ്ററെന്നു ഞാൻ സംശയിച്ചുപോകുമായിരുന്നു.

നിങ്ങളെ കണ്ടതിൽ ആൻഡേഴ്സൻ അതിവകൃതജ്ഞനാണു". അന്നു" എനിക്കു അതു അറിഞ്ഞുകൂടായിരുന്നു. പക്ഷെ ഇപ്പോൾ ഒരു കാരണവശാലും അവനെ നിങ്ങൾ കാണാതെപോകുവാൻ ഞാൻ സമ്മതിക്കുമായിരുന്നില്ല.

അതു പ്രിയംകരമായ എഴുത്തായിരുന്നു. എങ്കിലും അടുത്ത

ആഴ്ചവരെ സിസ്റ്റർ കാത്തിരുന്നു. സി. റോബർട്ട് ആൻ കെയ്ക്കിനെപ്പറ്റി തന്റെ സഹോദരിക്കുകൊടുത്ത നിർദ്ദേശങ്ങൾ സി. മേരി ലോറൻസിയ അറിഞ്ഞിരുന്നു. സിസ്റ്റർ അയച്ചുകൊടുത്ത പെട്ടിയെ സംബന്ധിച്ചുള്ള ടോമിന്റെ പ്രതികരണം അറിവാൻ അവർക്ക് ജിജ്ഞാസയുമുണ്ടായിരുന്നു. ജൂൺ 12–ാം തിയതി അവർക്ക് ആ കത്തുകിട്ടി.

പ്രി. സി മേരി ലോറൻസിയാ,

പാർസൽ അയക്കുന്നതിനുള്ള ചെലവ് തപാൽവകുപ്പു വഹിക്കുമായിരുന്നെങ്കിൽ, സിസ്റ്റർ മിക്കവാറും ബോർമ്മപോലും അയച്ചതരുമായിരുന്നു! സകലതും യാതൊരു തകരാറുംകൂടാതെ ഇവിടെ കിട്ടി. സിസ്റ്റർ പല നാളേയ്ക്കു ഞാൻ സുരക്ഷിതമായി കഴിഞ്ഞുകൂടാൻ പോകയാണെന്നു വിചാരിക്കുന്നു. കെയ്ക്കുവന്നു, അതു മനോഹരമായിരുന്നു. അവർ ആത്മാർത്ഥമായിരിക്കണം അതിവിടെ എത്തിച്ചതു്. മുറിക്കുന്നതിനുമുമ്പു് ഞാൻ കാണുന്നതിനുവേണ്ടി റാങ്കിൻ അതു് എന്റെടുത്തു കൊണ്ടുവന്നു. "സൗഭാഗ്യ ജന്മദിനം — ടോം പെന്നി" എന്നു് അതിന്മേലുണ്ടായിരുന്നു. വെള്ളയും ഇളംചുവപ്പുമായ റോസപ്പൂക്കളും പച്ചനിറംകൊടുത്ത വള്ളിക്കെട്ടുകളും പൊന്തിനിന്നു. അന്നു ബോബിന്റേയും ജന്മദിനമായിരുന്നു. കേട്ടോ, അവനു 37–ഉം എനിക്കു 33–ഉം ആയി പ്രായം. നിങ്ങളുടെ മഹാമനസ്കതയുടെ ഉണർത്തുപാട്ടാണു് ഞങ്ങൾ. ഇതു പല വാരങ്ങൾ നീണ്ടുനില്ക്കുമെന്നാണു് എന്റെ വിശ്വാസം.

കേട്ടോ, സിസ്റ്റർ. ഫാ. ലിബ്സ് ഇന്നലെ ഇവിടെ വന്നു. ഞാൻ ഒരുങ്ങി ഉപവസിച്ചിരുന്നു. എങ്കിലും അദ്ദേഹത്തിന്റെ കുർബ്ബാന കഴിഞ്ഞപ്പോൾ മണി 11 ആയതുകൊണ്ടു് അദ്ദേഹത്തിനു സമയമില്ലായിരുന്നു. അടുത്തമാസം വരാമെന്നു് വാഗ്ദാനം ചെയ്തിട്ടുപോയി. ഞാൻ ക്ഷമാപൂർവ്വം കാത്തിരിക്കുന്നു.'

ജൂൺ അവസാനിക്കുന്നതിനുമുമ്പു് മരണവേനത്തിലെ ജന്മദിനങ്ങളേയും അവിസ്മരണീയമായ സന്ദർശനത്തേയും സംബ

സ്വീച്ച എല്ലാവിവരങ്ങളും ഫാ. ഡൊനെല്ലി കേട്ടിരുന്നു. നാലു വീ
ടിന്നു സ്ഥാനങ്ങളിൽനിന്നാണു് അദ്ദേഹത്തിനു് ആ അറിവു ലഭി
ച്ചതു്. ടോമിന്റെ എഴുത്തു ഹ്രസ്വമായിരുന്നെങ്കിലും അതിലെ
ഒരു വരി വാല്യങ്ങളും നിറക്കുവാൻ പോരുമായിരുന്നു. "ഞാൻ നി
ങ്ങളിൽ ആരെയെങ്കിലും ഇപ്പോൾ സ്നേഹിക്കുന്നതിൽ കൂടുതൽ
സ്നേഹിച്ചെങ്കിൽ അതു് 'ദൈവരോഷമാകുമായിരുന്നു". അതു സ്നേ
ഹിതരോടു മാത്രമല്ല, ദൈവത്തോടുമുള്ള നന്ദിപ്രകടനമായിരുന്നു.
ടോം എഴുതിയവയുടേയും സിസ്റ്റർ റോസ്മ്മ പറഞ്ഞവയുടേയും
ഒരു വ്യത്യാസമാണു് മിസ്സസ് പെന്നി കണ്ണുനീരോടുകൂടിയെങ്കി
ലും കൃതജ്ഞതയോടുകൂടി ആ വൈദികനു നൽകിയതു്. സിസ്റ്റർ
റോസ്മ്മും എഴുതിയിരുന്നു. ഫാ. ജോർജ്ജിൽ പതിഞ്ഞ ഒരു കാര്യം
ആൻഡ്രേയുടെ സ്വീച്ചുള്ള ടോമിന്റെ ഉൽക്കണ്ഠയാണു്.

കാലം മുമ്പോട്ടു നീങ്ങിയതോടെ അച്ചനു തോന്നി ബോബു
തനിക്കതന്നെ ഒരു ചിന്താവിഷയമായിരിക്കയാണെന്നു്. കാ
രണം അവനൊരു ഇരുളടഞ്ഞ കടംകഥയാണെന്നു് തെളിഞ്ഞു.
അവൻ അദ്ദേഹത്തിനയച്ച പുരുക്കം കത്തുകളും കാണിച്ചതു് ഒരു
പിടിയും കൊടുക്കാതിരിക്കാൻ അവൻ അതിശ്രദ്ധാലുവാണെ
ന്നും മതസംബന്ധമായ വിഷയങ്ങളിൽ കുതുകമുള്ളവനും തണുത്ത
വനാണെന്നുമാണു്. ഫാ. ലിബ്സിനോടുകൂടി പ്രാർത്ഥിക്കയും
വായിക്കയും സംസാരിക്കയും ചെയ്തിരുന്നെന്നു് അവൻ പറഞ്ഞു.
എങ്കിലും നിരുന്മേഷവാനായി അവൻ തുടർന്നുപറഞ്ഞു, ഇതൊ
ന്നും അവനിൽ പിടികിട്ടിയിട്ടില്ലെന്നു്.

സിസ്റ്റർ റോസ്മ്മിന്റെ സന്ദർശനത്തിനുശേഷം കുറെ ആഴ്ച
കൾ കഴിഞ്ഞപ്പോൾ ഫാ. ജോർജ്ജിൽ കുറെക്കൂടി നല്ല പ്രത്യാശ
ജനിച്ചു. കാരണം, അവനു സംഗതികൾ കൂടുതൽ തെളിവായി കാ
ണുന്നതിനു് മറ്റാരെയുംകാൾ കൂടുതൽ സിസ്റ്റർ റോസ്മ്മ് സഹാ
യിച്ചെന്നു് അവൻ എഴുതിയിരുന്നു. മാത്രമല്ല, മതത്തെപ്പറ്റി അ
വൻ കൂടുതൽ അന്വേഷണങ്ങൾ നടത്തുന്നുണ്ടെന്നും പ്രാർത്ഥി
വാൻ കൂടുതൽ കാര്യമായ ശ്രമം ചെയ്യുന്നതായി കാണപ്പെട്ട

ന്നൊന്നും ടോം ആ വൈദികനെ അറിയിച്ചിരുന്നു. എന്നാൽ ഈ പ്രത്യാശകളെയെല്ലാം നിഷ്പ്രഭമാക്കുന്ന കത്താണു ജൂൺ അന്ത്യവാരത്തിൽ അദ്ദേഹത്തിനു ലഭിച്ചതു്. ആൻഡേഴ്സന്റെ യഥാർത്ഥതാല്പര്യം എവിടെയാണു സ്ഥിതിചെയ്യുന്നതെന്നു് ഫാ. ജോജ്ജു് കണ്ടു.

അദ്ദേഹം പിൻപോട്ട ചാരിയിരുന്നുകൊണ്ടു് ചിന്തിച്ചു. ഒരേ മാസ്സിനു, ഒരേ സമയത്തു്, ഒരേ സാഹചര്യങ്ങളിൽ ഒരേതരം അനുഗ്രഹങ്ങൾകൊണ്ടു ദൈവം സന്ദർശിച്ചിരിക്കുന്നവരും ഒരേ ശിക്ഷയ്ക്കു വിധിക്കപ്പെട്ടവരുമായ രണ്ടു മനുഷ്യർ ഇവിടെയുണ്ടു്. അവരുടെ പാശ്ചാത്തലമോ വിദ്യാഭ്യാസമോ ചുറ്റുപാടുകളോ അതു വിഭിന്നമല്ല. പിന്നെ എന്താണു് ഇതിനുള്ള വിശദീകരണം? മരണഭവനത്തിലെ അടുത്തടുത്തുള്ള രണ്ടു മുറികളിൽ ആഘോഷിക്കപ്പെട്ട ജന്മദിനങ്ങളിൽനിന്നു നാം ഗ്രഹിച്ചതുപോലെ, ബോബു് ടോമിനെക്കാൾ അല്പം പ്രായക്കൂടുതൽ ഉള്ളവനാണു്. എങ്കിലും അവൻ അതുപ്പുതന്നെ ബുദ്ധിമാനുംകൂടിയാണെന്നു് തെളിയിച്ചിട്ടില്ല. സിസ്റ്റേഴ്സിനു എഴുത്തെഴുതിയും തന്റെ പാരത്രികജീവിതത്തെപ്പറ്റി ഉപദേശങ്ങൾ സ്വീകരിച്ചും പൈസ സമയം വ്യയം ചെയ്തു. ആൻഡേഴ്സനാകട്ടെ ഐഹികജീവിതസ്വാതന്ത്ര്യത്തിനുള്ള പ്ലാനുകളിലും അഭിലാഷകരിലും ശ്രദ്ധ പതിച്ചിരുന്നു. ബോബു് ആത്മാർത്ഥതയുള്ളവനായിരുന്നെന്നു പറയാം. എങ്കിലും ദൈവശാസ്ത്രപരമായ സാങ്കേതിക സംജ്ഞ ഉപയോഗിച്ചു പറയുകയാണെങ്കിൽ—അവനു് അപൂർണ്ണ (അടിമ) മനസ്താപമേ ഉണ്ടായിരുന്നുള്ളു. അവന്റെ ഭീതി നരകത്തെപ്പറ്റിയായിരുന്നു; അവന്റെ സങ്കടം മുഴുവൻതാൻ അവിടെ പോയേക്കുമോ എന്നതുകൊണ്ടായിരുന്നു. ടോമിനു് ഉത്തമമനസ്താപമുണ്ടായിരുന്നു. തന്നെ സ്നേഹിക്കുന്ന ദൈവത്തെ ദ്രോഹിച്ചല്ലോ എന്നോർത്താണു് അവൻ സങ്കടപ്പെട്ടതു്. സ്നേഹത്തിനു് തന്റെ കഴിവിന്റെ പരമാവധിവരെ പ്രതിസ്നേഹം കൊടുത്തുകൊണ്ടു് അവനിപ്പോൾ പരിഹാരം ചെയ്യുകയാണു്. മരണവേദനത്തിൽ രണ്ടു സമരങ്ങൾ നടന്നുകൊണ്ടിരുന്നു. ഒരു

സെല്ലിൽ ദൈവത്തിനായി സൃഷ്ടിക്കപ്പെട്ട ഒരു മനുഷ്യന്റെമേൽ ലോകം വിജയം വരിക്കുന്നു. അടുത്ത സെല്ലിൽ കരുണാനിധിയായ ദൈവം നരകം സൃഷ്ടിക്കുന്നതിനു ഹേതുവായ മാലാഖയുടെമേൽ ഒരു മനുഷ്യൻ വിജയം വരിക്കുന്നു. ഈ ഓരോ സമരത്തിലും താൻ ഒരു മദ്ധ്യസ്ഥനെക്കാൾ ഉപരിസ്ഥിതനാണെന്നു ഫാ. ജോർജ്ജിനു തോന്നി. ഓരോ പോരാളിയുമായുള്ള അടുപ്പത്തിന്റെ ആധിക്യം മൂലം അവരുടെ എഴുത്തുകൾ അദ്ദേഹത്തിന്റെ ആത്മാവിനെ ഭേദിക്കയാണു ചെയ്തതു്. അദ്ദേഹം ഒരുവനോടുകൂടി വിജയിക്കയും അപരനോടുകൂടി പരാജയപ്പെടുകയും ചെയ്തപ്പോൾ,- മാസാവസാനത്തോടെ–മരണഭവനത്തിലെ ജന്മദിനാനന്ദത്തെപ്പറ്റി ആഘോഷിക്കയും സുദൃഢനിശ്ചയമായി പരിണമിച്ചുകൊണ്ടിരുന്ന ഒരു സംശയം മൂലം അത്യന്തം പീഡിപ്പിക്കപ്പെടുകയും ചെയ്തു. ഒരേ മരണഭവനത്തിലെ മരണം ആ ഇരുവർക്കും ജന്മദിനങ്ങളായിരിക്കയില്ലല്ലോ എന്നദ്ദേഹം ഭയപ്പെട്ടു.

അദ്ധ്യായം 7

ജയിൽ നിരയിലെ പിശാചു്

"ഹേ, ടോം?"

"എന്താ?"

"എന്തെടുക്കുന്നു?"

"എഴുതുകയാണു്."

"വീട്ടിലേയ്ക്കോ?"

"അല്ല: സിസ്റ്റർ റോബർട്ടു് ആനിനു്"

"നരകം! ഈ കന്യാസ്ത്രീകൾക്കു് എഴുത്തെഴുതി ദിവസത്തിൽ എത്ര മണിക്കൂർ നീ കളയുന്നു."

പെന്നിയുടെ ചിരി ഇരുമ്പഴികളുടെ ഇടയിലൂടെ അലയടിച്ചു് വൈദ്യുത കമ്പേരകിടക്കുന്ന മുറിയുടെ ഭിത്തികളിലടിച്ചിട്ടു് നടപ്പാതയിലൂടെ മാറ്റൊലിക്കൊണ്ടു.

"എന്തിനാണീ അട്ടഹാസം?" ആൻഡേഴ്സൻ ചോദിച്ചു.

"ബോബ്", ഒന്നുകിൽ മറ്റുള്ളവരുടെ മനസ്സു് വായിക്കുവാൻ നിനക്കു കഴിവുണ്ടു്; അല്ലെങ്കിൽ അസാധാരണമായ വല്ല ഉപകരണവുംകൊണ്ടു നീ എന്റെ ചിന്നിലൂടെ വീക്ഷിക്കുന്നുണ്ടു്. ഗോപ്യമായ കണ്ണാടിയൊന്നുമില്ലല്ലോ: ഉണ്ടോ? ഞാനിപ്പോൾ എഴുതിത്തീർത്ത വാചകം ഇതാണു്: 'സിസ്റ്റർ, നിങ്ങൾക്കെഴുന്നതിനുള്ള ഭാഗ്യം, മൂന്നു നാലു മണിക്കൂർ സമയത്തേയ്ക്കു നന്നായി ചിന്തിക്കുന്നതിനു് എനിക്കു സന്ദർഭം തരുന്നു. അതിനു ഞാൻ നന്ദിയുള്ളവനായിരിക്കേണ്ടതാണു്.'"

"ഹോ." ആൻഡേഴ്സൻ പറഞ്ഞു.

"ബോബ്, അവൻ എന്തുകൊണ്ടാണു് ആ ഒന്നാംതരം ചിന്ത ചെയ്യുന്നതു്?" സെൽ ബ്ലോക്കിൽ കുറച്ചകലെ നിന്നു് ഒരു നേരിയ ശബ്ദം കേൾക്കായി.

"വേറൊരു രാജ്യത്തുനിന്നുള്ള ശബ്ദമാണല്ലോ," ടോം പറഞ്ഞു. "സ്റ്റീവർ, നീ ഉറങ്ങുകയാണെന്നാണല്ലോ ഞാൻ വിചാരിച്ചതു്."

"നിങ്ങളെപ്പോലെ കൂവുന്നവരുള്ളിടത്തു് ഉറങ്ങാൻ നല്ലസൗകര്യമാ."

സാമാന്യം വൈമനസ്യത്തോടെ ടോം തന്റെ പെൻസിൽ, പ്രകൃതിയെഴുതിയ കടലാസിൽ വച്ചിട്ടു സെൽ കവാടത്തുങ്കൽ വന്നു. ഇപ്പോൾ ഇതൊരു പതിവായിരിക്കയാണു്. ഗാർഡുകൾ മാറുമ്പോഴെല്ലാം അവർ തങ്ങളുടെ സെല്ലിന്റെ കവാടത്തുങ്കൽ എത്തി സംഭാഷിക്കാറുണ്ടു്. ഇവിടെനിന്നുകൊണ്ടാണു് അവർ ലൂയിവില്ലിൽനിന്നും ലക്സിംഗ്ടണിൽ നിന്നുമുള്ള പത്രങ്ങളിൽനിന്നു ശേഖരിച്ച വാർത്തകൾ വിശകലനം ചെയ്യാറുള്ളതു്. ഇതിൽ ആദ്യത്തെപ്പുത്രൻ ആൻഡേഴ്സനും രണ്ടാമത്തേതു് ടോം പെന്നിക്കും ദിവസേന കിട്ടിക്കൊണ്ടിരുന്നു. അങ്ങനെ തന്നെ, അവർക്കു വന്ന എഴുത്തുകളെപ്പറ്റിയും അവർ അയച്ച എഴുത്തുകളെപ്പറ്റിയും അവർ സംസാരിച്ചു. ജീവിതത്തേയും മരണത്തേയും പറ്റിയുള്ള ഓരോരുത്തന്റെയും വിചാരങ്ങൾ അവർ വിനിമയം ചെ

യ്യു. കേസിന്റെ പുനർവിചാരണയ്ക്കുള്ള സാദ്ധ്യതകളെപ്പറ്റിയുള്ള അഭിപ്രായങ്ങൾ പരസ്പരം കൈമാറി. കാലാവസ്ഥയേയും റേഡിയോയേയും യുദ്ധത്തേയും മതത്തെയും പറ്റി സംസാരിച്ചു.

ജൂൺ അന്ത്യവാരത്തിലെ ഈ വൈകിയ വേളയിൽ അവർ മൂവരും ഒരുമിച്ചു കൂടിയപ്പോൾ നടപ്പാതയിൽനിന്നു വന്ന കാലൊച്ചകേട്ട് അവർ തല പിൻവലിച്ചു നിശ്ശബ്ദരായിനിന്നു. രണ്ടു ഗാർഡുകളും നന്നെ ചെറുപ്പക്കാരനായ ഒരു തടവുകാരനേയുംകൊണ്ട് ക്യാപ്റ്റൻ റാങ്കിൻ കയറിവന്നു. പെന്നിയുടെ അടുത്തുള്ള സെൽ തുറക്കുകയുംഅടയ്ക്കുകയും ചെയ്തു. അനന്തരം ഗാർഡും റാങ്കിനും ഇടനാഴിയിലൂടെ ഇറങ്ങിപ്പോയി.

"ആ പുതുപ്പള്ളി ആരാണു", ടോം?"

"കേഞ്ഞേ, നിന്റെ പേരെന്താണു"?"

"എലിയോട്ട്. നിങ്ങളുടേതോ?"

"ഓ, ഞങ്ങളാണ് മൈലികൊലയാളികൾ. എന്റെ ഇടതുവശത്തു ബോബു". ഞാൻ ടോം. നിന്റെതിൽനിന്നു രണ്ടു സെല്ലുകൾ, തെക്കാണു സ്റ്റീവർ. നീയും പൊള്ളുന്ന ആസനം അലങ്കരിക്കുവാനുള്ളവനാണോ?"

"ഈ രാത്രിമുതൽ ഒരാഴ്ചകഴിയുമ്പോൾ എന്നാണ്" അവർ പറഞ്ഞതു".'

"ഷ്"...." ആൻഡേഴ്സൻ ചൂളമിട്ടു. "അതു 4-ാം തീയതിയുടെ തലേ രാത്രിയാണു". എന്തൊരു രീതി, സ്വാതന്ത്ര്യപ്പിറവി ആഘോഷിക്കുവാൻ!"

"അതറിയില്ല, ബോബ്". ഒരുവേള യഥാർത്ഥ സ്വാതന്ത്ര്യത്തിലേയ്ക്കുള്ള അവന്റെ പിറവിയെ അതു കുറിച്ചേയ്ക്കാം.."

"പെന്നി, ദൈവത്തെപ്രതി നീ ഒന്നും മിണ്ടാതിരിക്കുമോ? മതത്തെക്കുറിച്ചുള്ള നിന്റെ ഈ സംസാരം എന്നെ ഭ്രാന്തുപിടിപ്പിക്കും. മതം, മതം, മതം. മരണം ജീവിതമാണെന്നും ജീവിതം മരണമാണെന്നും മാത്രമേ കേൾക്കാനുള്ളൂ. മുടിഞ്ഞ ഏർപ്പാട്". ആ ജല്പനം നീ അവസാനിപ്പിക്കുമോ? ഈ നശിച്ചമുറിയിൽ

നിന്നു ജീവനോടെ പുറത്തിറങ്ങണമെന്നാണു" എന്റെ ആശ.

"ഞാനും അങ്ങനെതന്നെ." മുന്നു മുറികൾക്കു താഴെനിന്നു ബാക്സ്റ്റർ പറഞ്ഞു.

"ഈ ഉന്മത്തന്മാരെ വകവയ്ക്കേണ്ട, കുഞ്ഞേ. ബോബിനുവേണ്ടി ഒരുവൻ വാദിക്കുവാനുണ്ടു". അയാൾ പിശാചിനെപ്പോലെ ശമരം ചെയ്യുകയും ലഹരിപിടിച്ച നാവികനെപ്പോലെ ശ്ലത്തടിക്കുകയും ഒന്നും നേരെ ചൊവ്വെ കലാശിപ്പിക്കാതിരിക്കയും ചെയ്യുന്നു. താഴെയുള്ള ബാക്സ്റ്ററെ സംബന്ധിച്ചാണെങ്കിൽ.....കൊള്ളാം സ്റ്റീററർ പൈപ്പു് വലിക്കുമ്പോഴൊക്കെ സപ്തം കാണാറുണ്ടു. ഇപ്പോൾ പൈപ്പു കൂടാതെയും അവൻ മനോരാജ്യത്തുടെവ്യാപരിക്കും. എന്നാൽ നീ യഥാർത്ഥങ്ങളെ നേരിടുക, കുഞ്ഞേ. മരണം സാക്ഷാത്തായ ജീവിതത്തിലേയ്ക്കുള്ള ജനനമാണു്."

"അതെനിക്കറിയാം. അതുകൊണ്ടാണു് കുറെ മുമ്പു ഞാൻ സ്ഥാപനം സ്വീകരിച്ചതു്".

"കത്തോലിക്കനാണോ?"

"അല്ല. പ്രോട്ടസ്റ്റന്റു്".....ഇതിനകം നരകംപോലെ ചൂടുള്ളതാണു്."

"അതു തെറ്റിപ്പോയി. എന്നെ പ്രതിയും എന്റെ രണ്ടു കൂട്ടുകാരെ പ്രതിയും."

"അതിന്റെ അർത്ഥം?"

"എന്റെ വിശ്വാസം ഇവിടം ശുദ്ധീകരണസ്ഥലംപോലെ മാത്രം പൊള്ളുന്നതാണെന്നാണു്."

"തെളിവു്! അവനു ശ്വാസംമുട്ടിച്ചു. ഞാൻ കിടക്കാൻ പോകയാണു"."

"മോഹനസ്വപ്നങ്ങൾ, സ്റ്റീററർ.....മരണത്തെപ്പററി എന്തു തോന്നുന്നു, കുഞ്ഞേ?"

"ഓ, എനിക്കറിഞ്ഞുകൂടാ. ആ ആശയത്തോടു് ഇപ്പോൾ എതാണ്ടു പരിചയപ്പെട്ടിരിക്കയാണു". എങ്ങനെയാണെങ്കിലും മരിക്കൽ നാം പോകണം. കസേരയിൽ ഇരിക്കുമ്പോഴത്തെ സ്ഥി

തി എന്തായിരിക്കുമെന്നു് ഞാൻ വിചാരിച്ചുകൊണ്ടിരിക്കയാണു്. ഏതായാലും അതു നടത്തിച്ച സാധനം എവിടെയാ?"

"അവിടെ അതാളിനപ്പുറം, ബോബിന്റെ സെല്ലിനു നേരെ എതിർവശത്തു്."

"ഹ"ം—അയാൾക്കു് അധികം നടക്കേണ്ടിവരില്ല. വരുമോ? അഥവാ, അക്കാര്യത്തിൽ നമ്മിൽ ആർക്കും...."

"നടക്കേണ്ടിവരില്ല, എന്നു ഞാൻ പറയും" ആൻഡേഴ"സൻ തട്ടിവിട്ടു. "വേണ്ടിവന്നാൽ ഒന്നു കുതിച്ചാൽമതി അങ്ങോട്ടു കടക്കുവാൻ. എനിക്കതിന്റെ ആവശ്യമുണ്ടാകയില്ലെന്നാണു് ഞാനിപ്പോഴും പ്രത്യാശിക്കുന്നതു്. കേട്ടോ, കുഞ്ഞേ, അതെല്ലാം പെന്നിയെ ആശ്രയിച്ചിരിക്കുന്നു. അവൻ കാരണമാണു ഞാനിവിടെ വന്നതു്; ഇവിടെനിന്നു വിടുവിക്കാനും അവനു കഴിയും."

"പ്രബലനായ പുള്ളിയാണു ഞാൻ, അല്ലേ, കുഞ്ഞേ? ഗവർണർ ജോൺസണിനെക്കാൾ പ്രബലൻ! അദ്ദേഹത്തിനു കഴിയുന്നതു് ഒരുവനു മാപ്പുകൊടുക്കാൻ മാത്രമാണു്. എന്നാൽ ആൻഡേഴ"സൻ പറയുന്നതു കേട്ടാൽ എനിക്കു അവരെ പൂട്ടിയിടുവാനും തുറന്നുവിടുവാനും കഴിയും. ഉന്മേഷഭരിതനായിരിക്കു ബോബു്. എന്റെ ആ മഹാസ്വാധീനശക്തി എനിക്കു് ഇനിയും ഉപയോഗിക്കാമല്ലോ."

"അതു ചെയ്യുകയാണു നല്ലതു്, അല്ലെങ്കിൽ ഞാൻ നിന്നെ എന്നുമെന്നും ശപിക്കും."

"ഹാ, കുഞ്ഞേ, നീ അതു കേട്ടോ? എന്നെക്കാൾ വലിയൊരു പുള്ളിയുണ്ടു്. ദൈവത്തിന്റെ ഭാഗം അഭിനയിക്കുന്ന ഒരു മനുഷ്യൻ."

"പെന്നി, നീ ശാന്തനാണെന്നു തോന്നുന്നില്ലാ. കസേരയിൽനിന്നു് ഒഴിഞ്ഞുമാറാമെന്നു പ്രതീക്ഷിക്കുന്നുണ്ടോ?"

"ഒരു നേരിയ ആശപോലുമില്ല. ഞങ്ങളുടെ കേസിനു് അപ്പീലുണ്ടു്. എന്നാൽ ഞങ്ങൾ മരണവേദന നീട്ടുകമാത്രമാണു ചെയ്യുന്നതെന്നു് എനിക്കറിയാം. ബോബു് അതു സമ്മതിക്കയില്ല. സ്റ്റീ

റർ അവന്റെ ഒരു പ്രതിധ്വനിമാത്രമാണു".''

"എന്തിനു ഞാനതു സമ്മതിക്കണം? ഈ രാജ്യത്തുള്ള അതി സമർത്ഥന്മാരായ വക്കീലന്മാരിൽ ചിലർ എനിക്കുവേണ്ടി പണി യെടുക്കുന്നില്ലേ?"

"നിനക്കുവേണ്ടി പണിയെടുക്കുന്നുവോ? ഹാ, അവർ നിന്റെ പണം പിടുങ്ങുക മാത്രമാണു ചെയ്യുന്നതു", ബോബു".

"ഈ ഹാൾ വിലങ്ങി ആ പൊള്ളുന്ന ആസനത്തിലേക്കു ഞാൻ പോകേണ്ടിവരികയാണെങ്കിൽ എന്റെ പണംകൊണ്ടു് എനിക്കെന്തു പ്രയോജനം?"

"നീ എന്തുകൊണ്ടു നിന്റെ ഭാര്യയെയും നിന്റെ അമ്മയെയും നിന്റെ കുടുംബത്തെയും പറ്റി ചിന്തിക്കുന്നില്ല?''

''നീ എന്തുകൊണ്ടു ചിന്തിക്കുന്നില്ല?'' ബോബിന്റെ തുളച്ചു കയറുന്ന ചോദ്യം.

ഒരു വിനാഴികനേരത്തേയ്ക്കു പെന്നിക്കു കാര്യം മനസ്സിലായി ല്ല. "എന്തുകൊണ്ടു ഞാൻ ചിന്തിക്കുന്നില്ലെന്നോ?" അവൻ ചോ ദിച്ചു.

"അതെ, എന്തുകൊണ്ടു നീ ചിന്തിക്കുന്നില്ല? നിനക്കു് എന്റെ പണം രക്ഷിക്കാമെന്നു മാത്രമല്ല, എന്റെ ഭാര്യയ്ക്കും എന്റെ അ മ്മയ്ക്കും എന്റെ കുടുംബത്തിനുംവേണ്ടി എന്നേയും രക്ഷിക്കാം."

''ഹെ, പെന്നി, നീ വല്ലതെന്നു മാത്രമല്ല, സർവ്വവല്ലനും മാണല്ലോ. എനിക്കു ഈ കഥ മനസ്സിലായില്ല.''

''മുങ്ങിച്ചാവാൻ പോകുന്നവൻ വൈയ്ക്കോൽ കഷണത്തേയും അള്ളിപ്പിടിക്കുമെന്ന പഴയ കഥതന്നെ, കുഞ്ഞേ. ക്രൂരിമാരിലൊ രാൾ വെളിയിൽനിന്നുള്ളവനാകയാലും അവരുടെ തീരുമാന ത്തിനുശേഷം അവരുടെ മുറിയിൽ ഒരു വർത്തമാനപത്രം കണ്ടതു കൊണ്ടും ഒരു പുനർവിചാരണ കിട്ടുമെന്നാണു് ബോബു് വിചാ രിക്കുന്നതു്. വെറും നിസ്സാരകാര്യങ്ങൾ."

"നിസ്സാരകാര്യങ്ങളോ? ഇവയൊക്കെ നിയമത്തിന്റെ സാ ങ്കേതികവാങ്ങളാണു്. ഈ വക നിസ്സാരകാര്യങ്ങൾ മൂലം എത്ര

യെത്രപേർ വൈദ്യുതകസേരയിൽനിന്നു രക്ഷപ്പെട്ടിട്ടുണ്ടു്. എന്നാൽ, ടോം, അവ പർവ്വതങ്ങളായിരുന്നാൽപോലും നിനക്കു ചെയ്യുവാൻ കഴിയുന്നതിനോടു തുലനം ചെയ്യുമ്പോൾ അവ ഒന്നുമില്ല. കേസു വിസ്താരം സമൂലം മാറ്റുവാൻ നിനക്കു സാധിക്കും. ഒറ്റവാക്കുകൊണ്ടു ജഡ്ജിയെയും ജൂറിയെയും വാദിഭാഗത്തെയും പ്രതിഭാഗത്തെയും പത്രറിപ്പോർട്ടർമാരെയും പത്രാധിപന്മാരെയും വിഡ്ഢികളാക്കി കാണിക്കാം. പെന്നി ഈ സംസ്ഥാനം മുഴുവനും അകംപുറം തിരിക്കുന്നതിനുംതലകീഴ് മറിക്കുന്നതിനും നിനക്കു കഴിയും."

"ഞാനെന്തൊരു അത്ഭുതമനുഷ്യനാണെന്നു കണ്ടോ, കുഞ്ഞേ?"

"താൻ എന്തുകൊണ്ടു് അത്ഭുതം ചെയ്യുന്നില്ല?"

"അതിലുമെളുപ്പം ബോബിനെ സ്വർഗ്ഗത്തേയ്ക്കയക്കുകയാണു്."

"നീ എന്നെ നരകത്തിലേയ്ക്കായിരിക്കും അയക്കുന്നതു്."

"ഹാ, റോബർട്ടു്, ശുദ്ധീകരണസ്ഥലംതന്നെ ഭയങ്കരമാണു്."

"താൻ, പറയുന്ന ഈ ശുദ്ധീകരണസ്ഥലം എന്താണു്, പെന്നി? ഇവിടെ വരുന്ന ആ മതപ്രാസംഗിക എന്നോടു പറഞ്ഞതു് അങ്ങനെയൊരു സ്ഥലമില്ലെന്നാണു്. അതു ബൈബിളിൽ ഇല്ലെന്നു് അവർ പറയുന്നു. അപ്പോൾ അതു തെറ്റിയാണു് അല്ലെ?"

ടോം പെന്നിയുടെ ചിരിക്കു ഒരു സംഗീതധ്വനിയുണ്ടായിരുന്നു. "കുഞ്ഞേ, ഞാൻ മുകളിൽ നടപ്പാതയിലായിരുന്നപ്പോൾ ദൈവത്തെയും മതത്തെയും കുറിച്ചു് മണിക്കൂറിൽ ഡസൻ ന്യായങ്ങൾ എനിക്കു നൽകപ്പെട്ടു. അവയുടെയെല്ലാം പോക്കു് ഒരേ രീതിയിലായിരുന്നു. അവിടെയുള്ള മിക്ക പുള്ളികൾക്കും ബൈബിളാണു് അവസാനവാക്കു്. പക്ഷേ ഞാൻ പറിച്ചതു് അതു് അന്ത്യവാക്കുംപോലുമല്ലെന്നാണു്. ബൈബിളിനു് എന്തു പഴക്കമുണ്ടു്?"

"ഞാനെങ്ങനെ അറിയും?"

"നമുക്കു ബൈബിൾ കിട്ടിയതു് എവിടെനിന്നാണു്?"

"ജയിംസു് രാജാവിൽനിന്നെന്നു ഞാൻ കരുതുന്നു. അതി

ന്മേൽ അദ്ദേഹത്തിന്റെ പേരുണ്ട്".''

''അദ്ദേഹം ആരായിരുന്നു?''

''വേറൊന്നു ചോദിക്കു."

"അദ്ദേഹം ദൈവമായിരുന്നോ?''

''തീർച്ചയായും അല്ല.''

''എങ്കിലും നീ ഇപ്പോൾ പറഞ്ഞുവല്ലോ ബൈബിൾ ദൈവവചനമാണെന്നു''

"ആ മതപ്രാസംഗിക അങ്ങനെയാ പറഞ്ഞതു".''

''അവരോട് ആരുപറഞ്ഞു?''

''ഹേ, താൻ എന്നാ കാണിക്കാൻ തുടങ്ങുകയാ? എന്നെ കളിപ്പിക്കാനോ?''

''നിന്നെ നേരെ തിരിച്ചുവിടാൻ ശ്രമിക്കയാണു". കത്തോലിക്കാസഭയ്ക്കു പറയുവാൻസാധിക്കും ബൈബിൾ എവിടെനിന്നു ലഭിച്ചെന്നും, അതിനു"എത്രപഴക്കമുണ്ടെന്നും ദൈവവചനമെന്തെന്നും അല്ലാത്തതെന്തെന്നും അവയുടെ അർത്ഥം എന്താണെന്നും എന്തല്ലെന്നും. കത്തോലിക്കാസഭയാണു" കഞ്ഞേ, നമുക്കു ബൈബിൾ തന്നതു". പത്രോസും, പൌലോസും, മത്തായിയും, മാർക്കോസും, ലൂക്കായും, യോഹന്നാനും പ്രോട്ടസ്റ്റാൻറ്റായിരുന്നെന്നു" നിനക്കറിയാമല്ലൊ."

''അതുകൊണ്ടു" എന്താ?''

''അതുകൊണ്ടു" ബൈബിളിനെയോ മറ്റെന്തിനെയോപറ്റി കത്തോലിക്കാസഭ പറയുന്നതു ഞാൻ കേൾക്കും. മുകളിൽ നടപ്പുതയിലുള്ള ചില പുള്ളികൾ പറഞ്ഞതു കേട്ടപ്പോൾ എനിക്കു മനസ്സിലായി ബൈബിൾ ബലഹീനർക്കു" ഒരു കട്ടത്ത പുസ്തകമാണെന്നു". അതു" അജ്ഞന്മാരുടെ കൈകളിൽ ഒരിക്കലും ഇട്ടുകൊടുക്കാവുന്നതല്ല. അതു നമ്മെക്കാൾ കൂടുതൽ തിന്മയാണു" അവർക്കു" ചെയ്യുന്നതു"''

''പെന്നി, അതുകൊണ്ടോണോ നീ അതു" അകറ്റിവച്ചിരിക്കുന്നതു"?" ബോബു" ചോദിച്ചു.

"മി. ആൻഡേഴ്സൻ, അതു നിർഭയമായ ചോദ്യമാണ്. നിനക്കറിയാമല്ലൊ ഇവിടെ ഈ സെല്ലിൽ എന്റെറ്റത്തു സുവിശേഷങ്ങളെന്നേം വാചാലമായ പ്രസംഗങ്ങളേക്കാൾ എനിക്ക് കൂടുതൽ ഇഷ്ടം അവയോടാണെന്നും."

"ഞാൻ ചോദിക്കുവാനുദ്ദേശിച്ചതു്, കഴിഞ്ഞ ഞായറാഴ്ച അതപ്രാസംഗികയോട് നീ പറഞ്ഞതു് എന്താണെന്നാണു്. അവർ എന്റെറ സെല്ലിൽ വന്നപ്പോൾ, ഒരു കെട്ടിയ പന്തംപോലെ ഇരുന്നു".

"പെന്നി അവരാണു് എന്നെ മാനസാന്തരപ്പെടുത്തിയതു്. അവരോട് കൂടുതൽ നന്നായി പെരുമാറുക."

"ഞാനങ്ങനെയാ പെരുമാറിയതു്. കേഞ്ഞ."

"അതെ, നീ അങ്ങനെയായിരുന്നു! ഈ കളിപ്പിക്കൽ വേണ്ട, ടോം. നീ അവരോട് എന്തുചെയ്തു.?"

ജയിലിന്റെറ മരവിച്ച മൗനതയിൽ പെന്നിയുടെ കടുകടുപ്പിരി കേൾക്കാൻ ഇമ്പമുള്ളതായിരുന്നു. "എന്റെറ വിശ്വാസപ്രഖ്യാപനത്തിനു ഒരു സാക്ഷ്യംചോദിച്ചു. ഞാൻ അതു കൊടുക്കുകയുംചെയ്തു."

"അതെ, നീ കൊടുത്തോ"

"സത്യമാണു്. ബോബ്. അതുതന്നെയാണു ഞാൻ ചെയ്തതു്. സ്റ്റീറർ ചെയ്യുന്നതുപോലെ എഴുന്നേറ്റുനിന്നു കുവാൻ എന്നെക്കൊണ്ടാവില്ല. ആ ഏർപ്പാടൊന്നും എനിക്കില്ല. അവർക്കു് അതൊക്കെ കൊള്ളാമായിരിക്കാം. പക്ഷെ, ഞാനൊരു കത്തോലിക്കനാണു്."

ബോബിന്റെറ ഉത്തരം തൊണ്ടയിൽ നിന്നുവന്ന ഒരു ചെറുചിരിമാത്രം.

"ഈ നല്ല വനിതാപ്രാസംഗിക" ടോം തുടർന്നു, "ഞാൻ ഇവിടെ വന്നപ്പോൾ മുതൽ എന്റെറ പുറകെയുണ്ടായിരുന്നു എപ്പോഴും വിശ്വാസപ്രഖ്യാപനം ആവശ്യപ്പെട്ടുകൊണ്ടു്. എനിക്കറിയാവുന്ന വിശ്വാസപ്രഖ്യാപനം കഴിഞ്ഞ ഞായറാഴ്ച ഞാൻ അവർക്കു

നൽകി."

"അതൊന്നു കേൾക്കട്ടെ."

"തീർച്ച. നിങ്ങൾ ശാന്തരായിരിക്കുമെന്നും തടസ്സമുണ്ടാക്കുകയില്ലെന്നും വാക്കു തരുമെങ്കിൽ."

"അതുകട്ടെ."

"കൊള്ളാം. ഞാൻ ഈ വാതിലിങ്കൽ ഇപ്പോൾ നില്ക്കുന്നിടത്തു വന്നിട്ടു പറഞ്ഞു. "ഭവതീ, ഇതാ എന്റെ വിശ്വാസപ്രഖ്യാപനം: 'ആകാശവും ഭൂമിയും സൃഷ്ടിച്ച സർവ്വതും വശമാക്കുന്ന പിതാവായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. പരിശുദ്ധാത്മാവിനാൽ ജനിക്കപ്പെട്ട കന്യകമറിയാമിൽ നിന്നു പിറന്നു, പന്തിയോസ് പീലാത്തോസിന്റെ നാളുകളിൽ പീഡിപ്പിക്കപ്പെട്ടു, ക്രൂശിക്കപ്പെട്ടു മരിച്ചു, അടക്കപ്പെട്ടു, പാതാളങ്ങളിലിറങ്ങി, മരിച്ചവരിൽനിന്നു മൂന്നാം നാൾ ഉയർത്തു സ്വർഗ്ഗാരോഹണം ചെയ്തു, സർവ്വതും വശമാക്കുന്ന പിതാവിന്റെ വലതുഭാഗത്തു ഇരിക്കുന്നു അവിടുത്തെ ഏകപുത്രൻ ഇപ്പോൾമിശിഹായിൽ ഞാൻ വിശ്വസിക്കുന്നു. അവിടെ നിന്നു ഉയിർത്തുള്ളവരെയും മരിച്ചവരെയും വിധിക്കുവാൻ വരുമെന്നും ഞാൻ വിശ്വസിക്കുന്നു. പരിശുദ്ധാത്മാവിലും, വി. കത്തോലിക്കാസഭയിലും, പുണ്യവാന്മാരുടെ ഒരുമയിലും, പാപങ്ങളുടെ പൊറുതിയിലും, മരിച്ചവരുടെയുയിർപ്പിലും, എന്നേയ്ക്കുമുള്ള ആയുസ്സിലും ഞാൻ വിശ്വസിക്കുന്നു. ആമേൻ."

അല്പനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം ബോബ് പറഞ്ഞു: "അപ്പോൾ, അതു് അവരെ തൃപ്തിപ്പെടുത്തിയോ ഹേ?"

"എന്തുകൊണ്ടു് അതു തൃപ്തിപ്പെടുത്തുകയില്ല?" പത്രോസ് ചോദിച്ചു. "അതിൽ അവർ പഠിപ്പിക്കുന്നതും അതിനപ്പുറവുമുണ്ടല്ലോ: എങ്കിലും പെന്നി, അതിൽ ശുശ്രൂഷകരണസ്ഥലത്തെയോ ബൈബിളിനെയോ സംബന്ധിച്ചു ഒന്നും പറഞ്ഞു കേട്ടില്ലല്ലോ"

"കുഞ്ഞേ, ശുശ്രൂഷകരണസ്ഥലം, എന്നെയും നിന്നെയും പോലുള്ള മൂഷികന്മാർക്കുവേണ്ടി ദൈവകാരുണ്യം കണ്ടുപിടിച്ചിട്ടുള്ള

താണ". നേരെ സ്വർഗ്ഗത്തേയ്ക്കു പോകാൻ വേണ്ടത്ര നന്മയുള്ളവരല്ലായിരിക്കാം നാം. എങ്കിലും നാം ജ്ഞാനസ്നാനം സ്വീകരിക്കയും നന്നായി ജീവിക്കാനും മരിക്കാനും പരിശ്രമിക്കയും ചെയ്യുന്നവരാകകൊണ്ട നരകത്തിൽ പോകുന്നതിനുവേണ്ടത്ര തിന്മയില്ലാത്തവരുമായിരിക്കാം. അതുകൊണ്ടാണ നമ്മോട്ട ചേരുവാൻ ഞാൻ ബോബിനോട്ട" ആവശ്യപ്പെട്ടന്നത്".

"ആ നല്ല പ്രാർത്ഥനത്തിലെ സത്യമായ ഏകപദം 'മൂഷികന്മാർ' എന്നതാണ."

"ആൻഡേഴ"സൻ, തന്റെ നിലപാട്" എനിക്കറിഞ്ഞുകൂടാ യെങ്കിലും കുറെ മതബോധം തനിക്ക നല്ലതായിരിക്കും. താൻ വിനാശരിപോലെ പുളിപ്പനാണ". കത്തോലിക്കാസഭയെപ്പറ്റി കുറെക്കൂടി പറയൂ, പെന്നി."

"കുഞ്ഞേ, നിനക്ക താല്പര്യമുണ്ടെങ്കിൽ ഞാനൊരു വേദപാഠപുസ്തകം തരാം. കത്തോലിക്കമതം ലോകത്തെപ്പോലും എനിക്ക വ്യത്യാസപ്പെട്ടതിത്തന്നു. ഈ മരണവേനത്തിലെ എന്റെ നാളുകളെ ഏറ്റവും ആനന്ദപ്രദമാക്കിത്തീർത്തത് അതാണ". ഞാനിപ്പോൾ മരണത്തെ ഭയപ്പെട്ടന്നില്ലെന്നു മാത്രമല്ല, അതിനെ അഭിമുഖീകരിക്കുവാൻ അത്യാശയോടെ കാത്തിരിക്കയുമാണ". കാരണം അതെന്നെ ദൈവത്തിന്റെ പക്കലേയ്ക്ക് ആനയിക്കുമെന്ന എനിക്കറിയാം."

"കേൾക്കുവാൻ ഞാൻ ഇഷ്ടപ്പെട്ടന്നതിനേക്കാൾ സംസാരമാണല്ലോ"."

"ഹോ, വ്യത്തികെട്ട ജല്പനം" ആൻഡേഴ"സൻ ആക്രോശിച്ചു. എങ്കിലും സ്വയം നിയന്ത്രിച്ചുകൊണ്ട പറഞ്ഞു. "കുഞ്ഞേ, നീ അടുത്ത ആഴ്ചയിൽ പോകേണ്ടവനാകയാൽ അത്തരം സംസാരമാണ" നിനക്ക കേൾക്കാൻ പറ്റിയതെന്നു എനിക്ക തോന്നുന്നു. എന്നാൽ ഞാൻ പോകേണ്ടവനല്ല. ബഫോർഡ" ് സ"റ്റവാർട്ടിനെപ്പറ്റി കേട്ടിട്ടുണ്ടോ."

"അയാളം ആരാണ"?" എന്റെ വക്കിൽ ഒരു സ"റ്റവാർട്ടാണ". പക്ഷേ ബഫോർഡ" ് അല്ല."

"കഴിഞ്ഞ സെപ്റ്റംബർ 27-ാംതീയതി പെന്നിയുടെയും ടെലക്സിംഗ്ടണിൽ ഉണ്ടായിരുന്ന പുള്ളിയാണവൻ. ഈ പുള്ളിയാണു് മാരിയൻ മൈലിയേയും അവളുടെ അമ്മയെയും തകർത്തതു്. ഇവനാണു്....."

"റോബർട്ട് H. ആൻഡേഴ്സൻ. സത്യം പറയാമെന്നു്, മുഴുവൻ സത്യവും പറയാമെന്നു്, സത്യമല്ലാതൊന്നും പറകയില്ലെന്നു്, നിനക്കു സത്യം ചെയ്യാമോ?" പെന്നി തമാശയായി സത്യവാചകംചൊല്ലി.

"അതിനു മൈവം തുണയ്ക്കട്ടെ," പെട്ടെന്നു വന്ന ആൻഡേഴ്സന്റെ മറുപടി. "ഒരു വൃത്തികെട്ട വിസ്കി ഇടപാടിൽ അവനോടു യോജിക്കാത്തതുകൊണ്ടു് പെന്നിക്കു് എന്നോടു വെറുപ്പാണു്. ഒന്നാണ്ടു കൊല്ലമായിട്ടു് ആ വിദ്വേഷം അവൻ വെച്ചുപുലർത്തുകയാണു്. പിന്നീട്ടു, എന്റെ ക്ലബ്ബിന്റെ മുൻപിൽനിന്നു് അവൻ മോഷ്ടിച്ച എന്റെ കാറിൽവച്ചു് അവനെ പിടികൂടിയപ്പോൾ, അവന്റെ ആക്രമത്തിൽ ഞാൻ പങ്കാളിയാണെന്നു പറഞ്ഞു. ലക്സിംഗ്ടനു് സമീപത്തുപോലുമില്ലായിരുന്ന ഞാൻ! അറിഞ്ഞോ?"

"ബോബ്, മരവിപ്പിക്കുന്ന മൈത്രം കഴിഞ്ഞാൽ, നിന്നെപ്പോലെ തണുത്തവനായിട്ടു് മറ്റാരുമില്ല."

"ഈ പുള്ളി സ്റ്റേവർട്ട്, എവിടെ?"

"അടുത്ത മുറിയിൽ. ഫെബ്രുവരി 2-ാം തീയതി അവൻ മരിച്ചു."

"ങ്ഹാ" പുതുപ്പുള്ളി മുറുമ്മി. "ആൻഡേഴ്സൻ, മരിച്ച മനുഷ്യർ കഥ പറയാറില്ല. അതേ സമയംതന്നെ അവർക്കു സാക്ഷിയാകാനും സാധ്യമല്ല. ഈ പറഞ്ഞ കഥ എങ്ങനെ താൻ ഡ്യൂട്ടിയേയും ജോലിയേയും വിശ്വസിപ്പിക്കും".

"എളുപ്പമാണു്. ഇവൻ മരിച്ച മനുഷ്യന്റെ ഓമനസഖികണ്ടതാണു് അവൻ, കൊലപാതകത്തിന്റെ തലേരാത്രിയിൽ പെന്നിയോടുകൂടി എന്റെ കാറിൽ കയറുന്നതു്."

"എല്ലാ വീക്ഷണകോണിൽ നിന്നും ചിന്തിച്ചു; ഇല്ലേ?"

"ഓ, അവൻ സമർത്ഥനാണ്" കുഞ്ഞേ. അവൻ എല്ലാ കോണുകളെക്കുറിച്ചും ചിന്തിച്ചെങ്കിലും ചില വളവുകൾ വിട്ടുപോയിട്ടുണ്ട്. ആ നിലയിൽ എല്ലാ കോണുകളെപ്പറ്റിയും അവൻ ചിന്തിച്ചിട്ടില്ല."

"ഇല്ലേ?"

"ഇല്ല. സത്യത്തിന്റെ വശവും യാദൃച്ഛികസംഗമത്തിന്റെ വശവും അവൻ വിട്ടുപോയി."

"യാദൃച്ഛികസംഗമമേ? എന്നു പറഞ്ഞാൽ നീ എന്താണുദ്ദേശിക്കുന്നത്?." ആൻഡേഴ്സൻ ഉൽക്കണ്ഠയോടെ അന്വേഷിച്ചു.

"നിനക്കെതിരായി ഞാൻ മൊഴികൊടുത്തപ്പോൾ പ്രതീകിച്ച ലക്സിംഗ്ടനിൽ വച്ച്"—ഈ കാര്യങ്ങളൊന്നും നീ പറയാതിരുന്ന സ്ഥിതിക്ക് ചിലർക്കെങ്കിലും ഇവ അസാധാരണമായി കാണപ്പെട്ടേക്കാമെന്ന് നീ ഒരിക്കലും വിചാരിച്ചിട്ടില്ലേ? ഈ നിലപാട് നീ സ്വീകരിച്ചിരുന്നില്ലല്ലോ. സ്റ്റീവർട്ട് മരിച്ചുകഴിയുന്നതുവരെ അവന്റെ പേരു ഈ കേസിൽ വരാതിരുന്നതു യാദൃച്ഛിക സംഭവമാണെന്നു പറഞ്ഞാൽ മിക്കയാളുകളും ആശ്ചര്യപ്പെട്ടേക്കും."

"ഹാ." ആൻഡേഴ്സൻ പുഞ്ചിരിച്ചു, "അക്കാര്യം എന്റെ വക്കീൽ ഓഫീസായി നോക്കിക്കൊള്ളും. അങ്ങനെ ചെയ്യുകൊണ്ട്, പെന്നി, നിന്നെ എതാണ്ടൊരു വീരനാക്കി കാണിക്കയും ചെയ്യും."

"എ?"

"ഉം! നീ വേറൊരു സാങ്കേതികത്വമെന്നു അതിനെ നാമകരണം ചെയ്യുമെന്നു ഞാൻ വിചാരിക്കുന്നു. അത്തരം സാങ്കേതികത്വംകൊണ്ടു പല ആളുകളും രക്ഷപ്പെട്ടിട്ടുണ്ടെന്നു വസ്തുത വീണ്ടും നിന്നെ ഞാനോർപ്പിക്കുന്നു."

"ഈ പുതിയതെന്താണ്?"

"പെന്നി, ഒരു പങ്കാളിയുടെ സാക്ഷ്യംമൂലം ഒരുവനും ശി

ക്ഷിക്കപ്പെട്ടകയില്ലെന്നു നിനക്കറിയാമല്ലോ. ആ മല്പക്കാര്യത്തിൽ എന്നോടു പകരംവീട്ടാനും അതേസമയം നിന്റെ യഥാർത്ഥ പങ്കാളിയായ സ്റ്റെവർട്ടിനെ പൊതിയുവാനും നിനക്കൊരു സന്ദർഭം കിട്ടി."

"ഹ്ര," പെന്നി സംതൃപ്തിയോടെ, ചൂളമടിച്ചു "ഇതു പുതുതാണല്ലോ! ബോബ്", അടുത്തതവണ നിന്റെ വക്കീൽ വരുമ്പോൾ അദ്ദേഹത്തെ എന്റെ അടുക്കലേക്കു് അയയ്ക്കണം. അദ്ദേഹത്തോടു പറയുവാൻ വല്ലതും കണ്ടേയ്ക്കാം. പക്ഷേ, തല്ക്കാലം നമുക്കു് കുറെക്കൂടി പ്രാധാന്യമുള്ള കാര്യങ്ങളെക്കുറിച്ചു സംസാരിക്കാം."

"കൂടുതൽ പ്രാധാന്യമുള്ളതോ?" ആൻഡേഴ്സൻ ആക്രോശിച്ചു.

"അതെ, ഈ കുഞ്ഞിനു് ഒരാഴ്ചകൂടിയേ ജീവിക്കുവാനുള്ളു. കുഞ്ഞേ, നീ വേഗം ദൈവത്തെ കാണുവാൻ പോകയാണു്. ഇവിടെ നിന്നു രക്ഷപ്പെടാനുള്ള ആൻഡേഴ്സന്റെ പ്ലാനിനെപ്പറ്റി നാം സംസാരിക്കാതിരിക്കുകയാണു കൂടുതൽ ബുദ്ധിപൂർവ്വകം. നാം പ്രാർത്ഥിക്കുന്നതു് ഒരുവക വൃത്തത്തിലായിരിക്കണം. ഒരുവൻ തനിക്കു പാടുള്ളിടത്തോളം സമയം ഉച്ചത്തിൽ പ്രാർത്ഥിക്കണം. അവൻ അവസാനിപ്പിച്ചാലുടൻ മറെറാരുവൻ അതു് എറെറടുക്കണം. അവൻ നിർത്തുമ്പോൾ മൂന്നാമൻ തുടരണം. അങ്ങനെ നമ്മുടെ സമയത്തിന്റെ പലമണിക്കൂറുകളും നമുക്കു ചെലവുചെയ്യാം. അതേപ്പറ്റി എന്തുതോന്നുന്നു? ഒന്നു പരീക്ഷിക്കരുതോ?"

"നല്ലതാണെന്നു തോന്നുന്നു. എങ്കിലും ഞാനീ തുറുങ്കുമായി ഒന്നു പരിചയപ്പെട്ടുകൊള്ളട്ടെ. ഞാൻ എന്റെ കിടക്കയൊന്നു പരീക്ഷിക്കയും മേശയും കസേരയും ഇഷ്ടാനുസരണം ഇട്ടുകയും ചെയ്യട്ടെ. എന്നാൽ ഒന്നു ചോദിക്കട്ടെ. ഇവിടെ ഗാർഡുകളും നമ്മെ ശല്യപ്പെടുത്താറുണ്ടോ?"

"അവർ അധികം ചുറ്റിപ്പറ്റി നടക്കാറില്ല. എങ്കിലും ഇതാ ഒരുത്തൻ വരുന്നു. പിന്നെ കാണാം."

ടോം പെന്നി തന്റെ മേശയുടെയും അതിന്മേലുണ്ടായിരുന്ന പുത്തിയാക്കാത്ത എഴുത്തിന്റേയും അടുക്കലേയ്ക്കു പോയി. അവൻ പെൻസിൽ എടുത്തെങ്കിലും എഴുന്നതിനുപകരം മുമ്പോട്ടു തുറിച്ചുനോക്കിക്കൊണ്ടിരുന്നു. ഏതാനും വിനാഴികകൾക്കുശേഷം അസ്വസ്ഥനായി ചലിച്ചുകൊണ്ടു് അവൻ സ്വയം ചോദിച്ചു. എന്തുകൊണ്ടാണു് മകളിൽ, നടപ്പാതയിൽ, അനുഭവപ്പെട്ടതിനെക്കാൾ വളരെ കുറച്ചുമാത്രം സമാധാനം ഇവിടെ, താഴെ, ഈ മരണനിരയിൽ, അനുഭവപ്പെടുന്നതെന്നു്. അവനിപ്പോൾ കൂടുതൽ താമസസൗകര്യമുണ്ടു്; കൂടുതൽ വെളിച്ചവും വായുവും കൂടുതൽ സ്ഥലവും കൂടുതൽ സ്വാതന്ത്ര്യവുമുണ്ടു്. ബോബും ബാക്സ്റ്ററും അവന്റെ തൊട്ടടുത്തുണ്ടു്. അവൻ ഏകാന്തത്തടവിലാണെന്നാണു സങ്കല്പമെങ്കിലും യഥാർത്ഥത്തിൽ അവനു കൂട്ടുകാരുണ്ടു്. സ്ലീറർ ടോമിന്റെ പട്ടണത്തിൽനിന്നുള്ളവനാണു്. ആൻഡേഴ്സനെ ഉർജ്ജണപാഠശാല മുതൽ അറിയുന്നതാണു്. എങ്കിലും എന്തോ തകരാറുണ്ടു്, സ്പഷ്ടമായ തകരാറു്.

അവന്റെ മുമ്പിൽ കിടന്ന എഴുത്തിലൂടെ അവൻ കണ്ണോടിച്ചു. എന്നിട്ടു്, സിസ്റ്റേഴ്സ് പഠിപ്പിച്ച നല്ല കാര്യങ്ങളിൽ വല്ലതും ഉപേക്ഷിച്ചതിന്റെ ഫലമായോ തന്റെ അസ്വസ്ഥതയെന്നു് അവൻ അത്ഭുതപ്പെട്ടു. അല്ല; അവൻ ഓരോന്നും പരിശോധിച്ചിട്ടു് സകലതിലും താൻ ഈശ്വൽഭേദമെന്നേ വിശ്വസ്ഥനായിരുന്നെന്നു കണ്ടു. പിശകു് എന്തായിരുന്നു? മകളിൽ നടപ്പാതയിലായിരുന്നപ്പോൾ പ്രാർത്ഥനയിൽ അവനു തോന്നിയ തീക്ഷ്ണത ഇപ്പോൾ അവനു തോന്നിയില്ല. അവൻ വസന്തകാലവും വസന്തകാലവും കഴിച്ചുകൂട്ടിയ ആ ഇരുണ്ട ചെറിയ 'ഭിത്തിയിലെ ചോരത്തിൽ' ദൈവം അവനോടു അടുത്തിരുന്നതുപോലെ ഇപ്പോൾ കാണപ്പെട്ടില്ല. എന്നാൽ അതേപ്പറ്റി ഫാ. ജോർജ്ജ് അവനു മുന്നറിയിപ്പു നൽകിയിരുന്നു. ജീവിതം മുഴുവൻ തരംഗിതമാണെന്നു് ആ വൈദികൻ പറഞ്ഞിരുന്നു. ഇന്നു നാം ഉന്മേഷരേതരായിരിക്കയും, ജീവിതം വിസ്മയാവഹമായി കാണപ്പെടുകയും ചെയ്യുന്നു

ങ്കിൽ, നാളെ അതുപോലെയായ ഒരുമുമയെപ്പോലെ നാം മാനവദന രും ക്ഷിപ്രകോപികളുമായിരിക്കാം–അതും യാതൊരു കാരണവു മില്ലാതെ. ഇതെല്ലാം ശരിയാണെന്നു ടോം അറിഞ്ഞിരുന്നു. എങ്കി ലും ഇതെല്ലാം പ്രാർത്ഥനയിലും വന്നുഭവിക്കാമെന്നു" അച്ഛനിൽ നിന്നു കേട്ടപ്പോൾ അവൻ വിസ്മയിച്ചു. കൈ നീട്ടിയാൽ ദൈവ ത്തെ സ്പർശിക്കാമെന്നു നമുക്കു" ഒരു ദിവസം തോന്നിയെങ്കിൽ അ ടുത്ത ദിവസം, അവിടുന്നു" ഏറെറം അകലെയുള്ള നക്ഷത്രത്തേക്കാൾ അകന്നവനായിരിക്കും; മാത്രമല്ല, കമ്പി മുറിച്ചുകളഞ്ഞ ടെല ഫോണിലേക്കു സംസാരിക്കുന്നതുപോലെ പ്രാർത്ഥന അനുഭവപ്പെ ടുകയും ചെയ്യും. സംഗതികൾ അത്രയ്ക്കു മോശമായി ടോമിനു കാണ പ്പെട്ടില്ല എന്നതു വാസ്തവം. എങ്കിലും നടപ്പാതയിൽനിന്നു" വ ന്നശേഷം പ്രാർത്ഥന വ്യത്യസ്തമായിരുന്നു.

ഒന്നും മുമ്പത്തേപ്പോലെയല്ലെന്ന ഒരു ബോധോദയം അവനു പെട്ടെന്നുണ്ടായി. എഴുത്തയക്കുക മുമ്പെന്നപോലെ എളുപ്പമായി രുന്നില്ല; ലഭിച്ച കത്തുകൾ പഴയതുപോലെ പുളകംകൊള്ളിച്ചു മില്ല. പ്രയാസപ്പെട്ടാണു പുസ്തകങ്ങളും മാസികകളും വായിച്ചതു". ചിത്രങ്ങൾ വരച്ചതും ഭാരം കൊണ്ടാണു". മുകളിലെ നടപ്പാത യിൽ അവൻ സൗഭാഗ്യവാനായിരുന്നു....

ബോബ" ആൻഡേഴ"സന്റെ അടുത്ത സെല്ലിൽ ടോം ചെന്ന നാൾ മുതൽ ആവർത്തിച്ചാവർത്തിച്ചു വന്ന ഏക സംഭാഷണവി ഷയം, ടോമിന്റെ സാക്ഷ്യംമൂലം ശിക്ഷിക്കപ്പെട്ട മനുഷ്യനെ എ ങ്ങനെ വിമുക്തനാക്കാൻ അവനു–ടോംപെന്നിക്കു–കഴിയുമെന്നതാ യിരുന്നുവെന്നു" അവൻ പെട്ടെന്നു ഓർമ്മിച്ചു.

പെന്നി തന്റെ വലതുകൈയിൽ പിടിച്ചിരുന്ന പെൻസിൽ കൊണ്ടു ഇടതുകയ്യുടെ വിരൽ മുട്ടുകളിന്മേൽ കൊട്ടിക്കൊണ്ടു" ആൻ ഡേഴ"സൻ തനിക്കുവേണ്ടി കെട്ടിയുണ്ടാക്കിയ കഥ മനോകൂടി സ്മൃതിപഥത്തിൽ കൊണ്ടുവന്നു. അതു എത്ര പൈശാചികവും സമ ർത്ഥവുമെന്നു" അവൻ കണ്ടു. എങ്കിലും എന്തൊരു വിസ്മൃതം! അ വർ ഉക്ലിംഥ്ടൻ വിട്ടുന്നതിനുമുമ്പേ ബോബ" അവനെ അറിയി

ച്ചിരുന്നു—ബഫോർഡ് "സ്റ്റുവർട്ട്" മുതിയടഞ്ഞെന്നു". ലൂയിവില്ലിൽ ഒരു തെരുവുലഹളയിൽ വച്ചു" ഫെബ്രുവരി 1—ാം തീയതി കൊല്ലപ്പെട്ടെന്നു".

ടോം പെട്ടെന്നു കൊട്ട നിർത്തിയിട്ടു" സൂക്ഷ്മശ്രദ്ധയിൽ മുഴകി. കാരണം, ഫെബ്രുവരി 2—ാം തീയതി, അതായതു" ഫെയിറസ് കൌണ്ടിജയിലിൽനിന്നു" അവർ മാറ്റപ്പെട്ടതിനു" 10 ദിവസം മുമ്പു", സ"റവർട്ടിന്റെ മരണത്തെക്കുറിച്ചു" ഒരു കുറിപ്പുണ്ടായിരുന്ന ഒരു മാസിക ബോബു" ടോമിനു" ഇട്ടുകൊടുത്ത കാര്യം അവനിപ്പോഠം ഓർമ്മിച്ചു. ആൻഡേഴ"സന്റെ ബുദ്ധി എത്ര ശീഘ്രം പ്രവർത്തനമാരംഭിച്ചിരുന്നു! പക്ഷേ, അതു" ആൻഡേഴ"സന്റേതായിരുന്നുവോ? ലൂയിവില്ലിലെ വക്കീലന്മാർ അവിടെ അന്നു വന്നിരുന്നോ എന്നു" ഓർമ്മിക്കുവാൻ ടോം ശ്രമിച്ചു. അവനു നിശ്ചയം പോരാ. എങ്കിലും അന്നുമുതൽ അവർ വലിയ ജോലിത്തിരക്കിലായിരുന്നെന്നു" അവനു നല്ല നിശ്ചയമുണ്ടു". കാരണം, അവരുടെ ഓരോ സന്ദർശനത്തിനുശേഷവും ബോബിനു തന്റെ കഥയോടു കൂട്ടിച്ചേർക്കുവാൻ ചില പുതിയ വിവരങ്ങളുണ്ടായിരുന്നു.

ടോം ഹാസ്യമായി പുഞ്ചിരിച്ചു: എഴുന്നേറ്റു ജനലിങ്കലേയ്ക്കു നടന്നു. തങ്ങൾ ബോബിന്റെ ബൈക്കുകാറിൽ ഓടിച്ചുപോകുന്നതു" സ"റവർട്ടിന്റെ കൂട്ടുകാരി കണ്ടുവെന്നു ബോബിന്റെ ഏറ്റവും ഒടുവിലത്തെ റിമാർക്കിനെപ്പറ്റി ടോം ചിന്തിക്കയായിരുന്നു. അതു" മറ്റൊരു വിദ്യയാണെന്നു അവൻ വിചാരിച്ചു. അപ്പോട്ട പൂർണ്ണമാക്കുന്നതിനുതകുന്ന ഒരു വിശദാംശമായിരുന്നു അതു". ഒരു പങ്കാളിയുടെ സാക്ഷ്യത്തിന്മേൽ ഒരുവനും ശിക്ഷിക്കപ്പെടാറില്ലെന്നുള്ള ആ കാര്യം എന്താണു"? ബലഹീനമായ കണ്ണിയൊന്നുമില്ലാത്ത ഒരു ശൃംഖല ഈ അഭിഭാഷകന്മാർ കരുപ്പിടിപ്പിക്കുന്നുണ്ടായിരുന്നു. അതിൽ എല്ലാക്കാര്യങ്ങളും, അവന്റെ സംസാരത്തിനുള്ള ഉദ്ദേശംപോലും, വിശകലനം ചെയ്തു. ആന്റേഴ"സനോടു എനിക്കുള്ള പക വീട്ടുക—അപ്പോഠം അവർ എന്നെ തെമ്മാടിലോകത്തിലെ ധാർമ്മിക ചട്ടമനുസരിച്ചു"

നടക്കുന്നവനാക്കുകയായിരിക്കും ചെയ്യുന്നതു". ഇതുവച്ചുകൊണ്ടായിരിക്കാം ഒരു പങ്കാളിയുടെ സാക്ഷ്യത്തിന്മേൽ ആരെയും ശിക്ഷിക്കയില്ലെന്നു" അവർ പറഞ്ഞതു". പക്ഷേ, നിയമത്തിന്റെ ഈ സാങ്കേതികതപം എവിടെനിന്നു ഗ്രഹിക്കും?

അവൻ തന്റെ സെല്ലിന്റെ വാതിൽവരെ ചെന്നിട്ടു മുട്ടുവായി വിളിച്ചു. "ഹേ, ബോബ".

"എന്നാ?" അതുപോലെ മുട്ടുവായ മറുപടികേട്ടു.

"എന്നെ ചിന്തിപ്പിക്കുവാൻ പര്യാപ്തമായ എന്തോ നീ കുറെ മുമ്പു" പറഞ്ഞുവല്ലോ? പങ്കാളിയുടെ സാക്ഷ്യംകൊണ്ടു" ഒരുവൻ ശിക്ഷിക്കപ്പെടുകയില്ലെന്നുള്ളതു വാസ്തവമാണോ?"

"എന്നു കേട്ടു."

"നീ അതു" എവിടെവച്ചു കേട്ടു?."

"ഇവിടെ, എഡ"വില്ലിൽവച്ചു".

"എന്നാൽ, നീ പറയുന്നതിനുമുമ്പു" എനിക്കു" അതെങ്ങനെ അറിയുവാൻ കഴിയുമായിരുന്നു ബോബു"?"

"മറെറ വല്ലവരും പറയുവാൻ പാടുണ്ടായിരുന്നില്ല?"

"ആരു"?"

"വിചാരണയ്ക്കുമുമ്പു" ലക"സിംഗ"ടണിലെ പോലീസ".

"അവരെങ്ങനെ അറിയും?"

"പോലീസുകാർക്കു ധാരാളം നിയമം അറിയാമല്ലോ..."

"ചില വക്കീലന്മാർ വിചാരിക്കാറുണ്ടു" തങ്ങൾക്കു ധാരാളം കാര്യങ്ങളെക്കുറിച്ചു നല്ല ജ്ഞാനമുണ്ടെന്നു"; ഇല്ലേ? നിക്കോസൺ ആണോ നിന്നോടു" ഇതെല്ലാം പറഞ്ഞതു"?"

"അതുകൊണ്ടെന്തു വിശേഷം? നമ്മുടെ മുമ്പിലുള്ള ഏക പ്രശ്നം നീ അതു" ഉപയോഗിക്കുമോ എന്നുള്ളതാണു".

"നമ്മെ വിണ്ടും വിസ്തരിക്കുന്ന കാര്യത്തെപ്പററി ജഡ്ജിനു എന്താണു പറയാനുണ്ടായിരുന്നതു"?"

"ഈമാസം കഴിയുന്നതുവരെ മുന്നുണ്ടാകയില്ല"

"കൊള്ളാം, അപ്പോഴേക്കും നിന്റെ കാര്യത്തെപ്പററി ആലോ

ചിക്കുന്നതിനു" എനിക്കു ധാരാളം സമയമുണ്ടു".''

''പെന്നി, കേൾക്കു''' അല്പംകഴിഞ്ഞു ബോബു പറഞ്ഞു; ''ഞാനൊരു കത്തോലിക്കനായിക്കാണുവാൻ നിനക്കു ഉൽക്കണ്ഠയുണ്ടല്ലോ. ഇല്ലേ? കൊള്ളാം, ഞാൻ നിന്റെ കൈകളിലാണു". എന്നെ സ്വതന്ത്രനാക്കുകയോ, എന്റെ ശിക്ഷ, ജീവപര്യന്തമുള്ള തടവായി മാറ്റുകയോ ചെയ്യുക. അപ്പോൾ ഞാൻ കത്തോലിക്കസഭയിൽ ചേർന്നുകൊള്ളാം. എന്തു പറയുന്നു?''

ടോം പെന്നി തന്റെ മുറിയുടെ എതിർവശത്തുള്ള നടന്നു തുറന്നുകിടന്ന വലിയ ജാലകത്തിലൂടെ വെളിയിലേയ്ക്കു മിഴിച്ചു നോക്കി. ആ ജനലിൽക്കൂടി കാണാവുന്ന ആകാശത്തിലൂടെ ഒരുമേഘപടലം മന്ദംമന്ദം നീങ്ങി. അതിന്റെ ലോലവും അവ്യക്തവുമായ അഗ്രം ജനൽക്കൂടിന്റെ കനത്ത വിലംബിനപ്പുറംകടന്നു അപ്രത്യക്ഷമായതോടെ ടോം തന്റെ മേശയുടെ അടുക്കലേക്കു പിന്തിരിഞ്ഞു....''അവന്റെ ആത്മാവും മറ്റുള്ളവരുടെ ആത്മാവും ...'' അവൻ തലകുലുക്കി. അപൂർണ്ണമായ കത്തെടുത്തു തുറിച്ചുനോക്കി.

''പ്രി. സി. റോബർട്ടു് ആൻ,

സിസ്റ്ററിന്റെ ഹൃദ്യമായ എഴുത്തു് ഇപ്പോൾ കിട്ടിയതേയുള്ള. പതിവുപോലെ അതെന്നെ ഉത്തേജിപ്പിച്ചു. ചിക്കാഗോയിലെ നിങ്ങളുടെ താമസം വളരെ ഹൃദ്യമായതായിരുന്നെന്നു് എനിക്കറിയാം.....നിങ്ങൾ എനിക്കുവേണ്ടി വി. യൂദായുടെപള്ളി സന്ദർശിച്ചതിനും വി. കൊച്ചുത്രേസ്യായുടെത്തു നൊവേന നടത്തിയതിനും ഞാൻ നിങ്ങളോടു് അതിവ കൃതജ്ഞനാണു".

സിസ്റ്റർ, നിങ്ങൾ എത്രമാത്രം നന്മയാണു് എനിക്കുചെയ്തതെന്നും ചെയ്യുന്നതെന്നും നിങ്ങൾ അറിയുന്നില്ല. നിങ്ങൾക്കു് എഴുതുന്നതിനുള്ള പ്രത്യേകാനുകൂല്യം മൂന്നോ നാലോ മണിക്കൂർ നന്നായും ശാന്തമായും ചിന്തിക്കുന്നതിനുള്ള അവസരം എനിക്കു തരുന്നു. അതിനുതന്നെ ഞാൻ നന്ദിയുള്ളവനായിരിക്കേണ്ടതാണു".

"അതെ'', ടോം സ്വയം ഉരിരണംചെയ്തു. "അതു ഇവിടെ നിന്നു രക്ഷപ്പെടുന്നതിനും മറ്റുള്ളവരെ രക്ഷപ്പെടുത്തുന്നതിനുമുള്ള

മാറ്റുങ്ങളെപ്പറ്റി അന്വേഷിക്കുന്നതിനെക്കാൾ കൂടുതൽ പ്രയോജനകരവുമാണ്.”” അനന്തരം അവൻ പെൻസിൽ എടുത്തു് മേശയോടു കൂടുതൽ അടുത്തിരുന്നു. സി. റോബർട്ടു് അനുവദിച്ചു അയച്ച ആ എഴുത്തു ഇങ്ങിനെതുടങ്ങുന്നു:

“ഇന്നലയേ ഞാൻ മിസ്സസു് ഫെൻവിക്കിനു് എഴുതിയുള്ളൂ. അതിൽ, അവർ തന്ന ആശ്ചര്യകരമായ പിറന്നാൾ കെയ്ക്കിനെപ്പറ്റിയോ അവരുടെ ഭയാധിക്യത്തോടുള്ള എന്റെ മതിപ്പിനെപ്പറ്റിയോ എന്നതിനേക്കാൾ കൂടുതലായി അവരുടെ വിസ്മയനീയമായ സഹോദരിയെപ്പറ്റിയാണു ഞാൻ പറഞ്ഞതെന്നാണു് എന്റെ ഭയം.

ഞാൻ ‘സ്നേഹത്തിന്റെ ഗീതികകം’ വായിക്കുകയായിരുന്നു. അതു സി. എലെനോർ ജിന്നിന്റെതുതന്നെയായിരിക്കും. അതിനേൽ അവരുടെ പേരാണുള്ളതു്. അതിന്റെ ഉള്ളടക്കം അതിമനോഹരമാണു്. അതു വായിച്ചാൽ ദൈവം യഥാർത്ഥത്തിൽ ഇവിടെ സന്നിഹിതനാണെന്നും നാം നേരിട്ടു അവിടത്തോടു സംഭാഷിക്കയാണെന്നും തോന്നും. ഓ, സിസ്റ്റർ, ഞാൻ ആഗ്രഹിക്കുന്നിടത്തോളം നല്ലവൻ ഞാനായിരുന്നെങ്കിൽ!

ഈ രാത്രിയിൽ ചാപ്പ്ലെൻ വന്നിരുന്നു. അദ്ദേഹം എന്റെ അടുത്ത സെല്ലിലെ കൊച്ചുമായി സംസാരിക്കയായിരുന്നു. അവന്റെ വധം നടക്കുന്നതു ജൂലായി മൂന്നാംതീയതിയായിരിക്കും. അവനൊരു പ്രൊട്ടസ്റ്റാന്റു് ആണു്. ഇവിടെവച്ചാണു് അവൻ ജ്ഞാനസ്നാനം സ്വീകരിച്ചതു്. ഞാനൊരു പ്രാർത്ഥനപ്പുസ്തകം അവനു കൊടുത്തിട്ടുണ്ടു്. അവനു് അതിലെ പ്രാർത്ഥനകളും ഇഷ്ടമാണു്. ഇവിടെ അവനൊരു രക്ഷയുമില്ല, സിസ്റ്റർ. എന്നാൽ ഇവിടം കഴിഞ്ഞു് അവനു തീർച്ചയായും വലിയ ആശ്വാസം വഴിയുണ്ടു്.

ചിലർ വിചാരിക്കുന്നുണ്ടാവാം ഞങ്ങൾ വിചിത്രമായ സംഭാഷണമാണു് നടത്തുന്നതെന്നു്. മരണം ഇഷ്ടപ്പെട്ടാൽ എന്നപോലെ മിക്കപ്പോഴും മരണത്തെപ്പറ്റി സംസാരിക്കുന്നു. മരണത്തെ ഇതു രാന്തമായി നേരിടുവാൻ കഴിയുന്ന ആത്മാവിൽ വലിയ തെറ്റൊന്നുമില്ലായിരിക്കുമല്ലൊ. എന്തു വിചാരിക്കുന്നു?

ഇതു എന്റെ കുമ്പസാരക്കാനോടു ചോദിക്കേണ്ട ചോദ്യമാണെന്നു് എനിക്കറിയാം, സിസ്റ്റർ. എങ്കിലും സിസ്റ്ററിനോടും അതു ചോദിക്കുവാൻ ഞാനാഗ്രഹിക്കയാണു്. ഒരാത്മാവിനെ, ഒരു പക്ഷെ പല ആത്മാക്കളെ രക്ഷിക്കുവാൻവേണ്ടി ഒരു ചെറിയ കള്ളം പറയുന്നതു് വളരെ വലിയ പാപമാണോ? ഉത്തരം അയക്കുവാൻ മടിയാണെങ്കിൽ വേണ്ട.

സിസ്റ്റർ, ഞാൻ ഈ എഴുത്തു തുടങ്ങിയതു് ഇന്നലെ ഉച്ചയ്ക്കാണു്. ഇപ്പോൾ ഇന്നിയാഴ്ച രാത്രി ഒരുമണിയായിരിക്കുന്നു. അതുകൊണ്ടാൽ ഇതു പൊരുത്തമുണമില്ലാത്തതാണെങ്കിൽ എന്നെ കുറ്റപ്പെടുത്തരുതു്. ഞങ്ങൾ സംസാരിക്കയും പ്രാർത്ഥിക്കയും കരയുകയും പാടുകയുംമറ്റും ചെയ്തു. 4–30 മുതൽ 8–30 വരെയുള്ള റേഡിയോനേരത്തു ഞാൻ ഉറങ്ങുകയുംചെയ്തു. ഒരുവന്റെ മനസ്സു് തെരുതെരെ നാനാവഴിക്കുപോയാൽ യുക്തിപൂർവ്വം എഴുതുവാൻ പ്രയാസമാണു്.

പുതിയ ബ്ലോക്കിൽ ഞങ്ങൾ അഞ്ചുപേരുണ്ടു്. ഞങ്ങൾ മൂന്നു വ്യത്യസ്ത വിശ്വാസമുള്ളവരാണു് . . . . ഞങ്ങൾ ഒരു ഒത്തു തീർപ്പിൽ എത്തിയിട്ടുണ്ടു്. ഒരുവൻ പ്രാർത്ഥിക്കുമ്പോൾ എല്ലാവരും അങ്ങനെ ചെയ്യുക, പക്ഷേ, മാറി മാറി. എല്ലാവരുടേയും വീതം ഒരു തവണ കഴിയുമ്പോൾ, തന്റേതു തീരെ കുറവായിരുന്നെന്നു് ഒരുവനു ലജ്ജതോന്നിയിട്ട അവൻ വീണ്ടും തുടങ്ങുക. അങ്ങനെ രണ്ടുമണിക്കൂർ നീളുന്നുണ്ടു് ഞങ്ങളുടെ പ്രാർത്ഥന. ഒരു കാര്യത്തെപ്പറ്റി എനിക്കു പരിപൂർണ്ണ നിശ്ചയമുണ്ടു്: ഇതിനെക്കാൾ നന്നായിട്ട സമയം ചെലവുചെയ്യാൻ സാധ്യമായിരുന്നില്ല...

സിസ്റ്റർ, ദൈവം നിങ്ങളെ അനുഗ്രഹിക്കയും, നിങ്ങൾ ഇപ്പോൾ ചെയ്യുന്നതുപോലെ മറ്റുള്ളവരെ ഇനിയും പ്രോത്സാഹിപ്പിക്കാൻ വേണ്ട ശക്തിയും ധൈര്യവും നിങ്ങൾക്കു നൽകുകയും ചെയ്യുമാറാകട്ടെ.

ക്രിസ്തുവിൽ നിങ്ങളുടെ
അയോഗ്യനെങ്കിലും വിശ്വസ്ത സ്നേഹിതൻ,
ടോംപെന്നി.

ഇതൊരു കഴഞ്ഞ എഴുത്തായിരുന്നെന്നു സിസ്റ്റാനു തോന്നിയില്ലെങ്കിലും ആ തകരാറിന്റെ കാരണം നാലാംതീയതിയുടെ തലേരാത്രിയിൽ മരിക്കുവാനിരുന്നഅടുത്ത സെല്ലിലെ വില്യം എലിയെട്ട എന്ന കൊച്ചനിൽ തെറ്റായി ചുമത്തുകയാണുണ്ടായതു്. എന്നാൽ പെന്നിയെ ഇളക്കിമറിച്ചതു ബോബ് "ആൻഡേഴ്സനായിരുന്നെന്നു സിസ്റ്റർ അറിഞ്ഞിരുന്നില്ല. എന്നാൽ "വേറൊരുവന്റെ ആത്മാവിനെ, ഒരുവേള പലരുടെ ആത്മാക്കളെ രക്ഷിക്കുവാൻവേണ്ടി"യുള്ള നണയുടെ കാര്യം വാരികളുടെ ഇടയിലൂടെ വായിക്കുവാൻ അവർക്കു കഴിഞ്ഞിരുന്നെങ്കിൽ അവർ പെട്ടെന്നു് എല്ലാ അസത്യങ്ങളുടേയും തിന്മയെപ്പറ്റി അർദ്ധമെങ്കിലും വളരെ ശക്തിമത്തും വാഗ്മിതപം നിറഞ്ഞതുമായ വ്യാഖ്യാനം അയക്കുമായിരുന്നു.

അടുത്ത ഒരാഴ്ചത്തേയ്ക്കു് ഈ പ്രശ്നം പെന്നിയെ അത്രകാര്യമായി അലട്ടിയില്ല. കാരണം, അടുത്ത സെല്ലിലെ കൊച്ചൻ തന്റെ ശ്രദ്ധ മുഴുവൻ ആകർഷിച്ചിരുന്നു ജൂൺ 28, 29, 30 എന്നീ തീയതികൾ അതിശീഘ്രം കടന്നുപോയി. ജൂലായി ഒന്നും രണ്ടും തീയതികൾ അതിലും വേഗത്തിൽ കഴിഞ്ഞു. പിന്നെ വന്നതു മൂന്നാം തീയതിയാണു്. അന്നു് അതിരാവിലെ പെന്നി എഴുന്നേൽക്കുകയും ഒരു മനുഷ്യൻ "പിറിയേണ്ട" ദിവസം മരണഭവനത്തിൽ പതിവുള്ള പ്രവർത്തനങ്ങളെ വളരെ താൽപ്പര്യത്തോടും വൽമാനമായ വിക്ഷോഭത്തോടുംകൂടെ സൂക്ഷിച്ചു വീക്ഷിച്ചുകൊണ്ടിരിക്കയും ചെയ്തു. ഭൂമിയിൽ തന്റെ അന്ത്യദിനം ചില വഴിക്കുന്ന ചെറുപ്പമായ എലിയെട്ടിനോടുള്ള അനുകമ്പയാണു് തന്നെ ഈ അതിയായ താല്പര്യത്തിന്റെ മൂലകാരണമായതു് എന്നു പെന്നി വിചാരിച്ചു. പക്ഷേ ആ നിശ്ചയത്തിന്റെ രണ്ടാംഭാഗത്തിൽ അവൻ അമ്മയ്ക്കെഴുതിയ കത്തിൽ നിന്നു ഗ്രഹിക്കാമായിരുന്നു അവൻ തന്റെ അന്തിമദിനത്തിൽ ചെയ്യേണ്ടതിന്റെ റിഹേഴ്സൽ 'പ്രാക്ടീസ്' നടത്തുകയായിരുന്നെന്നു്.

പത്തുമണിക്കാണു" അവൻ ആ എഴുത്താരംഭിച്ചതു് "അവൻ അല്പരാത്രിയിൽ പിരിയുവാൻ പോകയാണു" ടോം എഴുതി. "ദൈവം അവനെ പ്രതീക്ഷിച്ചിരിക്കയാണെന്നു് എനിക്കു റപ്പുണ്ടു്." തുടർന്നു അവൻ തന്നെപ്പറ്റി എഴുതുവാൻ തുടങ്ങി. "വേറൊരു സന്ദർഭം ലഭിക്കുവാൻ സാദ്ധ്യമായി ഞങ്ങൾ പ്രാർത്ഥിക്കുന്നുണ്ടു് അമ്മേ. എന്നാൽ അതു നിഷേധിക്കപ്പെട്ടെങ്കിൽ മരിക്കുവാൻ എനിക്കു ഭയമില്ലെന്നു് അമ്മ അറിയണമെന്നു ഞാനാഗ്രഹിക്കുന്നു.... ദൈവം എന്നോടു കരുണയുള്ളവനായിരിക്കുമെന്നു എനിക്കു് ഉറപ്പുതോന്നുന്നുണ്ടു്. എന്തുകൊണ്ടെന്നാൽ ഇഹത്തിൽ നികൃഷ്ടമാംവിധം ഞാൻ അവിടുത്തെ ദ്രോഹിച്ചിട്ടുണ്ടെങ്കിലും അവിടുന്നു് എന്റെ ഹൃദയസ്ഥിതി ഗ്രഹിക്കയും എന്നോടു ക്ഷമിക്കയും ചെയ്തിരിക്കുന്നു."

പെന്നി എഴുന്നേറ്റു ജനലിങ്കലേക്കു നടന്നു് നക്ഷത്രങ്ങളുടെ നേരെ തുറിച്ചുനോക്കി. അമ്മയെ അറിയിക്കേണ്ട വസ്തുതകൾ കൊണ്ടു് അവൻ നിറഞ്ഞു കവിഞ്ഞിരുന്നെന്നു അവനു തോന്നിയെങ്കിലും ആ രാത്രിയിലെ എഴുത്തു സുഗമമായിരുന്നില്ല. വിജനമായ നീലാകാശത്തിലേക്കു് അവൻ നോക്കി ആശ്ചര്യപ്പെട്ടു. എന്നാൽ 'നടപ്പാത'യിലൂടെ ആരോ ധൃതിയിൽ നടന്നുവരുന്നതിന്റെ ധ്വനി ജനലുകൽനിന്നു് അവനെ സെൽകവാടത്തുങ്കലേക്കു് വലിച്ചടുപ്പിച്ചു. മരണമറിയിപ്പുള്ള ആളുകളെ ബുക്കാനിൻ അഭിമുഖീകരിക്കുന്നതു് അവൻ കണ്ടു. അവരുടെ വലിയ ശബ്ദവും വിക്ഷോഭിതമായ ഉൽക്രോശങ്ങളും മൂലം ടോം ആ തണുത്ത ഇരുമ്പഴികളെ മുറുകെപ്പിടിച്ചു. ഗാർഡുകളും ഇലക്ട്രീഷ്യൻസും പത്രറിപ്പോർട്ടർമാരും പ്രസംഗകരും ശവസംസ്കാരനിർവ്വാഹകൻപോലും അടുത്ത സെല്ലിന്റെ മുമ്പിൽ കൂടി. ടോമിനു കേൾക്കുവാൻ കഴിഞ്ഞതു ഇത്രമാത്രമാണു് "ഒരു നിരോധനാജ്ഞ, ഒരു നിരോധനാജ്ഞ!"

ഇരുപതുമിനിറ്റു കഴിഞ്ഞപ്പോൾ അവൻ വീണ്ടും തന്റെ എഴുത്തു എഴുതുവാൻ തുടങ്ങി. വീണ്ടും ആദ്യത്തെ ചുരുക്കംചില

വാചകങ്ങളേ അടുത്തമുറിയിലെ കൊച്ചനെ പരാമർശിക്കുന്നവ യായിരുന്നുള്ളൂ. "അവൻ മരിക്കുന്നില്ല. ഏതായാലും ഇതുവരെ ഇല്ല. എന്റെ പ്രാർത്ഥനകൾ കേൾക്കപ്പെട്ടു. അവൻ അവസാനഭക്ഷ ണം കഴിച്ചു. രണ്ടുമണിക്കൂർകൂടിയേ ഉണ്ടായിരുന്നുള്ളൂ. അപ്പോൾ ദൈവത്തിന്റെ തുക്കോൽ ഇടപെട്ടു. അതിൽ കുറഞ്ഞതൊന്നുമല്ലാ യിരുന്നു സംഭവിച്ചതു". ആകയാൽ അമ്മേ, എന്നെപ്പറ്റി വി ഷമിക്കാതിരിക്കുവാൻ ശ്രമിക്കുക. ദൈവം ഇപ്പോഴും ദൈവം തന്നെ. എല്ലാം തുമോയി പര്യവസാനിക്കും."

ഈ വിക്ഷോഭിത മനസ്ഥിതിയിൽ അവൻ സി. ലോറൻ സിയായിക്കും ഒരു കത്തെഴുതി. ഇളക്കി മറിക്കുന്ന വികാരാംശ ങ്ങളെല്ലാം അതിലുണ്ടായിരുന്നു. അടുത്ത തവണ ഫാ. ഡൊനെ ല്ലി ആത്മോപദേശി സന്ദർശിച്ചപ്പോൾ ഇത്താമൊരെഴുത്തു് അദ്ദേഹ ത്തിനു കൊടുക്കുവാൻ കഴിയുമെന്നതിൽ അവർ അഭിമാനം കൊ ള്ളുകയാണു് ചെയ്തതു്. അദ്ദേഹം അതു വായിച്ചപ്പോൾ അവർ അദ്ദേഹത്തെ സൂക്ഷിച്ചുനോക്കുകയും അദ്ദേഹം താളുകളിലൂടെ താഴോട്ടു കണ്ണോടിച്ചപ്പോൾ മുഖത്തുണ്ടായ വെളിച്ചത്തിന്റെ ഉല്പത്തിസ്ഥാനം എവിടെയാണെന്നു താൻ ഗ്രഹിച്ചെന്നു് അവർ വിചാരിക്കയും ചെയ്തു.

"ക്ഷോഭജനകം, അല്ലേ?" അവർ പറഞ്ഞു അച്ചൻ എഴുത്തു മടക്കിയതോടെ. "ഒന്നു ചിന്തിച്ചേ! ശവസംസ്കാരനിശ്ചാഹകൻ പോലും വന്നു കാത്തു നില്ക്കുകയായിരുന്നു!"

"അതെ," ഫാ. ജോർജ്ജു് ശാന്തമായി പറഞ്ഞു. "പക്ഷേ അതല്ല സിസ്റ്റർ എന്നെ ആവേശം കൊള്ളിക്കുന്നതു്. ഈ മാസം 8-ാംതീയതി ടോമിനു വി. കുർബ്ബാന കൊടുക്കാമെന്നു ഫാ. ലീ ബ്സ് വാക്കു കൊടുത്തിട്ടുണ്ടെന്നുള്ള വസ്തുതയാണു്. അതെന്തൊ രാശ്ചര്യം! ഈ അടുത്ത കാലത്തു എന്നെയും അക്കാര്യം അലട്ടി ക്കൊണ്ടിരുന്നു സിസ്റ്റർ ടോം അടുക്കലടുക്കലായി എനിക്കു മൂന്നു എഴുത്തയച്ചു. അവൻ കൂടുതൽ കൂടുതൽ അസ്വസ്ഥനായിരുന്നെന്നു് അവ ഓരോന്നും വിളിച്ചറിയിച്ചു."

"എന്തിനെച്ചൊല്ലി."

"അതാണു" എന്നെ അലട്ടിക്കൊണ്ടിരുന്നതു". എന്താണെന്നു" അവൻ പറഞ്ഞില്ല. അവൻ ഫാ. ലിബ"സിനെയും വി. കർബ്ബാനയെയും പറ്റി പറഞ്ഞു. പക്ഷേ വേറെ എന്തോ ഉണ്ടെന്നു സ്പഷ്ടം. എന്നാവരികിലും ഈ എഴുത്തു എനിക്കു" ആശ്വാസപ്രദമാണു". " അനന്തരം അതു തിരികെക്കൊടുത്തുകൊണ്ടു" അദ്ദേഹം പറഞ്ഞു: "ടോം വേഗം വി. കർബ്ബാന സ്വീകരിക്കാൻ ഇടയാക്കണമെന്നു പ്രാർത്ഥിക്കണം സിസ്റ്റർ. അവനു പ്രത്യേക കൃപാവരം ആവശ്യമുണ്ടെന്നു ഞാൻ കരുതുന്നു; അവിടെനിന്നാണു" അവനതു കിട്ടേണ്ടതു". സത്യം പറഞ്ഞാൽ എന്റെ പിതാവിന്റെ ദിനം കൂട്ടതല്ലായിരുന്നെങ്കിൽ എന്റെ അവധിക്കാലം പെൻസിൽവേനിയായിൽ എന്നതിനുപകരം എഡ"വില്ലിൽ ഞാൻ കഴിക്കുമായിരുന്നു. ആ കൊച്ചനു" ആശ്ചര്യോദ്ഗം എഴുതണം; കേട്ടോ, സിസ്റ്റർ. അവന്റെ മരപ്പടികളെല്ലാം ഞാൻ മടങ്ങിവരുന്നതുവരെ സൂക്ഷിച്ചുകൊള്ളണം."

എലിയെട്ടിന്റെ വധശിക്ഷയെ സംബന്ധിച്ചു" തല്ക്കാലികനിരോധനാജ്ഞ ആൻഡേഴ"സനിലൂടെ വാക്കിയ പ്രത്യാഘാതമാണു" വാസ്തവത്തിൽ പെന്നിയെ വിഷമിപ്പിച്ചതു". എലിയെട്ടിന്റെ വക്കിലായ സെബ" എ. സ"റ്റെവർട്ട, ഫ്രാങ്ക്ഫോർട്ടിലെ അപ്പീൽകോടതിയിൽ കൊടുത്തിരുന്ന "കോറം നോബിസ"്" റിട്ട തള്ളിയതോടെ അദ്ദേഹം അവിടെനിന്നു നാടകീയമായി ലൂയിവില്ലിലെത്തി ഫെഡറൽ ജഡ്ജി, ഷാക്കിൽഫോർഡ" മില്ലറിൽനിന്നു "ഹാബയാസ" കോർപ്പസ"്" റിട്ട" അനുവദിപ്പിച്ച കഥ നിറപ്പകിട്ടോടെ ലൂയിവില്ലിലെ ദിനപ്പത്രം വിവരിച്ചിരുന്നു.

സ്റ്റെയിറ്റ" തലസ്ഥാനനഗരിയിലെ റിട്ടനിഷേധം ഇളക്കിവിട്ട വിക്ഷോഭം, ലൂയിവില്ലിലെ ഫെഡറൽകോർട്ടിലേയ്ക്കുള്ള കമ്പിവാർത്ത, കച്ചേരി പിരിഞ്ഞശേഷം ടെറണിലേക്കുള്ള വരവു", ക്ലാർക്കിന്റെ വീട്ടിലേക്കും പിന്നീടു ജഡ്ജിയുടെ ഭവനത്തിലേയ്ക്കുമുള്ള ഓട്ടം, അവസാനം വധശിക്ഷ നിർത്തിവയ്ക്കുന്നതിനു ജെസ"

ബുക്കറനനു" അയച്ച അടിയന്തിരഫോൺസന്ദേശം ആദിയായ വ
യിലൊന്നിലും ആൻഡേഴ"സനു വലിയ താല്പര്യമില്ലായിരുന്നു. അവനെ ഫാദാകർഷിച്ചതും കുത്തുവാക്കുകൾമൂലവും നിശിതമാ
യ യുക്തിവാദങ്ങൾകൊണ്ടും പെന്നിയെ അലട്ടിയിരുന്നതും റിട്ട" അനുവദിച്ചുകിട്ടുവാൻ സ"റവർട്ട ഫാജരാക്കിയ ന്യായങ്ങ
ളുടെ പോക്കായിരുന്നു. അവയിൽ പ്രധാനപ്പെട്ടവ: 1. എലിയൊ
ട്ടിനെ ശിക്ഷിച്ചതു കള്ളസാക്ഷ്യത്തിന്മേലായിരുന്നു. (ബോബി
ന്റെ കേസിൽ അതു" എത്രകണ്ടു യോജിച്ചതായിരുന്നു!) 2. രണ്ടു
ജൂറിമാർ, ശസ"വെൽസും ശാബു"തോമസും, വിചാരണയ്ക്കു മുമ്പു
തന്നെ പറഞ്ഞിരുന്നു, തങ്ങളെ ജൂറിമാരായി തിരിഞ്ഞെടുക്കയാ
ണെങ്കിൽ എലിയൊട്ടിനെ വൈദ്യുതകസേരയ്ക്കു" അയക്കുമെന്നു".
3. ജൂറിയിൽ ഒരാൾ ബോബ"വെസ്റ്റ്",വൈറ"ലി കെംബ്രിജയിൽ
സൂക്ഷിപ്പുകാരനായ ജോട്ടഗ"ളിനോടു വിവാഹംവഴി ബന്ധപ്പെ
ട്ടവനായിരുന്നു. മാരകായുധങ്ങളോടുകൂടി നടത്തിയ കവർച്ചക്കു
റത്തിനു 21–കൊല്ലത്തേയ്ക്കു തടവുശിക്ഷയ്ക്കു വിധിക്കപ്പെട്ടിരുന്ന
എലിയൊട്ടിനെ തടങ്കലിലേക്കു കൊണ്ടുപോകാൻ അവൻ കാത്തു
നില്ക്കുവേ, രക്ഷപ്പെടാനുള്ള അവന്റെ ശ്രമത്തിനിടയ്ക്കു" അവൻ
കൊന്നതു" ഈ ജോട്ടഗ"ളിനെയാണു". (ബോബിനും തന്റെ ജൂ
റിമാരെ സംബന്ധിച്ചു" ചില വസ്തുതകളെല്ലാമുണ്ടായിരുന്നു.) 4.
നിയമവും തെളിവും കണക്കിലെടുക്കാതെ എലിയൊട്ടിനെ ശി
ക്ഷിക്കുവാൻ ഒരു ഗ്രൂഢാലോചന നടന്നു. (ലക"സിംഗ"ടണിലെ
കൊലപാതകം സംബന്ധിച്ചു ബോബിനു" ഇതുതന്നെ പറയാ
മായിരുന്നു)5. അവസാനമായി, പ്രതിയുടെ ഏറ്റവും പ്രധാനപ്പെട്ട
സാക്ഷിയായ ഗ്രാൻറ" ജി വാക്കർ ഇപ്പോൾ ഐസ"ലണ്ടിൽ താ
മസമുറപ്പിച്ചിരിക്കുന്ന സൈന്യത്തിലാകയാൽ തെളിവുകൊടു
ക്കാൻ സാധിക്കാതെ വന്നു.

ജൂലായി അവസാനം ഒരു മജ്യാഹ്നത്തിനുശേഷം ആൻഡേ
ഴ"സൻ മന്ത്രിച്ചു: "ടോം നമുക്കു" എലിയൊട്ടിന്റേതിനേക്കാൾ
വളരെ നല്ല കേസാണുള്ളതു". അവൻ മരിച്ചില്ലല്ലോ. നമ്മളും മരി

ക്കേണ്ടിവരില്ല, നീ ചൊവ്വെ സംസാരിക്കുമെങ്കിൽ."

ഈ രഹസ്യസംഭാഷണങ്ങൾ ഫാ. ഡൊനെല്ലി കേട്ടിരുന്നെങ്കിൽ, പെൻസിൽവേനിയായിക്കും ആസന്നമരണനായ തന്റെ പിതാവിന്റെ അടുക്കലേയ്ക്കും പോകുന്നതിനുമുമ്പു് അദ്ദേഹം എഡിവില്ലിലേയ്ക്കു പോകുമായിരുന്നു. പക്ഷേ, എലിയൊട്ടിന്റെ വിധിനിരോധനം എഡിവില്ലിലെ മരണഭവനത്തിലുള്ളവരെ എങ്ങനെ ബാധിക്കുന്നുവെന്നതിനെപ്പറ്റി അദ്ദേഹത്തിനു യാതൊരു പിടിയുമില്ലായിരുന്നു. അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്ന കാര്യം ടോമിനു് ആവശ്യാനുസരണം ക്ലോരോഫോം കിട്ടുന്നില്ലല്ലോ എന്നതായിരുന്നു.

ഫാ. ജോർജ്ജു് ഏറ്റവും ആഗ്രഹിച്ചിരുന്ന വാർത്ത ലഭിക്കുന്നതിനു് അദ്ദേഹം തന്റെ തിരിച്ചുവരവുവരെ കാത്തിരിക്കേണ്ടിവന്നില്ല. പെൻസിൽവേനിയായിലെ വൈറ്റ്ഹാവാനിലുള്ള അദ്ദേഹത്തിന്റെ പഴയ വീട്ടിൽ ചെന്നുചേർന്നതോടെ, അദ്ദേഹത്തിനു നല്ല പരിചയമുള്ള കയ്യക്ഷരത്തിലുള്ള ഒരു ലക്കോട്ടുകിട്ടി. അദ്ദേഹം തന്റെ സാമാനങ്ങൾ അഴിച്ചുവയ്ക്കുന്നതിനുമുമ്പുതന്നെ അതു് തുറന്നുവായിച്ചു:

"..... ബുധനാഴ്ച, ഞാൻ ക്ലോരോഫോം സ്വീകരിച്ചു. ഓ, എന്തൊരു സന്തോഷം! പ്രത്യേകിച്ചു് അവകിട്ടുമെന്നുള്ള പ്രതീക്ഷ ഞാൻ മിക്കവാറും ഉപേക്ഷിച്ചിരുന്ന സ്ഥിതിക്കു്. ഇപ്പോൾ എനിക്കു ഫാ. ലിബ്സിനോടു ഇഷ്ടംതോന്നുന്നു. അച്ഛാ, എന്നെ തെറ്റിദ്ധരിക്കരുതേ. ഞാൻ അദ്ദേഹത്തെ എന്നും ഇഷ്ടപ്പെട്ടിരുന്നെന്നു് അങ്ങേയ്ക്കു് അറിയാമല്ലോ. എങ്കിലും അദ്ദേഹത്തിനുള്ള അധികാരം അദ്ദേഹം ഉപയോഗിച്ചില്ലെന്നു എനിക്കു തോന്നി. പക്ഷേ അങ്ങാണു് എന്നെ ചീത്തയാക്കിയതെന്നും അതിരുകടന്ന പ്രതീക്ഷയാണു് എനിക്കുണ്ടായിരുന്നതെന്നും പിന്നീടു എനിക്കു ബോധമുണ്ടായി. എങ്കിലും എന്റെ ആത്മാവിനു് പരിലാളനം ആവശ്യമാണു്. എന്നാൽ പാടുള്ളതെല്ലാം ഞാൻ ചെയ്യുന്നുണ്ടു് അച്ഛാ. എങ്കിലും അതു് അല്പമേയുള്ളു."

ഫാ. ലിബ്സിനെ ശരിയായി ഗ്രഹിക്കുവാൻ ശ്രമിക്കുമ്പോ
ടോമിനുണ്ടായ പ്രയാസം ഓർത്തു് ഫാ. ഡൊനെല്ലി പുരികം ചു
ളിപ്പിച്ചപ്പോൾ, വേറൊരു വഴിക്കുവന്ന ഒരു പുതിയ പ്രയാസം
ഓർത്തു ആ ജയിൽപുള്ളിയും പുരികം ചുളിപ്പിക്കയായിരുന്നു.
അവൻ തികച്ചും അസ്വസ്ഥനായിമാറി. ആദ്യം അവൻ ചൂടി
നെ കുറ്റപ്പെടുത്തി. ജൂലായി ചൂടേറിയ മാസമായിരുന്നു. എ
ന്നാൽ "വറച്ചട്ടിയിൽനിന്നു എരിതീയിലേയ്ക്കു" തങ്ങൾ നിപതി
ച്ചിരിക്കുന്നുവെന്നു പറയുവാൻ ആഗസ്റ്റു് അവരെ നിർബ്ബന്ധി
ച്ചു. ഈ പ്രസ്താവം മിക്കവാറും അക്ഷരാർത്ഥത്തിൽ സ്വീകരി
ക്കാവുന്നതാണു്. എന്തുകൊണ്ടെന്നാൽ ആ വലിയ കരിങ്കൽ
കെട്ടിടം, പകൽ മുഴുവൻ പൊരിയുന്ന ചൂടേറ്റശേഷം രാത്രികാ
ലം അസഹനീയമാക്കിത്തീർക്കുന്നു. അടുത്തതായി അവൻ സ്വ
ന്തം മൃദുലപ്രകൃതിയെയും സ്വാർത്ഥതയേയും പഴിച്ചു. അവനാ
ഫാ. ഡൊനെല്ലിയുടെ സന്ദർശനം നഷ്ടപ്പെടുകയും സി. റോബർട്ടു്
ആൻ ലൂയിവില്ലിലെ വേനൽക്കാലവസതിയിൽ നിന്നു ലക്
സിംഗ്ടണിലെ ആശുപത്രിയിലേയ്ക്കു മാറിയ ആഴ്ചയിൽ അവ
നു് എഴുത്തയക്കാതിരിക്കയും ചെയ്തു. ഇപ്പോൾ അവന്റെ അ
മ്മയും അവനെ മുഴുവൻ തെറ്റിദ്ധരിക്കുന്നതുപോലെ കാണപ്പെട്ടു.

അവന്റെ പടംവരയിൽ ഉപയോഗിക്കുന്നതിനായി സി.
മേരി ലോറൻസിയ അയച്ച "വാട്ടർ കളേഴ്സ്" അവനാകൊടുക്കു
വാൻ കൃാപ്റ്റൻ റാങ്കിൻ വിസമ്മതിച്ചതുമുതൽ തുടങ്ങിയ അ
വന്റെ വിഷമതാസാകല്യത്തിന്റെ ഉച്ചിയിൽ മകുടമണിയി
ച്ചതു് ഇതായിരുന്നു. ആ ദിനാഴികമുതൽ എല്ലാം താറുമാറായി
പ്പോകുന്നതുപോലെയും എല്ലാവരും അവനെ ശല്യപ്പെടുത്തുന്നതു
പോലെയും അവനുതോന്നി. അടുത്ത തുറുങ്കിലെ പുതുപ്പുള്ളിയായ
ടെൻറപോലും അവനെ ക്ഷിപ്രകോപിയാക്കി. അവൻ വെ
ളിയിലേക്കയച്ച എഴുത്തുകൾ പരിശോധനക്കായി എടുക്കപ്പെ
ട്ടതുകൊണ്ടു് അവ, അവൻ ആഗ്രഹിച്ചസമയത്തു് അവന്റെ മിത്ര
ങ്ങൾക്കു ലഭിക്കാതായി. വന്ന എഴുത്തുകളെല്ലാം വേണ്ടാത്തവരിൽ

നിന്നും അഹിതകാരണമാക്കുന്ന സന്ദേശങ്ങളും അടങ്ങിയിരുന്നു. റേഡിയോ അവനെ ശല്യപ്പെടുത്തി; വർത്തമാനപത്രങ്ങളിൽനിന്നു വെടിപ്പോടെ അവൻ പിന്തിരിഞ്ഞു. അമ്മയ്ക്കു് എഴുതുവാനും അവർക്കു് എല്ലാം മനസ്സിലാകുമെന്നു വിചാരിക്കുവാനും കഴിയുമായിരുന്നിടത്തോളം കാലം അവനു കുറെയെല്ലാം തൃപ്തിയുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ .. ... കൊള്ളാം രാവിലെവന്ന തപാലിലുണ്ടായിരുന്ന ഒരെഴുത്തു്, അവൻ സിസ്റ്റേഴ്സിനെപ്പറ്റി പറഞ്ഞ പ്രശംസകൾ അമ്മ പൂർണ്ണമായും തെറ്റിദ്ധരിച്ചിരിക്കയാണെന്നു വിശദമാക്കി. സിസ്റ്റേഴ്സിനോടുള്ള അവന്റെ മതിപ്പു അമ്മയോടുള്ള അവജ്ഞയായി അവർ കരുതി. അവർക്കു് അതു് എങ്ങനെ തെറ്റിദ്ധരിക്കുവാൻ കഴിഞ്ഞു!

ടോം തന്റെ സെല്ലിനു ചുറ്റും നോക്കി, അതിലുണ്ടായിരുന്നവയെല്ലാം ഈ നല്ല സന്ന്യാസിനികളുടെ സഹതാപവും താല്പര്യവും വിളിച്ചറിയിക്കുന്നവയായിരുന്നു. ഭിത്തിയിലുണ്ടായിരുന്ന ചെറിയ സ്ലിവാപ്പാത, ചട്ടങ്ങൾ നിറയെയുണ്ടായിരുന്ന പുസ്തകങ്ങളും മാസികകളും, തറയിലെ പായ്ത്തുണ്ടും, അവന്റെ തലയിണയിൽ കിടന്ന കൊന്ത, ഡസ്കിനുമേൽകണ്ട എഴുത്തുകൾ, കൽക്കണ്ടവുമായി മൂലയിൽ കാണപ്പെട്ട കാർഡ്ബോർഡ് പെട്ടി, ഉണ്ണീ ഈശോയുടെയും അവിടത്തെ അമ്മയുടെയും പല ചിത്രങ്ങൾ ആലേഖനം ചെയ്യപ്പെട്ടിരുന്ന കടലാസ് . ഇവയെല്ലാം ഉപവിയുടെ ആരണ്യ കന്യാസ്ത്രീകളിൽനിന്നായിരുന്നു. അവൻ ഏതയം തുറന്നു് എഴുതിയപ്പോൾ എങ്ങനെ അവരുടെ കാര്യം വിട്ടുകളയാൻ സാധിക്കും? ലെക്സിംഗ്ടണിലെ ജയിലിൽ ചെന്നു് അവർ അവനെ സന്ദർശിച്ചിട്ടുണ്ടു്. എഡ്വില്ലിൽവന്നു് അവനെ കാണുന്നതിനുവേണ്ടി അവർ 300 മൈലിലധികം യാത്രചെയ്തു. അവരിൽ ഒരാളെങ്കിലും അവനു കത്തിടാതെ ഒരാഴ്ചയെങ്കിലും കടന്നുപോയിട്ടില്ല. അവനു് അവർ എന്തായിരുന്നെന്നു് എങ്ങനെ അവന്റെ അമ്മയ്ക്കു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല? അവർ സൌത്തസ്പ്രിംഗ് തെരുവിൽച്ചെന്നു് മിസ്സസ് പെന്നിയെ സന്ദർശി

ച്ചിട്ടുള്ളതല്ലേ? അവർ മാലാഖമാരാണെന്നാ അമ്മയ്ക്കതന്നെ അറിയ വപ്പെട്ടിട്ടുള്ളതല്ലേ?

അവന്റെ ഈ ചിന്താസരണിയിലേക്ക് ഒരു ചോദ്യവുമായി ആൻഡേഴ്സൻ കടന്നു ചെന്നപ്പോൾ അവൻ കൊടുത്ത മറുപടിയുടെ നിശ്ചിതത്വംമൂലം അവൻ ഉടൻതന്നെ വിളിച്ചുപറഞ്ഞു: 'ക്ഷമിക്കണേ, ബോബ്. ഈ ദിവസങ്ങളിൽ ഞാൻ ഞാനല്ല. ഒന്നുകിൽ ചൂട് എന്നെ കിറുക്കനാക്കുന്നു; അല്ലെങ്കിൽ ഈ സെല്ലിൽ ഒരു പിശാചുണ്ട്.'

ഉച്ചകഴിഞ്ഞുണ്ടായ ഒരു ചെറിയ മഴ ടോമിനു താല്ക്കാലികമായ ആശ്വാസം നൽകി. രാത്രിയിലും രാവിലെയും ഉണ്ടായിരുന്ന സാമാന്യമായ തണുപ്പിന്റെ ഗുണം ഉപയോഗിച്ച് അമ്മയ്ക്ക് ഒരു കത്തെഴുതി.

"അമ്മയുടെ എഴുത്ത് ഇന്നലെ എനിക്കുകിട്ടി. ചൂടുണ്ടായിരുന്നിട്ടും അമ്മയുടെ പര്യടനം ഭംഗിയായി കഴിഞ്ഞുകൂടിയതിൽ സന്തോഷിക്കുന്നു. ഇവിടെ വലിയ ചൂടാണ്. വീർപ്പുമുട്ടൽ പ്രതീക്ഷിച്ചു ഞാനിരിക്കവേ മഴ പെയ്യുകയും തണുപ്പിക്കയും ചെയ്തു.....

ഇടയ്ക്കിടെ എനിക്ക് അങ്ങേ അറ്റം മനംമടുപ്പുണ്ടാകുന്നു. ചിലപ്പോഴൊക്കെ ഭയങ്കരമായ ഏകാന്തതയും അനുഭവപ്പെടുന്നു. സിസ്റ്റേഴ്സ് ഇല്ലായിരുന്നെങ്കിൽ ഞാൻ എന്തു ചെയ്യുമായിരുന്നു. വായനയ്ക്ക് അവർ ധാരാളം പുസ്തകങ്ങൾ തന്നുകൊണ്ടിരിക്കുന്നു. ഞാൻ അവ ആദ്യന്തം വായിക്കുന്നുണ്ട്.....അമ്മേ, ദയവു ചെയ്തു ഇതു മനസ്സിലാക്കുക; അമ്മ പരാജയമടഞ്ഞ ഒന്നിൽ അവർ വിജയിച്ചു എന്നല്ല ഞാൻ പറയുന്നതു; ഒരിക്കലുമല്ല! അമ്മ എന്നിൽ നിക്ഷേപിച്ച നന്മ അവർ വികസിപ്പിക്കുകമാത്രമേ ചെയ്തുള്ളൂ. അതുകൊണ്ട് അങ്ങു പരാജയമടഞ്ഞെന്നു ഒരിക്കലും വിചാരിക്കരുതു. അമ്മ പരാജയപ്പെട്ടില്ല. സിസ്റ്റേഴ്സ് എന്നോടു കാണിച്ച ആർദ്രതയ്ക്കും എന്റെ ആത്മീയാഭിവൃദ്ധിക്കായി അവർ ചെയ്യുന്ന സഹായത്തിനും അമ്മ എന്നും അവരെ സ്നേഹിക്കുമെന്നു

എനിക്കറിയാം."

അതു് തപാൽപ്പെട്ടിയിലിട്ടശേഷം അവനു കുറെക്കൂടി മനഃസുഖം തോന്നുകയും, കുറേ ദിവസത്തേയ്ക്കു പഴയ സമാധാനത്തിന്റെയും സന്തോഷത്തിന്റെയും ഒരംശം അനുഭവപ്പെടുകയുംചെയ്തു. എന്നാൽ ആഗസ്റ്റിലെ ഉഗ്രമായ ചൂടു തുടങ്ങിയതോടെ അവന്റെ ധൈര്യം ഏതാണ്ടു തകർത്തുകളഞ്ഞ ഒരു വാർത്ത അവൻ കേട്ടു. ഫാ. ജോജ്ജ് ചാപ്പ്നായി യൂറോപ്പിനു പോയി എന്നു്.

ഇനി അവൻ എന്തുചെയ്യും? ഫാ. ലിബ്വസ് മാസത്തിൽ ഒരിക്കൽ മാത്രമാണു വന്നിരുന്നതു്. അപ്പോഴൊക്കെ ഉണ്ടായിരുന്ന വലിയ ജോലിത്തിരക്കുമൂലം അദ്ദേഹത്തിനു് വാതില്പുൽ മാത്രം വന്നുനിന്നുകൊണ്ടു് അല്പനേരത്തേയ്ക്കു സംസാരിക്കുന്നതിനേ സാധിച്ചിട്ടുള്ള. സെൽബ്വിളോക്കു മുഴുവനും രണ്ടു കാർഡുകളും ശ്രോതാക്കളായിരിക്കെ എങ്ങനെയൊരുവനു തന്റെ ആത്മസംബന്ധമായ പ്രശ്നങ്ങൾ തുറന്നു സംസാരിക്കാൻ കഴിയും? പക്ഷേ, ഇതെല്ലാം അവഗണിക്കുവാൻ അവനു കഴിഞ്ഞാലും, ടോമിനെ മൌനിയാക്കിത്തീർക്കുന്ന എന്തോ ഫാ. ലിബ്വസിലുണ്ടായിരുന്നു. അതെന്തായിരുന്നു? അദ്ദേഹം ദയാലുവായിരുന്നു, എങ്കിലും.....പെട്ടെന്നു തന്റെ ചിന്തകളിലൊന്നു് അവന്റെ ദൃഷ്ടിയിൽപ്പെട്ടു. അതു വ്യാകുലമാതാവിന്റെയായിരുന്നു. "അതെ," അവൻ മൃദുവായി പറഞ്ഞു: "അമ്മേ, അങ്ങു് ഇവിടെയുണ്ടല്ലോ. ഈശോയും അങ്ങനെതന്നെ. അതുകൊണ്ടാൽ ഞാൻ രക്ഷപ്പെടുകതന്നെ ചെയ്യണം. പക്ഷേ, അമ്മേ, പിശാചും ഇവിടെയുണ്ടല്ലോ. അതിനാൽ ഞാൻ നിർഭാഗ്യനാണു്." ഈ വിഷമതയെ അല്പം ലഘൂകരിക്കുന്നതിനു് അവൻ തന്റെ പേന എടുത്തു് എഴുതി.

"പ്രീ. ഫാ. ഡൊണെല്ലി,

ഞാൻ എന്റെ മിത്രങ്ങളെയൊക്കെ പൂർണ്ണമായി വിസ്മരിച്ചിരിക്കയാണെന്നു് അങ്ങു കരുതുന്നതായി ഞാൻ വിചാരിക്കുന്നു. എന്നാൽ അതു വാസ്തവമല്ല. ഞാൻ വിഷാദത്തിന്റെ അഗാധതയിൽ ആണ്ടിരിക്കയാണു്. അതാണു് സംഗതി. അങ്ങയുടെ എഴു

ത്തു വെള്ളിയാഴ്ച കിട്ടി. അതിനു് എന്റെ മനസ്സുകൊണ്ടു് പല മറുപടിയും എഴുതി. പക്ഷെ അവയിലൊന്നുപോലും കടലാസിൽ പകർത്തുവാൻ കിട്ടുന്നില്ല. അങ്ങേയ്ക്കു് അങ്ങനെയൊരു അനുഭവം എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടെന്നു് എനിക്കു തോന്നുന്നില്ല. എങ്കിലും, അച്ഛാ, ഒരുകാര്യം പറയാം. അതു് "ഒരുവനിലുളവാക്കുന്നതു് നിർഭാഗ്യകരമായ വികാരമാണു്". എന്തെങ്കിലും കാര്യമായി പിശകുണ്ടെന്നു് എനിക്കു തോന്നുന്നില്ല. ഞാനിപ്പോൾ ഒന്നിനേയും ഇഷ്ടപ്പെടുന്നില്ലെന്നുമാത്രം.

അങ്ങു് എനിക്കയച്ച അങ്ങേ ചെറിയ ഫോട്ടോയിൽനിന്നു വലുതാക്കി എടുത്ത ഫോട്ടോകൾ ലെഫ്"റ്റ"നന്റു് മെർവിസ്" എനിക്കു് അയച്ചുതന്നു. അവ വളരെ നന്നായിരിക്കുന്നു. ഞാൻ വളരെ കാര്യമായി അവയെ കരുതുന്നു. ഞാൻ അദ്ദേഹത്തിനു എഴുതുകയും അദ്ദേഹത്തിന്റെ നന്മനസ്സിനു കൃതജ്ഞതപ്രകടിപ്പിക്കയുംചെയ്തു.

അപ്പോൾ, അങ്ങും ഒരു ലെഫ്"റ്റ"നന്റു് ആകുവാൻ പോകയാണല്ലോ. അതുവട്ടെ, അച്ഛാ, അങ്ങയുടെ വീതം നിർവ്വഹിക്കുവാൻ അങ്ങു തല്പരനാണെന്നു് എനിക്കറിയാം. എന്നാൽ യുദ്ധം, യുദ്ധം, യുദ്ധം. അതൊക്കെ വളരെ അനാവശ്യമാണു്. എത്രമാത്രം ബീഭത്സതയും ദുഃഖവും അതെല്ലാം എന്തിനുവേണ്ടി? ആർക്കെങ്കിലും അറിയാമോ? യുദ്ധയത്നങ്ങളിലേക്കുള്ള എന്റെ സംഭാവന അതു് അവസാനിക്കണമെന്നുള്ള പ്രാർത്ഥനയാണു്.

.....അച്ഛാ, ഞാൻ കുറെ പടങ്ങൾ വരച്ചിട്ടുണ്ടു്. അവ പരിശുദ്ധ അമ്മയുടെയും ഈശോയുടെ തിരുഹൃദയത്തിന്റെയും ഈശോ കുരിശും വഹിച്ചുകൊണ്ടു പോകുന്നതിന്റെയും ചെറുപുഷ്പത്തിന്റെയും വി. വിൻസൻഡിപോളിന്റെയും വി. യുദായുടെയും, ഒന്നു എന്റെയും ആണു്. അവയെല്ലാം അങ്ങേയ്ക്കുള്ളതാണു്. അവ അത്ര നല്ലതല്ല, അച്ഛാ. എങ്കിലും വല്ല കുഞ്ഞുങ്ങളും ഇഷ്ടപ്പെട്ടെന്നുവരാം. അതിൽ എന്റെ പടം എന്തിനേയും ഓടിക്കുന്നതിനു കൊള്ളിക്കാം. മൂട്ടകളെയോ എലികളെയോ ശലഭങ്ങളെയോ പച്ചക്കുതിരകളെയോ പാമ്പുകളെപോലും. അങ്ങയുടെ പടം എലികളെ

ഓടിക്കുവാൻ കൊള്ളാമെന്നല്ലേ, അങ്ങു പറഞ്ഞതു". എന്റേതു അതിലും നന്നായിട്ടതു" ചെയ്യുമെന്നു" എനിക്കറിയാം.

അടുത്ത ആഴ്ച ഇവിടത്തെ മിഷ്യൻ വാരമാണെന്നാണു" ഫാ. ലിബ"സ" പറഞ്ഞതു". ആ ആഴ്ച മുഴുവൻ അദ്ദേഹവും വേറൊരച്ചനും ഇവിടെ ഉണ്ടായിരിക്കും. അപ്പോൾ അവരെ പലപ്പോഴും കാണാമെന്നു ഞാൻ പ്രതീക്ഷിക്കയാണു".....ഫാ. ലിബ"സ" എന്നോടു" അങ്ങേ അറ്റം നല്ലവനാണു". പക്ഷേ, എനിക്കു" അദ്ദേഹത്തിൽ എന്റെ മനോവിശ്വാസം മുഴുവൻ അർപ്പിക്കുവാൻ തോന്നുന്നില്ല. അതിന്റെ കുറ്റം എന്നിലാണെന്നു" ഞാൻ കരുതുന്നു. എനിക്കു" എന്നിൽത്തന്നെ തൃപ്തിയില്ല. അച്ചാ. അതെന്താണെന്നു" അങ്ങയോടു പറയുവാൻ കഴിഞ്ഞിരുന്നെങ്കിൽ എന്നു ഞാൻ ആശിക്കയാണു".....

അങ്ങു പോകുന്നതിനുമുമ്പു" അമ്മയെ ചെന്നു കാണുമെന്നു പ്രതീക്ഷിക്കുന്നു. അങ്ങു" എന്നാണു" സ്ഥലം വിടുന്നതെന്നും എന്തെല്ലാമാണു" അങ്ങയെ പ്രതീക്ഷിച്ചിരിക്കുന്നതെന്നും എന്നെ അറിയിക്കണമെ. അങ്ങേ പ്രാർത്ഥനകളിൽ എന്നെ വിസ്മരിക്കയില്ലെന്നു ഞാൻ പ്രതീക്ഷിക്കുന്നു "

ഫാ. ജോർജ്ജു" സൈന്യത്തിൽ ചേരുവാൻ പോയി എന്ന വാർത്ത ടോം ബോബിനെ അറിയിച്ചപ്പോൾ, "അദ്ദേഹത്തിനു സർവ്വവിജയങ്ങളും!" എന്ന അവന്റെ പ്രതികരണത്തിൽ പ്രതിഫലിച്ച സന്തോഷം കണ്ടിട്ടു" അദ്ദേഹം മാറിക്കിടിയതിൽ ആൻഡ്രേഴ"സൻ ആഹ"ളാദിക്കയാണോ എന്നു പെന്നി ആശ്ചര്യപ്പെട്ടു.

"എനിക്കുള്ള സന്ദർശനങ്ങളെല്ലാം അവസാനിച്ചെന്നു തോന്നുന്നു," എതാണ്ടു" ദുഃഖത്തോടെ ടോം ഉദ്ഘോഷണം ചെയ്തു. "സിസ്റ്റേഴ"സിനു വീണ്ടും വരാൻ സാദ്ധ്യമല്ല, എന്റെ കുടുംബാംഗങ്ങളിൽ ആരും ഈ ദീർഘയാത്ര ഒരിക്കലും ചെയ്യുകയില്ലെന്നു" എനിക്കറിയാം."

"ധൈര്യപ്പെടുക" ബോബിന്റെ പ്രോത്സാഹനമാണു". "എനിക്കുള്ളതിന്റെയൊക്കെ പങ്കു നിനക്കുകൂടി തരാം. ഇന്നോ നാളെ

യോ എന്റെ വക്കീലന്മാർ ഇവിടെ വരേണ്ടതാണു".

ആ വക്കീലന്മാരെ താൻ കാണേണ്ടയാവശ്യമുണ്ടോ എന്നു ചിന്തിച്ചുകൊണ്ടു് ടോം തന്റെ ചിന്തുങ്ങളുടെ അടുക്കലേയ്ക്കു പോയി.

അവനെ സമാശ്വസിപ്പിക്കുന്നതിനുള്ള പ്രത്യക്ഷപരിശ്രമത്തിന്റെ ഫലമായി അല്പം കഴിഞ്ഞപ്പോൾ ബോബിന്റെ ശബ്ദം വീണ്ടും കേൾക്കാറായി. എന്നാൽ അതവസാനിപ്പിച്ചതു് ഒരു ജാതിപ്പക്ഷികൾ എപ്പോഴും ഒന്നിച്ചുകൂട്ടുമെന്നു പറഞ്ഞുകൊണ്ടും ടോം സെൽബ്'ളോക്കിലുള്ളവരുടെ സഹിത്വം വേണ്ടപോലെ ഉപയോഗപ്പെടുത്തണമെന്നു് ഉൽബോധിപ്പിച്ചുകൊണ്ടുമായിരുന്നു. "ഇപ്പോൾ എനിക്കു മനസ്സിലായി എന്തുകൊണ്ടാണു നമ്മൾ അറപേരുള്ളതെന്നു്" ടോം മറുപടികൊടുത്തു.

"അറോ?"

ഈ ഉത്സാഹമായ വേളയിൽ പെന്നിയിൽ നിന്നുണ്ടായിട്ടുള്ളതിൽ ഏറ്റവും ഈർഷ്യമായ ഒരു റിമാർക്കു് അവനിൽനിന്നു ബോബിനു കേൾക്കുവാനിടയായി: "അതെ, അറു്." അവൻ ഖണ്ഡിച്ചുപറഞ്ഞു. "എന്തെന്നാൽ പൊള്ളുന്ന കസേരയ്ക്കു നിയോഗപ്പെട്ടിരിക്കുന്ന നമ്മൾ അഞ്ചുപേർക്കുപുറമെ അതപ്രധാനമായ ചൂടുള്ള നരകത്തിൽനിന്നു് ഇവിടെ ഒരു പിശാചുമുണ്ടു്. അവൻ ഇവിടെ വന്നിട്ടു് പല മാസങ്ങളായി; മിഷ്യൻ വാരത്തിൽ അച്ചന്മാർ അവനെ ഇവിടെനിന്നു ഓടിക്കുമെന്നു പ്രതീക്ഷിക്കുന്നു."

അദ്ധ്യായം 8.

ദൈവം കുറവു പരിഹരിക്കുന്നു

ദൈവത്തിന്റെ സർവ്വവ്യാപകത്വത്തിനുള്ളിൽ മാത്രമല്ല പിന്നെയോ, തൊട്ടടുത്തു പിശാചിന്റെ മുമ്പിലുംകൂടിയാണു് താൻ ജീവിക്കുന്നതു് എന്ന ടോമിന്റെ ബോധ്യം അവൻ ഈ അഭ്യുകളിൽ എഴുതിയ എഴുത്തുകളിൽ മിക്കവയിലും പൊതിനിന്നു.

എന്നാൽ സി. റോബർട്ട് ആനിനുള്ള കത്തുകളിൽ അതുസംബന്ധിച്ചുള്ള ഒരു സൂചനപോലും കാണ്മാനില്ലായിരുന്നതു് ആശ്ചര്യകരം തന്നെ. അതുകൊണ്ടോണ്ണ് ഫാ. ഡൊനെല്ലി തന്റെ ടെയിനിംഗിനു പുറപ്പെട്ടന്നതിനുമുമ്പു യാത്രപറയുവാൻ വന്നപ്പോൾ ടോമിനെപ്പറ്റി പ്രകടിപ്പിച്ച അസ്വസ്ഥതയെന്നും അവർക്കു മനസ്സിലാക്കാൻ സാധിക്കാതെ വന്നതു്.

ഫാ. ജോർജ്ജ് ആത്മപത്രിവിളപ്പു കടന്ന ഉടൻ, അദ്ദേഹത്തിന്റെ ഈ തുരുതരമായ ഉദ്വേഗത്തിന്റെ കാരണം കണ്ടുപിടിക്കുവാൻ കഴിയുമോ എന്നു പരീക്ഷിക്കുവാൻവേണ്ടി ഈ മെലിഞ്ഞ നേഴ്സസ്–ഡയറക്ടർ തനിക്കു ഒടുവിൽ കിട്ടിയ എഴുത്തുകൾ വീണ്ടും വായിക്കുവാൻ തുടങ്ങി. അവർ ആദ്യം എടുത്തതു ജൂലായി അഞ്ചാംതീയതിയിലെ എഴുത്താണു്.

പ്രിയ സി. റോബർട്ടച്ചൻ,

സിസ്റ്ററിന്റെ എഴുത്തു് ഇന്നലെ കിട്ടി; അയച്ച ചാർസൽ മിനിഞ്ഞാന്നും. ഇതിനേക്കാൾ കൂടുതൽ പ്രിയങ്കരമായ മറെറാന്നും എനിക്കയച്ചുതരാൻ സിസ്റ്ററിനു സാധിക്കയില്ലായിരുന്നെന്നു പറയുവാൻ ഞാനാഗ്രഹിക്കുന്നു. "മാനുവൽ ഓഫ് പ്രെയേഴ്സ്" എന്ന ചെറുഗ്രന്ഥം വാസ്തവത്തിൽ മനോഹരമാണു്. ഞാനതിൽ ലയിച്ചുപോയതുകൊണ്ടു് അതു മുഴുവൻ വായിച്ചുകഴിയുന്നതുവരെ അതിനു സൂചിപത്രമുണ്ടെന്നു ഞാൻ അറിഞ്ഞില്ല. അന്ത്യംവരെയുള്ള നിലനില്പിനുവേണ്ടിയുള്ള പ്രാർത്ഥന ഞാൻ പ്രത്യേകം ഇഷ്ടപ്പെട്ടന്നു. അതു മനഃപാഠമാക്കുന്നതുവരെ ഞാനതു ദിവസേന വായിക്കും.

എത്ര മഹാദ്ഭുതങ്ങളേറെയും ഹൃദയത്തെ അലിയിക്കുന്നതാണു് തിരുമുഖം. ഞാനതിനെ സ്നേഹിക്കുന്നു. മറെറത്ര ചിത്രീകരണത്തേയുംകാൾ അതു വളരെയധികം ഫലപ്രദമാണെന്നു് എനിക്കനുഭവപ്പെടുന്നു. അവിടുത്തെ തിരുമുഖം സൂക്ഷിച്ചു വീക്ഷിക്കുന്നതും അവിടുന്നനുഭവിച്ച മരണവേദനയെപ്പറ്റി ധ്യാനിക്കുന്നതും, അല്പമാത്രമായ ആനുകൂല്യത്തിനുപോലും ഞാൻ എത്രത്തോളം ആ

യോഗ്യനാണെന്നു" എന്നെ ബോധവാനാക്കുന്നു. എന്റെ ഏടയം എതാണ്ടു പിളരുന്നതുപോലെയാണു" സിസ്റ്റർ. എന്റെ ചെറിയ വൈഷമ്യങ്ങളെ വിസ്മരിക്കുവാനും, കൊട്ടക്കുവാനും, വീണ്ടും കൊട്ടക്കുവാനും, ഞാനാഗ്രഹിക്കുന്നു... അതുപോലും കേവലം നിസ്സാരമെന്നു തോന്നുന്നു. എന്റെ ജീവിതം എന്തുകൊണ്ടു് ശൂന്യമായിരുന്നെന്നു" ഞാനിപ്പോൾ ഗ്രഹിക്കുന്നു. എന്നാൽ ഇനി ഒരിക്കലും അതു് ശൂന്യമായിരിക്കയില്ല. ബോധജ്ഞാനത്തിനും പ്രലോഭനങ്ങളെ എതിർക്കുവാനുള്ള ശക്തിക്കും വേണ്ടി ഞാൻ എല്ലാദിവസവും പ്രാർത്ഥിക്കുന്നുണ്ടു" എപ്പോഴും വർത്തമാനമായിക്കൊണ്ടിരിക്കുന്ന ഒരു സ്നേഹം അവിടുത്തോടുണ്ടാകുവാനും ഞാനപേക്ഷിക്കും.

ഒടുവിൽ, എട്ടാം തീയതി, ചിത്രശക്തിരോഗകരം സ്വീകരിക്കാൻ എനിക്കു കഴിയുമെന്നു" ഫാ. ലിബ്സിൽനിന്നു വാക്കുകിട്ടിയിട്ടുണ്ടു". എനിക്കുവേണ്ടി എന്നോടുകൂടി ദൈവത്തിനു് ഉപകാരം പറയണമെ, സിസ്റ്റർ.

അയച്ചുകൊടുത്ത പുസ്തകത്തിനും ജപമാലയ്ക്കുമായി സിസ്റ്റർനു ഉപകാരം പറയുവാൻ ബോബു" എന്നോടു" ആവശ്യപ്പെട്ടിട്ടുണ്ടു".

എൻറെടുത്തുള്ള കൊച്ചനും എന്നോടാവശ്യപ്പെട്ടിട്ടുണ്ടു" സിസ്റ്ററിനു ഉപകാരം പറയുവാൻ. സാധുക്കൊച്ചൻ! അവൻ പോകുവാൻ തയാറായിരുന്നു. അന്നുഭോജനവും കഴിച്ചു ശവസംസ്കാരനിർവ്വാഹകനുമായി സംതൃപ്തനായും നടത്തിയതാണു". എന്നാൽ ദൈവം തന്റെ കാരുണ്യം അവന്റെ മേൽ പൊഴിച്ചു.

കൊള്ളാം, സിസ്റ്റർ. സമയം എതാണ്ടു" അഞ്ചുമണി (വെളുപ്പാൻ കാലം) ആയിരിക്കുന്നു. ഞാൻ സിസ്റ്ററിനു ശുഭദിനം ആശംസിച്ചുകൊള്ളട്ടെ. ഒരു നിമിഷത്തിനുള്ളിൽ ഞാനും നിങ്ങളുടെ പ്രാർത്ഥനയിൽ ചേരുന്നതാണു". അഥവാ അവിടെ, ലൂയിവില്ലിൽ നിങ്ങളും അഞ്ചുമണിക്കു എഴുന്നേല്ക്കാറുണ്ടോ? സിസ്റ്ററിന്റെ നിഴയാഗങ്ങൾക്കായിട്ടു എന്റെ കൊന്ത—15 രഹസ്യങ്ങളും ഞാൻ ജപി

ക്കുവാൻ പോകയാണു്.

ദൈവം നിങ്ങളെ അനുഗ്രഹിക്കയും എന്നോടുള്ള നിങ്ങളുടെ മയ്ക്കു് നിങ്ങൾക്കു നിത്യസമ്മാനം നൽകയും ചെയ്യട്ടെ.

എന്നു്,

ടോം പെന്നി.

ഇതുപോലെ എഴുതുവാൻ സാധിക്കുന്ന ഒരുവനു് തീർച്ചയായും ഒരു കുഴപ്പവുമില്ലെന്നു സിസ്റ്റർ വിചാരിക്കയും ജൂലായി 12-ാം തിയതിയിലെ എഴുത്തെടുത്തു വായിക്കയും ചെയ്തു.

"... നിങ്ങളുടെ ഓരോ എഴുത്തും ആലോചനാമൃതമാണു്. അതുകൊണ്ടാണു് ഞാനവയെ അത്യകണ്ഠം ഇഷ്ടപ്പെടുന്നതു്. ഈ കഴിഞ്ഞ ഏതാനും മാസങ്ങളിൽ ഞാൻ വിജ്ഞാനത്തിൽ വളർന്നിട്ടുണ്ടെന്നു് എനിക്കറിയാം. നമ്മുടെ ഉത്തരവാദിത്വവും വർദ്ധിക്കുമെന്നും ഞാനറിയുന്നു. നമ്മുടെ ത്യാഗത്തിന്റെ ആധിക്യത്തിനനുസൃതമായി നമ്മുടെ പ്രതിഫലം കൂടിയിരിക്കുമെന്നതും ശരിയല്ലേ? അതുകൊണ്ടാണു് ഏതവസരത്തിലും ഞാൻ അജ്ഞാനിക്കുന്നതു്.

എന്റെ കയ്യിൽ കിട്ടിയതെല്ലാം ഞാൻ വായിച്ചു, സിസ്റ്റർ "നമ്മുടെ പിതാക്കന്മാരുടെ വിശ്വാസം" എന്ന ഗ്രന്ഥത്തിൽനിന്നാണു് എനിക്കു ഏറ്റവും കൂടുതൽ ലഭിച്ചതെന്നു ഞാൻ കരുതുന്നു. നിങ്ങൾ അയച്ചുതരുന്നതെല്ലാം ഞാൻ ആദ്യന്തം വായിക്കുന്നുണ്ടു്. ജൂൺ മാസ "ടൈനി"ലുള്ള ഫാ. ലെബഹിന്റെ ലേഖനം വായിച്ചതായി ഞാനോർക്കുന്നില്ല. ആ മാസിക ഇപ്പോൾ ബോബിന്റെ കൈവശമുണ്ടു്. അതുവാങ്ങി വീണ്ടും വായിച്ചുകൊള്ളാം. ജൂലായി ലക്കത്തിൽ ഫാ. ലെബഹിന്റെ വേറൊരു ലേഖനമുണ്ടു്. അതു അവസാനിക്കുന്നതു "യഥാർത്ഥത്തിൽ മനോഹരമായ ഒരു പ്രാർത്ഥനയോടുകൂടെയാണു".

അപ്രകാരമൊരു പ്രാർത്ഥന കാണുമ്പോൾ, എന്റെ മറുപ്രാർത്ഥനകളോടും പ്രവർത്തനങ്ങളോടും കഷ്ടപ്പാടുകളോടുംകൂടി, ദൈവത്തിന്റെ മഹത്വപൂർണ്ണമായ വിശ്വാസദാനത്തിനു് ഉപകാര

സ്മരണയായും എന്റെ കഴിഞ്ഞ ജീവിതത്തിലെ അനവധി പാപ ങ്ങൾക്കു പരിഹാരമായും ഞാനതു കാഴ്ചവയ്ക്കുന്നു. ആ പ്രാർത്ഥന മനഃപ്പാഠമാകുന്നതുവരെ ഞാനിവ്വിധം ചെയ്യും. അനന്തരം വേറൊ ന്നു തിരഞ്ഞെടുക്കും.

ബുധനാഴ്ച ഞാൻ കൂദാശകർമം സ്വീകരിച്ചു. സിസ്റ്റർ. ആ കയാൽ ദൈവത്തിനു നന്ദി പ്രകടിപ്പിക്കുന്നതിനും എന്റെ നിശ്ച യങ്ങൾ പ്രാവർത്തികമാക്കുന്നതിനു് സഹായിക്കുന്നതിനും ചെറു പുഷ്പത്തോടപേക്ഷിക്കണമെ. എന്റെ നിശ്ചയങ്ങൾ ഞാൻ ലം ഘിക്കുകയാണെങ്കിൽ, എന്റെ സഹനശക്തിക്കു് ഏതാണ്ടു് അതീ തമായ ഒരു പ്രായശ്ചിത്തം ചെയ്യുകൊള്ളാമെന്നു് എന്നോടുതന്നെ ഞാൻ ദൃഢപ്രതിജ്ഞ ചെയ്തിരിക്കുന്നു. അതുകൊണ്ടു് എനിക്കു സഹായം വേണമെ ന്നു സ്പഷ്ടം."

പതിവായി നല്ല ആത്മാർത്ഥതയോടെ തല ചായിച്ചു പിടിച്ചു നട ന്നിരുന്ന സിസ്റ്റർ രണ്ടാമത്തെ എഴുത്തു അതിവേഗം എടുത്തു വാ യിക്കുവാൻ കനിഞ്ഞപ്പോൾ ആ കാര്യം മറന്നുപോയി. ഓരോ ഖണ്ഡികയും കഴിഞ്ഞതോടെ ഹാ. ഡൊണെല്ലിയുടെ നിലപാടു് അവർക്കു കൂടുതൽ കൂടുതൽ കടംകഥയായിത്തീരുകയാണുചെയ്തതു്. അടുത്ത ആഴ്ചയിലെ – ജൂലായി 19–ാം തീയതിയിലെ – എഴുത്തു വന്ന ദിവസം ഒന്നിലധികം തവണ അവർ കൂടുകടെ ചിരിക്കുകയുണ്ടായി. ഇപ്പോൾപോലും, അസ്വസ്ഥതയുണ്ടായിരുന്നിട്ടും, അതു അവരിൽ മന്ദഹാസമുളവാക്കി. ടോം എഴുതിയിരുന്നു: "സി സ്റ്റർ ചോദിക്കുന്നു, ഞാൻ ഉറങ്ങുന്നുണ്ടോ എന്നു്. മറുപടി എളുപ്പമാണു് 'ഇല്ല.' ഏതായാലും, അടുത്തകാലത്തു് അധികമില്ല. ഇപ്പോൾ എല്ലുംകൊണ്ടും വലിയ ഉണ്ണിമാണു്. വെളുപ്പിനു് എനിക്കു മൂന്നു നാലു മണിക്കൂർ മയങ്ങുവാൻ സാധിക്കുന്നുണ്ടു്."

എന്നാൽ അടുത്തഭാഗം വായിച്ചപ്പോൾ സിസ്റ്ററിന്റെ മന്ദ ഹാസം അസ്തമിക്കുകയും ഒരു ഗൗരവഭാവം മുഖത്തു നിഴലിക്കുക യും ചെയ്തു. "ആഗസ്റ്റ് 11–ാം തീയതിയൊ 12–ാംതീയതിയോ എനിക്കുവേണ്ടി ദിവ്യബലി അർപ്പിക്കുകയോ! രണ്ടാം ബുധനാഴ്ച

12–ാം തിയ്യതി, ആണ്" ഫാ. ലിബ"സ് ഇവിടെ ആഗതനാകുന്നതു". എന്റെ പ്രതീക്ഷ അതിനു കടന്നതാണോ? എന്നിക്കുവേണ്ടി സി. റോസ"വിലുമിനു നന്ദിപറയണമെ. ഞാൻ അതീവകൃതജ്ഞനാണു".

സിസ്റ്റർ, എനിക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിനെപ്പറ്റി ഞാൻ ചിന്തിക്കാറില്ല. എന്നാൽ ആ അത്ഭുതം സംഭവിക്കുന്നെങ്കിൽ, ഞാൻ ഉറച്ചിരിക്കയാണു", അഥവാ ഞാൻ പറയട്ടെ, ദൈവം എന്നെക്കൊണ്ടു" ഉറപ്പിച്ചിരിക്കയാണു", എന്റെ ശിഷ്യായുസ്സ് അവിടത്തെ പ്രതി നന്മ ചെയ്യുകൊണ്ടു" ഞാൻ ചെലവഴിക്കുമെന്നു". മേലിൽ ഞാൻ മറെറന്തെങ്കിലും ചെയ്യുക അസ്ഥാനത്തായിരിക്കുമെന്നാണു" ഞാൻ വിശ്വസിക്കുന്നതു"."

ഗൌരവം പൂണ്ട നേഴ്സസ്"–ഡിറക്ടർ എഴുത്തു മുഴുവൻ വായിക്കുന്നതിനു മുമ്പു" വാതലിൽ ഒരു മുട്ടുകേട്ടു. അതാരാണെന്നു കണ്ടപ്പോൾ അവർ വിളിച്ചുപറഞ്ഞു: "തേടിയ വള്ളി കാലേൽ ചുററി. ഫാ. ഡൊമെല്ലി ഈ ബഹളം കൂട്ടുന്നതു് എന്തിനെച്ചൊല്ലിയാണെന്നു പറയാമോ? ഇന്നു" ഇവിടം വിട്ടുന്നതിനു മുമ്പു് അദ്ദേഹം എന്നോടു പറഞ്ഞു. ടോമിനു വിശ്വാസതയുണ്ടെന്നും അവനുവേണ്ടി ഞാൻ കൂടുതൽ തീക്ഷ്ണമായി പ്രാർത്ഥിക്കണമെന്നും. ഏതാട്ടുകാര്യങ്ങളിൽ നമ്മൾ അച്ചന്മാരോടു ചുഴിഞ്ഞു ചോദിക്കാറില്ലെന്നു സിസ്റ്ററിനു" അറിയാമല്ലോ. പക്ഷേ ചോദിക്കുവാൻ എനിക്കു ആഗ്രഹമുണ്ടെന്നു അദ്ദേഹത്തിനു മനസ്സിലായി. അതുകൊണ്ടു" അദ്ദേഹം പറഞ്ഞു, ടോം എഴുതിയ കത്തുകളും ഞാൻ പഠിക്കുമെങ്കിൽ അവന്റെ വിശ്വാസം ഞാൻ കണ്ടുപിടിക്കുമെന്നു". ഇപ്പോൾ ഞാനവ പഠിച്ചുകയാണു". സ്നേഹത്തിന്റെ അത്യുത്തമഭാഷയിൽ, അതായതു പരിത്യാഗത്തിൽ, സ്വയം ആവിഷ്കരിക്കുവാനുള്ള ആഗ്രഹത്തോടെ ദൈവസ്നേഹത്തിൽ കൂടുതൽ കൂടുതൽ ആഴവൃദ്ധി പ്രാപിക്കുന്ന ഒരു മനുഷ്യനെയാണു" അവ വെളിപ്പെടുത്തുന്നതു". അവനിപ്പോൾ പരിപൂർണ്ണമായ ഒരു നിലപാടിലാണെന്നു കാണപ്പെടുന്നു."

"സിസ്റ്റർ വായിക്കുന്ന എഴുത്തിന്റെ തിയതി എതാണു"?"

"ജൂലായി 26."

"സിസ്റ്റർ, അതു ഒരു മാസം മുമ്പുള്ളതാണല്ലോ. ആഗസ്റ്റിലെ എഴുത്തുകൾ പറിച്ചോ?

"ഫാ. ജോർജ്ജിന്റെ അസ്വസ്ഥത ശരിയാണെന്നു" സിസ്റ്റർ വിചാരിക്കുന്നതുപോലെ തോന്നുന്നു. നമുക്കൊരുമിച്ചു" അവ നോക്കാം. ഇതാ, ആഗസ്റ്റ്" 1. അതിലെന്താണുള്ളതു"? ആദ്യവരംതന്നെ നോക്കൂ. ടോം ഒരു പ്രേഷിതനെപ്പോലെ പ്രവർത്തിക്കുന്നതായി നാം കാണുന്നു. അവൻ എന്നോടു" ഒരു വേദപാഠപുസ്തകം ചോദിച്ചിരുന്നു. ഞാൻ അതയച്ചു കൊടുത്തു. അവൻ ഈ എഴുത്തിൽ പറയുന്നു, അതു" അടുത്ത സെല്ലിലെ കൊച്ചനുവേണ്ടിയായിരുന്നെന്നു". അതു" എലിയോട്ടോ ടെനേറാ ആണ". ടോം പറയുന്നതു" താൻ അവനെ കൊന്തജപിക്കാൻ പഠിപ്പിച്ചെന്നും ഫാ. ലിബ"സിനെക്കൊണ്ടു" അവനോടു സംസാരിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും പക്ഷേ അവൻ അതിൽ പരാജയമടഞ്ഞതുകൊണ്ടു" സഹായിക്കാൻ ഞാൻ വി. ചെറുപുഷ്പത്തോടപേക്ഷിക്കണമെന്നുമാണ". പിന്നെയുള്ള കുറെ വരികളിൽ വരുന്ന എന്റെ ധ്യാനത്തിന്റെ കാര്യവും എനിക്കുവേണ്ടി പ്രാർത്ഥിക്കാമെന്ന വാഗ്ദാനവുമുണ്ടു". ഇതിൽ എന്താണു" തെറ്റു"?"

"ഒന്നുമില്ല" സി. മേരി ലോറൻസിയായുടെ മറുപടി. "നമുക്കു" അടുത്തതു നോക്കാം."

"ഞാൻ ധ്യാനത്തിലായിരുന്നതുകൊണ്ടു" അവനു ഒരാഴ്ച നഷ്ടപ്പെട്ടു. ഇതാ ആഗസ്റ്റ്" 13-ാം തീയതിയിലേതു". അതിൽ അവൻ പറയുന്നതു" മിഷ്യനെ പരാമർശിച്ചാണ"."

സി. റോബർട്ട ഉറക്കത്തിൽ വായിച്ചു: "ഫാ. ലിബ"സ" ഇന്നലെ വന്നു. പക്ഷേ, പതിവുപോലെ ജോലിത്തിരക്കിലായിരുന്നതുകൊണ്ടു രണ്ടു വാക്കേ എനിക്കു" അദ്ദേഹത്തോടു പറയുവാൻ കഴിഞ്ഞുള്ളു. എന്നാൽ അടുത്തമാസം, ആദ്യ ആഴ്ചതന്നെ വേറൊരു വൈദികനോടുകൂടി പീഡാനുഭവസംഗീതമാണ"—അദ്ദേഹം ഒരാഴ്ച മുഴുവൻ ഇവിടെയുണ്ടായിരിക്കും. ഞാൻ എത്ര ആശ

യോടെ അതു പാത്തിരിക്കുന്നു! സിസ്റ്റർ, ഇവിടെ ഏകദേശം 1400 പേരുണ്ടു്. അവരിൽ 86 പേരേ കത്തോലിക്കരായുള്ളു. ഇത്ര കുറച്ചു കത്തോലിക്കരെ ഇവിടെ വരുന്നുള്ളു എന്നതു് ആശ്ചര്യംതന്നെ. എന്നാൽ അതിലും കൂടുതൽ ആളുകൾ കത്തോലിക്കരായി തിരിച്ചു പോകുന്നുവെന്നതു കൂടുതൽ ആശ്ചര്യകരമാണു്. മാസത്തിൽ ഒരിക്കൽ മാത്രം ഫാ. ലിബ്സു് ഇവിടെ വരിക എന്നതു ഭയങ്കരമാണു്. അതുയുമെങ്കിലും അദ്ദേഹം ഇവിടെ വരുന്നതിനു ഞാൻ നന്ദിയുള്ളവനായിരിക്കണം. അതു് എനിക്കുണ്ടു്. എങ്കിലും എനിക്കറിയാം അല്പംകൂടി പ്രോത്സാഹനം എല്ലാവരാലും സ്വാഗതം ചെയ്യപ്പെട്ടുമെന്നു്."

"ഫാ, ഇപ്പോൾ നാം അതിലേക്കു കടക്കുകയാണു്"

"ഏതിലേയ്ക്കു കടക്കുന്നു?"

"വായന തുടർന്നാലും"

സി. റോബർട്ടു് ആൻ വായന വീണ്ടും തുടങ്ങി. "പുറത്തുള്ള നിങ്ങൾക്കു നിങ്ങളുടെ സമയവും ശ്രദ്ധയും വിനിയോഗിക്കേണ്ട ജോലികളുണ്ടു്. ഇവിടെ ഞങ്ങൾക്കു യാതൊന്നുമില്ല അലസതയാണു തിന്മയുടെ ഉല്പത്തിസ്ഥാനം. സ്വാഭാവികമായി തിന്മയെ എതിർക്കുന്നതിനു ദൈവം നമുക്കു സ്വതന്ത്രമനസ്സു് തന്നിട്ടുണ്ടു്. എന്നാലും സിസ്റ്റർ, ആ മനസ്സു് പ്രോത്സാഹിപ്പിക്കപ്പെടണം. പ്രത്യേകിച്ചു് അതിനു ചുറ്റും വളരെ അധികം തിന്മയുള്ളതുകൊണ്ടു്....."

"അവിടെ നിർത്തുക. ആ കൊച്ചൻ ആരെപ്പറ്റിയാണു് പറയുന്നതെന്നു കേൾക്കട്ടെ."

"സംശയമെന്തേ, അവനെപ്പറ്റിത്തന്നെ."

"ഹും, സിസ്റ്റർ ഞാൻ വിചാരിച്ചിടത്തോളം കുമ്പസാരിയല്ല."

"അവൻ അതാണു് പറയുന്നതു്. ഇതാ, അവന്റെ അടുത്ത വാചകം: ഞാൻ സാധാരണ മനുഷ്യരെപ്പറ്റിയാണു പറയുന്നതു; എന്നെപ്പറ്റിയും എന്റെ അടുത്തുള്ളവനെപ്പറ്റിയും."

"അവനെപ്പററി എന്നതിലധികമായിട്ട അവന്റെ അടുത്തുള്ളവനെപ്പററിയാണ് പറയുന്നതു".''

"ആരാണ് അതു"?"

"ബോബ" ആൻഡേഴ്സൻ."

"ഓ, സിസ്റ്ററിനു തെററിപ്പോയി. ടോം എപ്പോഴും ബോബിനെപ്പററി നന്നായിട്ടേ സംസാരിച്ചിട്ടുള്ള. അവനുവേണ്ടി പ്രാർത്ഥിക്കാനും എന്നോടു പറഞ്ഞിട്ടുണ്ടു".

"നമ്മുടെ ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിക്കാൻ നാം ബാദ്ധ്യസ്ഥരാണല്ലോ."

"സിസ്റ്റർ, തമാശ പറകയാണോ? നോക്കു, സിസ്റ്റർ. ഞാൻ ശരിയാണ് പറഞ്ഞതെന്നു ടോമിന്റെ അടുത്ത വാചകം കാണിക്കുന്നു. അവൻ പറയുന്നു: "മറവുള്ളവരെപ്പററി എന്നതിനേക്കാൾ കൂടുതലായി എന്നെപ്പററി. കാരണം, എന്നെ സാധിനിക്കുവാൻ കൂട്ടുകാരില്ലല്ലോ."

സി. മേരി ലോറൻസിയാസ്സു യാതൊരു ഭാവഭേദവുമുണ്ടായില്ല. ''ആ എഴുത്തിന്റെ ശേഷിച്ച ഭാഗങ്ങൾ ഞാനൊന്നു കാണട്ടെ." സാമാന്യം പ്രകമ്പിതയായ നേഴ്സസ്-ഡയറക്ടർ എഴുത്തു കൊടുത്തപ്പോൾ മറേറ സിസ്റ്റർ വായിച്ചു: "പിശാച ചുററിനടക്കുന്നു. നമുക്കു സാമാന്യം കഠിനമായ സമരം ചെയ്യേണ്ടതായുണ്ടു". ഞാൻ ദീർഘനാളം അവനുമായി മൽപ്പിടിത്തം നടത്തിയിട്ടുള്ളതുകൊണ്ടു അവന്റെ നീക്കങ്ങളെപ്പററി എനിക്കു സാമാന്യം നല്ല ജ്ഞാനമുണ്ടു. അതുകൊണ്ടു ഞാൻ എന്റെ പ്രതിരോധവും ഉറപ്പിച്ചിട്ടുണ്ടു. എന്റെ വികാരത്തെ നിയന്ത്രിക്കുവാൻ പഠിച്ചു കഴിഞ്ഞാൽ ഞാനൊരു ഭാഗ്യവാനായിരിക്കും. 'ഗുഡ് നൈററ്' ആശംസിക്കേണ്ട സമയമായിരിക്കുന്നു. സിസ്റ്ററിനെ ദൈവം അനുഗ്രഹിക്കട്ടെ.

ക്രിസ്തുവിൽ
നിങ്ങളുടെ സ്നേഹിതൻ
ടോം പെന്നി.

"കൊള്ളാം," എഴുത്തു തിരിച്ചു കൊടുത്തുകൊണ്ടു് അവർ ദീർഘശ്വാസംവിട്ടു. "സിസ്റ്റർ വരികയ്ക്കിടയിലൂടെ വായിക്കാൻ പഠിക്കണമെന്നു് ഞാൻ വീണ്ടും പറയുന്നു. അവൻ പിശാചിന്റെ കയ്യും എന്നോടു മാത്രമല്ല പറഞ്ഞിരിക്കുന്നതു" എന്നു കാണുന്നതിൽ ഞാൻ സന്തോഷിക്കുന്നു.

"സിസ്റ്റർ!"

"ഓ, അതുയൊന്നും ഭയപ്പെടാനില്ല. പിശാചു ബാധയൊഴിപ്പിക്കുന്നവളായി എന്നെയും ഭാരപാലികയായി സിസ്റ്റിനെയും ടോം കരുതുന്നതായി ഞാൻ വിചാരിച്ചു. സ്ത്രീകൾക്കു ചെറിയ 'പട്ടങ്ങൾ' സ്വീകരിക്കാൻ പാടില്ലെന്നു" അവനു് അറിഞ്ഞുകൂടെന്നു എനിക്കറിയാം."

"സിസ്റ്റർ ഭ്രലോകത്തുള്ള എന്തിനെപ്പറ്റിയാണീ സംസാരിക്കുന്നതു്?"

"എന്റെ ഓമനേ, ടോം പെന്നിയെപ്പറ്റി. എഡിവില്ലിൽ നിന്നു" അവൻ എനിക്കയച്ച പ്രഥമലേഖനം ആരംഭിക്കുന്നതു ഇപ്രകാരമാണു്. 'പിശാചു എന്റെമേൽ പൂർണ്ണമായ അധികാരം ചെലുത്തുവാൻ പലതവണ ശ്രമിച്ചെങ്കിലും ഇതുവരെ അവനതു സാധിച്ചില്ലെന്നു" സിസ്റ്റിനു ഉറപ്പുതരുവാൻമാത്രം രണ്ടുവരി എഴുതുകയാണു്'. അന്നുമുതൽ ഇന്നുവരെ എന്നോടു പിശാചിനെപ്പറ്റിയും സിസ്റ്റിനോടു കുനകുവാടങ്ങളെപ്പറ്റിയും അവൻ പറയുന്നു."

"തുടന്നാട്ടെ!"

"ഞാനിതാപോകുന്നു. ഞാൻ പോകുമ്പോൾ ഇതു വായിക്കു" സി. റോബർട്ട" ആൻ സത്വരം വായന ആരംഭിച്ചു: "പ്രിയ സിസ്റ്റർ, ഈ രാത്രിയിൽ ഞങ്ങൾക്കു കുറച്ചു മദ്യമുണ്ടായിരുന്നു. ഇപ്പോൾ ഇവിടം വളരെ ഏകദ്രമാണു്. ഒന്നരണ്ടു ദിവസത്തേയ്ക്കു" ഈ തണുപ്പു തുടരുമെങ്കിൽ ഞാൻ ഉറക്കത്തിന്റെ കേട്ടതീർക്കും. സിസ്റ്റിന്റെ കണ്ണുസുഖക്കേടിനു കുറവുണ്ടെന്നു ഞാൻ പ്രത്യാശിക്കുന്നു. എന്റെ കണ്ണുകൾ വായിക്കുവാൻ ഞാൻ എത്ര അധികം

ആഗ്രഹിക്കുന്നു! സിസ്റ്റർ അയച്ചുതന്ന പുസ്തകം—"ദി ലിറ്റിൽ സീക്രട്ട്" ഞാനിപ്പോൾ വായിച്ചു തീർന്നതേയുള്ളൂ. വേണമെങ്കിൽ ഒരദ്ധ്യായം എന്റെ സ്വന്തമായും ചേർക്കാം, സിസ്റ്റർ. എന്റെ കൊച്ചു രഹസ്യം ഞാൻ പറയട്ടെ? എന്റെ രഹസ്യം ഇതാണ്". "എന്റെ ഈശോ, എന്റെ തീവ്രമായ വേദനയിൽ ഞാൻ അങ്ങയെ അധികമധികം സ്നേഹിക്കുന്നു. അതു സഹിക്കുവാനുള്ള ശക്തി എനിക്കു നൽകണമെ."

ആ സന്ന്യാസിനി തന്റെ കസേരയിലേക്കു വഴുതിയിറങ്ങിക്കൊണ്ടു വായന തുടർന്നു. "മറ്റുള്ളവർക്കു" ഇതത്ര കാര്യമായി കാണപ്പെടുകയില്ലായിരിക്കാമെങ്കിലും എന്നെ സംബന്ധിച്ചിടത്തോളം ഇതു അർത്ഥസംപുഷ്ടമാണ്. ഇതു കിടക്കാനൊന്നു ചിലർക്കു തോന്നിയേക്കാം. എന്റെ ജീവിതത്തിലെ ഏറ്റവും ശൂന്യവും നിറഞ്ഞതും സൗഭാഗ്യപൂർണ്ണവുമായ മണിക്കൂറുകളാണ് ചിലവുചെയ്തതു് മരണത്തറുകിലായിരുന്നെന്നു ഞാൻ പറഞ്ഞാൽ ചിരിക്കുന്നവർ അസംഖ്യമായിരിക്കുമെന്നു് എനിക്കറിയാം"

സിസ്റ്റർ തന്റെ കണ്ണുകൾ ഡസ്കിന്മേൽ വച്ചുകൊണ്ടു് ആലോചിച്ചു. തനിക്കു വന്ന എഴുത്തു വീണ്ടും വായിക്കാൻ തന്നെ ഹേമിച്ച ആ കാന്തതിനുന്ന കടംകഥയെക്കുറിച്ചു വീണ്ടും അവർക്കു ബോധോദയമുണ്ടായി. തീർച്ചയായും അർക്കോ പ്രമാദം പറ്റിയിട്ടുണ്ടെന്നു് അവർ വിചാരിച്ചു. പരിപാവനതയും സൗഭാഗ്യവുമല്ലാതെ മറ്റൊന്നും ഈ വരികളിലോ അവയുടെ ഇടയിലോ കാണുവാൻ അവർക്കു കഴിഞ്ഞതില്ല.

സി. റോബർട്ട ആൻ അവസാന വാചകവും വായിച്ചു: "ഇപ്പോൾ രാത്രി മൂന്നു മണി കഴിയിക്കാണും. "ഗുഡ്നൈറ്റ്". സപ്തം മുഴുവൻ സിസ്റ്ററിനെ അനുഗ്രഹിക്കട്ടെ." തുടർന്നുള്ള ഭംഗിയായി ലിറ്റിൽസിലണിഞ്ഞ സിസ്റ്റർ തല കലുക്കിക്കൊണ്ടു പറഞ്ഞു: "ഈ മനുഷ്യൻ എന്തിനെച്ചൊല്ലിയാണ് ഇത്ര വെപ്രാളപ്പെട്ടന്നതു?"

അപ്പോഴേയ്ക്കും സി. ലോറൻസിയാ തിരിച്ചുവന്നു. "വരിക

ളുടെ ഇടയിലൂടെ വായിച്ചോ?"

"അവിടെ വായിക്കാനൊന്നുമില്ല."

"നമസ്തേ, സിസ്റ്റർ, ഞാൻ പോകുന്നു. കേട്ടോ. കൂടുതൽ തീക്ഷ്ണതയോടെ ടോമിനുവേണ്ടി പ്രാർത്ഥിക്കുക."

സി. റോബർട്ട അനിന്റെ നെറ്റിത്തടം ചുളികളണിഞ്ഞു. അവർക്ക് സി. മേരി ലോറൻസിയായെ അറിയാം. അവരുടെ ഫലിതോക്തികൾക്കും തമാശകൾക്കും അടിയിൽ സൂക്ഷ്മവും അനന്യവുമായ തീരുമാനങ്ങൾക്കുള്ള കഴിവുണ്ടെന്നും അവർക്ക് അറിയാം. നവമായ ഒരുത്സാഹത്തോടെ അവർ ഇരിക്കുകയും അടുത്ത എഴുത്ത്, ആഗസ്റ്റ് 27–ാം തീയതിയിലേത്, എടുത്തു ശ്രദ്ധാപൂർവ്വം വായിക്കുകയും ചെയ്തു. "ആ ഭയാനക കാളരാത്രികളിലൊന്നാണ് ഇന്നത്തേത്. അർദ്ധരാത്രിക്കുശേഷം രണ്ടുപേർ പോകും. നിങ്ങൾ ഇവിടെ വന്നപ്പോൾ ഞാൻ താമസിച്ചിരുന്ന നടപ്പാതയിലേക്ക് ഞാനിപ്പോൾ വന്നിരിക്കയാണ്. ഈ രാത്രിയിലേക്കു മാത്രം എന്റെ സെല്ലു മരിക്കുവാനുള്ളവർക്കു വിട്ടുകൊടുത്തിരിക്കുന്നു. അതു് അവർക്കു കൂടുതൽ സൗകര്യപ്രദവുമാണ്. ഇവിടെ ഞങ്ങൾ ബൈബിളിനെപ്പറ്റി ചർച്ചനടത്താറുണ്ടായിരുന്നു. ഈ ലോകത്തു മൂന്നു സഹോദരന്മാരും ഒരു സഹോദരിയുമുണ്ടായിരുന്നെന്നു് എന്നെ ധരിപ്പിക്കുവാൻ അവർ ശ്രമിച്ചു. അവർക്കു തെറ്റിപ്പോയിയെന്നു അവരെ ധരിപ്പിക്കുവാൻ എനിക്കു കഴിഞ്ഞുമില്ല. ബൈബിൾ വായിക്കുവാൻ അനുവദിക്കപ്പെട്ടവർക്കു കുറെ ബുദ്ധിശക്തിയുണ്ടായിരിക്കണം. ഏതായാലും ദുർബ്ബലമനസ്കർക്ക് അതു് അതികഠിനമായ ഒരു ഗ്രന്ഥംതന്നെ.

ഒരുവേള അവർ എന്നെ ഈർഷ്യപ്പെടുത്തുകയായിരിക്കാം ചെയ്തതു്. എന്നാൽ പരിശുദ്ധകന്യകയെ സംബന്ധിക്കുന്നിടത്തുപെട്ടെന്നു ഞാൻ ക്ഷോഭിക്കുമെന്നു സിസ്റ്റർ സ്മരിക്കണം. മാതൃമല്ല, അഭിമാനവും തീക്ഷ്ണതയും നിറഞ്ഞ ഒരു സംരക്ഷകനുമാണ്....."

ഏതാണ്ടൊരു അക്ഷമയോടെ സി. റോബർട്ട അൻ ആ ഫ

യൽ മടക്കുകയും മേശയുടെ അടിയിലെ വലിപ്പിലേക്കു തള്ളുകയുംചെയ്തു. "അവർ എന്തിനെപ്പറ്റിയായിരിക്കാം സംസാരിക്കുന്നതു?" സിസ്റ്റർ അവസാനമായി ആശ്ചര്യംകൂറി.

അടുത്തദിവസം രാവിലെ തന്റെ മേശമേൽകണ്ട ഒരു കുറിപ്പിൽനിന്നു സി. റോബർട്ട് "ആനിനു അല്പംകൂടി വെളിച്ചംകിട്ടി. "ഇ കവറിൽ എന്റെ പേരാണുള്ളതെങ്കിലും ഉള്ളടക്കം സിസ്റ്ററിനുള്ളതാണു". ഒരു വെളിപാടോ വരികളുടെ ഇടയ്ക്കുകൂടി വായിക്കാനുള്ള കഴിവോ ആവശ്യമില്ല." സി. മേരി.

ആ മൂടുകടം വേഗം എഴുത്തു പുറത്തെടുത്തു. ഇളം ചാരക്കണ്ണുകൾ താളിലൂടെ ഓടിച്ചു.

"വാസ്തവത്തിൽ ആവലാതിപ്പെടാൻ ഞാനുദ്ദേശിക്കുന്നില്ല. സിസ്റ്റർ, ഞാൻ എന്നോടുതന്നെ സമാധാനത്തിലല്ല കഴിയുന്നതെന്നുമാത്രം. എന്റെ മാർത്തിൽ തിങ്ങിക്കൂടുന്ന അപകടങ്ങൾ അതുപോലെകണ്ടുപിടിക്കാൻ പാടില്ലാത്തവിധം വൈഷമ്യമുള്ള പ്രശ്നങ്ങളാണു. അതുകൊണ്ടാണു ഞാനുപദേശം തേടുന്നതും കാര്യവിവരമുള്ള ഒരാളെ അന്വേഷിക്കുന്നതും.....

നിങ്ങൾക്കു് അഹിതമാകുന്ന യാതൊന്നും എന്നിൽ സംഭവിച്ചിട്ടില്ല. ഈ ആഴ്ചയിൽ എനിക്കു കൂടുതൽകൾ തരാമെന്നു് വാഗ്ദത്തമായിട്ടുണ്ടു്. നിശ്ചയമായും ഒരു മനുഷ്യനു സാധ്യമായവിധം ഞാനതിനു് ഒരുങ്ങുന്നതാണു്. ഞാൻ കൃതഘ്നനോ അനുസരണംകെട്ടവനോ ആണെന്നു വിചാരിക്കരുതു്. എന്റെ അജ്ഞതയും, ആശയം വ്യക്തമാക്കുന്നതിനുള്ള കഴിവുകേടും നിങ്ങളെ തെറ്റിദ്ധരിപ്പിച്ചേക്കാം.

അതെ, ധ്യാനത്തിനുശേഷം കുറ്റുകിട്ടി. ഫാ. എവുജിനെ ഈ ആഴ്ചയിൽ കാണാൻ കഴിയുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. സിസ്റ്ററിന്റെ പുതിയ ഉത്തരവാദിത്വങ്ങളെപ്പറ്റി ഞാൻ അറിഞ്ഞിരുന്നില്ല. സിസ്റ്ററിനുവേണ്ടി ഞാൻ കൂടുതലായി പ്രാർത്ഥിക്കാം.

ആർക്കാണു് എഴുതുന്നതെന്നതിൽ ഞാൻ കുഴഞ്ഞിരിക്കയാ

ണ്". എങ്കിലും പതിവുപോലെ രണ്ടുപേർക്കും കൂടിയാണ്".

എന്നു" ക്രിസ്തുവിൽ നിങ്ങളുടെ മിത്രം

ടോംപെന്നി.

ആ ആഴ്ചയിൽ ഫാ. എവുജീനെ കാണുവാൻ അവനു കഴിഞ്ഞില്ല. എന്തുകൊണ്ടെന്നാൽ ലൂയിവില്ലിൽനിന്നുള്ള അത്യാഹിതത്തിനു പകരം ചിക്കാഗൊയിൽനിന്നുള്ള ഒരുപാഷ്വണിസ്റ്റർ വൈദികനെയാണ്" എഡിവില്ലിലെ മിഷൻകാര്യം ഏല്പിച്ചതു".

തൊഴിൽദിനമായ തിങ്കളാഴ്ച കുറെ പുലർന്നശേഷമാണ്" ടോം തന്റെ സെൽ കവാടത്തിന്റെ അഴികൾക്കിടയിലൂടെ നോക്കുകയും തിങ്ങിയ തലമുടിയോടുകൂടിയ സാമാന്യം തടിച്ച ഒരു മനുഷ്യൻ നടപ്പാതയിലൂടെ വരുന്നതുകാണുകയും ചെയ്തതു".

"നീയാണോ ടോംപെന്നി?"

"ഞാൻതന്നെ"

"കൊള്ളാം എഡിവില്ലിലെ മിഷൻ നടത്തുവാൻ എന്നെയാണ്" നിയോഗിച്ചിരിക്കുന്നതു". എനിക്കു" ഇയ്യിടെ ലഭിച്ച എഴുത്തുകളിൽനിന്നു ഞാൻ മനസ്സിലാക്കുന്നതു" ഈ മിഷ്യനെല്ലാം നിനക്കുവേണ്ടിയാണെന്നാണ". ലൂയിവില്ലിലെ ഫാ. എവുജീനെയും ലക്സിംഗ്ടനിലെ സി. റോബർട്ട്" അനിനെയും നീ അറിയുമോ?',

"ആദ്യത്തെ ആളിനെ രണ്ടാമത്തെ ആൾവഴി അറിയും. ഇപ്പോൾ ചിക്കാഗൊയിൽനിന്നുള്ള പി. ബ്രിയനെയും അറിയും; ശരിയല്ലേ?" എന്നുപറഞ്ഞുകൊണ്ടു" അച്ചൻ ഇരുമ്പഴികൾക്കിടയിലൂടെ നീട്ടിക്കൊടുത്ത കരം അവൻ പിടിച്ചു" തെരിച്ചു. "അങ്ങേയ്ക്കു" എന്തുമാത്രം സമയമുണ്ടെന്നു പറയാമോ?"

"ലോകത്തിലുള്ള സമയം മുഴുവനും ടോം എന്താ?"

"ക്യാപ്റ്റൻ റാങ്കിന്റെ അനുമതിയോടെ അകത്തേയ്ക്കുവന്നാലും. എനിക്കു" ഒരായിരം ചോദ്യങ്ങൾ ചോദിക്കുവാനുണ്ടു".'

അനുവാദംവാങ്ങി ഫാ. ബ്രിയൻ മാഡി സി. പി. മരണാസന്നത്തോടു വളരെ അടുത്തുള്ള ആ തുറുങ്കിൽ ഇരുന്നു. ഉച്ചയോടടുക്കുന്നതുവരെ ടോം പെന്നിയുമായി അദ്ദേഹം സംഭാഷണം നട

ത്തി. ഉച്ചഭക്ഷണത്തിനുമുമ്പു് അദ്ദേഹം ബോബു് ആൻഡേഴു് സനെക്കൂടി സന്ദർശിക്കണമെന്നു് ടോം നിർബ്ബന്ധിച്ചു.

ഉച്ചകഴിഞ്ഞയുടനെ ബന്ദികളും രണ്ടും തങ്ങളുടെ കവാടത്തിങ്കൽ എത്തി.

"ഹേ, ബോബു്", അദ്ദേഹത്തെപ്പറ്റി നീ എന്തു വിചാരിക്കുന്നു?"

"നല്ല പുള്ളിയാണു്. പക്ഷേ അദ്ദേഹംപോ, ജോർജ്ജല്ലല്ലോ."

"പോ, ജോർജ്ജു് ഒന്നല്ലേയുള്ളു. എങ്കിലും ഇദ്ദേഹത്തിനു് അദ്ദേഹത്തോടു വളരെ സാമ്യമുണ്ടെന്നു തോന്നുന്നില്ലേ?"

"എന്നുപറയാം. വാസ്തവം പറഞ്ഞാൽ അദ്ദേഹത്തിന്റെ അടുത്തു ഞാൻ അധികസമയം ചെലവഴിച്ചില്ല. എന്നതെന്നെയുമല്ല, മതത്തെക്കാളും കൂട്ടത്തലായി മറ്റു കാര്യങ്ങളാണു് ഇപ്പോൾ എന്റെ മനസ്സിലുള്ളതു്. അടുത്ത ആഴ്ചയിൽ നമുക്കു് അറിയാമെന്നാണു് നിക്കോസൻ പറഞ്ഞതു്."

"സദ്വാർത്തയാണോ അയാൾ പ്രതീക്ഷിക്കുന്നതു്?"

"എന്നാണു് അയാൾ പറയുന്നതു്. എന്നാൽ അയാളുടെ പറച്ചിലിന്റെ രീതികണ്ടിട്ടു് 'അല്ല' എന്നാണർത്ഥമെന്നു തോന്നുന്നു. അതുകൊണ്ടു് അതെല്ലാം വീണ്ടും നിന്നെ ആശ്രയിച്ചിരിക്കുന്നതുപോലെ തോന്നുന്നു ടോം."

"ഓ, വേണ്ട, ബോബു് ഈ ആഴ്ചയിൽ വേണ്ടാ! അതുമൂലം ഈ ആഴ്ചയിൽ അലട്ടപ്പെടുവാൻ ഞാൻ സമ്മതിക്കില്ല. ഇന്നു ഞാൻ പാപസങ്കീർത്തനം നടത്തി. നാളെ ഞാൻ വി. കുർബാന സ്വീകരിക്കും. വ്യാഴാഴ്ച ഫാ. ബ്രിയൻ വീണ്ടും ഇവിടെ വരും. ബോബു് ഈ ആഴ്ച ദൈവത്തെപ്പറ്റിയും നിന്റെ ആത്മാവിനെപ്പറ്റിയും മാത്രം ചിന്തിക്കുന്നതിൽ നീ എന്തുകൊണ്ടു് എന്നോടു യോജിക്കുന്നില്ല?"

"എടാ, നാശമേ, നീ എന്തുകൊണ്ടു് എന്നെപ്പറ്റിയും എന്റെ ജീവനെപ്പറ്റിയും വിചാരിക്കുന്നില്ല?" ബോബിന്റെ കോപാവേശിതമായ മറുപടി.

"ഹാ, ബോബ്", അങ്ങനെ പറയരുതു്. സമയം വരുമ്പോൾ എന്നാൽ പാടുള്ളതെല്ലാം നിനക്കുവേണ്ടി ഞാൻ ചെയ്യുമെന്നു നിനക്കറിയാമല്ലോ. പാലത്തിങ്കൽ ചെല്ലുന്നതുവരെ നാം പാലം കടക്കേണ്ടതില്ലല്ലൊ. ഈ ഫാ. ബ്രിയൻ ഒരു പാവമായ ആളാണു്. നീ നിന്റെ വക്കീലന്മാരുമായി നടത്തുന്നവിധം ആത്മാർത്ഥമായി ഒരു സംതോഷണം എന്തുകൊണ്ടു് അദ്ദേഹവുമായി നടത്തുന്നില്ല? തുറന്നു കൊടുക്കുക സമസ്തവും. അദ്ദേഹത്തോടു പറയൂ നിന്നെ നയിക്കുന്നതിനു്. അദ്ദേഹത്തിനു കഴിവുണ്ടാകുവാൻവേണ്ടി നീ സാക്ഷാൽ ആയിരിക്കുന്നതുപോലെ അദ്ദേഹം നിന്നെ അറിയട്ടെ. ബോബ്", ഓവിജീവിതം ഈ ജീവിതത്തെക്കാൾ മൈർ ഫ്യമുള്ളതും വളരെ അധികം പ്രാധാന്യം അർഹിക്കുന്നതുമാണു്". എന്തുകൊണ്ടു നീ നിന്റെ ബുദ്ധിയുപയോഗിക്കുന്നില്ല?"

"പെന്നി, സത്യംപറയുകയാണു്", നീ ഒരു അര അച്ചനാണെന്നു് ഞാൻ ചിലപ്പോഴെല്ലാം വിചാരിക്കാറുണ്ടു്". ഈ മരണഭവനത്തിലുള്ളവരെയെല്ലാം മാനസാന്തരപ്പെടുത്തുവാൻ നീയന്നിച്ചിട്ടുണ്ടു്". ടെൻറു് നിന്റെടുത്തുവന്നപ്പോൾമുതൽ നീ അവന്റെ പുറകെ ആയിരുന്നു. അതിനു മുമ്പു് നീ എലിയൊട്ടിന്റെ പിന്നാലെ പോയിരുന്നു. സ്ലീറർറെ എന്നപോലെ എന്തുകൊണ്ടു നീ എന്നെയും വ്യർത്ഥം വിട്ടന്നില്ല?"

"എന്തുകൊണ്ടെന്നാൽ നിനക്കു തലച്ചോറുണ്ടു ബോബ്" അജ്ഞത ആനന്ദമാണെന്നുള്ളതിനു തെളിവാണു് സ്ലീറർ. നിനക്കു കൂടുതൽ അറിവുണ്ടു്. നിനക്കു് ഉത്തരവാദിത്വമുണ്ടു്. നിന്നോടു ദൈവം നിതിമാനായിരിക്കും. സ്ലീറരോടു കാരുണ്യവാനും."

ആൻഡേഴ്സന്റെ ചിരി വളരെ പരുഷമായിരുന്നു. "പെന്നി നീ എന്നെങ്കിലും പുറത്തിറങ്ങുന്നെങ്കിൽ നിന്നെ അരങ്ങത്തു കാണണം. നീയൊരു മദോന്മത്തനാണു്"...ഹേ. സ്ലീറർ."

"എന്നാ?"

"അടുത്തതവണ പെന്നി പുറത്തിറങ്ങി നടക്കുമ്പോൾ ആ

വനു് ചിറകുകളും പരിവേഷവുമില്ലയോ എന്നു സൂക്ഷിച്ചുനോക്കി
ക്കോ.''

"അതെന്താ?"

"നമ്മുടെ ലക്ചിംഗ്ടനിൽനിന്നു വന്നനാൾ തുടങ്ങി ഇതുവരെ
അവനിൽനിന്നു് ഒരു ശാപവാക്കുപോലും കേട്ടിട്ടില്ല. അവനൊരു
പുരോഹിതനെക്കാളും ഭേദനാണു്. അവനിപ്പോൾ ആവശ്യപ്പെട്ട
കയാണു് ഇവിടെ ഈ ജയിലിൽ ഞാൻ അവന്റെകൂടെ ധ്യാനി
ക്കണമെന്നു്. അവൻ നരകത്തെക്കാളും പുണ്യവാനാകയാണു്."

"മി. ആൻഡേഴ്സൻ, അതത്ര പ്രയാസമുള്ള കാര്യമല്ല."
ലഘുവായി പൊട്ടിച്ചിരിച്ചുകൊണ്ടു് ടോം പറഞ്ഞു "ധ്യാനം
കഴിക്കുന്നതു സംബന്ധിച്ചു ഞാൻ പറഞ്ഞതിനെപ്പറ്റി ചിന്തി
ക്കുക. ഒരു തെറ്റു ചെയ്യുന്നതിനേക്കാളും അനേകമടങ്ങു നല്ലതായി
രിക്കും അതു്. നമസ്കാരം. എനിക്കു ജോലിയുണ്ടു്."

അവസാനം പറഞ്ഞതു് ഏറ്റവും ശരിയായിരുന്നു. ഉണർ
ന്നിരുന്ന ഓരോ വിനാഴികയും ടോംപെന്നിക്കു് വളരെ ജോലിത്തി
രക്കുള്ളതായിരുന്നു. വായനയും, എഴുത്തും, പടംവരയും പ്രാർത്ഥ
നയും. അവൻ ഇത്തവണ മേരിയുടെ മുമ്പിലിരുന്നതു് വലിയ തീ
ക്ഷ്ണതയോടുകൂടിയായിരുന്നു. കാരണം, ഫാ. ബ്രിയന്നുമായി
നടത്തിയ സംഭാഷണം, പല മാസങ്ങളായിട്ടു അവനു അനുഭവ
പ്പെട്ടിരുന്നതിനേക്കാളും കൂടുതൽ ഉന്മേഷം അവനിൽ ഉളവാക്കി.
രാവിലെ ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനു് അവനു ഒരുങ്ങുവാ
നുണ്ടായിരുന്നു. പിന്നിട്ടു് ഒരുവാക്കുപോലും അന്നു് അവനിൽനി
ന്നുകേട്ടില്ല.

ആ ആഴ്ചയുടെ അവസാനം അവൻ സി. മേരി ലോറൻസി
യായിക്കും സി. റോബർട്ടിനുമെഴുതി:

"ചിക്കാഗോയിൽനിന്നു വന്ന ധ്യാനഗുരു ഫാ. ബ്രിയൻ
അവർകളാണു്. അദ്ദേഹവുമായി രണ്ടുപ്രാവശ്യമേ ഞാൻ സംസാ
രിച്ചിട്ടുള്ളൂ. എങ്കിലും അവ ധാരണ നിറഞ്ഞവയായിരുന്നു. അദ്ദേ
ഹത്തിൽനിന്നു ഞാൻ പലതും പഠിച്ചു. ഒരുവന്റെ മനസ്സിലുള്ള

തു" അവൻ പറയുന്നതിനു മുമ്പേ ഗ്രഹിക്കുവാൻ കഴിയുന്നവരുടെ ഗണത്തിൽപ്പെട്ട ഒരാളാണു" അദ്ദേഹമെന്നു തോന്നുന്നു. അതുകൊണ്ടു" അദ്ദേഹത്തോടു സംസാരിക്കുക എനിക്കു എളുപ്പമായിരുന്നു. ഇവിടെ വരുന്നതിനു മുമ്പുതന്നെ എന്നെ സംബന്ധിച്ചുള്ള എല്ലാക്കാര്യങ്ങളും ഫാ. എവുജിൻ അദ്ദേഹത്തെ എഴുതി അറിയിച്ചിരുന്നു.

ചൊവ്വാഴ്ച ഫാ ലിബ"സ" എനിക്കു ദിവ്യകാരുണ്യം എഴുന്നള്ളിച്ചു തന്നു. അങ്ങനെ അദ്ദേഹത്തെ കൂടുതൽ അടുത്തു പരിചയപ്പെടുന്നതിനു" എനിക്കു സന്ദർഭം കിട്ടി. ഞാൻ അദ്ദേഹത്തെ ഇഷ്ടപ്പെട്ടുന്നു. അദ്ദേഹത്തെ മനസ്സിലാക്കാൻ പ്രയാസമുണ്ടു"; അത്രമാത്രം. അനേക ചോദ്യങ്ങൾകൊണ്ടു" ഞാൻ ഫാ. ബ്രിയനെ അലട്ടി. ഞാൻ മുമ്പൊരിക്കലും ഒരു വൈദികനെ കണ്ടിട്ടില്ലെന്നു" അദ്ദേഹം വിചാരിക്കുന്നുണ്ടെന്നു" എനിക്കറിയാം. അദ്ദേഹം പ്രസംഗിച്ചതു ചാപ്പലിൽവച്ചാണു". അതുകൊണ്ടു" എനിക്കതു കേൾക്കാൻ കഴിഞ്ഞില്ല. ലോകം മുഴുവനുവേണ്ടിയും, അദ്ദേഹത്തെ കാണുവാനുള്ള സന്ദർഭം ഞാൻ കൈവിടുകയില്ലായിരുന്നു.

എനിക്കു കൂടുതൽ ആത്മവിശ്വാസവും ഉറപ്പും തോന്നുന്നുണ്ടു". സഹിച്ചുനില്ക്കുന്ന ആത്മാവിനു എപ്പോഴും സഹനത്തിന്റെ ഭാരം അനുഭവപ്പെട്ടുമെന്നും കീഴടങ്ങുന്ന ആത്മാവിനു" അതു" ഒട്ടും അനുഭവപ്പെടുകയില്ലെന്നും ഞാൻ മനസ്സിലാക്കിയിട്ടുണ്ടു". പരിത്യാഗത്തിൽ ജീവിക്കുന്നവരും ദൈവഹിതം സ്വന്തഹിതമാക്കുവാൻ പഠിച്ചിട്ടുള്ളവരുമായ ആത്മാക്കൾ ഭാഗ്യവാന്മാർ.

എന്നെ വിഷമിപ്പെടുത്തുന്നതിൽ സന്തോഷം കൊള്ളുന്നു എന്നു തോന്നിച്ച കാര്യങ്ങളിൽ പിശാചുക്കൾ ഉണ്ടായിരുന്നു എന്നു പറയുവാനുള്ള പ്രലോഭനം പലപ്പോഴും എനിക്കുണ്ടായിട്ടുണ്ടു". എത്രയേറെ അവരെക്കുതിരെ ഞാൻ ഈർഷ്യപ്പെട്ടോ അത്രയേറെ അവയെന്നെ കോപിപ്പിക്കുമാത്രമേ ചെയ്യുള്ളു. എന്നാൽ ഇപ്പോൾ എനിക്കറിയാം, അവയെല്ലാം ഔദാര്യപൂർവ്വം വീക്ഷിക്കുന്നതിനും, ലോലമായി കൈകാര്യം ചെയ്യുന്നതിനും, ശാന്തതയും, സൌമ്യതയും കഴിവുള്ള കരുക്കളാണെന്നു". സഹിക്കുവാൻ ശക്തിയും കിഴ്

പ്പെടുവാൻ വേണ്ട വഴക്കവും സർവ്വോപരി ദയയും ഉള്ളവനായിരിക്കാൻ ഇപ്പോൾ ഞാൻ പ്രാർത്ഥിക്കുന്നുണ്ട്". എന്നെ എപ്പോഴെങ്കിലും വേദനിപ്പിച്ചിട്ടുള്ളവരോട് ക്ഷമിക്കുന്നതിനുള്ള കൃപയ്ക്കും ഞാനപേക്ഷിക്കുന്നു.

നിങ്ങൾ എത്രമാത്രം സേവനങ്ങൾ എനിക്കുവേണ്ടി ചെയ്തിട്ടുണ്ടെന്നു നിങ്ങൾക്കു ബോദ്ധ്യമാവുക തീർച്ചയായും സാദ്ധ്യമല്ല. സിസ്റ്റർ, പരമണ്ഡലത്തിനു സ്തോത്രം പാടാൻ കഴിയുമാറ് എന്റെ ഹൃദയം ഇപ്പോൾ കൃതജ്ഞതകൊണ്ടു മുറിറിനില്ക്കുകയാണ്".''

ഫാ. ബ്രിയാനുമായുള്ള സംഭാഷണത്തിൽനിന്നു ഗണ്യമായ വിധം സിദ്ധിച്ച ഈ ഉന്നതവികാരം സെപ്റ്റംബർ മുന്നോട്ടു നീങ്ങിയതോടെ വർദ്ധമാനമായിത്തീർന്നു. ടോം അഭിലാഷിച്ചതൊക്കെ നിർവ്വഹിക്കുവാൻ ഇപ്പോൾ പകലെല്ലാം തുലോം ഹ്രസ്വങ്ങളും രാത്രികൾ വേണ്ടത്ര ദൈർഘ്യമില്ലാത്തവയുമായിരുന്നു. കാരണം, അപ്പോൾ ലൂയിവില്ലിൽ താമസിച്ചിരുന്ന ഫാ. എവുജിൻ ക്രീഗൻ C. P. യുടെ സഹായം സി. റോബർട്ട് ഈൻ നേടിയിരുന്നതുകൊണ്ട് അദ്ദേഹം ഫാ. ബ്രിയൻവഴി ഓവർ സബോറോയിലുള്ള ഉർസ്ലൈൻ സഹോദരിമാരിൽപ്പെട്ട സി. ഫ്രാൻസിസ്ക്കായെക്കൊണ്ട് ടോമിനെ എഴുത്തയപ്പിക്കാൻ സമ്മതിച്ചു. പിന്നീട് ആ നല്ല വൈദികൻ ലൂയിവില്ലിലുള്ള നല്ല ഇടയൻ മഠത്തിലെ "മദ്ധ്യസ്ഥനാ''കളെ, ടോമിനെ തങ്ങളുടെ ദത്തുപുത്രനായി സ്വീകരിക്കുവാൻ പ്രേരിപ്പിച്ചു. അതുകൊണ്ടാണെന്നോണം ക്യാപ്റ്റൻ റാങ്കിൻ കൂടുതൽക്കൂടുതൽ തപാലുരുപ്പടികൾ ടോമിനു കൊടുത്തപ്പോൾ അവനു കൊയ്ത്തുകാലത്തെപ്പറ്റി പാടുവാനേ കഴിഞ്ഞുള്ളൂ.

മരണവേനൽത്തിൽ ടോം വസിച്ചിരുന്ന ഓർമ്മയുടെ മൌനവേളകൾ ദീർഘിച്ചുവന്നു. "ഞാൻ ജോലിത്തിരക്കിലാണ്" ബോബ്", ഈ എഴുത്തു ഇന്നയയ്ക്കുവാനുള്ളതാണ്" എന്നുള്ള ടോമിന്റെ ആവർത്തനം ആൻഡേഴ്സനെ അമ്പരപ്പിച്ചു. ദിവസേന അബ്ബോ ആരോ എഴുതിയെഴുതുക ടോമിനു പതിവായി. സെപ്റ്റം

ബർ 11-ാം തീയതി അവൻ തന്റെ മേൽമേൽ കനിഞ്ഞു ഫാ. എവുജിനു് ഇവ്വിധം എഴുതി.

"അങ്ങേയ്ക്കു ഒരെഴുത്തയക്കുന്നതിനു" തക്കതായ ഒരൊഴികഴിവിനുവേണ്ടി ഞാൻ പ്രാർത്ഥിക്കയായിരുന്നു. അങ്ങേയ്ക്കു് ഇപ്പോൾ തന്നെ കാണാവുന്നവിധം ഞാൻ ഈ പ്രത്യേകവിഷയത്തിൽ നിപുണനല്ല. അങ്ങയെപ്പറ്റിയും അങ്ങയുടെ ജോലിയെപ്പറ്റിയും അതുപോലെതന്നെ അങ്ങയുടെ ആശ്ചര്യകരമായ ദയയെയും സഹതാപപൂർവ്വമായ ധാരണയെയും പറ്റിയും ധാരാളം കേട്ടിട്ടുള്ളതുകൊണ്ടു് അങ്ങു വ്യക്തിപരമായി എനിക്കു പരിചിതനെന്നു തോന്നുകയാണു്. ഇതെല്ലാം നമ്മിൽ ഇരുവരുടെയും മിത്രങ്ങളായ സിസ്റ്റേഴ്സും ഫാ. ബ്രിയനും മൂലമാണു് ഉണ്ടായിട്ടുള്ളതു്.

ആ ചെറിയ പ്രാർത്ഥനപ്പുസ്തകം സി. റോബർട്ട അൻ എനിക്കു് അയച്ചുതന്നു. അതൊരു നിധിയാണു്. അറിയുവാൻ ഞാൻ ആഗ്രഹിച്ച പല കാര്യങ്ങൾക്കുമുള്ള മറുപടി അതിലുണ്ടു്.

ഞാൻ ദൈവത്തിനു് എത്രകണ്ടു് അഹിതകാരിയായിരുന്നുവെന്നു്, ഒരു ഭയങ്കര ഞെട്ടലോടെയാണു് ബോധവാനായതു്. അച്ചാ, ദൈവം എനിക്കു തന്ന ആനന്ദത്തിനും ആശ്വാസത്തിനും ഞാൻ കൊടുക്കേണ്ടിയിരുന്ന ഒരു നല്ല വിലയാണതു്. എന്നെ ഭയചകിതനാക്കത്തക്കവിധം ചിലപ്പോഴെല്ലാം അതു സംഭ്രമജനകമായിരുന്നു. ദൈവത്തിന്റെ സ്നേഹത്തിനും കാരുണ്യത്തിനു് ഞാൻ തുലോം അനർഹനാണെന്നു തോന്നുന്നു; പകരം കൊടുക്കുവാൻ എനിക്കൊന്നുമില്ലതാനും.

ഒരു കൊല്ലം മുമ്പു്, എന്റെ ആത്മാവു് അന്നായിരുന്ന സ്ഥിതിയിൽ, മരിച്ചിരുന്നെങ്കിൽ എന്നോർത്തു ഞാൻ നടുങ്ങുന്നു. അല്ല, പുറത്തിറങ്ങുവാനുള്ള എളുപ്പമാർഗ്ഗമാണു് മരണം. ജീവിക്കുവാനാണു് എനിക്കു കൂടുതൽ ഇഷ്ടമെങ്കിലും ഇപ്പോൾ എന്റെ നിരന്തരവും തീക്ഷ്ണവുമായ ആഗ്രഹം അവിടുത്തെ തിരുവിഷ്ടം നിറവേറണമെന്നാണു്. എന്റെ ഇഷ്ടാനുസൃതമായ ജീവിതം എനിക്കു ദുരിതവും കഷ്ടതയും ഹൃദയവേദനയും മാനഹാനിയും

എന്റെ പ്രിയപ്പെട്ടവർക്കു് അവമാനവുമാണവരുത്തിവച്ചതു്", അതിനു പുറമെ ദൈവത്തിന്റെ ഇഷ്ടക്കേടും!

എന്റെ ജീവിതം എത്ര കാലത്തേയ്ക്കു്"—ആഴ്ചകളൊ, മാസങ്ങളോ അഥവാ വർഷങ്ങളൊ എന്നതു പരിഗണിക്കാതെ, ദൈവസ്നേഹത്തിലും കൃപയിലും ജീവിക്കുവാനും മരിക്കുവാനും എന്റെ കഴിവിന്റെ പരമാവധി പണിപ്പെടുവാൻ ഞാൻ ദൃഢപ്രതിജ്ഞ ചെയ്യുന്നു. അച്ചാ, ഞാൻ അങ്ങയോടു ചോദിക്കയാണു", ഇതിൽ വിജയിക്കുന്നതിനു പ്രഭാവതിയും കരുണാനിധിയുമായ ദൈവമാതാവിനെക്കാൾ കൂടുതൽ സഹായിക്കാൻ ആർക്കു കഴിയും.?

അച്ചാ, ഫാ. ബ്രിയനുമായി നടത്തിയ പരിമിതമായ സംഭാഷണവേളയിലെ ഓരോ വിനാഴികയും ഞാൻ വാസ്തവത്തിൽ ആസ്വദിക്കുകതന്നെചെയ്തു. അദ്ദേഹം എന്നെ വളരെ സഹായിച്ചു. അദ്ദേഹം മടങ്ങിപ്പോയവഴിക്കു ഡെട്രോയിറ്റിലെ "മദ്ധ്യസ്ഥ"കളെ സന്ദർശിക്കയും എനിക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും എനിക്കു എഴുത്തയക്കുന്നതിനുംകൂടി അവരെ സമ്മതിപ്പിക്കയും ചെയ്തു.

അതെനിക്കു പ്രിയങ്കരമാണു". കേട്ടോ അച്ചാ, വിസ്മയാവഹരായ ആ രണ്ടു കന്യാസ്ത്രികളല്ലാതെ എനിക്കു" എഴുത്തയക്കുവാൻ വേറെ കത്തോലിക്കരില്ല. ചിക്കാഗോയിൽനിന്നു ഫാ. ബ്രിയൻ എനിക്കു കുറെപുസ്തകങ്ങളും അയച്ചു തന്നിട്ടുണ്ടു".

"പീഡാനുഭവത്തിന്റെ ഗുണ"ത്തിനുള്ള എന്റെ കൃതജ്ഞതയവായി സ്വീകരിച്ചാലും. അതെനിക്കു "വളരെയധികം പ്രയോജനം ചെയ്യും. അങ്ങേ പ്രാർത്ഥനയിൽ എന്നെ സ്മരിക്കണമെന്നും ചിലപ്പോഴെല്ലാം, കൂടുതൽനല്ലകാര്യങ്ങളും ചെയ്യുവാനില്ലാത്തപ്പോഴും, എഴുത്തയക്കണമെന്നും അപേക്ഷിക്കുന്നു.

എന്നു"

ക്രിസ്തുവിൽ അങ്ങേ വിശ്വസ്തൻ,

ടോംപെന്നി.

അനന്തരം ഒട്ടും താമസിയാതെ ടോം തന്റെ അടുത്ത കത്തു" ആരംഭിച്ചു.

പ്രീ. സി. മേരി ലോറൻസിയാ,

അയച്ച എഴുത്തും പുസ്തകങ്ങളും ഇന്നുവന്നു. ''മാസ്റ്റർ ഫ്രം മക്കാ'' ഇ ആഖ്യായികത്തിൽകിട്ടി. അതു് ആശ്ചര്യകരമായിരിക്കുന്നു. "ജീസസ് ഓഫ് നസറത്തും" "ഗോഡ്സ" ജെസ്റ്റുകം'' ഇന്നലെയാണു് കിട്ടിയതു്. ഫാ. ബ്രിയനും എനിക്കു നാലു പുസ്തകങ്ങളും അയച്ചുതന്നു: റോബർട്ട് ഹ്യൂബെൻസൺ എഴുതിയ, 'കിങ്സ് അച്ചീവ്മെൻറ്' 'ബൈ വാട്ട് അഥോറിട്ടി' 'ലോൺലിനസ്' എന്നിവയും ജോൺമൂഡി എഴുതിയ "ദിലോങ്വേ ഹോം' എന്നതും. അവ വായിക്കുമ്പോൾ അവയെപ്പറ്റി എഴുതിക്കൊള്ളാം.

ഞാൻ ഉറക്കം തുങ്കുകയായിരുന്നെന്നു വിചാരിച്ചു; അല്ലേ? ചില തിരുനാളുകളും ഞാൻ വിസ്മരിച്ചെന്നുവരാം. എന്നാൽ നമ്മുടെ പരിശുദ്ധ അമ്മയുടേതു് ഞാൻ ഒരിക്കലും മറക്കുകയില്ല. ആ കാര്യം ഞാൻ അതിവേഗം പറഞ്ഞു. നോക്കട്ടെ സെപ്തം. 8-ാം തീയതി അമ്മയുടെ പിറവിതിരുനാൾ; 12-ാംതീയതി അവിടത്തെ തിരുനാമം. ഇവയെപ്പറ്റി എനിക്കു് നിശ്ചയമുണ്ടു്. 15-ാം തീയതി ഏഴുവ്യാകുലതകളുടെയും 24-ാംതീയതി കാരുണ്യമാതാവിന്റെയും ദിവസങ്ങളാണു്. അതങ്ങനെയല്ലേ? അതെ, സിസ്റ്റർ ഞാൻ മാതാവിന്റെയും സഹായം നേടും. സിസ്റ്ററിന്റെ നേത്രരോഗം ഭേദപ്പെടാത്തതിൽ എനിക്കു സങ്കടമുണ്ടു്. എങ്കിലും സർവ്വശക്തയായ ഈ മദ്ധ്യസ്ഥ എല്ലാം വീണ്ടും ശരിപ്പെടുത്തുമെന്നു എനിക്കുറപ്പുണ്ടു്. ദിവ്യാംബിക ഇതുവരെ എന്നെ ഒരിക്കലും സഹായിക്കാതിരുന്നിട്ടില്ലെന്നു ഞാൻ പരമാർത്ഥമായി പറയുന്നു.

സിസ്റ്ററിനുള്ള പടങ്ങളും എല്ലാം വരച്ചുകഴിഞ്ഞു. മാതാവു പോലും അതിൽ സംതൃപ്തയാണെന്നു് എനിക്കറിയാം. അവ നന്നായിരിക്കുന്നു. അങ്ങനെ പറയുന്നതു ഞാൻ തന്നെയാണെങ്കിൽപോലും. സിസ്റ്റർ അവ വല്ലവർക്കും കൊടുത്താൽപോലും എനിക്കു വിഷമം തോന്നാതിരിക്കത്തക്കവിധം അവ നല്ലതാണു്. നല്ലതാണെന്നു പറയുന്നതിന്റെ വിവക്ഷ എനിക്കവ നല്ലതാണെന്നു

മാത്രമാണ് സിസ്റ്റർ. അവയും ഫാ. ഡൊനെല്ലിയുടെ ചിത്രവും ഒരു കൂട്ടിലാക്കി ഞാൻ തപാൽവഴി നാളെ അയയ്ക്കും. ഞാൻ അമ്മയ്ക്ക് എഴുതുകയും അമ്മ അവ പ്രതീക്ഷിക്കയും ചെയ്യുന്നതുവരെ സിസ്റ്റർ അവ സൂക്ഷിച്ചുകൊള്ളണം. എന്താ ചെയ്യുന്നതോ?

സി. റോബർട്ട് ആനിനും ഞാൻ എഴുതുന്നതുകൊണ്ട് ഇപ്പോൾ, "നമസ്കാരം" പറയുകയും പുസ്തകങ്ങൾ അയച്ചതിനു നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു. ദൈവം സിസ്റ്ററിനെ അനുഗ്രഹിക്കയും അവിടത്തെ വാത്സല്യംവഴിയുന്ന കാരുണ്യത്തിൽ സിസ്റ്ററിനു കാഴ്ചതിരിച്ചുതരികയും ചെയ്യട്ടെ. ഈ വാരമദ്ധ്യത്തിൽ ഞാൻ വീണ്ടും എഴുതുന്നതാണ്....."

ഈ എഴുത്തു കവറിലിടുന്നതിനു സമയം എടുക്കാതെതന്നെ ടോം സി. റോബർട്ട് ആനിനുള്ള എഴുത്തുതുടങ്ങി ഫാ. ഏവുജിനെയും അഭ്യർത്ഥം അയച്ചുകൊടുത്തപുസ്തകങ്ങളെയും പരാമർശിച്ചശേഷം സകലതിനും താൻ സിസ്റ്ററിനോടാണ് കടപ്പെട്ടിരിക്കുന്നതെന്ന് അവൻ ചൂണ്ടിക്കാണിച്ചു. അനന്തരം തുടർന്നു.

"നന്ദിയുള്ളവനായിരിക്കേണ്ടതിനു് എനിക്കുള്ളിടത്തോളം കുറ്റങ്ങളുള്ള ഒരു മനുഷ്യനും ഈ ഭൂമുഖത്തുള്ളതായി എനിക്കറിവില്ല. ഞാൻ ദൈവത്തെ ഇത്രയധികം ദ്രോഹിച്ചിരിക്കെ അവിടുന്ന് എന്നോടു നല്ലവനായിരിക്കുക സാദ്ധ്യമാണെന്നു തോന്നുന്നില്ല. എങ്കിലും അവിടത്തെ വിസ്മയകരമായ സ്നേഹത്തെ സംശയിക്കാൻ ഞാൻ തുനിയുകയില്ല....."

ഞാൻ എവിടെയോ വായിച്ചതായി ഓർമ്മിക്കുന്നു: ഒരു കൊച്ചുകുട്ടി ഒരിക്കൽ പറഞ്ഞു: "അമ്മേ, യാതൊന്നും ഒരിക്കലും നഷ്ടപ്പെടാത്ത സ്ഥിതിക്കു് നമ്മുടെ വിചാരങ്ങളും ആഗ്രഹങ്ങളും എങ്ങോട്ട് പോകും?" "ദൈവത്തിന്റെ ഓർമ്മയിലേയ്ക്ക്." അമ്മ പ്രതിവചിച്ചു. "എന്നേയ്ക്കും അവിടെ ആയിരിക്കുന്നതിനുവേണ്ടി." "എന്നേയ്ക്കുമോ?" ആ കുട്ടി ആശ്ചര്യം കൂറി. അമ്മയോട് ചേർന്നിരുന്നുകൊണ്ട് അവൻ പൊറുപൊറുത്തു: "എന്നെന്നേയ്ക്കും! എനിക്കു

പേടിയാകുന്നു!"

അതെപ്പറ്റി കാര്യമായി ചിന്തിക്കുകയാണെങ്കിൽ അതങ്ങനെ പ്രലപിക്കാതിരിക്കും? ഓരോ ചിന്നാഴികയും നമ്മുടെ നിയോഗംകൊണ്ടു മുദ്രിതമായ ഓരോ നാണയമാണെന്നും ദൈവത്തരായുള്ള നാണയങ്ങളെ നിത്യത്വത്തിൽ ചിലവാകയുള്ളുവെന്നും സങ്കല്പിക്കുക, സിസ്റ്റർ. അപ്പോൾ നാം എത്രകോടി നാണയങ്ങളുള്ളവരായിരിക്കും! അതെ, ഞാനൊരു കോടിശ്വരനായിരിക്കും! എന്നാൽ, സിസ്റ്റർ, മനസ്താപവും ദൈവതിരുവുള്ളത്തോടുള്ള വിധേയത്വവും അവിടത്തെ സ്നേഹിക്കുന്നതിനുള്ള തീവ്രമായ ആഗ്രഹവും സ്വർഗ്ഗകവാടങ്ങളെ തുറപ്പിക്കുമെങ്കിൽ സിസ്റ്ററിനെ സ്വസ്ഥത്തുവെച്ചു കാണാമെന്നു എനിക്കു വലിയ പ്രത്യാശയുണ്ടു്.

സിസ്റ്ററിന്റെ പുതിയ മേൽവിലാസം "യുഫ്രേസിയ ഹാം" എന്നാണോ? അതോ എഴുത്തുകൾ "സെൻറ്ജോസഫ്സി"ലേയ്ക്കു തുടർന്നു അയച്ചാൽ മതിയോ? അതെ, അവിടം കാണുവാൻ ഞാനാഗ്രഹിക്കുന്നു. മുറത്തുള്ള വൃക്ഷം വെട്ടിക്കളയുമെന്നു ഞാൻ കേട്ടിരുന്നു. എന്നാൽ അവർ അതു ചെയ്യില്ലെന്നു ഞാനറിഞ്ഞു. ആ കെട്ടിടത്തിൽ ഞാൻ ജോലിചെയ്തിരുന്ന കാര്യം സിസ്റ്ററിനോടു പറഞ്ഞെന്നു വിശ്വസിക്കുന്നു. 13 കൊല്ലം മുമ്പു് സെൻറ്ജോസഫ്"സിനു" അഗ്നിബാധയുണ്ടായി. രാത്രി മുഴുവൻ രോഗികളെ "നേഴ്സ്മാർ ഹോമി"ലേയ്ക്കു് ഞാൻ കൈത്താങ്ങിൽ വഹിച്ചുകൊണ്ടുപോയിരുന്നു. അന്നു് അതു് 'മിൽവാർഡ്സ് ഫ്യൂണറൽ ഹോം' ആയിരുന്നു. ഞാൻ ഏറ്റവും ഒടുവിൽ എടുത്തുകൊണ്ടുപോയ രോഗിയെ അവിടെ എത്തിക്കുന്നതിനുമുമ്പു് അവൻ മരിച്ചു. അവൻ പൊള്ളൽ ഏറ്റിട്ടല്ല, വ്യാധിയും ബലഹീനതയുമായിരുന്നതുകൊണ്ടു് ആ വെപ്രാളം അവനു താങ്ങാനാവാത്തതായിരുന്നതുകൊണ്ടാണു മരിച്ചതു്.

ദൈവത്തോടും ശിഷ്യഗണത്തോടുമുള്ള സിസ്റ്ററിന്റെ കടമകളുടെ നിർവ്വഹണത്തിലുള്ള വിജയത്തെപ്പറ്റി എനിക്കു യാതൊരു സംശയവുമില്ല. സിസ്റ്ററിനുവേണ്ടി പ്രാർത്ഥിക്കുവാൻ

സിസ്റ്ററിന്റെ പ്രാർത്ഥനകളും എനിക്കു കൂടുതൽ ധൈര്യം തരുന്നു."

ക്രിസ്തുവിൽ നിങ്ങളുടെ മിത്രം

ടോം

പ്രഭാതം കടന്നുപോയി. എങ്കിലും ആ ദിവസം അവസാനിക്കുന്നതിനുമുമ്പു് അവൻ രണ്ടെഴുത്തുകൂടി തയാറാക്കി. അവൻ അമ്മയ്ക്കു എഴുതി: "എന്റെ ആയുഷ്കാലമെല്ലാം സെപ്തമ്പർ എനിക്കൊരു ഭാഗ്യഹീനമായ മാസമായിരുന്നുവെന്നു എനിക്കറിയാം. അക്കാരണത്താൽത്തന്നെ അതു് അമ്മക്കു് വലിയ ആനന്ദപ്രദമല്ലായിരുന്നെന്നും എനിക്കറിയാം. എന്നാൽ, അമ്മേ, അമ്മ ശരിയായി വീക്ഷിക്കുന്നെങ്കിൽ അതു സഹിക്കുക ക്ലേശമായിരിക്കയില്ല. വളരെ മോശമായ ഒരവസ്ഥയിൽ ഞാൻ ചെന്നുചേരുവാൻ പാടുണ്ടായിരുന്നെന്നു" ഈ സെപ്തമ്പറിൽ അമ്മ നന്നായി മനസ്സിലാക്കണമെന്നു ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. തീർച്ചയായും ലോകത്തിന്റെ ദൃഷ്ടിയിലല്ല, മറിച്ചു, മറെറ ദൃഷ്ടികളിൽ..... അമ്മേ, എന്റെ ആത്മാവിന്റെ കാര്യത്തിൽ എനിക്കു അല്പംപോലും അസ്വാസ്ഥ്യമില്ല ..... ഇനിയും ഞാൻ അല്പം കൈവെടിയാൻ പോകുന്നില്ല. പാടുള്ളിടത്തോളം കാലം അറിയാവുന്ന എല്ലാവിധത്തിലും ഞാൻ മരണത്തോടു മല്ലിട്ടു. എങ്കിലും . .. അമ്മേ, ദൈവഹിതമാണു് എന്റെ ഹിതം. നമുക്കു വഹിക്കാവുന്നതിലധികം അവിടുന്നു നമ്മിൽ ചുമത്തുകയില്ലെന്നും എനിക്കറിയാം."

മിക്കവാറും ആ മാസം മുഴുവനും ഈ ആലയവും ഉന്മേഷവും ടോമിൽ നിലനിന്നു. ഫാ. ഡൊനെല്ലി പരിശീലനത്തിനു് പൊയ്ക്കൊണ്ടിരുന്ന "ചാപ്പെയിൻസ് സ്കൂൾ" ഹാവാർഡ് സർവ്വകലാശാലയിലാണെന്നു് ടോം ഗ്രഹിച്ചതു സെപ്തമ്പർ പകുതിയായശേഷമാണു്. ടോം തന്റെ പുതിയ മിത്രങ്ങളെ—പീഡാനുഭവസഭക്കാരെപ്പറ്റിയും തങ്ങളുടെ ചിരകാലപരിചിതരെപ്പറ്റിയും ഉടൻതന്നെ അദ്ദേഹത്തിനു് എഴുതി. ബോബ് ആൻഡേഴ്സനെയും, സ്കീററെയും, സ്വാഭാവികമായി വളരെ കൂടുതലായി തങ്ങളുടെ പൊതുമിത്രങ്ങളായ നസ്രസ് സിസ്റ്റേഴ്സിനെപ്പറ്റിയും

അവൻ ആ എഴുത്തിൽ പ്രതിപാദിച്ചിരുന്നു. മാസം അവസാനിക്കാറായതോടെ ദുഃഖകരമായ അനുസ്മരണകളാണു് അവന്റെ മനസ്സിൽ പൊന്തിവന്നുകൊണ്ടിരുന്നതു്. മേരിയൻ മൈലി തന്റെ ജീവൻ വെടിഞ്ഞതിന്റെ വാർഷികമായ സെപ്തമ്പർ 28-ാംനു-, ആ ദിവസത്തെപ്പറ്റി കൂടെക്കൂടി ആനന്ദകരമായ സ്മരണകളാണു താൻ ഇഷ്ടപ്പെടുന്നതെന്നും സി. മേരി ലോറൻസിയായിക്കു താൻ എഴുതിയിട്ടുണ്ടെന്നും കാണിച്ചു് (ടോം സി. റോബർട്ട്സ് ആനിനു് എഴുതി).

നേഴ്സസിന്റെ ഈ ഡയറക്ടർ, മരുന്നശാലയിലേയ്ക്കു് ഓടിച്ചെന്നു് എഡിവില്ലിൽനിന്നു് ഏറ്റവും ഒടുവിൽ കിട്ടിയ എഴുത്തു് ആവശ്യപ്പെട്ടു. സി. മേരി ലോറൻസിയ ഒരു തുറന്ന കവർ കൊടുത്തപ്പോൾ തമാശ പറകയോ കളിയാക്കയോ ചെയ്തില്ല. അവരുടെ ആ പ്രവൃത്തിയുടെ ഗൗരവവും ഗൗരവവും സി. റോബർട്ട്സ് ആനിനെ ഏതാണ്ടു ഞെട്ടിക്കുകതന്നെ ചെയ്തു. ആ സിസ്റ്റർ അതിവേഗം തന്റെ ആപ്പീസിലേക്കു തിരിച്ചുചെന്നു് ആത്തിയോടെ വായിച്ചു:

"സിസ്റ്ററിന്റെ എഴുത്തു് ഇന്നു കിട്ടി. പതിവുപോലെ അതു് എന്നെ ആനന്ദഭരിതനാക്കി. എന്നാൽ എന്റെ ആദ്ധ്യാത്മികനിലയെപ്പറ്റിയുള്ള സിസ്റ്ററിന്റെ മതിപ്പു് അതിരുകടന്നതാണെന്നു ഞാൻ വളരെ ഭയപ്പെടുന്നു.....

നമ്മുടെ നിത്യരക്ഷയിൽ ദൈവത്തിനു വ്യക്തിപരമായ താല്പര്യമുണ്ടെന്നറിയുന്നതു തീർച്ചയായും ആശ്വാസകരമാണു്. അവിടുന്നു തന്റെ സ്വന്തം വാക്കുകളിൽ പറയുന്നു: "തൊണ്ണൂറ്റൊൻപതു നീതിമാന്മാരെക്കാൾ പ്രായശ്ചിത്തം ചെയ്യുന്ന ഒരു പാപി സ്വർഗ്ഗത്തിൽക്കൂടുതൽ ആനന്ദം ഉളവാക്കുന്നു" വെന്നു്. പാപപങ്കിലമായ എന്റെ പഴയ ജീവിതത്തെപ്പറ്റി എത്രകണ്ടു പരമാർത്ഥമായ സങ്കടമാണു് എനിക്കുള്ളതെന്നു് ദൈവത്തിനുമാത്രമേ അറിഞ്ഞുകൂടുള്ളുവെന്നു് എനിക്കു നിശ്ചയമുണ്ടു്. ഒരു കൊല്ലംമുമ്പു് ഈ രാത്രിയിൽ... അവർക്കു് അറിയുവാൻ സാധിക്കുമെങ്കിൽ അ

വർക്കു് മനസ്സിലാകും....അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനു സിസ്റ്റർ എന്നോടു ചേരുമോ? പ്രതീക്ഷിച്ചു് വ്യാഴാഴ്ചയും ഞായറാഴ്ചയും? അവരും അതുതന്നെ എനിക്കുവേണ്ടി ചെയ്യുമെന്നു വിചാരിക്കുന്നതിൽ എനിക്കു സന്തോഷമുണ്ടു്"... ...എന്റെ ലൗകികവും ആത്മീകവുമായ നന്മയ്ക്കുവേണ്ടി മുമ്പത്തെക്കാൾ കൂടുതലായി നിങ്ങളുടെ പ്രാർത്ഥന എനിക്കിപ്പോൾ ആവശ്യമുണ്ടു്. അടുത്ത തവണ ഞാൻ നിങ്ങൾക്കു് എഴുതുമ്പോഴേയ്ക്കും എന്റെ വിധി അറിയാമായിരിക്കും. ദൈവഹിതം നിറവേറട്ടെ എന്നുഞാൻ പ്രാർത്ഥിക്കുന്നു. ഈ ആഴ്ചയിൽ എന്തു സംഭവിച്ചാലും അതു് എന്റെ ഉപരിനന്മയ്ക്കായിരിക്കുമെന്നു ഞാൻ ശരണപ്പെടുന്നു. അതു മനുഷ്യന്റെ വിധിതീർപ്പായി ഞാൻ കരുതുകയില്ല. മറിച്ചു, ദൈവഹിതമായിട്ടു മാത്രം. നിങ്ങളെ ഇനിയും കണ്ടു സംസാരിക്കാൻ സാധിക്കുമെന്നു ഞാനിപ്പോഴും പ്രത്യാശിക്കുന്നു.....അടുത്ത ആഴ്ച വരെ ഞാൻ ധ്യാനിക്കയും നിങ്ങൾക്കു വളരെ നല്ല കാര്യങ്ങൾ ആശംസിക്കയും ചെയ്തുകൊണ്ടിരിയ്ക്കും."

എഡിവില്ലിലുള്ളവർക്കും ലക്സിംഗ്ടനിലുള്ളവർക്കും അ "അടുത്ത ആഴ്ച" വന്നു. പക്ഷേ അപ്പീൽക്കോടതിയിൽ നിന്നു് അതു ഒന്നും കൊണ്ടുവന്നില്ല. അതിനു പകരം ടോം പെന്നിയുടെ ജീവിതത്തിനു ദൈവം ഒരു പുതിയ നവചൈതന്യം കൊടുത്തു. മരണഭവനം മുമ്പൊരിക്കലും അറിഞ്ഞിട്ടില്ലാത്തതും മിക്കവാറും ഇനിയൊരിക്കലും അറികയില്ലാത്തതുമായ ഒരു ചൈതന്യം അതു് ദൈവത്തിന്റെ പൈതൃകമായ സ്നേഹത്തിലുള്ള മനോവിശ്വാസം നിറഞ്ഞതും അതിനു കൈയൊഴിഞ്ഞു കൊടുക്കുന്നതുമായ ശിശുത്വത്തിന്റെ ചൈതന്യമായിരുന്നു. ശ്ലൈഹത്വത്തിന്റെയും കണക്കില്ലാത്ത ഔദാര്യത്തിന്റെയും അരൂപി, സ്വർത്ഥത്താൽ കളങ്കപ്പെടുത്താത്ത യഥാർത്ഥമായ പരിശുദ്ധിയുടെ അരൂപിതന്നെ ആയിരുന്നു അതു്. ഡെട്രോയിറ്റിലെ ഗുഡ് ഷെപ്പേർഡ് കോൺവെന്റിലെ 'മദ്ദലെന'കളിൽ നിന്നുള്ള ഒരു കെട്ടു് എഴുത്തിലൂടെയാണു് ആ ചൈതന്യം പ്രസരിച്ചതു്.

ടോം പെന്നി അവ വായിച്ചപ്പോൾ മിഴിച്ചു നിന്നുപോയി. വൃത്തികെട്ട, വിഷയലമ്പടമായ, അതുപാഗ്രഹം നിറഞ്ഞ നമ്മുടെ ഈ ലോകത്തു് ഇങ്ങനെ പരിപൂർണ്ണമായ നിസ്വാർത്ഥസ്നേഹ മുണ്ടായിരിക്കാമെന്നു് അവനു വിശ്വസിക്കാൻ കഴിഞ്ഞില്ല. നമ്മുടേതുപോലെ പാപസങ്കലമായ ഒരു ശരീരത്തിൽ ഇതുപൈർമ്മല്യം, ഇതു ഈശ്വരബോധം, ഇതു നിഷ്കളങ്കമായ ആത്മാക്കളും ഉണ്ടായിരിക്കുക സാദ്ധ്യമോ? ആദ്യത്തെ ഒരു കെട്ടു് എഴുത്തു തീർക്കുന്നതിനു മുമ്പേ അവൻ കരയുവാൻ തുടങ്ങി. അവസാനത്തെ എഴുത്തു താഴെ വച്ചപ്പോഴേയ്ക്കും ഇതു നിർവ്യാജവും, സ്വന്തം സ്ഥിതിയെപ്പറ്റി ഇതു ബോധരഹിതവുമായ പരിതാപത്തിയുമായി ഇങ്ങനെ അടുത്തു സമ്പർക്കം പുലർത്താൻ കഴിഞ്ഞതിലുള്ള കേവലസന്തോഷം കൊണ്ടു് അവൻ ഏങ്ങലടിക്കയായി.

ജലത്തിൽനിന്നും പവിത്രാത്മാവിൽനിന്നും വീണ്ടും ജന്മമെടുത്ത ഈ മനുഷ്യന്റെ ആത്മീയശരീരത്തിലുള്ള പരിശീലനത്തിന്റെ പ്രഥമപ്രാരംഭമായിരുന്നു ഇതു്. ഇനി അവൻ അഭിവൃദ്ധി പ്രാപിക്കണം. സിസ്റ്റേഴ്സ് മേരി ലോറൻസിയായും റോബർട്ട് ഗ്രേം എന്നും വാനാശ്രുപികളെപ്പോലെയാണു ടോമിനു കാണപ്പെട്ടിരുന്നതു്. എന്നാൽ അവരുടെ അഭ്യുപഗമനങ്ങളും സ്വീകരിക്കയും അവരുടെ ആജ്ഞകളും അവന്റെ കഴിവിന്റെ അങ്ങേ അറ്റം വരെ നടപ്പിൽ വരുത്തുകയും ചെയ്തെങ്കിലും അവരോടുണ്ടായിരുന്ന മതിപ്പിന്റെ ഔന്നത്യം മൂലം അവരുടേതെന്നു് അവനു തോന്നിയ പുണ്യപരിപാകതയിൽ എന്നെങ്കിലും എത്തിച്ചേരാമെന്നു അവൻ സ്വപ്നേപി വിചാരിച്ചില്ല. എന്നാൽ ഡെഡായിറിലെ 49 മദ്ധ്യലനകളും സാകല്യേന വ്യത്യസ്തരായിരുന്നു. പ്രായംകൊണ്ടു കൈമാറാവസ്ഥ മുതൽ വേദപണ്ഡിത പ്രഖ്യാതമായ അറുപതുമോ പത്തും വയസ്സിനിടയ്ക്കുള്ള വിവിധ പ്രായക്കാരായിരുന്നു അവർ. അവർ സ്നേഹത്തടവുകാരെപ്പറ്റിയും അവിടത്തെ ഓട്ടുകുടിയും ജയിൽ വാസം അനുഭവിക്കുന്നവരായിരുന്നു. അവരിൽ ചിലർ ലോകത്തെ ലോകായതികപ്രഭുവിന്റെ തികവിൽ അറി

ഞാവരാണ്". മറവ ചിലരാകട്ടെ അതിനെ അണുമാത്രമെങ്കിലും അറിഞ്ഞിട്ടുള്ളവരല്ല. ടോം ഒരിക്കലും അറിഞ്ഞിട്ടില്ലാത്ത തരത്തിലും മനഃസ്ഥിതിയിലുമുള്ള സ്ത്രീകളാണവർ. അധിക കാലം ധൂർത്തനായി നടന്ന ഒരു പ്രിയപ്പെട്ട സഹോദരനെ" എഴുതുന്നതു പോലെയാണ്" അവർ അവനെ" എഴുതിയതു". ഫാ. ജോർജ്ജ്" സൈന്യത്തിൽ ചേരാൻ പോയതുമൂലം ടോമിനുണ്ടായ നഷ്ടം ദൈവം ഇപ്പ്രകാരം പരിഹരിച്ചതുകണ്ട്" അവൻ ഇതികർത്തവ്യതാമൂഢനായിത്തീർന്നു.

ടോം എങ്ങിക്കരയുന്നതിനു" മുഖ്യം ഹേതുവായിത്തീർന്ന കത്തു":

പ്രീ. മി. പെന്നി,

കഴിഞ്ഞ ഒരുദിവസം വൈകുന്നേരം ധ്യാനവിഷയം കേൾക്കുവാനായി ഞങ്ങളെല്ലാവരും സംഘമായിരിയിൽ മുട്ടിന്മേൽ നില്ക്കുമ്പോൾ, അമ്മ വായിക്കുവാൻ തുടങ്ങി: "എന്റെ പ്രിയ മഗ്ദലേന സഹോദരികളേ....." അതു കേട്ടപ്പോൾ ഞങ്ങൾക്കു തോന്നി ഫാ. ഈഡൻ S. G. ഞങ്ങൾക്കയച്ചകത്താണ്" അതെന്നു". ഞങ്ങളുടെ ധ്യാനഗുരു പറയുന്നതുപോലിരുന്നതു". എന്നാൽ ആ എഴുത്തവസാനിച്ചപ്പോൾ, "നിങ്ങളുടെ മിത്രം, ടോം പെന്നി" എന്നു കേട്ടതോടെ ഞങ്ങളുടെ വിസ്മയവും സന്തോഷവും എന്തായിരുന്നെന്നു പറയാവതല്ല. അതു" വളരെ ഹൃദയസ്പൃക്കായിരുന്നതുകൊണ്ട്", ചാപ്പലിൽ നിന്നു ഞങ്ങൾ ഓരോരുത്തരായി പുറത്തെയ്ക്കിറങ്ങിയപ്പോൾ ഞാൻ എല്ലാവരുടെയും മുഖത്തുനോക്കി. അപ്പോൾ എന്റെ കണ്ണുകളിൽനിന്നുമാത്രമായിരുന്നില്ല കണ്ണീർകണങ്ങൾപൊഴിഞ്ഞിരുന്നതു".

ദൈവം നിന്നോട്" എത്രയോ നല്ലവനായിരിക്കുന്നു! എത്രകണ്ട്" വിസ്മയാവഹമായ അനുഗ്രഹങ്ങളാണ്" അവിടുന്നു നിനക്കു നൽകിയിട്ടുള്ളതു". അവിടുന്നു തന്റെ അനർഘദാനങ്ങൾ നിന്റെ മേൽ തുടർന്നു ചൊരിയണമെന്നാണ്" ഞങ്ങളുടെ ആത്മാർത്ഥമായ ആഗ്രഹം. നീ ആഗ്രഹിക്കുമ്പോഴൊക്കെ നമ്മുടെ നാഥനെ

സ്വീകരിക്കുവാൻ നിനക്കു സാധിക്കയില്ലല്ലോ എന്നറിഞ്ഞപ്പോൾ ഞങ്ങൾക്കു അതിയായ സങ്കടം തോന്നി. അതു കേട്ടനാൾ മുതൽ ദിവ്യകാരുണ്യ സ്വീകരണത്തിനു എന്നോടുകൂടി അശുപായിൽ നിന്നെയും ഞാൻ കൊണ്ടുപോകുന്നുണ്ട്". ഒരോ പ്രാതേത്തിലും വിശുദ്ധകുർബാന ഉൾക്കൊള്ളുവാൻ പോകുമ്പോൾ, നിയും ഈ ശോയെ നിന്റെ ഹൃദയത്തിൽ സ്വീകരിക്കുവാൻ ആഗ്രഹിക്കുന്നുവെന്നും എന്റെ ആ ഭോശ്വത്തിൽ എല്ലാവിധത്തിലും നിന്നെയും ഭാഗ്യവാക്കാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നുവെന്നും ഇശോയോടു ഞാൻ പറയാറുണ്ട്". ഞാൻ മടങ്ങിപ്പോരുമ്പോൾ, നിന്റെ ജ്ഞാനസ്നാനദിവസം മുതൽ നിന്റെമേൽ വർഷിക്കപ്പെട്ട അനുഗ്രഹങ്ങൾക്കു കൃതജ്ഞതയായിട്ടു ഞാൻ "മാഗ"നിഹിക്കാത്ത" ചൊല്ലുക പതിവാണ്".''

ടോം തന്റെ കണ്ണുകളും കണ്ണുവും തെളിച്ചശേഷം അടുത്ത വശം മറിച്ചു വായിച്ചു: "പ്രാർത്ഥനാപുസ്തോലസഖ്യത്തിനു" എഴുതുവാനും 'തീരുഹൃദയൻ' ഒരു കൊല്ലത്തേയ്ക്കു നിനക്കു അയച്ചുതരുവാനുള്ള വരിസംഖ്യ അയച്ചുകൊടുക്കുവാനും അപ്പനനുവദിച്ചിട്ടുണ്ട്. അതു ഓരോ മാസവും നിനക്കുകിട്ടണം. കിട്ടുന്നില്ലെങ്കിൽ ദയവായി ഞങ്ങളെ അറിയിക്കണം."

അടുത്ത ഖണ്ഡിക അവനെ ചിരിപ്പിച്ചു.....

"ഇതാ ഞങ്ങളുടെ ഗാർഹികജീവിതത്തിലേക്കു ഒരു എത്തിനോട്ടം. ഞങ്ങളുടെ ഭക്ഷണകാര്യത്തിൽ അമ്മയ്ക്കു നിർബ്ബന്ധമാണു". തന്മൂലം എന്നും പ്രാതഭക്ഷണം കഴിഞ്ഞു" അമ്മ അടുക്കളയിൽ പോകാറുണ്ട്" ഉച്ചഭക്ഷണത്തിന്റെ കാര്യം ക്രമപ്പെടുത്താൻ. ആദ്യം ഒരു സഹോദരി വന്നു പറയുകയായി "അമ്മേ, ദയവായി എന്റെ സൂപ്പ് ഒന്നു നോക്കണെ," രണ്ടാമത്തെ ആൾ, "അമ്മേ, ദയവായി ഈ മാംസം ഒന്നു കാണണെ," അടുത്ത ആൾ "അമ്മേ, ദയവായി എന്റെ പച്ചക്കറി ഒന്നു നോക്കണെ." സാധാരണമായി പാത്രങ്ങൾ കഴുകുകയും ഒന്നും കാണിക്കാനില്ലാതിരിക്കയും ചെയ്യുന്ന നവസന്ന്യാസിനിക്കു കണ്ണീരും തോന്നുകയും

വല്ലതും കാണിക്കണമെന്നു് മനസ്സിലുറയ്ക്കുകയും ചെയ്തു. അടുത്ത ദിവസം അവർ കഴിവതു ക്ഷമയോടെ കാത്തുനിന്നു, മറ്റുള്ളവരുടെ "അമ്മേ, ദയവായി....." അവസാനിക്കുന്നതുവരെ. അനന്തരം അവർ ഉദ്യോഗത്തോടെ ചെന്നു്, "അമ്മേ, ദയവായി എന്റെ വൃത്തിഹീനമായ ഈ പാത്രങ്ങൾ എല്ലാമൊന്നു കാണണേ."

49 എഴുത്തുകളുമായി ചിരിക്കയും കരയുകയും ചെയ്തുകൊണ്ടു് ടോം പെന്നി മണിക്കൂറുകൾ ചിലവുചെയ്തു. ആ എഴുത്തുകളിൽ ഓരോന്നും ആരംഭിച്ചതു് "ക്രിസ്തുവും അവിടുത്തെ കുരിശും വാഴട്ടെ" എന്നും അവസാനിച്ചതു് "ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ" എന്നും രേഖപ്പെടുത്തിയാണു്.

അവസാനം, അവൻ ധ്യാനത്തിൽനിന്നുണർന്നതു് "ഹേ, പെന്നി" എന്ന വിളിമൂലമായിരുന്നു. അതു് അടുത്ത സെല്ലിലെ ടെൻറിൽനിന്നാണുണ്ടായതു്.

"നീ ഉന്നത്തെ പത്രം വായിച്ചുകഴിഞ്ഞോ?"

"കഷ്ടം! ഞാനതു തുറക്കുകപോലും ചെയ്തില്ല, ഫേർബ"

"ഇന്നു രാവിലെ മുഴുവൻ നീ എന്തെടുക്കയായിരുന്നു? ഉറങ്ങുകയോ? നീയൊരു ചുണ്ടെലിയെപ്പോലെ അനങ്ങാതിരിക്കയായിരുന്നല്ലോ. അതിലും കൂടുതൽ അനക്കമില്ലാത്തവനായി! അവയുടെ ഒച്ച എനിക്കു കേൾക്കാൻ കഴിയുന്നുണ്ടു"

"എന്റെ സിസ്റ്റേഴ്സിൽ നിന്നുള്ള ചില എഴുത്തുകൾ വായിക്കയായിരുന്നു."

"രാവിലെ മുഴുവനുമോ?"

"ഹാ, ഹാ, അത്തരം അമ്പതാണുള്ളതു്. ഡെട്രോയിറ്റിലെ മഗ്ദലേനകൾ എന്നെ ഇടയിടെ ഒത്തെടുത്തിരിക്കയാണു്."

"എന്താണു് ഒരു മഗ്ദലേന?" ഇതു ശ്രവിച്ചുകൊണ്ടിരുന്ന ആൻഡേഴ്സൻ ചോദിച്ചു.

"ലോകത്തുള്ള ഏറ്റവും മാധുര്യം നിറഞ്ഞ സ്ത്രീകൾ, ബോബ്," ടോം വിളിച്ചുപറഞ്ഞു. "അവരിൽ ഒന്നിനേയും നീ ഒരിക്കലും കണ്ടുകാണുകയില്ല....."

"ഇല്ലേ?"

"ഇല്ല! സിസ്റ്റേഴ്സ് റോബർട്ട ആനും മേരി ലോറൻസിയാ യും, സ്നീത്വത്തിൽ ഇതുവരെ നീ കണ്ടിട്ടില്ലാത്ത നവമായ ഒന്നു കാണിച്ചു തന്നു, ഇല്ലേ?"

"ഛേ" പ്രകടമായ ആത്മാവിസ്വരത്തിൽ ആൻഡേഴ്സൺ വിളിച്ചു പറഞ്ഞു, "ആ സന്ന്യാസിനികളും സ്ത്രീകളാണെന്ന ഒരിക്കൽ പോലും ഞാൻ വിചാരിച്ചിട്ടില്ലെന്ന നിനക്കറിയാമോ?"

ടോം ചിരിച്ചു. "അവരും മാംസരക്തങ്ങളാണ്" ബോബ്; മാത്രമല്ല, ഏതാണ്ട് അതിൽ കൂടുതലുമാണ്"..."

"ഹാ, അതു പറയൂ." ആൻഡേഴ്സൺ ചൊടിച്ചു. "അവർ അതിനേക്കാളും വളരെ കൂടുതലാകയാൽ, ഒരിക്കലും അവരെപ്പറ്റി സ്ത്രീകളെന്ന നിലയിൽ വിചാരിക്കാറില്ല. അതെന്താണ്?"

"അതു കൃപാവരമാണ് ബോബ്"; അതു പരിശുദ്ധാത്മാവിയാണ്"; അതു പുണ്യമാണ്". അവരാണ് ശരി. അവർ ദൈവത്തിൽ വസിക്കുന്നു. നമ്മളും അറിഞ്ഞിട്ടുള്ള സ്ത്രീകളെ ....."

"അതു ശരി", എന്നാൽ ഒരു മദ്ധലേന ആരാണ്?"

"വാസ്തവത്തിൽ എനിക്കറിഞ്ഞുകൂടാ, ബോബ്". എനിക്കിപ്പോൾ പറയാൻ കഴിയുന്നതു" അവർ, സിസ്റ്റർ റോബർട്ട ആനിൽ നിന്നും മേരി ലോറൻസിയായിൽ നിന്നും വ്യത്യസ്തരാണെന്നു മാത്രമാണ്". എനിക്കു ഫാ ജോർജ്ജ് നഷ്ടപ്പെട്ടെങ്കിലും ഫാ ബ്രിയൻ മുഖേന ദൈവം ആ നഷ്ടം പരിഹരിക്കുന്നതു പോലെ തോന്നുന്നു. അദ്ദേഹമാണ് ഓവർ സബോറോയിലുള്ള ഒരു ട്രേസലൈൻ സിസ്റ്റർ ഫ്രാൻസിസ്കോയെ ഒരു ലേഖികയായി എനിക്കു സമ്മാദിച്ചു തന്നതു". അവരുടെ ചില എഴുത്തുകളും നിന്നെ ഞാൻ കാണിക്കാം. ഞാൻ കണ്ടിട്ടുള്ളതിൽ ഏറ്റവും പ്രോത്സാഹകയാണവർ. പിന്നിട്ട് അദ്ദേഹം ഡെസ്ക്കിന്റെ ചൊന്നു 49 മദ്ധലേനകളെയും അവരുടെ മദറിനെയും എനിക്കു നേടിത്തന്നു. അവർ അയച്ച കത്തുകളും ഞാൻ വായിച്ചു തീർന്നതേയുള്ളൂ. ഞാൻ ഈ ലോകത്തിലായിരുന്നു; ഞാൻ സ്നേഹത്തിലാണ്". അവർ ഓരോ എഴുത്തിന്റെയും അവസാനം പറയുന്നതു മാത്രമാണ് എനിക്കിപ്പോൾ പറയുവാൻ കഴിയുന്നതു": "ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ."

"പെന്നി. നിനക്കു വട്ടാണ്"!"

— ഒന്നാം ഭാഗം സമാപ്തി —

Works by

Rev: M. Raymond. O. C. S. O.

Burnt Out Incense
Trappists, The Reds and You
Three Religious Rebels
The Family That Overtook Christ
The man Who Got Even With God

Booklets

Is Your Home Like This?
Life is Someone
FIAT! Remake Your World
Set the World on Fire
What are You Doing to Jesus Christ
Do you Want Life and Love
Facts about Reason, Revelation and Religion
The God-Man's Double

COVER PRINTED AT NEW KERALA PRESS, EKM-8

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date
28 NOV 1991		
16 AUG 1996		
29 AUG 1996		
- 2 FEB 1998		
11 AUG 2001		
24 AUG 2001		
10/12/01		
21/10/11		

CT Library
00015820
_N V46